2 10 20

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

SECOND SESSION—1953.

Tuesday, the 22nd September 1953.

Vol. IX OFFICIAL REPORT No. 1

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 22nd September 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

കടംവായ്പ.

*൧. [൧] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യത്തിനു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

തിരുവിതാംകൂർ-കൊച്ചി ഗവർമ്മെന്റ ഈ അടുത്തകാലത്തു ഫ്ലോട്ടു ചെയ്ത ൩ കോടി രൂപയുടെ ഡെവലെപ്പ്മെന്റ ലോൺ എത്ര ദിവസം കൊണ്ടാണ് പിരിഞ്ഞുകിട്ടിയതു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ജൂലൈമാസം ൧൫-ാംതീയതി മുതൽ ൨൫-ാം തീയതി വരെയാണ് അപേക്ഷകൾ സ്വീകരിച്ചിരുന്നതു്. അതിനിടയിൽ ജൂലൈ ൨൦-ാംതീയതി ഒരു പൊതു ഒഴിവുദിവസമായിരുന്നു. അതിനാൽ ൯ ദിവസംകൊണ്ടാണ് ഈ വായ്പസംഖ്യ പിരിഞ്ഞുകിട്ടിയതെന്നു പറയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ വായ്പ മുട്ടിക്കുന്നതു ഉള്ള ആവശ്യത്തിനു കൂടിയാണെന്നു് നേരത്തെ പരസ്യം ചെയ്തിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൻെറ ജൂലൈ ൧൧-ാം തീയതിയിലെ ഒരു പരസ്യത്തിൽ അതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ട്.

"Government of Travancore-Cochin Finance Department Notification no. Fin (W/M) L-1/53 dated 11th July 1953. 4 per cent Travancore-Cochin State Development loan 1963 issued at 99/8/ percent redeemable at par on the 15th July 1963.

ശ്രീ. എൻ. രാജഗോപാലൻനായർ : അവധിദിവസംകൂടാതെ വൃദ്ധിപസംകൊണ്ടുമാത്രം ഈ തുക പിരിഞ്ഞുകിട്ടാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. ജൂലൈ ൧൫-ാം തീയതി മാത്രമേ പബ്ലിക്ക് ക്ലോസ് ചെയ്യുകയുള്ളു എന്നുള്ളതുകൊണ്ടും ൧൬-ാം തീയതി ഇതു തുടങ്ങിയതുകൊണ്ടും ഈ വൃദ്ധിപസത്തിനകം പണം കിട്ടിയില്ലെങ്കിൽ പിന്നെ വരുന്ന അപേക്ഷകൾ സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വരും. അതുകൊണ്ടാണ് ഈ വൃദ്ധിവസം എടുത്തത്.

ശ്രീ. എൻ. രാജഗോപാലൻനായർ : വായ്പ സംഖ്യ മുഴുവൻ പിരിയുന്നതിന് ഇത്രയും താമസം നേരിടുന്നതിനുണ്ടായ കാരണമെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : താമസിച്ചാണ് ഈ സംഖ്യ പിരിഞ്ഞു കിട്ടിയത് എന്നു ഗവണ്മെൻറിനു അഭിപ്രായമില്ല. ജൂലൈ ൧൫-ാം തീയതി ഉച്ചതിരിഞ്ഞു ൨ മണിവരെ ലോണിന് അപേക്ഷയുള്ളതുകൊണ്ടും അതിനകം തുക മുഴുവൻ കിട്ടിയതുകൊണ്ടും താമസിച്ചുകിട്ടി എന്ന പ്രസ്താവന ഗവണ്മെൻറ് സ്വീകരിക്കുന്നില്ല.

ശ്രീ എൻ. രാജഗോപാലൻ നായർ : ഇതിന് മുൻപ് ഈ ഗവണ്മെൻറ് ലോൺ എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോഴത്തെ മിനിസ്ട്രിയെ ഉദ്ദേശിച്ചാണ് ഈ ഗവണ്മെൻറ് എന്നു പറഞ്ഞതെങ്കിൽ ഇല്ല എന്നാണ് ഉത്തരം. അടുത്ത കാലങ്ങളിലൊന്നും ലോൺ എടുത്തതായി കാണുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ വൃദ്ധിവസംകൊണ്ട് ഈ ലോൺ മുഴുവനും പിരിച്ചെടുക്കുന്നതിന് ഗവണ്മെൻറ് എന്തെല്ലാം നടപടികളാണ് നടത്തിയതു എന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെ സംബന്ധിച്ച് ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തി എന്നുള്ളതിൽ കവിഞ്ഞു ഗവണ്മെൻറ് ഒരു നടപടിയും നടത്തിയിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ജൂലൈ ൧൯-ാം തീയതിക്കു ശേഷവും ലോൺ മുഴുവനും അടഞ്ഞു തീരാത്തതുകൊണ്ട് ൨൫-ാം തീയതിക്കകംതന്നെ അത് അടഞ്ഞു തീരുവാൻവേണ്ടി ഗവണ്മെൻറ് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജൂലൈ ൯-ാംതീയതി അവസാന തീയതിയല്ല. നോട്ടിഫിക്കേഷനിൽ ൩-ാമത്തെ പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു. "Subscriptions will be received from the 15th July 1953 to the 23rd July 1953 inclusive." ജൂലൈ ൧൫-ാം തീയതിയാണ് ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയത്. ൨൩-ാം തീയതിവരെ അപേക്ഷകൾ അയയ്ക്കാം എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ൯-ാംതീയതിക്കു ശേഷവും പണം അടയ്ക്കാവുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻനായർ: ജൂലൈ ൨൨-ാംതീയതി ഈ ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തെ ജി. പി. തഹശീൽദാരന്മാർക്ക് ഇതു സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി പറയുവാൻ കഴിയുകയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: റേഷൻ ലൈസൻസുകളുടെ ഡിപ്പോസിററ് തുക ഈ ലോണിലേയ്ക്ക് മാററിയെടുക്കണമെന്ന് ജി. പി. തഹശീൽദാരന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

Mr. Speaker: That question need not be answered.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിലും ലോൺ പിരിയുന്നതിന് ഏതാണ്ട് ഇത്രയും കാലതാമസം ഉണ്ടായില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായി എന്നാണ് എന്റെ ധാരണ.

Shri C. Sankar: Was there any complaint 'rom one Izchakimadan Pillai of Eranial to the effect hat he was intimidated by the police officers and Magi trates for this matter and that a large amount was squeezed out of him as loan?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പരാതി കിട്ടിയിട്ടില്ല. പക്ഷെ ലോണിന് സബ്സ്ക്രൈബ് ചെയ്യുവാൻ അവസരം കിട്ടിയില്ലാ എന്ന ആക്ഷേപം ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്.

Shri C. Sankar: May I know whether the public and the merchants at Eran'el observed hartal as a protest against the intimidation of Izchakimadan Pillai?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു റിപ്പോർട്ട് കിട്ടിയതായി കാണുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ തുകയിൽ എത്ര രൂപ റൊക്കം പിരിഞ്ഞുകിട്ടിയെന്നും എത്ര രൂപ അഡ്ജസ്റ്റുമെന്റു വഴിയായി പിരിഞ്ഞു കിട്ടിയെന്നും പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലോണിന്റെ നോട്ടിഫിക്കേഷനിൽ ൧൫-ാമത്തെ വകുപ്പിൽ പറയുന്നതു് ഇങ്ങനെയാണ്.

Paragraph 11 says: "Securities of the 3 per Cent loan 1952-54 will be accepted at par in payment of subscriptions of 4 per cent Travancore-Cochin State Development Loan 1963.

അതായതു് ൧൯൫൨ മുതൽ ൧൯൫൪ വരെയുള്ള കാലങ്ങളിൽ mature ചെയ്യുന്ന തിരുവിതാംകൂർ ഡിബഞ്ചർ ലോൺ സർട്ടിഫിക്കേററുകൾ വരുകയാണെങ്കിൽ അതു് ക്യാഷ് പേമെൻറായി സ്വീകരിക്കാം എന്നു പറയുന്നുണ്ടു്. അതനുസരിച്ചു് ൨,൯൯,൭൨,൪൦൦ രൂപ റൊക്കമായും ൧,൬൭,൬൭,൯൦൦ രൂപ കൺവേർഷനായും, അങ്ങനെ ആകെ ൩,൨൭,൨൦,൩൦൦ രൂപ പിരിഞ്ഞിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിൽനിന്നു കൺവർട്ടു ചെയ്തിട്ടുള്ള ഏതെങ്കിലും റേഷൻ ഷാപ്പുകാരുടെ ഡിപ്പോസിററു തുകകൂടി ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. ൧൯൫൨-൫൪-ൽ കൊടുത്തു തീർക്കേണ്ട തിരുവിതാംകൂർ ഡിബഞ്ചർ ലോൺ (൩ ശതമാനം) കൺവർട്ടു് ചെയ്യുമെന്നാണു് നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നതു്. റേഷൻ ഷാപ്പുകാരുടെ ഡിപ്പോസിററു അതിൽപെടുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: റേഷൻ ഡിപ്പോസിററു തുകകൂടി ഈ ലോണിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അപേക്ഷിച്ചിട്ടുള്ളവരുടെ തുക കൂട്ടിച്ചേർത്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: റേഷൻ കച്ചവടക്കാരുടെ ഡിപ്പോസിററുകൾക്കു് ഇപ്പോൾ ഗവണ്മെൻറു കൊടുത്തുകൊണ്ടിരിക്കുന്ന പലിശ എത്രയാണെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസു വേണം.

ശ്രീ. ടി. കെ. ദിവാകരൻ: രണ്ടു ശതമാനം പലിശ കൊടുത്തുകൊണ്ടിരിക്കുന്ന തുകയ്ക്കു ഇപ്പോൾ നാലു ശതമാനമാണു് പലിശ കൊടുക്കേണ്ടിവരുന്നതെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു പക്ഷേ അങ്ങനെ കൂടുതൽ പലിശ കൊടുക്കേണ്ടിവരുമായിരിക്കാം. റേഷൻ കച്ചവടക്കാർ അവരുടെ ഡിപ്പോസിററു തുക ലോണിൽ കൊള്ളിക്കണമെന്നു ആവശ്യപ്പെട്ടു.

ശ്രീ. ടി. കെ. ദിവാകരൻ: ഈ തുകയിൽനിന്നു് ഏതെങ്കിലും തുക ഗവണ്മെൻറിനു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ തുകയിൽ നിന്നു് കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: മറേറതെങ്കിലും തുകയിൽനിന്നു് കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറു് ൫ ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. ഏ. താണുപിള്ള: ൫,൩൫,൦൦,൦൦൦ രൂപ ലോണായിട്ടു സ്വീകരിച്ചുകഴിഞ്ഞ സ്ഥിതിക്ക് ആ തുക കൊടുത്തു തീർന്നതിനു ശേഷം ഗവണ്മെൻറ് ഒരു പരസ്യം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

ശ്രീ. ടി. കെ. ദിവാകരൻ: കടം എടുത്ത തുക എങ്ങനെ ഉപയോഗിക്കാൻ പോകുന്നു എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി നോട്ടിഫിക്കേഷനിൽ ഒന്നാമത്തെ പാരഗ്രാഫിൽ തന്നെ പറയുന്നുണ്ട്.

"The object of the loan is mostly for financing development schemes in the five-Year plan.

ഈ ലോൺ തുകയെല്ലാം കൂടുതൽ സംഖ്യ പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള ഡെവലപ്പ്മെൻറിലേക്ക് വിനിയോഗിക്കുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കൊല്ലം കൊടുത്തിട്ടുള്ള ബഡ്ജററിനു പുറമെ എത്ര രൂപ കൂടുതൽ ഇതിനു വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനും നോട്ടീസ് വേണം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇപ്പോഴും ലോൺ എടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ ആവശ്യമുണ്ടായിരുന്നു.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: ഓരോ ഡിസ്ത്രിക്ടിൽ നിന്നും എത്ര രൂപ വീതം പിരിഞ്ഞു കിട്ടിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിസ്ത്രിക്ടുവാരിയായിട്ടു കണക്കെടുത്തിട്ടില്ല. അപേക്ഷകന്മാർ ഏതു ഡിസ്ത്രിക്ടിൽ പെട്ടവരാണെന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. ഏ. കുഞ്ഞൻനാടാർ: തിരുവനന്തപുരം ഡിസ്ത്രിക്ടിൽ നിന്നു ലോണിന്റെ മൂന്നിൽ രണ്ടു ഭാഗവും മററു ഡിസ്ത്രിക്ടുകളിൽ നിന്നു ബാക്കി മൂന്നിലൊരു ഭാഗവും ആണ് പിരിഞ്ഞു കിട്ടിയിട്ടുള്ളതെന്നു അറിയാമോ?

Mr. Speaker: That is supplying information.

പ്ലൈവുഡ് വ്യവസായം.

✻ ౨. [൨] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

൧൧൨൮-ന്നു-൭-ൽ പുനലൂർ പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു വിദഗ്ദ്ധകമ്മിറ്റിയെ ഉടനടി ഏർപ്പെടുത്തണമെന്നുള്ള ത്രികക്ഷിസമ്മേളനതീരുമാനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പുനലൂർ പ്ലൈവുഡ്ഫാക്ടറിയുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു വിദഗ്ദ്ധകമ്മറ്റിയെ ഏർപ്പെടുത്തണമെന്നുള്ള ത്രികക്ഷി സമ്മേളന തീരുമാനം ഇതുവരെ നടപ്പിലാക്കിക്കഴിഞ്ഞിട്ടില്ല. ആ തീരുമാനമനുസരിച്ച് ഉണ്ടാകുന്ന കമ്മറ്റിയിൽ ഒരു പ്ലൈവുഡ് എക്സ്പെർട്ടുകൂടി വേണമെന്നുദ്ദേശിക്കുന്നുണ്ട്. അങ്ങനെയുള്ള എക്സ്പെർട്ടിനെ കിട്ടുന്നതിനു വേണ്ടി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: എക്സ്പെർട്ടിനെ എവിടെ നിന്നുമാണ് വരുത്താൻ ഉദ്ദേശിച്ചിരിക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫാറസ്റ്റ റിസർച്ചു ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഫാക്ടറികളുടെ പ്രവർത്തനത്തെപ്പറ്റി എന്തെങ്കിലും റിപ്പോർട്ടു ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നോട്ടീസു കിട്ടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ ഫാക്ടറിയുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കണമെന്നു് തീരുമാനിക്കാനുണ്ടായ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ അന്വേഷിക്കണമെന്നു് സ്വതേ ഗവണ്മെന്റിനുള്ളതായ ആഗ്രഹത്തിനും പുറമെ ത്രികക്ഷിസമ്മേളനത്തിന്റെ തീരുമാനവും അതിനു പ്രേരകമായി തീർന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ: ബാംബയിൽനിന്നും ഇവിടെ വന്ന കർഷിഡ്ലാൽ എന്ന ആൾ അതിനെപ്പറ്റി അയച്ചിട്ടുള്ള റിപ്പോർട്ടനുസരിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇപ്പോൾതന്നെ അന്വേഷണത്തിനും റിപ്പോർട്ടിനും മററുമായി ഏകദേശം ൪ ലക്ഷം രൂപയോളം ചിലവു വന്നിട്ടുണ്ടെന്നറിയാമോ?

Mr. Speaker : That information will be noted and verified.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ കമ്പനിയിൽ എക്സ്പെർട്ട് ആരെങ്കിലുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലാഞ്ഞിട്ടാണല്ലോ Dehra Dun-ലെ നഗരം ഒരു പ്രദേശ്ഖണ്ഡമെ ചുരുക്കണമെന്ന് ഗവണ്മെന്റ് ഉദ്ദേശിച്ചിരിക്കുന്നത്.

തൊഴിലില്ലായ്മ.

* ൯. [൯] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ൧൫ പായിന്റുകളടങ്ങിയ ഒരു പദ്ധതി പ്ലാനിംഗ് കമ്മീഷൻ ഈ ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങൾ വർദ്ധിച്ചുവരുന്നതിനെ നിയന്ത്രിക്കണമെന്നു പ്ലാനിംഗ് കമ്മീഷന്റെ പ്രദേശങ്ങളിൽ അടങ്ങിയിട്ടുണ്ടോ;

(സി) ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മയെപ്പറ്റി പ്രത്യേക അന്വേഷണം നടത്തുന്നതിന് ഗവണ്മെന്റ് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഉണ്ട്.

(ബി) വിവേചനമില്ലാതെ വിദ്യാലയങ്ങൾ വർദ്ധിക്കുന്നതിനെ നിയന്ത്രിക്കുന്നതിനു കമ്മീഷൻ നിർദ്ദേശിക്കുന്നുണ്ട്.

(സി) ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇവിടെ വിവേചനമില്ലാതെ വിദ്യാലയങ്ങൾ വർദ്ധിച്ചുവരുന്നുവെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം?

ശ്രീ. എ. ജെ. ജാൺ: ഈ സംസ്ഥാനത്തെപ്പറ്റി മാത്രമല്ല, ഇൻഡ്യയിൽ ആകപ്പാടെയുള്ള സ്ഥിതിയെപ്പറ്റിയാണ് കമ്മീഷൻ പറഞ്ഞിട്ടുള്ളത്. ആവശ്യമില്ലാതെ സ്കൂളുകൾ തുടങ്ങുന്നതിനെപ്പറ്റിയാണ് അതിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ സംസ്ഥാനത്ത് സ്കൂളുകൾ ആവശ്യമില്ലാതെ തുടങ്ങിയിട്ടുണ്ടെന്നോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നോ ഗവണ്മെന്റിന് അഭിപ്രായമുണ്ടോ?

Mr. Speaker: You are eliciting information and not opinion.

ശ്രീ. എൻ. രാജഗോപാലൻ നായർ: തൊഴിലില്ലായ്മ വർദ്ധിക്കുന്നതിന്റെ കാരണം വിദ്യാലയങ്ങൾ വർദ്ധിക്കുന്നതാണെന്ന് ഗവണ്മെന്റിനഭിപ്രായമുണ്ടോ?

Mr. Speaker: opinions can differ.

ശ്രീ. എൻ. രാജഗോപാലൻ നായർ: തിരുവിതാംകൂർ-കൊച്ചിയിൽ എത്ര വിദ്യാലയങ്ങളുണ്ടെന്ന് പറയാമോ?

Mr. Speaker : The hon. Members will kindly understand that the main question is with reference to the direction issued by the Central Government towards the solution of unemployment in India as a whole and not with regard to Travancore-Cochin.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ വിദ്യാലയങ്ങളിൽ അഭ്യസിച്ചു വെളിയിൽ പോയിട്ടുള്ളവരിൽ എത്ര ആളുകൾക്കു തൊഴിലില്ലാതെ ഉണ്ടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി ഒരു സർവ്വെ നടത്തണമെന്നു വിചാരിക്കുന്നു. സൂക്ഷ്മമായ വിവരങ്ങൾ ഗവണ്മെൻറിൻെറ പക്കലില്ല. സ്കൂളിൽനിന്നു വെളിയിൽ വന്നിട്ടുള്ളവരിൽ ഏകദേശം ൨൫,൦൦൦ പേരും കോളേജിൽനിന്നും വെളിയിൽ വന്നിട്ടുള്ളവരിൽ ഏകദേശം ൨,൦൦൦ പേരും തൊഴിലില്ലായ്മ വന്നിട്ടുണ്ടെന്നാണു ഗവണ്മെൻറു ഏകദേശമായി കണക്കാക്കിയിരിക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : പ്ലാനിംഗ് കമ്മിഷൻെറ നിർദ്ദേശാനുസരണം വിദ്യാലയങ്ങൾ വർദ്ധിച്ചുവരുന്നതിനെ തടയണമെന്നുള്ള കമ്മിഷൻെറ അഭിപ്രായത്തെ ഗവണ്മെൻറ് അംഗീകരിക്കുമോ ഇല്ലയോ?

ശ്രീ. എ. ജെ. ജാൺ : അക്കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നതേയുള്ളു.

ശ്രീ. എൻ. രാജഗോപാലൻ നായർ : പ്ലാനിംഗ് കമ്മിഷൻെറ റിപ്പോർട്ടു വന്നതിനുശേഷം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു എടുത്തിട്ടുള്ള നടപടികളെന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : തൊഴിലില്ലായ്മയ്ക്കുവേണ്ടി പ്രത്യേകം നടപടികൾ നടത്തേണ്ടതാണെന്നും അതിലേക്കു നിർദ്ദേശം അയച്ചുതരാമെന്നും പ്ലാനിംഗ് കമ്മിഷൻ പറഞ്ഞിരുന്നു. അങ്ങനെ എഴുതുകയും ചെയ്തു. അതനുസരിച്ചു ഇവിടത്തെ സ്റ്റാററിസ്റ്റിക്സ് ഡയറക്ടർ മി. ശിവരാമൻനായരെ അയച്ചു ഇതേപ്പററി ആലോചിക്കുകയും അതനുസരിച്ചു ചില പദ്ധതികൾ എഴുതി അയക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : വിദ്യാസമ്പന്നരായ എത്ര ആളുകൾ തൊഴിലില്ലാതെ നാട്ടിൽ അലഞ്ഞുതിരിയുന്നു എന്നുള്ളതിനെപ്പററി വല്ല കണക്കും ഗവണ്മെൻറിനുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി ഒരു സർവെ നടത്തണമെന്നു ഗവണ്മെൻറു വിചാരിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ : സർവെ നടത്താതെതന്നെ ഉദ്ദേശം എത്ര ആളുകൾ ഉണ്ടെന്നു പറഞ്ഞുകൂടേ?

ശ്രീ. എ. ജെ. ജാൺ : ഇ. എസ്സ്. എൽ. സി. പാസ്സായവർ ഇരുപതിനായിരവും ബി. എ.-യും ബി. എസ്സ്. സി.-യും പാസ്സായവർ രണ്ടായിരവും ഉണ്ടെന്നാണു അറിവ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : വർദ്ധിച്ചുവരുന്ന വിദ്യാലയങ്ങളെ തടയണമെന്നുള്ള റിപ്പോർട്ടിലെ ഭാഗം ഗവണ്മെൻറ് അംഗീകരിക്കണമെന്നുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആ സംഗതി ഗവൺമെൻറ ആലോചിച്ചതിൻമേലെ തീരുമാനിക്കുകയുള്ളു.

ശ്രീ. എൻ. രാജഗോപാലൻ നായർ: പ്ലാനിംഗ് കമ്മീഷൻെറ ശുപാർശകളുടെ പ്രയോഗം എന്നു നടപ്പാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: പ്ലാനിംഗ് കമ്മീഷൻെറ ശുപാർശകളനുസരിച്ച് പ്രവർത്തിക്കുന്നതിനായി ഒരു സ്റ്റാററിസ്റ്റിക്സ് തയ്യാറാക്കുന്നതിനുവേണ്ടി ഡാക്ടർ ശിവരാമൻനായരെ നിയോഗിച്ചിരിക്കയാണ് എന്നു പറഞ്ഞല്ലോ. അദ്ദേഹത്തിന്റെ ജോലിയുടെ പൂർത്തിയായതിനുശേഷമെ ഗവൺമെൻറ് ഒരു തീരുമാനമെടുക്കയുള്ളു.

ശ്രീ. എൻ. രാജഗോപാലൻ നായർ: വിദ്യാഭ്യാസമുള്ളവരുടെ ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി മററു വല്ല പ്രത്യേകം പദ്ധതികളും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: പല പദ്ധതികളും ഉണ്ട്. ചിലതൊക്കെ പി. ഡബ്ലിയു. ഡി. മുഖാന്തിരം പ്രവർത്തിച്ചുവരികയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇതുകൊണ്ട് നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുറെയൊക്കെ പരിഹരിക്കാമെന്നുതന്നെയാണ് ഗവൺമെൻറ വിചാരിക്കുന്നതു്.

Shri A. A. D Luiz: Has the Government any constructive suggestion from the Communist Party to solve the unemployment in this State?

ശ്രീ. എ. ജെ. ജാൺ: കമ്മ്യൂണിസ്റ്റുപാർട്ടി വിപ്ലവപരിപാടിയുള്ള ഒരു പരിപാടി അയച്ചുതന്നിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സർവെ നടത്തുന്നതിനുള്ള ചെലവു വഹിക്കുന്നതു് ഏതു ഗവൺമെൻറാണ്; അതിലേയ്ക്കു എന്തു ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യാഗവൺമെൻറാണ് ചെലവ് വഹിക്കുന്നതു്. ചെലവു പതിനായിരംരൂപയോളം വരുന്നതായിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ: പ്ലാനിംഗ് കമ്മിഷൻെറ ശുപാർശ അനുസരിച്ച് തൊഴിലില്ലായ്മ പരിഹരിക്കുന്നതു് അഭ്യസ്തവിദ്യരെ സംബന്ധിച്ചുമാത്രമാണോ, അതോ രാജ്യത്താകമാനമുള്ള ആളുകളെ സംബന്ധിച്ചും കൂടിയാണോ?

ശ്രീ. എ. ജെ. ജാൺ: അതു് എല്ലാ ആളുകളെ സംബന്ധിച്ചും കൂടിയാണ്.

ശ്രീ. ടി. വി. താമസ്: ഗവൺമെൻറിൽനിന്നും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോഴെന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പററി പല നടപടികളും ഗവണ്മെൻറിൽനിന്നും നടത്തിക്കൊണ്ടിരിക്കുകയാണ്" എന്നു പറഞ്ഞു കഴിഞ്ഞു.

ശ്രീ. ടി. കെ. ദിവാകരൻ: സംസ്ഥാനത്തുള്ള ഫാക്ടറികൾ പൂട്ടാതിരിക്കുകയും പിരിച്ചുവിടപ്പെട്ടവരെ തിരികെ എടുക്കുകയും ചെയ്യുന്നതുകൊണ്ട് തൊഴിലില്ലായ്മയ്ക്കു ഒരു തൽക്കാല ശാന്തിയുണ്ടാകയില്ലേ?

ശ്രീ. എ. ജെ. ജാൺ: തൽക്കാലശാന്തി ഉണ്ടായേക്കാം. പക്ഷെ ഗവണ്മെൻറിൻെറ ഉദ്ദേശം തൊഴിലില്ലായ്മയ്ക്കു സ്ഥിരമായ ഒരറുതി വരുത്തണമെന്നുള്ളതാണ്. അതിനുവേണ്ടി ഗവണ്മെൻറ കഴിവുള്ളതെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: നമ്മുടെ സംസ്ഥാനത്തുള്ള തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറിൻെറ തൊഴിലില്ലായ്മ ഫണ്ടിൽനിന്നും ഒരു ക്വോട്ടാ ആവശ്യപ്പെടുന്നതു സംബന്ധിച്ചു ഗവണ്മെൻറാലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആ കാര്യം ആലോചിക്കാം.

മിനറൽ ഫാക്ടറികൾ.

* ൪. [൪] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ പ്രൈവററ് ഏജൻസികളുടെ ഉടമയിൽ നടത്തിവരുന്ന മിനറൽ ഫാക്ടറികൾ സംസ്ഥാനഗവണ്മെൻറ് വാങ്ങുന്നതു സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ;

(ബി) ഇൻഡ്യാഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുമായി മിനറൽസ് ഫാക്ടറികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ;

(സി) മിനറൽസ് വ്യവസായം കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറും ചേർന്ന് ഷെയറെടുത്തു രൂപീകരിക്കുന്ന ഒരു കാർപ്പൊറേഷൻെറ കീഴിൽ ഭരണം നടത്തുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചവറയിലെ പ്രൈവററ് മിനറൽ ഫാക്ടറികൾ സംസ്ഥാനഗവണ്മെൻറ് ഏറെറടുക്കുന്നതിനു ആലോചന നടത്തിയിട്ടുണ്ട്.

(ബി-യും, സി-യും) ഈ വിവരങ്ങൾ വെളിപ്പെടുത്തുന്നതു പൊതുതാല്പര്യങ്ങൾക്ക് യോജിച്ചതാണെന്നു ഇപ്പോൾ ഗവണ്മെൻറ് കരുതുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ് ഫാക്ടറികളെയും ഗവണ്മെൻറ് ഫാക്ടറികളെയും ചേർത്ത് ഒരു കാർപ്പൊറേഷൻ ഉണ്ടാക്കാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള ഒരു കാർപ്പൊറേഷൻ വേണമെന്നു ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെ ഒരു കാർപ്പൊറേഷൻ ഉണ്ടാകുമ്പോൾ പ്രൈവററ് കമ്പനികളുടെ ഉടമസ്ഥാവകാശം ഗവണ്മെൻറിനാണോ, അതോ പ്രൈവററ് കമ്പനിക്കാർക്കാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രൈവററ് ഏജൻസി ടെർമിനേററ് ചെയ്യുകയാണെങ്കിൽ ഗവണ്മെൻറവകയാകും. അതായത്, വിലകൊടുത്തു ഗവണ്മെൻറ് എടുക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: എഫ്. എക്സ്. പെരേരയും, ഹോപ്പ്കിൻസ് ആൻഡ് വില്യംസ് കമ്പനിയും ഒരു ഏജൻസി വ്യവസ്ഥയിലല്ലേ പ്രവർത്തനം നടത്തുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. ടി. കെ. ദിവാകരൻ: അവരല്ലേ മൈനിംഗിനു വേണ്ടിയുള്ള മിഷ്യനുകൾ കൊണ്ടുവന്നിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് അവർക്കു കൊടുത്തിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഏജൻസി ഏർപ്പാട് എന്നുമുതലാണ് തുടങ്ങിയതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൩൯-ൽ ആണെന്നു തോന്നുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: അമേരിക്കക്കാർ ഈ ഫാക്ടറികളിൽ ഉണ്ടാക്കുന്ന സാമാനങ്ങൾ വാങ്ങിച്ചിട്ട് കൂടുതൽ വിലയ്ക്കു വിൽക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൈവററ് കമ്പനിക്കാരും ഗവണ്മെൻറുമായിട്ട് ഏജൻസിയെപ്പററി വല്ല കരാറും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൩൬-ലോ, ൩൭-ലോ ഏജൻസിയെ സംബന്ധിച്ചിടത്തോളം ഒരു കരാർ ഉണ്ടായിട്ടുണ്ടെന്നാണു തോന്നുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറികളിൽ ഉണ്ടാക്കുന്ന സാമാനങ്ങൾ വിൽക്കുന്നതു സംബന്ധിച്ച് വല്ല അധികാരവും ഈമാതിരിയുള്ള ഏജൻസികൾക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാമാനങ്ങൾ വില്ക്കുന്നതു സംബന്ധിച്ചുള്ള അധികാരം ഗവണ്മെൻറിനാണുള്ളത്. എന്നാൽ മാർക്കററുകൾ കണ്ടുപിടിക്കാനുള്ള അവകാശം ഏജൻസികൾക്കുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കമ്പനികളെല്ലാം കേന്ദ്രഗവണ്മെന്റിന്റെ ഏജന്റന്മാരാണെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി അറിഞ്ഞുകൂടാ.

Shri P. S. Nataraja Pillai: May I know whether if the agency is terminated there is any liability on the part of Government to purchase the machinery?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലയബിലിറ്റിയെ സംബന്ധിച്ചിടത്തോളം 'considerations of equity' അനുസരിച്ചായിരിക്കുമെന്നേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

Shri P. S. Nataraja Pillai: Is there any term to that effect in the agreement?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇതു സംബന്ധിച്ചുള്ള എഗ്രിമെന്റ് നോക്കാതെ പറയാൻ നിവൃത്തിയില്ല.

Shri P. S. Nataraja Pillai: Then, may I take it that it will depend upon the decision of Government on the basis of equity that the purchase of the machinery will be considered?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എക്വിറ്റി അനുസരിച്ചും അതുസംബന്ധിച്ചുള്ള നിയമം അനുസരിച്ചും എന്തെങ്കിലും നടപടികൾ സ്വീകരിക്കേണ്ടതായി വരികയാണെങ്കിൽ അതു സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ല.

Shri P. S. Nataraja Pillai: May I know whether from the information at the disposal of Government there is a legal right for these companies to ask for compensation?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോമ്പൻസേഷൻ കൊടുക്കേണ്ടി വരികയാണെങ്കിൽ എപ്രകാരമായിരിക്കണമെന്നുള്ളതു് ഇതുവരെ തീർച്ചപ്പെടുത്തിയിട്ടില്ല.

Shri P. S. Nataraja Pillai: It was stated that the matter is under consideration. May I know whether the Government have considered the question of paying compensation?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെന്റ് ഏറ്റെടുത്തിട്ടുള്ള രണ്ടു കമ്പനികൾക്കു് കോമ്പൻസേഷൻ കൊടുത്തിട്ടുണ്ടു്.

Shri P. S. Nataraja Pillai: What is the principle on which the compensation is being paid or has been paid?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു ചോദ്യം ദൂരവ്യാപകമായ ഒന്നാണു്. പെട്ടെന്നു ഒരു മറുപടി പറയാൻ ഇപ്പോൾ സാധിക്കുകയില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: ചവറയിലെ മിനറൽ കമ്പനികളിൽ നിന്നു പുറത്തുപോകുന്ന (കയറ്റി അയയ്ക്കുന്ന) ഒരു ടൺ ഇൽമിനേറ്റിൽ എത്ര ശതമാനം മോണോസൈറ്റ് ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയററി [illegible] ഒരു ടൺ ഇഞ്ചി, നോററം (· ഫ) ദശാംശം ശതമാനത്തിൽ കൂടുതൽ [illegible] ഒസെററ് ഉണ്ടായിരിക്കരുതെന്നാണ് [illegible].

Mr. Speaker : Do these things arise from this question, the composition of the material and all these things?

ശ്രീ. എ. കെ. ചെല്ലപ്പൻ: സർ, കയററി അയക്കുന്ന ഇഞ്ചിനോററിൽ, ഒരു [illegible] ചെയ്തിട്ടു [illegible] ല്ല പരാതിയും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻസ്പെക്ടറിൽ [illegible] ളം [illegible] സെററ് [illegible] വേണ്ടി വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്. അല്ലാതെ കൂടുതൽ മോണോസെററ് ഉ [illegible] ഗവൺമെൻറിനു അധികാരം ഒന്നുമില്ല.

ശ്രീ. എ. കെ. ചെല്ലപ്പൻ: [illegible] ഉദ്ദേശിച്ച [illegible] [illegible] ഇൻസ്പെക്ടറിൽ കൂടുതൽ മോണോസെററ് കലർത്തി അയക്കുന്നതെന്ന [illegible] ട്ടുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: [illegible] ട്ടിട്ടില്ല. [illegible] ഗവൺമെൻറിനു [illegible] നിയന്ത്ര [illegible] വും ഇല്ല.

Anglo-Indian Inter-State Board for Education.

*5. [5] **Shri A. A. D. Luiz :** Will the Chief Minister be pleased to state whether a request has been received from (Central Government recognised) Anglo-Indian Inter-State Board for Education to nominate two members from this State to that Board ?

Chief Minister (**Shri A. J. John**) : A request has been received by Government from Anglo-Indian Inter-State Board for Education for nominating two members from this State to that Board, but Government consider that it is not necessary to nominate any persons from this State to the above board.

Shri A. A. D. Luiz : Are the Government aware that this Education Board has been recognised by all the States in India and by the Central Government and that they have sent their representatives to this Board ?

Shri A. J. John : I know that it is recognised by the Central Government, but I do not know whether all the States have sent their representatives to that Board. As far as this Government is concerned, this Government is not prepared to take up any financial esponsibility in sending any representatives to that Board.

Shri A. A. D. Luiz : Is there any particular reason for the Anglo-Indians in this State to be differentiated from the Anglo-Indians elsewhere in India with regard to representation on this Board?

Shri A. J. John : They are not differentiated.

Grants to High Schools.

*6. [6] **Shri A. A. D. Luiz :** Will the Chief Minister be pleased to state :

(*a*) whether grants payable to the Infant Jesus Boys' High School and the Our Lady of Mount Carmel High School (both at Thangasseri) have been withheld for the past one year ;

(*b*) is there any particular reason for the delay ?

Chief Minister (**Shri A. J. John**) :

(*a*) Yes.

(*b*) The grant was withheld as these schools did not accept the private Secondary Schools Scheme. However, when the Anglo-Indian Community made their representations, their case was specially considered by Government and orders have been issued to give the grant at the rates given to them formerly by the Madras Government.

Shri A. A. D. Luiz : Does the Government realise that there are specific provisions for Anglo-Indian Schools under the Constitution ?

Shri A. J. John : Yes, there is Article 337.

Shri A. A. D. Luiz : May I know then why Government is maliciously dealing with these schools ?

Shri A. J. John : There is no question of malice.

Shri P. S. Nataraja Pillai : May I know whether the provisions of Article 337 of the Constitution are being strictly followed in giving the grant ?

Shri A. J. John : The Madras Government was giving a certain amount as grant. This Government had to accept that position and give grant, this grant amount being reduced by 10 per cent every third year.

Shri P. S. Nataraja Pillai : Is it that after 3 years 10 per cent should be reduced from the grant ?

Shri A. J. John : That is what I stated.

Anglo-Indians in the Police Department.

*7. [7] **Shri A. A. D. Luiz :** Will the Minister for Home Affairs be pleased to state :

(*a*) the total number of Anglo-Indians now employed in the Police Department ;

(*b*) have any been entertained in this Department after the integration of the Travancore and Cochin States ?

Minister for Home Affairs (**Shri T. M. Varghese**) :

(*a*) 12 ;

(*b*) Nil.

Shri A. A. D. Luiz : Is there any record to show reasons why none has been entertained after the integration of the two States ?

Shri T. M. Varghese : There must be records from which the reasons may be gathered. The records, if any, are not in my possession.

Shri A. A. D. Luiz : Have not some requests have been turned down for want of proper qualifications ?

Shri T. M. Varghese : Iack of prescribed qualifications may be one of the reasons for rejecting the applications. Specific reasons applicable to individual cases cannot be given without previous notice.

മരച്ചീനി.

* ൮. [൮] ശ്രീ. പി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ഒരു പ്രധാനപ്പെട്ട ആഹാരസാധനമായ മരച്ചീനി പല സ്ഥലങ്ങളിലും ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തു് ആകെ എത്ര മരച്ചീനി ന്യായവില ഡിപ്പോ ഇതിനകം സ്ഥാപിച്ചിട്ടുണ്ടു്, എവിടെയെല്ലാം;

(സി) തിരുവനന്തപുരം താലൂക്കിൽപ്പെട്ട കണിയാപുരം, കഠിനംകുളം, മുരുക്കുംപുഴ, [illegible]നി കയർവ്യവസായ കേന്ദ്രങ്ങളിൽ മരച്ചീനി ന്യായവില ഡിപ്പോകൾ തുറക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് നാട്ടുകാരിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) മരച്ചീനി ചില സ്ഥലങ്ങളിൽ ലഭിക്കുന്നില്ലെന്നും ലഭിക്കുന്നെങ്കിൽ തന്നെ അധികം വിലയ്ക്കാണു് കിട്ടുന്നതെന്നും ഉള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ബി) മരച്ചീനി വില്ക്കുന്നതിന് ന്യായവില ഡിപ്പോകൾ സ്ഥാപിച്ചിട്ടില്ല. ഇപ്പോൾ ഉള്ള റേഷൻ ഡിപ്പോകൾ മുഖേന വിതരണം നടത്തുന്നതിനാണ് ഫുഡ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഏർപ്പാടു ചെയ്തിട്ടുള്ളത്. തീരപ്രദേശങ്ങളിലുള്ള എല്ലാ ഡിപ്പോകളിലും ഇപ്രകാരം വിതരണം നടത്തുന്നുണ്ട്.

(സി)-യും (ഡി) യും. സീ യിലുള്ള ചോദ്യത്തിൽ പറയുന്ന കണിയാപുരം, കഠിനംകുളം, മുതുക്കംപുഴ ഈ പ്രദേശങ്ങളും റേഷൻ ഷാപ്പുകളിൽക്കൂടി മരച്ചീനി വിതരണം നടത്തുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ആ സ്ഥലങ്ങളിൽ ന്യായവില ഡിപ്പോകൾ സ്ഥാപിക്കുന്നതിന് ഗവൺമെൻറാലോചിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ വിതരണം നടത്തുന്ന റേഷൻ ഡിപ്പോകളെക്കൂടാതെ ന്യായവില ഡിപ്പോകൾക്ക് പ്രത്യേക ആവശ്യങ്ങൾ ഒന്നും ഉണ്ടെന്നു വിചാരിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : റേഷൻ ഷാപ്പുകൾ മുഖാന്തിരം ന്യായമായ വിലയ്ക്ക് ആ ശ്രേഷ്ഠന്മാർക്ക് മരച്ചീനി കിട്ടുന്നില്ലെന്നുള്ള വിവരം ഗവൺമെൻറ് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അറിയാൻ കഴിഞ്ഞിട്ടില്ല. വല്ല പരാതിയും ഉണ്ടെങ്കിൽ അതിനെ ലഭിക്കുന്നില്ലായെന്നു പറയുന്ന പക്ഷം അതിന് എന്തു നടപടിയാണ് എടുക്കേണ്ടത് എന്നും പറയുകയാണെങ്കിൽ അതിനെപ്പറ്റി കഴിവുള്ളതു ചെയ്യുന്നതിന് അന്ന് ഞാൻ മന്ത്രിസഭയിലുണ്ടെങ്കിൽ വേണ്ടതു ചെയ്യും.

ശ്രീ. വി. ശ്രീധരൻ : കുറഞ്ഞ വിലയ്ക്ക് വേണ്ടത്ര മരച്ചീനി ലഭിക്കുന്നില്ലെന്നുള്ളതുകൊണ്ട് കണിയാപുരം, കഠിനംകുളം മുതുക്കംപുഴ എന്നീ സ്ഥലങ്ങളിൽ നിന്നും വല്ല നിവേദനവും ഗവൺമെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ ?

മിസ്റ്റർ സ്പീക്കർ : ഏതു നിവേദനമാണ്?

ശ്രീ. വി. ശ്രീധരൻ : ആ സ്ഥലങ്ങളിൽ മരച്ചീനി ലഭിക്കുന്നില്ലെന്നതിനെ സംബന്ധിച്ചുള്ള നിവേദനത്തെപ്പറ്റിയാണ്.

Mr. Speaker : There must be hundreds of representations from all parts of Travancore-Cochin. How can the Minister answer about a particular *nivadanam*?

ശ്രീ. എൻ. രാജഗോപാലൻ നായർ : റേഷൻ ഡിപ്പോകൾ മുഖാന്തിരമല്ലാതെ വല്ല സ്ഥലങ്ങളിലും മരച്ചീനി വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റേഷൻ ഡിപ്പോകൾ മുഖാന്തിരം തന്നെ പല സ്ഥലങ്ങളിലും വിതരണം നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ : കണിയാപുരത്ത് ഇതുവരെ മരച്ചീനി വിതരണം ആരംഭിച്ചിട്ടില്ല എന്നു പറഞ്ഞതിൻെറ കാരണം എന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെയും വിതരണം ആരംഭിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ടി. കെ. ദിവാകരൻ : റേഷൻ കടകൾ മുഖേന ഏതെല്ലാം കേന്ദ്രങ്ങളിലാണ് മരച്ചീനി വിതരണം തുടങ്ങിയിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ മുഴുവൻ വിവരങ്ങൾ എന്റെ കൈവശമില്ല. പ്രധാനമായിട്ട് കായലോരപ്രദേശങ്ങളിലാണ് തുടങ്ങിയിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇങ്ങനെ മരച്ചീനി വിതരണം തുടങ്ങിയിട്ടുള്ളതു് ആരുടെ റിപ്പോർട്ടനുസരിച്ചാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫുഡ് ഡിപ്പാർട്ടുമെന്റിന്റെയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും റിപ്പോർട്ടുകൾ അനുസരിച്ചും ഈ സഭയിൽ നടന്ന വാദപ്രതിവാദത്തിന്റെ ഫലമായിട്ടും റേഷൻ ഡിപ്പോകൾ മുഖേന വിതരണം തുടങ്ങിയിട്ടുള്ളതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇതിനകം എത്ര ടൺ മരച്ചീനി ഇപ്രകാരം കൊടുത്തിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെല്ലാം കണക്കുകൾ ഉണ്ട്. പക്ഷെ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Mr. P. S. Nataraja Pillai : Is there any ration shop in the Trivandrum taluk where tapioca is distributed? I want to know this as the question relates to Trivandrum taluk alone.

Mr. Speaker : The answer was in the affirmative.

Shri P. S. Nataraja Pillai : May I know the number of shops that are distributing the tapioca?

Shri Panampilli Govinda Menon : I want notice.

Shri P. S. Nataraja Pillai : What is quantity distributed?

Shri Panampilli Govinda Menon : I want notice.

ശ്രീ. ഒ. സി. നൈനാൻ : ഇങ്ങനെ മരച്ചീനിക്ക് ക്ഷാമം നേരിടുന്നതെന്തുകൊണ്ടാണെന്നു പറയാമോ?

Mr. Speaker : I am afraid it is too big a question to be discussed on the floor of this House during question time. During the last session we had a discussion on this particular aspect of the matter and the House reached some sort of a conclusion.

ശ്രീ. എ. കുഞ്ഞൻനാടാർ : മരച്ചീനി വിതരണം നടത്തുന്നതു് ഏതെങ്കിലും സ്റ്റാറ്റിസ്റ്റിക്സിനെ അടിസ്ഥാനപ്പെടുത്തിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മരച്ചീനി വളരെ അധികം ആവശ്യമുള്ള താലൂക്കുകളും വളരെ കുറവായി ലഭിക്കുന്ന സ്ഥലങ്ങളും നോക്കിയാണ് വിതരണം നടത്താൻ ഏർപ്പാടു ചെയ്തിട്ടുള്ളതു്. അതല്ലാതെ വളരെ ശാസ്ത്രീയമായിട്ടോ സ്റ്റാറ്റിസ്റ്റിക്സ് എക്സ്പെർട്ടിന്റെ

അഭിപ്രായം അറിഞ്ഞോ അല്ല തുടങ്ങിയിട്ടുള്ളതു് എറണാകുളം എന്തെല്ലാം താലൂക്കുകളിൽ മരച്ചീനി വളരെ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടോ അവിടെയെല്ലാം ഫുഡ് ഡിപ്പാർട്ടുമെൻറിൻെറ റിപ്പോർട്ടനുസരിച്ചു് വിതരണം ചെയ്യുന്നു.

ശ്രീ. കുഞ്ഞിത്തൊമ്മൻ: കഴിഞ്ഞ വർഷം മരച്ചീനിക്കു് ശരിയായ വില ലഭിക്കാത്തതുനിമിത്തം മരച്ചീനി കൃഷി നശിച്ചുപോയിട്ടുള്ളതായി അറിയാമോ ?

Mr. Speaker : മരച്ചീനി is an important matter. Therefore I am allowing more supplementaries than usual. But we should not stray too far from the field.

ശ്രീ. എൻ. രാഘവക്കുറുപ്പു് : റേഷൻഡിപ്പോകൾ മുഖേനയല്ലാതെ മരച്ചീനി വിതരണം ചെയ്യാൻ വല്ല നടപടികളും ഗവണ്മെൻറു എടുത്തിട്ടുണ്ടോ ?

Mr. Speaker : That has already been answered.

ശ്രീ. ആർ. ഗംഗാധരൻ : മരച്ചീനി വിതരണം നടത്തിക്കൊണ്ടിരുന്ന ചില റേഷൻ ഡിപ്പോകൾ ഇപ്പോൾ അതു നിർത്തിയതായി ഗവണ്മെൻറിനറിയാമോ ?

Mr. Speaker : Has the hon. Member brought to the notice of the Minister or Government that particular aspect ?

ശ്രീ. ടി. വി. തോമസ് : മരച്ചീനി വിതരണം ചെയ്യുന്നതിനു് അടിസ്ഥാനപരമായി വല്ല പാളിസിയുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പാളിസിയുണ്ടു്. അതായതു്, മരച്ചീനി സുലഭമായി കിട്ടുന്ന കാലങ്ങളിലും വളരെ അക്രമമായ വിലയ്ക്കു വിൽക്കുന്നതിനെ തടയുന്നതിനു് മരച്ചീനിയ്ക്കു് ഒരു സീലിംഗ് പ്രൈസ് നിശ്ചയിച്ചു അതുണ്ടാകുന്ന സ്ഥലങ്ങളിൽനിന്നും വാങ്ങി റേഷൻ ഡിപ്പോകൾ മുഖേന്തിരം വിൽക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടി അവിടങ്ങളിൽ എത്തിച്ചു കൊടുക്കുകയും, അവിടെനിന്നും വിതരണം നടത്തുകയും ആണു് ഇപ്പോൾ സാമാന്യമായി നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. ടി. വി. തോമസ് : ഗവണ്മെൻറിൽനിന്നും സീലിംഗ് പ്രൈസ് നിശ്ചയിക്കുന്നതുകൊണ്ടു് ജനങ്ങൾക്കു യാതൊരാശ്വാസവും കിട്ടുന്നില്ലെന്നുള്ളതറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്.

ശ്രീ. ടി. വി. തോമസ് : ഇതു ജനങ്ങൾക്കു് ആശ്വാസകരമായ ഒരു പാളിസിയല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുത്തരം ഞാൻ പറഞ്ഞു കഴിഞ്ഞു. മരച്ചീനി ന്യായവിലയ്ക്കു എടുത്തു വിതരണം നടത്തണമെന്നുള്ളതുമാത്രമാണു് ഗവണ്മെൻറു നോക്കിയിട്ടുള്ളതു്.

ശ്രീ. ആർ. കേശവപിള്ള : മരച്ചീനി കൂടുതൽ വിലയ്ക്കു വിൽക്കുന്നതിനെ നിയന്ത്രിക്കുന്നതിനായിട്ടു ഗവണ്മെൻറിനു വല്ല നടപടിയുമുണ്ടോ ?

Mr. Speaker : That is too big a question to be discussed on the floor of this House during que tion hour. Not only that, many other aspects such as the provision for dealing with these in the black market etc. might came up. Next question Mr. Gangadharan.

കൊപ്രാ ഇറക്കുമതിച്ചുങ്കം.

* ൯. [൯] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രായുടെ ഇറക്കുമതിച്ചുങ്കം കുറച്ചതിന്മേൽ ഗവണ്മെൻറ കേന്ദ്രഗവണ്മെൻറിൻെറ അടുക്കൽ എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് ?

• ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) കൊപ്രായുടെ ഇറക്കുമതിച്ചുങ്കം കുറച്ചതിന്മേൽ ഈ ഗവണ്മെൻറ കേന്ദ്രഗവണ്മെൻറിൻെറ അടുക്കൽ പല നിവേദനങ്ങളും നടത്തി.

(ബി) കൊപ്രായുടെയും വെളിച്ചെണ്ണയുടെയും ഇറക്കുമതിച്ചുങ്കം കുറവു ചെയ്യുന്നതു ഈ സംസ്ഥാനത്തുള്ള നാളികേരത്തിൻെറ വിലകുറവിനു കാരണമാകുമെന്നും അങ്ങിനെ സംഭവിക്കുന്നതു ഈ രാജ്യത്തുള്ള കർഷകൎക്ക് കൂടുതൽ വൈഷമ്യമുണ്ടാക്കുന്നതാണെന്നും അതിനാൽ ഇറക്കുമതി കുറയ്ക്കുന്നതിനെക്കുറിച്ചുള്ള അവസാനതീരുമാനം എടുക്കുന്നതിനു മുമ്പു സംസ്ഥാനഗവണ്മെൻറിൻെറ അഭിപ്രായം ആരായേണ്ടതാണെന്നുമാണ് നിവേദനത്തിൽ പ്രധാനമായി പറഞ്ഞിട്ടുള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ : നിവേദനത്തിൻെറ ഫലമായി ഇറക്കുമതിച്ചുങ്കം കൂട്ടുന്നതിനു ഇൻഡ്യാഗവണ്മെൻറ വല്ലതും ചെയ്തിട്ടുണ്ടോ ?

Mr. Speaker : "Is it an insinuation? Was it as a result of the representations that the Central Government decided to enhance the duty?" Is that the question?

That question is disallowed.

ശ്രീ. ആർ. ഗംഗാധരൻ : ഈ നിവേദനങ്ങൾ നടത്തിയിട്ടു എത്ര കാലമായി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒടുവിൽ നടത്തിയതു ഈ അടുത്തകാലത്താണ്.

ശ്രീ ആർ. ഗംഗാധരൻ : ഈ നിവേദനങ്ങൾക്ക് എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മറുപടി ലഭിച്ചിട്ടില്ല. നേരിട്ടുകണ്ടു ഡിസ്കസ് ചെയ്തിട്ടുണ്ട്. അടുത്തകാലത്തു മറുപടി ലഭിക്കുമെന്നാണ് എൻെറ വിശ്വാസം.

ശ്രീ. ആർ. ഗംഗാധരൻ : അടുത്ത കാലത്തു നടത്തിയ നിവേദനത്തിൽ ഇറക്കുമതിച്ചുങ്കം കൂട്ടണമെന്നു പറഞ്ഞിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇറക്കമതിച്ചുങ്കം കൂട്ടണമെന്നുള്ളതാണല്ലോ നമ്മുടെ ആവശ്യം.

ശ്രീ. പി. വി. അവിരാത്തരകൻ : ഈ ഇറക്കമതിച്ചുങ്കം കുറച്ചപ്പോഠം ഇൻഡ്യാഗവണ്മെൻറ ഈ ഗവണ്മെൻറിനോടു വല്ല കൺസൽട്ടേഷനും നടത്തിയോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കൺസൽട്ടേഷൻ നടത്താത്തതുകൊണ്ടാണു് ഈ ഗവണ്മെൻറു് നിവേദനം നടത്തിയതു്.

ശ്രീ. കെ. ജെ. താമസ് : ഈ വക കാര്യങ്ങഠം തീരുമാനിക്കുന്നതിനായി ഒരു ടാരിഫ്ബോർഡിനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വക കാര്യങ്ങഠംക്കായിരിക്കണം ടാരിഫ്ബോർഡിനെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : ഈ നിവേദനത്തിനു് രേഖാമൂലം മറുപടി തന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രേഖാമൂലം മറുപടി തന്നിട്ടില്ല. നേരിട്ടു് ഡിസ്കസ്ചെയ്തു. അതിൻെറ നോട്ടു് എൻെറ ഫയലിൽ കാണും.

ശ്രീ. എ. താണുപിള്ള : ഇതു സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറിൻെറ നയം എന്താണെന്നു രേഖാമൂലം അറിവുകിട്ടിയിട്ടില്ലെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോഠം ഏർപ്പെട്ടിട്ടുള്ള ചുങ്കംമൂലം നാളികേരത്തിൻേറയും വെളിച്ചെണ്ണയുടേയും വില ഇടിയാൻ മാർഗ്ഗമില്ല. അതിൻെറ വില ഇറക്കമതിചുങ്കത്തെ മാത്രമല്ല ആശ്രയിച്ചുനിൽക്കുന്നതു്. ഇൻഡ്യയിൽതന്നെ ഉണ്ടാകുന്ന മററ എണ്ണകളുടേയും വില ഇതിൽ പ്രവേശിക്കുന്നതായ ഒരു ഘടകമാണെന്നാണു് ഇൻഡ്യാഗവണ്മെൻറിൻെറ അഭിപ്രായം.

ശ്രീ. എ. കുഞ്ഞൻനാടാർ : ആ അഭിപ്രായം തെററാണെന്നു ഈ ഗവണ്മെൻറിനു് ബോദ്ധ്യം വന്നിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ അഭിപ്രായം പ്രശ്നത്തിൻെറ ഒരു ഭാഗത്തിനു് എംഫസിസ്സു് കൊടുക്കുന്ന ഒന്നാണു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഈ ഇറക്കമതിചുങ്കം കുറയ്ക്കുന്നതിനുമുമ്പായി കേന്ദ്രഗവണ്മെൻറ ഇവിടത്തെ ഗവണ്മെൻറമായി ആലോചിച്ചോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിച്ചില്ല. അതുകൊണ്ടാണു് നിവേദനം നടത്തിയിട്ടുള്ളതു്.

കൂടുതൽ നൽകുന്ന റേഷൻ.

* ൫൦. [൫൦] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ റേഷൻകടകളിൽനിന്നും കൂടുതൽ ലഭിച്ചുകൊണ്ടിരിക്കുന്ന രണ്ടൗൺസ് അരി തുടർന്നു വിതരണംചെയ്യപ്പെടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ-യും ബി-യും) റേഷൻ കടകളിൽനിന്നു് വാങ്ങുന്ന വിലയ്ക്കുതന്നെ രണ്ടൗൺസ് അരികൂടി വിതരണംചെയ്യുന്നതിനു വേണ്ട സഹായം കിട്ടാൻ ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിരിക്കയാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആറ ഔൺസ് അരിതന്നെ തുടർന്നു കൊടുക്കുന്നതിനു് ൩ ലക്ഷം ടൺ കൊണ്ടുവന്നാൽ മതിയാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മതിയായില്ലെങ്കിൽ കൂടുതൽ വാങ്ങും.

ശ്രീ. ടി. കെ. ദിവാകരൻ : ഈ ആറൗൺസു അരി തുടർന്നു നൽകുന്നതിനു ഏകദേശം ൩൦,൦൦൦ ടൺ അരി കമ്മിവരുമെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയാരും പറഞ്ഞിട്ടില്ല. ഈ ആറൗൺസു അരി വിതരണം ചെയ്യുന്നതിനു് കുറെക്കൂടി അരി ഇൻഡ്യാഗവണ്മെൻറു തരേണ്ടിവരും. അങ്ങനെ തരാമെന്നു് പറഞ്ഞിട്ടുമുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ആറ ഔൺസു നൽകുന്നതിനു എത്ര ടൺ അരികൂടി വേണമെന്നാണു് ഉദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു ൨൦,൦൦൦-മോ ൩൦,൦൦൦-മോ വേണ്ടിവരും.

ശ്രീ. ടി. കെ. ദിവാകരൻ . അതു കിട്ടിയില്ലെങ്കിൽ ആറ ഔൺസു കൂടി കൊടുക്കാൻ സാധിക്കുകയില്ലെന്നാണോ ഗവണ്മെൻറു കരുതുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൂടുതൽ വേണ്ടിവരുന്ന അരി കിട്ടുമെന്നു് തീരുമാനമായിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : ൩൦,൦൦൦ ടണ്ണിനു പുറമെയാണോ രണ്ടു ഔൺസു നൽകുന്നതിലേയ്ക്കു ഇൻഡ്യാഗവണ്മെൻറിനോടു നിവേദനങ്ങൾ നടത്തിയിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. ടി. കെ. ദിവാകരൻ : അത്തും റേഷൻവിലയ്ക്കു കൊടുക്കുന്നതിനാണോ ഉദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

Unemployment

*11. [11] **Shri C. Sankar :** Will the Chief Minister be pleased to state :

(*a*) whether the Government of India or the National Planning Commission has requested our State Government to furnish details as to the extent of unemployment prevailing in our State as well as proposals for combating efficiently the unemployment ;

(*b*) if so, whether our Government has submitted any details or proposals either to the Government of India or the National Planning Commission ;

(*c*) if the answer is in the affirmative what are those details or proposals ;

(*d*) whether the Government propose to take any measures to give immediate relief to the starving unemployed workers ; and

(*e*) if the answer is in the affirmative, what are the proposed measures ?

Chief Minister (**Shri A. J. John**):

(*a*) Yes.

(*b*) No. This Government are awaiting further instructions in the matter from the Planning Commission.

(*c*) The question does not arise in view of answer to (b)

(*d*) Yes, as far as possible.

(*e*) As stated in answer to (b) the Government are awaiting further instructions from the Planning Commission.

Shri C. Sankar : Does the Minister realise that the problem is so acute that it has driven people to commit suicide owing to starvation ?

Shri A. J. John : That is absolutely unfounded.

Shri C. Sankar : May I know whether the Government of India has allotted any amount to this Government for preparing another plan ?

Shri A. J. John : Government of India has not allotted any amount.

Shri C. Sankar : May I know whether this Government has demanded any amount from the Central Government for this purpose ?

Shri A. J. John : This Government is incurring some expenditure on this account.

ശ്രീ. ടി. കെ. ദിവാകരൻ: തൊഴിലില്ലായ്മമൂലം ആത്മഹത്യ ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് കൊല്ലത്തിനുള്ളിൽ എത്രപേർ എന്നു പറയാമോ?

Mr. Speaker : You mean in the whole of Travancore-Cochin area ? I doubt whether the Minister's memory can be so sharp.

ശ്രീ. എ. ജെ. ജാൺ: ആ വിവരം എന്റെ കൈവശമില്ല.

Shri N. Rajagopalan Nair : In answer to part (b) the Minister has answered that no other relief measures are proposed by this Government. I want to know whether this Government has got any other proposal apart from the recommendation of the Planning Commission to combat this crisis.

Shri A. J. John : This Government has got some proposals.

Shri N. Rajagopalan Nair : May I know what are the relief measures that this Government proposes to do ?

Shri A. J. John : Supply of tapioca at controlled price and supply of rice at concessional rates.

Shri P. S. Nataraja Pillai : May I know whether there is any special reason for selecting this State by the Planning Commission?

Shri A. J. John : On account of the persistent demands of this Government.

Mill Cloth Cess Fund

*12. [12] **Shri C. Sankar :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether any amount has been allotted from the Central Mill Cloth Cess Fund by the Government of India to our State ;

(*b*) if the answer is in the affirmative, how much has been allotted, and

(*c*) how do our Government propose to utilise the above amount ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

(*a*) No.

(*b*) & (*c*) Does not arise.

But there has been a meeting of the All India Handloom Weavers' Board where the question has been discussed and a copy of the proceedings has been received by this Government, but no order has ben received from the Government of India.

Shri C. Sankar : Is the Minister aware that the problem of unemployment has become very acute among the handloom weavers?

Shri Panampilli Govinda Menon : The All India Handloom Weavers' Board did not refer to the question of unemployment. But they referred to the question as to what proportion of the Mill Cloth Cess Fund should be given to the Board.

Shri C. Sankar : May I know whether the Government has drawn up a scheme to combat the question of unemployment among the weavers ?

Shri Panampilli Govinda Menon : With reference to this question what the Government has done, is to ask the Central Government to set apart a certain proportion of the amount for this purpose.

Shri C. Sankar : May I know the purpose of collecting this fund ?

Shri Panampilli Govinda Menon : The Mill Cloth Cess Fund has been instituted to give some help to the handloom weavers.

Shri C. Sankar : What is the sort of help envisaged by the Government ?

Shri Panampilli Govinda Menon : That will depend upon the amount received. When that amount is received action will be taken.

Shri C. Sankar : Am I to take it that the Government has not thought over the matter till now ?

Shri Panampilli Govinda Menon: Government has thought over the matter, but not in relation to the Cess Fund we are going to get.

ശ്രീ. ടി. കെ. ദിവാകരൻ: ആൾ ഇൻഡ്യാ ഹാൻഡ്‌ലൂം വീവേഴ്സ് ബോർഡിൽ ഈ സംസ്ഥാനത്തെ ഏതെങ്കിലും പ്രതിനിധിയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസു വേണം.

ശ്രീ. ടി. കെ. ദിവാകരൻ: സെസ്സ് ഫണ്ടിൽനിന്നും സഹായം ലഭിക്കുമെന്നുള്ള അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തു് ഏതെങ്കിലും സെൻസസ്സ് എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അതനുസരിച്ചു ഒരു കണക്കും കൊടുത്തിട്ടുണ്ടു്.

Shri P. S. Nataraja Pillai : May I know the probable amount anticipated to be received by this Government ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആൾ ഇൻഡ്യാ ഹാൻഡ്ലൂം വീവേഴ്സ് ബോർഡിന്റെ പ്രൊസീഡിംഗ്സിൽ കാണുന്നത് അവിടെ സ്വീകരിച്ച് ഫാർമുലാ അനുസരിച്ചു ൨·൫ ൪ ലക്ഷം രൂപാ കിട്ടുമെന്നാണ്.

Shri P. S. Nataraja Pillai : Has the Government considered any scheme for spending that amount for helping the handloom industry ?

Shri Panampilli Govinda Menon : Not for spending this amount. Government have under consideration several schemes and some have been finalised regarding handloom weavers, and this amount will be utilised for that.

Shri P. S. Nataraja Pillai : May I know at least the major details of the scheme now formulated to utilise this fund ?

Shri Panampilli Govinda Menon : That is a long list.

Mill and Handloom Industries

*13. [13] **Shri C. Sankar :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether our Government propose to take any measures to avoid competition between the Mill and Handloom Industries; and

(*b*) if so, what are the measures proposed to be taken ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) and (*b*) This does not come within the province of the State Government.

Shri C. Sankar : May I know whether the Government is prepared to give some concession to the handloom industry in order to avoid competition between the mill and the handloom industries ?

Shri Panampilli Govinda Menon : It is not within the province of the State Government to do anything to prevent competition between the mill and the handloom industries. Of course, we can give some help to the handloom weavers.

Shri C. Sankar : May I know whether the Government are prepared to consider the report with a view to give a portion of the cess fund and also some reduction in the price of handloom products ?

Shri Panampilli Govinda Menon : There is nothing preventing the Government from considering that question.

ശ്രീ. ടി. കെ. ദിവാകരൻ: കൈത്തറിനെയ്ത്തുവ്യവസായം സംരക്ഷിക്കുന്നതിന് സെസ്സിൽനിന്നു കിട്ടുന്ന തുക എങ്ങനെ ഉപയോഗിക്കണമെന്നാണു വിചാരിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ സംഖ്യ എങ്ങനെ ചെലവാക്കണമെന്ന് തീരുമാനിച്ചിട്ടില്ല. കൈത്തറിനെയ്ത്തു വ്യവസായസംരക്ഷണത്തിനുതന്നെ അതുപയോഗിക്കും.

ശ്രീ. ടി. കെ. ദിവാകരൻ : എല്ലാംകൊല്ലവും ഈ വ്യ. ഫ൪ ലക്ഷം രൂപാ കിട്ടുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മീററിംഗിൻെറ പ്രൊസീഡിംഗ്സ് കിട്ടിയിട്ടുള്ളതല്ലാതെ അലോട്ടുമെൻറു ആർഡർ കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സെസ്സ്ഫണ്ടിൽനിന്നും കൈത്തറിനെയ്ത്തിനു എത്രരൂപ നീക്കിവച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുഴുവനും ഇതിനാണെന്നാണ് എൻെറ ധാരണ. ഖദറിനുമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ പിരിക്കുന്ന തുകയിൽ എത്ര ശതമാനം ഈ സംസ്ഥാനത്തിനു കിട്ടുമെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൨. ൪൯൨ ആണെന്നാണു കാണുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : ഇതു സംസ്ഥാനത്തെ ജനസംഖ്യയെ അടിസ്ഥാനമാക്കിയാണോ നെയ്ത്തുകാരുടെ സംഖ്യയെ അടിസ്ഥാനമാക്കിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെയ്ത്തുകാരുടെ സംഖ്യയും ഇതിനുമുമ്പു ഇവിടെ ഉപയോഗിച്ചിട്ടുള്ള നൂലിൻെറ കണക്കും നോക്കുമെന്നാണു ഞാൻ മനസ്സിലാക്കുന്നത്.

Mr. Speaker : All these refer to the previous question. I am not going to allow any further question based on the previous question.

Shri T. S. Ramaswami : Has the Government considered any scheme to withstand competition with the handloom industry in this matter ?

Shri Panampilli Govinda Menon : All the proposals which the Government have before them (some of which have been implemented) give help to the handloom weavers.

Shri T. S. Ramaswamy : Is it for organisation or for giving some financial help ? What is the scheme ?

Shri Panampilli Govinda Menon : Organisation of the industry on a co-operative basis plays a very important role in the whole scheme.

Shri T. S. Ramaswamy : Has the Government taken any step to organise any co-operative society with adequate finances to do this work ?

Shri Panampilli Govinda Menon : There are in the State to-day two Central Co-operative Societies and already a sum of one lakh of rupees has been given to these two societies Rs. 75,000 to the Society at Trivandrum and Rs. 25,000 to the Society at Trichur in order to organise and improve the marketing of handloom goods.

Shri T. S. Ramaswamy : Is it a grant or a loan ?

Shri Panampilli Govinda Menon : It is a grant.

Titanium Factory

*14. [14] **Shri K. Bhanu :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether the Titanium Factory at Trivandrum will start working in the near future ; and

(*b*) was it running at a loss ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) and (*b*) Yes.

Shri K. Bhanu : May I know whether the Central Government will render financial assistance so that it may be opened in the near future ?

Shri Panampilli Govinda Menon : The Central Government has been requested by this firm for assistance and this Government have endorsed that request. The assistance asked for is, firstly, that the Industrial Finance Corporation should give them a loan and secondly, that protection should be given to the industry. The question of protection was gone into by the Tariff Board and it is understood that they have made certain recommendations to the Ministry of Industry and Commerce. The Ministry of Industry and Commerce has not passed orders on those recommendations.

And this passage has been taken objection to. I was exercising some thought over this matter. If I decide that there is not *a Prima facie* case to be referred to the Committee of Privileges, I will be taking away the hon. Members' opportunity to look into this question. Therefore, I don't decide now whether it is a *Prima facie* case or not. I make this a debatable motion and leave it to the House to decide whether there is a *Prima facie* case and whether it is to be referred to the Committee of Privileges or not .

Shri M. M. Abdul Kadir : Sir, as there is a more important motion I mean the Confidence Motion, to be moved today, I would request you to defer the consideration of this question.

Mr. Speaker : I am very sorry that the hon. Member has not been seeing the rules. The motion affecting the privileges of the House is always given priority,

ശ്രീ. ടി. വി. തോമസ്: സർ, ഈ സഭയുടെ മുൻപാകെ ഡാക്ടർ എൻ. എസ്. പിള്ള അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യത്തെപ്പററി ചർച്ച നടത്തി അവസാനമായി ഒരു തീരുമാനം ചെയ്യേണ്ടതു ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളുംകൂടി ആയിരിക്കണമെന്നും അവരുടെ തീരുമാനം സ്വീകരിക്കാമെന്നും സ്പീക്കർ അവർകൾ പ്രസ്താവിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്.

ഈ പ്രമേയം ഇവിടെ ചർച്ചയ്ക്കു വരേണ്ടതും ഈ പ്രമേയത്തിലടങ്ങിയിട്ടുള്ള സംഗതിയെപ്പററി തീരുമാനിക്കാൻ പ്രിവിലേജസ് കമ്മിററിക്കു വിട്ടുകൊടുക്കേണ്ടതും അത്യാവശ്യമാണു്. എന്തെന്നാൽ ഈയിടയായി, അടിക്കടി ഇവിടെ നടക്കുന്ന—അതായതു് കാൺഗ്രസ്സ മന്ത്രിമാർപോലും നടത്തുന്ന—ചില പ്രസംഗങ്ങളും പ്രസ്താവനകളും നോക്കിയാൽ, ഈ മാതിരിയുള്ള കാര്യങ്ങൾ ഇവിടെ ചർച്ചചെയ്യാൻ അവസരം കിട്ടേണ്ടതാണെന്നു തോന്നുന്നുണ്ടു്. പ്രസ്താവനകളിൽവരുന്ന തെററുകൾ കാൺഗ്രസ്സുകാർ തിരുത്തുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണു് ഞങ്ങൾ ഈമാതിരി പ്രമേയങ്ങൾ ചർച്ചയ്ക്കു വിഷയമാകണമെന്നു അഭിപ്രായപ്പെടുന്നതു്.

കഴിഞ്ഞ ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പു സംബന്ധിച്ചു നടന്ന ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കേ, കാൺഗ്രസ്സുകക്ഷിയിൽപ്പെട്ട ഒരാൾ പറഞ്ഞു, ഐക്യമുന്നണിക്കാർ തൊഴിലാളികൾക്കു എതിരാണെന്നു്. അതായതു മെറേറർണിററി ബനിഫിററ ബിൽ പാസാക്കുന്ന

[ശ്രീ. ടി. വി. താമസ്.]

തിനു് ഞങ്ങളെല്ലാം എതിരായിരുന്നു എന്നു്. അതു പരമാർത്ഥവിരുദ്ധമാണു്. എന്നു മാത്രവുമല്ല, ഐക്യമുന്നണിക്കാരുടെ സ്വഭാവത്തേയും നടപടികളെയുംപററി പൊതുജനങ്ങളുടെ ഇടയിൽ അവമതിപ്പു ഉണ്ടാക്കാൻവേണ്ടി പല പരാമർശനങ്ങളും പ്രചരണങ്ങളും നടത്തുകയുംചെയ്തു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ആ മെംബറുടെ പേരു പറയാമോ?

Mr. Speaker : Not necessary.

ശ്രീ. ടി. വി. താമസ്: ഈ കഴിഞ്ഞ ജൂലയിൽ വയലാർവെച്ചു് ഒരു മന്ത്രി പ്രസംഗിച്ച സന്ദർഭത്തിൽ പറഞ്ഞു, ഇവിടെ നല്ലകാര്യങ്ങൾ എന്തെങ്കിലും ചെയ്യാൻ തീരുമാനിക്കുകയാണെങ്കിൽ അതൊന്നും ഐക്യമുന്നണിക്കാർ സ്വീകരിക്കുകയില്ലെന്നു്.

Mr. Speaker : All these things are matters which took place outside this House.

ശ്രീ. ടി. വി. താമസ്: അതായതു മരച്ചീനി കയററുമതിയെ സംബന്ധിച്ച പ്രമേയം സഭയിൽ അവതരിപ്പിച്ചപ്പോൾ ഐക്യമുന്നണിക്കാർ സ്വീകരിച്ച നയംകൊണ്ടാണു മരച്ചീനി കയററുമതിചെയ്യാൻ അനുവാദം കൊടുക്കേണ്ടിവന്നതെന്നും, അതുകൊണ്ടാണു മരച്ചീനിയുടെ വില കൂടിയതെന്നും മററും പ്രസംഗിക്കുകയുണ്ടായി.

സർ, ഈ സഭയുടെ മുൻപിൽ വന്നിരിക്കുന്ന ഈ പ്രമേയത്തെക്കാൾ സാരാംശത്തിൽ പ്രാധാന്യമുള്ള ഒരു പ്രമേയം ഈ സഭയിൽ വന്നിട്ടുണ്ടു്. അതായതു വിശ്വാസപ്രമേയം. ആ പ്രമേയം ഈ സഭയിൽ അവതരിപ്പിക്കുന്നതിനു മുൻപുതന്നെ ആ പ്രമേയം ചർച്ചയ്ക്കു വരുമ്പോൾ പരാജയപ്പെടുകയാണെങ്കിൽ നിയമസഭ പിരിച്ചുവിടുമെന്നും മററും ചില ഭീഷണി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പുറപ്പെടുവിച്ചതായി കണ്ടു. ആ പ്രമേയത്തെപ്പററിയുള്ള ഒരു പാർട്ടി സ്റ്റേററുമെൻറു പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുമുണ്ടു്. ഈ പ്രസ്താവനകളും വയലാർ പ്രസംഗങ്ങളുമെല്ലാംതന്നെ ഈ സഭയിലെ അംഗങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ നിഹനിക്കാനുള്ള ഒരു പരിശ്രമമല്ലേ എന്നു തോന്നിപ്പോകുന്നു. പാർലമെൻറിൽ എസ്റ്റേററഡ്യൂട്ടി ബില്ലിനെപ്പററിയുള്ള ചർച്ച നടന്നുകൊണ്ടിരുന്ന അവസരത്തിൽ, മന്ത്രി ശ്രീ. ദേശ്മുഖ് ചെയ്ത പ്രസംഗം, സഭയുടെ അന്തസ്സിനെ ചോദ്യംചെയ്യുന്നതാണെന്നു ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യവും ഞാൻ ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

സർ, ഇപ്രകാരം, അടിക്കടി ഈ സഭയുടെ അന്തസ്സിനെ ബാധിക്കുന്നതും, ഈ സഭയിൽ നടക്കുന്ന പ്രസംഗങ്ങളേയും ചർച്ചകളിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ നടപടികളേയും സ്വഭാവത്തേയും ചോദ്യംചെയ്യുന്നതുമായ പ്രസ്താവനകൾക്കു ഒരു വിരാമം ഇടേണ്ടതു അത്യാവശ്യമാണു്. അതിനാൽ ഈ പ്രമേയത്തെ പ്രിവിലേജസ് കമ്മിററിയിൽ ചർച്ചചെയ്തു അവസാന തീരുമാനം ചെയ്യാനുള്ള അവസരം നൽകണമെന്നു പ്രതിപക്ഷങ്ങൾക്കുവേണ്ടി ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ശ്രീ. എൻ. എസ്. പിള്ള ഇവിടെ കൊണ്ടുവന്ന പ്രിവിലേജ് മോഷൻ അണ്ട് ഈ സഭയുടെ വാദപ്രതിവാദത്തിന് വിട്ടുകൊടുക്കുവാൻ തീരുമാനിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അങ്ങനെ ഒരു വഴക്കം ഈ കാര്യത്തിൽ ഉണ്ടാവുകയാണെന്നുണ്ടെങ്കിൽ അതു വളരെ നന്നായിരിക്കുമെന്നും ഞാൻ വിചാരിക്കുന്നു. ഈ പ്രമേയം പ്രിവിലേജ് കമ്മിററിയുടെ ആലോചനയ്ക്കു വിട്ടുകൊടുക്കുന്നതും നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ നിയമസഭയിലെ അംഗങ്ങൾക്ക് എന്തെല്ലാം വിധത്തിലുള്ള പ്രിവിലേജുകളാണ് ഉള്ളത് എന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾ മനസ്സിലാക്കുന്നതിന്, നമ്മുടെ നാട്ടിലെ ജനങ്ങൾ മാത്രമല്ല, ഈ ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾ മനസ്സിലാക്കുന്നതിന്, പ്രത്യേകിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് മനസ്സിലാക്കുന്നതിന്, കമ്മററിയുടെ ആലോചനയും ചർച്ചയും പ്രയോജനപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിയമസഭയിലെ അംഗങ്ങളുടെ പ്രിവിലേജ് വളരെ വിലയേറിയ ഒന്നാണ്. ആ അവകാശങ്ങൾ ലോകത്തിലെ ഡെമോക്രാററിക് രാജ്യങ്ങളിലെ നിയമസഭകൾ വളരെ ഉൽകണ്ഠയോടുകൂടി പരിരക്ഷിക്കുന്നതു് ആ പ്രിവിലേജ് നിയമസഭകളുടെ ശരിയായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ് എന്നുള്ള വിചാരംകൊണ്ടാണ്. ആ പ്രിവിലേജിന്റെ പാവനത നിലനിൽക്കണമെന്നുണ്ടെങ്കിൽ നിസ്സാര കാര്യങ്ങളിൽ ഇങ്ങനെയുള്ള പ്രിവിലേജുകാര്യം വരാതിരിക്കണം. ഇന്ന് ഈ സഭ മുമ്പാകെ മിസ്റ്റർ എൻ. എസ്. പിള്ള ചെയ്ത പ്രസ്താവന പ്രിവിലേജുകമ്മററിയുടെ ശുപാർശയനുസരിച്ച് ആക്ഷൻ എടുക്കേണ്ടതാണോ എന്നുള്ളതിനെക്കുറിച്ച് ഞാൻ അഭിപ്രായം ഒന്നും പറയുന്നില്ല. പക്ഷെ അതു് പ്രിവിലേജുകമ്മററിക്കു വിട്ടുകൊടുക്കുകയാണെങ്കിൽ നമ്മുടെ പ്രിവിലേജുകൾ എന്തെല്ലാമാണെന്നും ആ പ്രിവിലേജുകൾ ലംഘിക്കപ്പെട്ടു എന്നു പറയുന്ന പ്രസ്താവനകൾ ശരിയായിട്ടു ചെയ്തിട്ടുള്ളതാണോ എന്നും പ്രസ്താവനകളുടെ റിപ്പോർട്ട് നിയമസഭയുടെ ആലോചനയ്ക്കു വിഷയീഭവിക്കണമെന്നുണ്ടെങ്കിൽ അതു് എത്ര കാലത്തിനുള്ളിൽ ചെയ്യണം എന്നും അഥവാ സാങ്കേതികമായി ആ പ്രിവിലേജുകളുടെ നിലനിൽപ്പിനുതന്നെ ചെറിയ ചെറിയ കാര്യങ്ങളെപ്പററി ശ്രദ്ധിക്കണമോ എന്നും മററും ഉള്ള കാര്യങ്ങളെപ്പററി പ്രിവിലേജുകമ്മററിക്ക് സൂചിന്തിതമായ ചില തീരുമാനങ്ങൾ ഈ നിയമസഭയിൽ കൊണ്ടുവരാൻ സാധിക്കും. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ശ്രീ. ടി. വി. തോമസ് ചെയ്ത പ്രസംഗത്തിൽ അടങ്ങിയ ആക്ഷേപങ്ങളും അഭിപ്രായങ്ങളും എല്ലാം ഇതിനു പ്രസക്തമായതാണോ എന്ന് എനിക്കു സംശയമുണ്ട്. പ്രസക്തം അല്ലെന്നാണ് എന്റെ എളിയ അഭിപ്രായം. ഈ ബഹുമാനപ്പെട്ട സഭയിലെ ഏതെങ്കിലും ഒരു അംഗത്തിന്റെ, ഐക്യമുന്നണി പാർട്ടിയിൽപ്പെട്ട ഒരു അംഗത്തിന്റെ എന്നല്ല, ഈ സഭയിലെ ഏതെങ്കിലും ഒരു അംഗത്തിന്റെ, ന്യായമായ അവകാശങ്ങളെ തടയുന്നതിനോ അവരുടെ പ്രസ്താവനകളെ എതിർക്കുകയോ ആക്ഷേപിക്കുകയോ ചെയ്തു അവരെ അപമാനപ്പെടുത്തുന്നതിനോ തീർച്ചയായിട്ടും മന്ത്രിമാരാരും ശ്രമിച്ചിട്ടില്ല. ഒന്നുകൂടി എനിക്കു തോന്നുന്നുണ്ട്. സർ, നമ്മുടെ നിയമസഭാംഗങ്ങളിൽ ആരെയെങ്കിലും അപമാനിക്കുവാൻ ഒരു മന്ത്രിക്കു സാധിക്കുമോ എന്നുള്ളതിനെപ്പററി എനിക്കു സംശയമുണ്ട്. ഈ നിയമസഭയിലെ ഏതെങ്കിലും ഒരംഗത്തിന്റെ പ്രസ്താവനകളെ, പൊതുജനങ്ങ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

ളിൽ ആരെങ്കിലും അപമാനബുദ്ധിയോടുകൂടി നോക്കുന്നുണ്ടെങ്കിൽ അതു് അവരുടെ പ്രവൃത്തികൊണ്ടു് മാത്രമാണു്. മഹാത്മാഗാന്ധി ഒരവസരത്തിൽ പറഞ്ഞിട്ടുണ്ടു്; ഈ ലോകത്തിൽ ഒരാളേയും വേറെ ഒരാൾക്കു് ആക്ഷേപിക്കുവാനും അപമാനിക്കുവാനും സാദ്ധ്യമല്ലെന്നു്. ഒരു വ്യക്തി സ്വന്തം പ്രവൃത്തികളെക്കൊണ്ടു് സ്വയം അപമാനിതനായി തീരുകയാണു് ചെയ്യുന്നതു്. അങ്ങനെ ഈ ബഹുമാനപ്പെട്ട സഭയിലെ ഏതെങ്കിലും കക്ഷിയിൽപെട്ട ഏതെങ്കിലും ഒരംഗം പൊതുജനങ്ങളുടെ ഇടയിൽ അപമാനിതനായി തീർന്നിട്ടുണ്ടെങ്കിൽ അതിനുള്ള കുററം മന്ത്രിമാരുടെ തലയിൽ വയ്ക്കുന്നതു് സങ്കടമാണു് കഷ്ടമാണു്. അതു് ചെയ്യുവാൻ പാടില്ലാത്തതാണു് എന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. (ചിരി)

വയലാറിൽവെച്ചു് പ്രസംഗിച്ചു എന്നു പറയുന്ന മന്ത്രി ഞാൻ ആണെന്നു എനിക്കു തോന്നുന്നു. കപ്പ കയററി അയയ്ക്കുന്നതിനു് ഐക്യമുന്നണിക്കാർ പ്രേരണ നൽകി എന്നു് ഞാൻ പ്രസ്താവിച്ചിട്ടില്ല. നേരേമറിച്ചു് കപ്പയുടെ കൺട്രോളിനെപ്പററി ഈ സഭയിൽ വാദപ്രതിവാദം ചെയ്ത അവസരത്തിൽ.......

ശ്രീ. ടി. വി. താമസ് : ആ പ്രസംഗം ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം അപ്രകാരം പറഞ്ഞിട്ടില്ലെന്നു് പറയുന്നതുകൊണ്ടു അതിനെ സംബന്ധിച്ചു് ഞാൻ ചെയ്ത പ്രസ്താവന പിൻവലിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കപ്പ ഡീ-കൺട്രോൾ ചെയ്യുന്നതിനെപ്പററിയുള്ള വാദപ്രതിവാദം ഈ സഭയിൽ വന്ന അവസരത്തിൽ ഈ സഭയിൽ രണ്ടുവിധത്തിലുള്ള അഭിപ്രായങ്ങൾ വന്നതു് കാൺഗ്രസ് എന്നും കമ്മ്യൂണിസ്ററ് എന്നും സോഷ്യലിസ്ററ് എന്നും ഐക്യമുന്നണി എന്നും ഉള്ള നിലയെ അടിസ്ഥാനപ്പെടുത്തി ആയിരുന്നില്ല. അന്നു് ഇവിടെ വാദപ്രതിവാദം വന്നതു് തിരുവിതാംകൂർ-കൊച്ചിയിലെ കിഴക്കൻ താലൂക്കുകളിൽനിന്നു വരുന്നവരും പടിഞ്ഞാറൻ താലൂക്കുകളിൽനിന്നു വരുന്നവരും എന്നുള്ള വ്യത്യാസത്തിലായിരുന്നു. അങ്ങനെയുള്ള കിഴക്കൻ താലൂക്കുകളിൽ ഒന്നിൽനിന്നു വരുന്ന ഒരു ഐക്യമുന്നണി അംഗമായ ശ്രീ. രാജഗോപാലൻ നായർ കപ്പയുടെ ഡീ-കൺട്രോൾ ആവശ്യമാണെന്നും കപ്പ കൃഷിചെയ്യുന്ന കൃഷിക്കാർക്കു് അതുകൊണ്ടു് വളരെ ഗുണങ്ങൾ ഉണ്ടെന്നും ഇവിടെ പ്രസ്താവിച്ചതായി ഞാൻ ഇപ്പോൾ ഓർക്കുന്നുണ്ടു്. കപ്പയുടെ വില ചുരുക്കണമെന്നു് കപ്പ കൃഷി ചെയ്യുന്ന കിഴക്കൻ താലൂക്കുകളിൽനിന്നു വരുന്ന ഒരു എം. എൽ. എ.-യ്ക്കും ഇവിടെ പറഞ്ഞിട്ടു് അങ്ങോട്ടു് സമാധാനമായി മടങ്ങി ചെല്ലുവാൻ സാദ്ധ്യമല്ല. ഐക്യമുന്നണി എന്നും കാൺഗ്രസ് എന്നും ഉള്ള വ്യത്യാസമില്ലാതെ കപ്പയുടെ കാര്യം പറയുകയാണു് ചെയ്തതു്. ശ്രീ. താമസ് കപ്പയുടെ വില ചുരുക്കണം എന്നു പറയുന്നു. കാൺഗ്രസ് കക്ഷിയിലെ കിഴക്കൻ താലൂക്കുകളിൽനിന്നും വരുന്ന ശ്രീ. നൈനാൻ കപ്പയുടെ വില കൂട്ടണം എന്നു പറയുമ്പോൾ പടിഞ്ഞാറൻ താലൂക്കുകളിൽനിന്നു വരുന്ന ശ്രീ. മാനു പറയും കപ്പയുടെ വില കുറയ്ക്കണം എന്നു്.

ശ്രീ. ടി. വി. താമസ് ; കപ്പ കുറഞ്ഞ വിലക്കു് കൊടുക്കണമെന്നു് പറയുമ്പോൾ കൃഷിക്കാരനു് ന്യായമായ വില കിട്ടണം എന്ന തത്വം ഞങ്ങൾ അംഗീകരിച്ചിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പണ്ടൊരു കഥ പറഞ്ഞമാതിരിയാണു്. ഒരു ഭർത്താവും ഭാര്യയും തമ്മിൽ വഴക്കായി. അപ്പോൾ ഭൃത്യൻ രണ്ടുകൂട്ടരുടേയും പ്രീതി വേണമെന്നു കരുതി രണ്ടുകൂട്ടരും പറയുന്നതു് ശരിയാണെന്നു പറയാൻ തീർച്ചയാക്കി. അതുപോലെയാണു് ഐക്യമുന്നണിനേതാവു പറയുന്നതു.

ശ്രീ. ടി. വി. തോമസ് : കപ്പ വാങ്ങുന്നവർക്കു് അതു സഹായമായ വിലയ്ക്കു കിട്ടണമെന്നും അതേ സമയം കൃഷിക്കാർക്കു ആദായകരമായ വില കിട്ടണമെന്നും പറഞ്ഞതു് ബഹുമാനപ്പെട്ട മന്ത്രിക്കു് ഇനിയും മനസ്സിലാകാത്തതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ വയലാറിൽവച്ചു പറഞ്ഞതു് ഇപ്രകാരമാണു്. ഈ നാട്ടിലെ കപ്പക്കൃഷിക്കാർ മുതലാളികളല്ല, കപ്പക്കൃഷിക്കാർ എല്ലാം ചെറിയ ചെറിയ കർഷകരാണു്.

ശ്രീ. എൻ രാഘവക്കുറുപ്പ് : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇവിടെ ഡിസ്‌കഷനിൽ ഇരിക്കുന്നതു് പ്രിവിലേജ് മോഷനോ വയലാർ കാര്യമോ, കപ്പകാര്യമോ എന്നു് അറിഞ്ഞാൽ കൊള്ളാം.

Mr Speaker : Well, that point having been mooted by the Leader of the Opposition, the Minister has naturally the right to reply. He is only doing that.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട മെംബർ ശ്രീ. കുറുപ്പ് അദ്ദേഹത്തിന്റെ നേതാവിനോടു് ചോദിക്കണം. വയലാറിലെ പ്രസംഗത്തിൽ ശ്രീ. എൻ. എസ്. പിള്ളയുടെ പ്രമേയത്തിനു് ആസ്പദമായ കാര്യങ്ങളാണോ പറഞ്ഞതെന്നു് നേതാവിനോടു് ചോദിക്കണം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ അസംബ്ലിയിൽവച്ചു് ചോദ്യം ചോദിക്കുന്നതു് സ്പീക്കറോടാണു്. അതിനു് സ്പീക്കറാണു് മറുപടി പറയേണ്ടതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ പറഞ്ഞതു് സർ, ബഹുമാനപ്പെട്ട മിസ്റ്റർ കുറുപ്പ് ഈ വക കാര്യങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ നേതാവിനോടു് ചോദിക്കണമെന്നാണു്.

Shri N. Raghava Kurup : Sir, I have raised a point of order. I want a reply.

Mr. Speaker : What is your objection Mr. Raghava Kurup? Afterall we are men of limited understanding. Especially when a political party is functioning there is nothing wrong in referring a Member to his Leader.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, അതുകൊണ്ടു് ഞാൻ വയലാറിൽ പറഞ്ഞതു് നിയമസഭയിലെ ഒരംഗത്തെപ്പോലും ആക്ഷേപിക്കണമെന്നു വിചാരിച്ചല്ല. കപ്പയ്ക്കു വില കൂടിയിട്ടുണ്ടു്. അതുമൂലം പാവപ്പെട്ട കിഴക്കൻ കൃഷിക്കാർക്കു് ആശ്വാസം ഉണ്ടായിട്ടുണ്ടു്. കിഴക്കൻ താലൂക്കുകളിൽ ചെല്ലുമ്പോൾ മി. രാജഗോപാലൻനായർ "ഞങ്ങൾ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

നിയമസഭയിൽ പറഞ്ഞു കപ്പയുടെ വില കൂട്ടിയെന്നും'' പടിഞ്ഞാറൻ താലൂക്കുകളിൽ ചെല്ലുമ്പോൾ "കപ്പയുടെ വില കൂടി'' എന്നും പറയുന്നതു് ഈ സഭയുടെ പ്രിവിലേജിനു് ഹാനികരമല്ലേ. മെറേറണിററി ബെനിഫിററ് ആക്റ്റിനെപ്പററി ചെങ്ങന്നൂരിൽവച്ചു് ഞാൻ പറഞ്ഞിട്ടുണ്ടു്. ഐക്യമുന്നണിക്കാർ തൊഴിലാളികളുടെ ബന്ധുക്കളാണെന്നു പറയുന്നു. പക്ഷെ ഇവിടെ മെറേറണിററി ബെനിഫിററ് ആക്റ്റ് ഐക്യമുന്നണിയുടെ നാമധേയം ഈ നിയമസഭയിൽ ഇല്ലാതിരുന്ന കാലത്തു് ഇവിടെ ഉണ്ടായിരുന്ന കാൺഗ്രസ്സ് ഗവണ്മെൻറാണു് കൊണ്ടുവന്നതെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. എം. അബ്ദുൽകാദർ : സർ, സി. പി. രാമസ്വാമി അയ്യർ ആ നിയമം കൊണ്ടുവന്നിട്ടുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രാമസ്വാമി അയ്യർ കൊണ്ടുവന്നില്ലാ എന്നു ഞാൻ പറഞ്ഞില്ല.

Shri M. M. Abdul Khader : Is it open to the hon. Minister to make all sort of false allegations ?

Mr. Speaker : Order, order. The Minister has only said that the Congress Government did introduce it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വാദപ്രതിവാദത്തിനുള്ള ദ്വാരം തുറന്നിട്ടതു് ആരാണു്?

ശ്രീ. ടി. വി. തോമസ് : സർ, കാൺഗ്രസ്സ് ഗവണ്മെൻറ് ഇവിടെ അവതരിപ്പിച്ച മെറേറണിററി ബെനിഫിററ്ബിൽ സാരാംശത്തിൽ വളരെ ദോഷകരമായിരുന്നുവെന്നും ഐക്യമുന്നണിയുടെ പ്രവർത്തികൊണ്ടു അതു കുറെ നന്നാക്കി എന്നും അറിയാമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കാൺഗ്രസ് ഗവണ്മെൻറിൽ നിന്നു കൊണ്ടുവന്ന ആ ബിൽ സെലക്റ്റ്കമ്മററിക്കു് അയച്ചു. അതിലെ ചെയർമാൻ ഞാനായിരുന്നു. സെലക്റ്റ്കമ്മററിയിൽ ഐക്യമുന്നണി അംഗം ഉൾപ്പെടെയുള്ള ചില അംഗങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിച്ചു ഭംഗിയായ ഒരു നിയമം ഞാൻ പാസ്സാക്കിവിട്ടു. ഇതൊക്കെ പ്രിവിലേജ് കാര്യമാണെന്നു് ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ പറയുന്നതു് കേൾക്കുമ്പോൾ പ്രിവിലേജ് എത്രമാത്രം ദുരുപയോഗപ്പെടുന്നു എന്നു് എനിക്കു തോന്നിപ്പോകുന്നു. പ്രിവിലേജിൻെറ ഭംഗത്തിനു് ഉദാഹരണമായിട്ടു് constitutional points-നെപ്പററി ഞാൻ ചെയ്ത ഒന്നുരണ്ടു പ്രസ്താവനകളെപ്പററിയും അദ്ദേഹം എടുത്തു പറഞ്ഞു. സർ, ഒരു പുസ്തകത്തിൽ ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്നു പറയാമോ? ഐക്യമുന്നണി നേതാവിനു് അതു് ചെയ്യാം. അദ്ദേഹം പറയുന്നു "ഐവർ ജെന്നിംഗ്സ് എന്ന ഗ്രന്ഥകാരൻ എഴുതിയിട്ടുണ്ടു് എന്നു'' ഞാൻ ആ പുസ്തകം അദ്ദേഹത്തിൻെറ കൈയിൽ കൊടുക്കാം. ഒരു വെല്ലുവിളിയായിട്ടു പറയുന്നതല്ല. അതിൽ അദ്ദേഹം ചെയ്ത പത്രപ്രസ്താവനയിലുള്ള കാര്യങ്ങൾ, അദ്ദേഹത്തിനു കാണിച്ചുതരുവാൻ സാധിക്കുന്നില്ലെങ്കിൽ അതു ഈ പ്രിവിലേജസിൽ ബന്ധപ്പെടുമോ ഇല്ലയോ എന്നുള്ളതിനെപ്പററിയും ഈ സഭ ആലോചി

ക്കേണ്ടതാണ്. ഒരു മഹാനായ ഗ്രന്ഥകാരൻ എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഒരുപക്ഷെ വായിച്ചുനോക്കാതെ ഒരു നിയമസഭാംഗം ഏതു നിലയിലും പ്രതിപക്ഷം ഏതു നിലയിലും ഉണ്ടായ തികഞ്ഞ അഹങ്കാരത്തോടുകൂടി ചെയ്തിട്ടുള്ള ഒരു പ്രസ്താവനയിൽ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ദോഷം ഇല്ലെന്നു തോന്നിയേക്കാം. എങ്കിലും ഈ സഭയ്ക്കു അങ്ങനെ വിചാരിക്കാൻ കഴിയുമോ എന്നും ആലോചിക്കേണ്ടതാണ്.

പിന്നെ, ഞാൻ എന്താണ് പറഞ്ഞതു? ഒരു നിയമസഭയിൽ ഭരണം നടന്ന കക്ഷി ഒരു വിശ്വാസപ്രമേയം കൊണ്ടുവന്നതിനുശേഷമോ അല്ലെങ്കിൽ അതു പരാജയപ്പെട്ടതിനുശേഷമോ ആ കൃപാലിനെ പിരിച്ചുവിടാൻ വേണ്ടി കീഴ്വഴക്കങ്ങളുമായി ഉയർന്നുപോന്നിട്ടുള്ള അനേകങ്ങളും നടപടിക്രമങ്ങളും അനുവദിക്കുന്നില്ലെന്നാണ് ഞാൻ പറഞ്ഞതു്. അതാണ് എനിക്കുള്ള അറിവു. ഞാൻ അതു വിശ്വസിക്കുന്നു. അതു ഞാൻ പറഞ്ഞതു് ഏതു വിധത്തിലാണു പ്രിവിലേജസിനു ബാധകമാകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ വിധത്തിലുള്ള വൈലിശമായ കാര്യങ്ങളും ശ്രീ. എൻ. എസ്. പിള്ള ഏറെ പ്രധാനപ്പെട്ട ചില കാര്യങ്ങളും ഉന്നയിച്ചുകൊണ്ടുവന്നിട്ടുള്ള ഈ പ്രമേയം ആലോചനക്കു കൊണ്ടുവന്ന സന്ദർഭത്തിൽ പ്രതിപക്ഷനേതാവ് സംസാരിച്ചതുപോലെ ഈ സഭാംഗങ്ങളുടെ ഒറ്റി അദ്ദേഹത്തിന്റെ മതിപ്പിൽ എനിക്കു വലിയ മതിപ്പില്ല. അതുകൊണ്ടു് ശ്രീ. എൻ. എസ്. പിള്ളയുടെ അഭിപ്രായത്തെ ഞാൻ പിന്താങ്ങുന്നു.

Shri Nedumangad R. Kesavan Nair : Sir, I support the motion moved by Mr. N. S. Pillai.

Shri A. Thanu Pillai : Sir, on a point of order. Under the Rules, if objection is taken, the Speaker shall request those members who are in favour of leave being granted to rise in their places, and if not less than twenty-five members rise accordingly, the Speaker shall intimate that leave is granted ...... Now that no objection has been taken, why should there be this elaborate discussion ?

Mr. Speaker : That is exactly why the point is placed before the House. I can decide that the motion is in order and ask the Leader of the House to make a motion referring it to the Committee of Privilege. But I was myself doubting whether there is any *prima facie* case or not in this matter. Therefore I seek the aid of the House on the point whether this is a fit matter to go to the Privileges Committee. Such a motion having come before the House and having been declared debatable, I do not now want to curtail the hon. Members' right to discuss it.

Shri Nedumangad R. Kesavan Nair : Sir, Mr. N. S. Pillai, has read certain sentences of his motion, especially the last sentence which should attract the attention of this House. If those words were spoken, by the officer they are highly objectionable. This is the relevant sentence at issue..........................

ഇവിടെ വന്ന് ഇതെല്ലാം കണ്ടിട്ട് എം. എൽ. എ മാർ വിമർശനം നടത്തിയാൽ ശരിയല്ല. അല്ലാതെ നടത്തുന്ന വിമർശനങ്ങൾ അനാവശ്യമാണ്, അസംഗതമാണ്.

It is highly deplorable if an officer of Government had made that utterance. It is alleged that he has done it right under the nose of the Chief Minister Sir we are here doing the thankless task of serving the public cause. We are entitled at least to as much protection as any Government officer. What I say is conditional, if the allegations made against us are by the officer concerned, a very serious attitude has to be taken. I am fortified on that matter by accepted books on Parliamentary Practice. Sir, I would invite your attention to one relevant Passage in a book written by Sir Gilbert Campion, K. C. B. He says :—

> "Breach of privilege is contempt of the High Court of Parliament, and the Power to punish the commission of it rests, as in the case of the courts, upon the inherent Power of an authority to do all that is necessary to maintain its own dignity and efficiency. The courts do not check each other in committing for contempt, and on the whole the accepted doctrine is that they do not interfere with the action of either House in this matter.
>
> Examples of breach of privilege are :—
>
> (1) disrespect to any Member of the House, as such, by a non-Member ;
>
> (2) disrespect to the House collectively ......"

This point becomes more important in view of the following passage.

> "This is the original and fundamental form of breach of privilege, and almost all breaches can be reduced to it. Special instances of it are libels on the House at large, upon the Speaker, and upon select committees."

May has also to say something about this. He says :—

> "In 1701 the House of Commons resolved that to print or publish any books or libels reflecting on the proceedings of the House is a high violation of the rights and privileges of the House and indignities offered to the House by words spoken or writings published reflecting on its character or proceedings have been constantly punished by both the Lords and the Commons upon the principle that such acts tend to obstruct the Houses in the performance of their functions by diminishing the respect due to them."

Mr. Speaker : We have passed through all those stages.

Shri Nedumangad R. Kesavan Nair : True that stage is over. I would strongly urge that we as members of the Legislature are entitled to protection. Sir, it has become a practice of one and all to fling mud on all Members of the Legislature regardless of differences of Political opinions. Sir, we are discharging a duty of the highest order and as I submitted a thankless task. My submission is that any infringement of our right by any man, be he the tallest man on earth, must be seriously viewed and therefore this matter has to be referred to the Privileges Committee.

Mr. Speaker : Now that the hon. Member for Trivandrum raised the point that no objection has been taken on the motion, does anybody desire to speak against the motion ?

ശ്രീ. എ. കുഞ്ഞൻ നാടാർ : സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ശ്രീ. എൻ. ആർ. എസ്. പിള്ളയോടു ഈ പ്രമേയം അവതരിപ്പിച്ചപ്പോഴും ഉണ്ടായിരുന്നതിനേക്കാൾ സന്തോഷം അതിനശേഷം ഉണ്ടായിട്ടുണ്ട്. കാരണം, പ്രസിദ്ധനായ നമ്മുടെ ധനകാര്യമന്ത്രിയുടെ പ്രസിദ്ധമായ വയലാർ പ്രസംഗം കേൾക്കുന്നതിനുള്ള ഒരവസരം അതുണ്ടാക്കിയെന്നുള്ളതാണ്. സർ, എനിക്കു ഇവിടത്തെ മന്ത്രിമാരോടും പ്രതിപക്ഷകക്ഷികളോടും പറയുവാനുള്ളതു് ഇത്തരം സംഗതികൾ ഈ സഭയ്ക്കകത്തുവച്ചു പറയുവാൻ ഇടയാകരുതെന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സഭയിലെ പ്രതിപക്ഷം ഗവണ്മെന്റിനെപ്പററി ശ്രദ്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ മന്ത്രി മിണ്ടാതിരിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എ. കുഞ്ഞൻ നാടാർ : മന്ത്രിയും കഴിവുള്ള വേട്ട പിടിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീമാൻ നാരായണൻ നായർ പ്രസംഗിച്ചതായി പറയുന്ന ആരോപണത്തെപ്പററി എനിക്കു പറയുവാനുള്ളതു അതു ഏററവും ഗൗരവമായ ഒരു സംഗതിയാണെന്നാണ്. ശ്രീമാൻ നാരായണൻ നായരുമായി എനിക്കു പരിചയമുണ്ട്. സാധാരണയായി അദ്ദേഹം ഒരു മര്യാദക്കാരൻ ആണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ കുററക്കാരൻ അദ്ദേഹമല്ല. അദ്ദേഹത്തെക്കൊണ്ടു പറയിപ്പിക്കുന്നതു് ഇന്നു നിലവിലുള്ള ഗവണ്മെന്റാണ്.

നെയ്യാററിൻകര–വിളവംകോട്ട കമ്മ്യൂണിററി പ്രോജക്ററും, അതിനെ സംബന്ധിച്ച ഒരു അഡൈ്വസറി ബോർഡുമുണ്ട്. ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെപ്പററി ഈ ഗവണ്മെന്റിനുതന്നെ വലിയ മതിപ്പില്ലെന്നാണ് എനിക്കു തോന്നുന്നതു്. ആ അഡൈ്വസറി ബോർഡിൽ എം. എൽ. എ. മാരായ ഞങ്ങളെപ്പോലെയുള്ള ചിലർക്കും സ്ഥാനങ്ങൾ നൽകിയിട്ടുണ്ട്. ഈ അഡൈ്വസറി കമ്മിററിയിൽ ഞങ്ങളെ വച്ചിട്ടു ആ അസംബ്ലി അംഗങ്ങളെ ആക്ഷേപിക്കാനുണ്ടെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്.

Mr. Speaker : This is not the occasion to ventilate grievances or discomfitures experienced by the members of the Advisory Committee. We are now at the privilege motion.

ശ്രീ എ. കുഞ്ഞൻ നാടാർ : സർ, ഞാൻ ചുരുക്കി പറയാം. ഞാൻ കമ്മ്യൂണിറ്റി പ്രോജക്ടിൽ പരമാവധി സഹകരിക്കുന്ന ഒരാളാണ്. എന്നാൽ ഒരു ഫാഴ്സാണ് അവിടെ നടക്കുന്നത്. ചില ഗവൺമെന്റ ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണത്തിൽ അവരുടെ തോന്ന്യാസങ്ങൾ ചെയ്യുവാൻ ഏല്പിച്ചിരിക്കുന്ന ഒരു സ്ഥാപനമായിട്ടാണ് എനിക്കു കാണുവാൻ കഴിഞ്ഞത്. കമ്മ്യൂണിറ്റി പ്രോജക്റ്റിനെ നിയന്ത്രിക്കുന്നതിനായി ഡവലപ്പ്മെന്റ കമ്മീഷണർ എന്നൊരു ഉദ്യോഗസ്ഥൻ ഇവിടെയുണ്ട്.

Mr. Speaker : How is the Community Project officer responsible for that ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ ഡവലപ്പ്മെന്റ കമ്മീഷണർ ആരാണ് ? ബഹുമാന്യനായ ശ്രീ. നാരായണൻ നായർ ഈ എം. എൽ. എ. മാരെ അധിക്ഷേപിക്കത്തക്ക സാഹചര്യം ഉണ്ടാക്കിത്തീർത്തതെന്നു പറയുവാനാണ് ഞാൻ ഭാവിക്കുന്നത്.

Mr. Speaker : Therefore your conclusion is that it is a remark made unwittingly and as such no action need be taken. (Laughter)

ശ്രീ. എ. കുഞ്ഞൻ നാടാർ : അല്ല. ആഫീസർമാർ തോന്ന്യാസം കാണിച്ചാലും ചില ഉദ്യോഗസ്ഥന്മാർ ഇതും പറയും, ഇതിൽ കൂടുതലും പറയും.

നെടുമങ്ങാട്ട് പനച്ചമൂട് തൊഴിലാളികളുടെ ആവശ്യങ്ങൾക്കു വേണ്ടി ഞാനും കൂടി ചെന്ന് ഡവലപ്പ്മെന്റ കമ്മീഷണരുടെ അടുക്കൽ ഒരു നിവേദനം നടത്തുവാൻ പോകുകയുണ്ടായി. അദ്ദേഹം ആ അവസരത്തിൽ എന്നോടു പെരുമാറിയത് ഏറ്റവും ധിക്കാരപരമായിട്ടും, അപഹാസ്യമായ രീതിയിലും ആയിരുന്നു. അദ്ദേഹം വളരെ ധിക്കാരമായ ഒരു രീതിയിൽ ഒരു എം. എൽ. എ. ആയ എന്നോടു പെരുമാറിയതുകൊണ്ടു അല്പം ധിക്കാരമായി പെരുമാറുവാൻ ഞാനും നിർബ്ബന്ധിതനായിത്തീർന്നു.

Mr. Speaker : The hon. Member can anticipate such kind of discussion in respect of the motion coming up presently and so let us curtail discussion on the present motion.

ശ്രീ. എ. കുഞ്ഞൻ നാടാർ : എന്നാൽ ഇതു കഴിഞ്ഞു പിന്നീടു ഉണ്ടായതെന്താണ് ? അദ്ദേഹത്തിനു ഒരു വർഷത്തേക്കുകൂടി ഔദ്യോഗികമായ ആയുസ്സു നീട്ടിക്കൊടുക്കുകയാണു ചെയ്തത്. അങ്ങനെ, ഗവൺമെന്റ ഇത്തരം ഉദ്യോഗസ്ഥന്മാരെ പ്രോത്സാഹിപ്പിച്ചു വരുന്നു. അതുകൊണ്ട് ആഫീസർമാർ അറിഞ്ഞോ അറിയാതെയോ ഇത്തരം പ്രസ്താവനകൾ ചെയ്യുന്നതിൽ അതിശയമില്ല.

ശ്രീ. ഒ. സി. നൈനാൻ : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. എം. എൽ. എ. മാർക്ക് ഉദ്യോഗസ്ഥന്മാരോട് ധിക്കാരപരമായി പെരുമാറാമോ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇവിടത്തെ എം. എൽ. എ. മാർ തമ്മിൽ [illegible] ധിക്കാരപരമായും പെരുമാറുന്നുണ്ട്. എം. എൽ. എ. മാരുടെ സംസ്കാരത്തെപ്പററി ഇവിടെ ചോദ്യമുണ്ടായി. ഒരു എം. എൽ. എ. ആണ് എന്നുള്ളതുകൊണ്ട് സംസ്കാരമുണ്ടെന്നു സമ്മതിക്കുവാൻ ഞാൻ തയ്യാറല്ല

Shri P S. Nataraja Pillai : On a point of order. Can an hon. Member of this House say that the House is not constituted by men of culture ?

Mr. Speaker : I am keeping quiet because I am sure that statement will be made use of by the Privileges Committee.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഞാൻ പറഞ്ഞത് ഈ സഭയ്ക്കു വെളിയിലുള്ള സംസ്കാരത്തെപ്പററിയാണ്; അകത്തുള്ളതല്ല. ഇവിടെ ഒരു തമിഴ്നാട് പ്രസ്ഥാനമുണ്ടായി. അതിന്റെ പേരിൽ ഒരു തമിഴ്നാട് കോൺഗ്രസുമുണ്ടായി.

ശ്രീ. ആർ. കേശവപിള്ള : സർ, എം. എൽ. എ. മാർക്ക് അനാവശ്യവും അസംഗതവുമായ വാക്കുകൾ പറയുന്നതിന് സ്വാതന്ത്ര്യമുണ്ടോ?

Mr. Speaker : The Speaker will decide it.

ശ്രീ. എ. കുഞ്ഞൻ നാടാർ : സർ, ഏതാനും മാസക്കാലങ്ങളായി ഇവിടത്തെ ചില പത്രങ്ങൾ പ്രചരിപ്പിക്കുന്ന അടിസ്ഥാനരഹിതങ്ങളായ വാർത്തകളെപ്പററി ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ.

Mr. Speaker : I was just giving a hint to the hon. Members that there is ample time for all these things.

Shri A. Kunjan Nadar: Therefore, I am utilising it to the maximum.

സർ, ഇവിടത്തെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന വാർത്തകളും ചില ബഹുമാനപ്പെട്ട മെമ്പറന്മാരുടെ നിഗൂഢമായ പ്രവർത്തനങ്ങളും ഞാൻ സൂക്ഷിച്ചുപഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതായത് പതിനെട്ടുകൊല്ലമായി ജയിലിൽ കിടന്ന ഒരു മോഷ്ടാവ് വെളിയിൽ ഇറങ്ങിയപ്പോൾ കുഞ്ഞൻനാടാർ ആയാളെ പ്രേരിപ്പിച്ചു മോഷ്ടിപ്പിച്ചു എന്നും അയാൾ ജയിലിലായതിനുശേഷം മി. നേശമണിയുടെ ശുപാർശപ്രകാരം ഇറക്കിവിട്ടു എന്നും മററും ഉള്ള വാർത്തകളാണ് പേപ്പറുകളിൽ പ്രസിദ്ധീകരിക്കുന്നത്. ഇപ്രകാരമുള്ള അടിസ്ഥാനരഹിതമായ പത്രറിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട് പല തെററിദ്ധാരണകൾക്കും ഇടയുണ്ടാകുന്നതാണ്.

Mr. Speaker : The hon. Member forgets the fact that all these things will be recorded and broadcast.

Shri A. Kunjan Nadar : They must be recorded.

സർ, ഇങ്ങനെയുള്ള അനാശാസ്യപ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്നതിന് ഈ സഭയിലെ ബഹുമാനപ്പെട്ട ചില മെമ്പർമാർ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന പറയാതെ നിവൃത്തിയില്ല. ഇങ്ങനെയുള്ള മെമ്പർമാർ സംസ്കാരമുള്ളവരെന്ന പറഞ്ഞാൽ എനിക്കതു മനസ്സിലാക്കാൻ സാധിക്കുന്നില്ല. അവർ നിയമസഭയിൽ സന്നിഹിതരാകുമ്പോൾ സംസ്കാരസമ്പന്നരാണെന്നു ഭാവിക്കുകയും പുറത്തിറങ്ങുമ്പോൾ സംസ്കാരരഹിതമായി പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : സർ, ഒരു പായിന്റ് ഓഫ് ഓർഡർ. പ്രിവിലേജ് മോഷൻ അവതരിപ്പിച്ചു ഡിസ്കസ് ചെയ്യുമ്പോൾ ആ മോഷന്റെ അടിസ്ഥാനത്തിൽ എന്തും പറയാനുള്ള സ്വാതന്ത്ര്യം ബഹുമാനപ്പെട്ട മെമ്പർക്ക് ഉണ്ടോ?

Mr. Speaker : That is exactly what I was suggesting to the hon. Member.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഈ മാതിരിയുള്ള അവഹേളനങ്ങൾ നിരോധിക്കുവാനുള്ള അധികാരം ഈ നിയമസഭയിൽ സ്പീക്കർക്ക് ഉണ്ടെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. കുഞ്ഞൻനാടാർ : സർ, പ്രിവിലേജ് എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കി പ്രവർത്തിക്കേണ്ടത് ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെയാണ്. നിയമസഭാ സാമാജികത്വം അന്തസ്സോടും അഭിമാനത്തോടുംകൂടി പരിപാലിക്കണമെന്ന വസ്തുത ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരോടും അപേക്ഷിച്ചുകൊണ്ട് ഈ മോഷൻ പ്രിവിലേജ് കമ്മിറ്റിക്ക് അയയ്ക്കണമെന്നഭിപ്രായപ്പെട്ടുകൊള്ളുന്നു.

Shri P. S. Nataraja Pillai : I wish to submit one or two words on the subject. Since no objection has been taken, I thought there was no necessity to speak on the motion. Sir, so much has been talked over now at any rate, we are controlled by section 194 of the Constitution. It says —

> "In other respects, the powers, privileges and immunities of a House of the Legislature of a State, and of the Members and the committees of a House of such Legislature, shall be such as may from time to time be defined by the Legislature by law, and until so defined shall be those of the House of Commons of the Parliament of the United Kingdom, and of its Members and Committees, at the commencement of this Constitution."

Sir, I thought I should refer to it since the hon. Minister for Finance and also for Law could have taken the earliest opportunity to bring in a law to define powers and privileges, etc., of the House of Legislature and of the Members and Committees thereof. Now, we are asked to go by the privileges enjoyed by the House of Commons. If that is so, Sir, there are two kinds of privileges, as I understand, Privileges of the Members of the House of Commons and the Privileges

of the House of Commons itself. Here, my friend, Dr. N. S. Pillai, referred to the privilege, as I understand, of a Member. That privilege refers particularly to freedom of speech. If a speech in the House of the the Legislature is perverted and misrepresented, that becomes a breach of privilcge of the House. That is the only matter at issue now. On a *Prima facie* considertaion of the newspaper extract, one is led to believe that the comment was made by an officer of the State about the speeches delivered in this House. If that be a fact, and if the terms used were those used in that extract.

Shri Panampilli Govinda Menon : On a point of information, Sir. Was this comment with reference to the speech made by any particular member, or was it a general comment ?

Shri. P. S. Nataraja Pillai : It seems to be a general comment as regards the speechcs made in the Asscmbly, that makes the matter worse. The speeches of the Members of this House are being commented upon. That is being commented upon by an officer of State in those terms which, I think everyone will agree, are not very happy. It depends upon the question of fact whether that officer used those words in relation to the speeches delivered in this House.

Shri. O. C. Ninan : May I know whether an ordinary citizen has not the right to comment upon the speeches made by the hon. Members of this House ?

Shri P. S. Nataraja Pillai : If it is pervcrted, certainly it will be detracting the privilege. What I meant was, if it is an unfair comment it falls within the purview of law . Therefore, it is a question of fact. There is a *Prima facie* case. This House has no materials before it to go into the question and decide whether there is a breach of privilege or not. Under the rules we have got a Privileges Committee.

Shri E. P. Varghese : May I know whether the hon. Member is a Member of the Privileges Committee ?

Shri. P. S. Nataraja Pillai : I do not know. To the best of my knowledge I am not.

With what information I have got in this matter I think there are two versions about the report of the proceedings of that meeting. One version is published in some papers and another in another paper. My friend has brought one version in one paper. From that, it looks as if there is a *Prima facie* case. Therefore, to deal with the matter further we have not the materials to go into and no discussion can be carried on with relevancy. The Privilcges Committee

may go into it. They may proceed on the basis on which they are entitled to proceed and come to a conclusion and on the basis of the report of the Privileges Committee, it would be a matter for consideration of this House.

Before concluding, I will again request the Treasury Benches that it would be far useful to the country to frame a legislation on the matter rather than to drag in all extraneous matters and find fault with everything under the Sun.

ശ്രീ. പി. [illegible]: സർ, പ്രിവിലേജ് മോഷനെ സംബന്ധിച്ച് പല അഭിപ്രായ വ്യത്യാസങ്ങളും സംസാരിച്ചതിൽ പത്രപ്രസ്താവനമൂലം പല തെറ്റിദ്ധാരണകളും നാട്ടിൽ ഉണ്ടായിട്ടുണ്ടെന്നുള്ള ഒരു ധ്വനി അടങ്ങിയിട്ടുണ്ട്. സർ, തീർച്ചയായിട്ടും നമ്മുടെ അസംബ്ലിയിൽ നടക്കുന്നതായ നടപടികളെക്കുറിച്ച് നിശിതമായ വിമർശനം നടത്താൻ പത്രങ്ങൾക്കു മാത്രമല്ല രാജ്യത്തുള്ള ഓരോ പൗരനും അവകാശമുണ്ടെന്നാണ് എന്റെ അഭിപ്രായം. ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ ചുമതലബോധത്തോടുകൂടി സേവനമനുഷ്ഠിക്കുന്നില്ലെന്നു കണ്ടാൽ വിമർശനരൂപേണ പൊതുജനങ്ങളെ മനസ്സിലാക്കിക്കൊടുക്കേണ്ടത് അത്യാവശ്യമായ ഒരു കാര്യമാണ്. അസംബ്ലിയിൽ പാസ്സാക്കുന്ന കാര്യപരിപാടികളും നടപ്പിൽ വരുത്താൻ അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെപ്പറ്റി വിമർശിക്കുമ്പോഴും വിമർശകരെ പ്രത്യേകിച്ചും അസംബ്ലിയിലെ പ്രതിപക്ഷ കക്ഷികളുടെ അന്തസ്സാരവിഹീനമായി ആക്ഷേപിക്കുകയാണ് ഇവിടത്തെ വാദഗതി. വിമർശനങ്ങൾ ഉണ്ടാകുന്നതു ഉദ്യോഗസ്ഥന്മാരുടെ ചെയ്തികളെപ്പറ്റി മാത്രമല്ല മന്ത്രിമാരുടെ പ്രവർത്തനങ്ങളെപ്പറ്റിയാണ് പ്രധാനമായിട്ട് വിമർശനങ്ങൾ നടക്കുന്നത്. ഈ മോഷന് കാരണക്കാരായ ഉദ്യോഗസ്ഥന്മാർ വാസ്തവത്തിൽ ഈ അസംബ്ലിയെ അവഹേളിക്കുകയാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്നിരിക്കുന്ന ഈ മോഷൻ പ്രിവിലേജ് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ശ്രീ. എൻ. എസ്. പിള്ള അവതരിപ്പിച്ച പ്രിവിലേജ് മോഷനെപ്പറ്റി വളരെയധികം ചർച്ചകൾ ഇവിടെ നടക്കുകയുണ്ടായി. ഈ ഒരു മോഷൻ അവതരിപ്പിച്ചുകൊണ്ട് വളരെയധികം നല്ല കാര്യങ്ങൾ സാധിച്ചു എന്നു വേണം വിചാരിക്കാൻ. കാരണം കഴിഞ്ഞകാലത്തെ കുറെ ചെയ്തികളെപ്പറ്റി നമ്മുടെ ഇവിടെ പ്രസ്താവനകൾ ചെയ്യുകയുണ്ടായി. [illegible] ഉദ്യോഗസ്ഥന്മാരുടെ ഈ വിധത്തിലുള്ള പ്രവർത്തനങ്ങളെപ്പറ്റി കുറെ കൂട്ടത്തേണ്ടയാവശ്യം ഉണ്ടെന്നു തോന്നുന്നില്ല. കാരണം ശ്രീ. കുഞ്ഞൻ നാടാർ പറഞ്ഞതുപോലെ തെരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥന്മാർ പ്രചാരണം നടത്തുമ്പോൾ ചില തെറ്റുകളെല്ലാം ചെയ്തിരുന്നു. പക്ഷെ ഇവർ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് വളരെ ഘോരതരമായ പ്രചരണവും പ്രവർത്തനവും നടത്തിയിട്ടും പുന്നപ്രവയലാർ സ്ഥലത്തെ ഒരു സീറ്റുപോലും ഇവർക്ക് കിട്ടിയില്ല എന്നുള്ളത് ഖേദകരമായ ഒരവസ്ഥയായിരുന്നു. ഇതിൽ നിന്നു മനസ്സിലാക്കേണ്ടത് എത്രത്തോളം

വിശ്വാസമാണ് അവിടത്തെ ജനങ്ങൾക്ക് ഗവൺമെന്റിനോടുള്ളതെന്നാണ്. ഉദ്യോഗസ്ഥന്മാർ അനധികൃതമായി പ്രവർത്തിക്കുന്ന വകയിൽ തന്നെ അതു് ഇവിടത്തെ പ്രതിപക്ഷകക്ഷികളുടെ അല്ലെങ്കിൽ മറ്റുള്ളവരുടെ ഉള്ള വൈരാഗ്യം കൊണ്ടല്ല. നേരെമറിച്ച് ഭരണകക്ഷികളോടുള്ള വിദ്വേഷം കൊണ്ടാണ് അവർ ഇങ്ങനെ പ്രവർത്തിക്കുന്നതു് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്.

Mr. Speaker : The House will now adjourn and meet again at 2 P. M.

The House adjourned for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

Mr. Speaker : As Shri Rajagopalan Nair is not in his seat, I will now put the question.

The question before the House is that the matter of the complaint raised by the hon. Member for Attingal be referred to a Committee of Privileges. The following members constitute the present Committee : Shri Panampilli Govinda Menon, Shri R. Kesavan Nair, Shri E. P. Varghese, Shri N. A. Noor Muhammad, Shri K. Balakrishna Menon, Shri T. V. Thomas and Shri P. Ravindran.

The motion was put and carried.

The question was referred to the Committee of Privileges.

ADJOURNMENT MOTION.

Mr. Speaker : I have received notice from the hon. Member Shri Baby John of an adjournment motion. Has the Minister in charge received notice of the motion ?

Shri Panampilli Govinda Menon: Yes. I have received it. But I have no information to give Sir, regarding the matter raised. I want some time to gather the information.

Mr. Speaker : Since the Minister is not in a position to give the facts, this motion will stand adjourned.

Panel of Chairmen.

Mr. Speaker : Order, order. Under Rule 7 of the Travancore-Cochin Legislative Assembly Rules, I hereby nominate Shri E. P. Varghese and Shri R. Gangadharan to the panel of Chairmen for this session.

Reference regarding the death of Shri Paul P. Mampilly.

Mr. Speaker : Order, order, please. I wish to make a reference. I regret to inform the House of the death of Shri Paul P. Mampilly on 23rd May 1953. He was a member of the Cochin

Legislative Council for many years. Later he occupied many responsible posts in the Government of Cochin and finally retired as Judge of the Cochin High Court. I desire, on behalf of the House to express our deep sense of sorrow for the loss we have sustained and our sympathies to the relatives of the deceased. The House will stand in silence for some time as a mark of respect to the memory of the departed soul.

(All the members stood in silence for a minute.)

Announcement regarding questions.

Mr. Speaker : In view of the innumerable questions received and allowed, I have to make an announcement with a view to establishing a convention. A perusal of the printed list of questions circulated among the members will show that substantially the same questions have been given notice of by several members. If these questions are to be answered every time they appeared in the list, it would amount to a mere repetition of the answers furnished. I would, therefore, suggest that we establish a convention in this House that questions which are substantially the same and in respect of which detailed answers were given are not put again, although such questions may appear in the list of questions for the day. This would avoid the necessity of answering questions of similar nature every time they appear in the list, so that the House gets an opportunity to reach more starred questions within the time allotted. I hope hon. Members will co-operate with me to see that this convention is observed.

Papers laid on the Table.

Mr. Speaker : Now we come to the next item, Papers laid on the table.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:** Sir, I lay on the table the Evacuee Interest (Separation) Travancore-Cochin Ordinance, 1953 (Ordinance II of 1953).

Sir, I also lay on the table of the House the Travancore-Cochin Public Debt Ordinance, 1953 (Ordinance III of 1953).

I further lay on the table of the House the Appropriation Accounts 1950-51 and the Audit Report 1952 of the Government of Travancore-Cochin.

Chief Minister (**Shri A. J. John**) **:** Sir, I beg to lay on the table the Annual Report on the working of the Public Service Commission for the year 1951-52 together with the Memorandum under Article 323(2) of the Constitution of India.

Report of the Rules Committee.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : Sir, I present the Report of the Rules Committee and draft rules of procedure and conduct of Business in the Travancore-Cochin Legislative Assembly as drawn up by that Committee.

Motion under Rule 43.

Mr. Speaker : I now call upon the Chief Minister to move his motion.

Chief Minister (**Shri A. J. John**) : Sir, "I beg to move that this House records its support to the present Ministry".

Shri T. V. Thomas : Sir, I rise to a point of order.

The motion moved by the Chief Minister reads : "I move that this House records its support to the present Ministry". This is rather vague ; and I submit........

Mr. Speaker : That is not a point of order—whether a matter is put in a vague way or not. Points of Order are always concerned with the procedure in the House. If there is anything wrong in the procedure of the House, a point of order is raised, and the Speaker will rule. If the hon. Member thinks that the matter is put in a vague way, he can ask during discuss on t me, wh t exactly is the po.nt of the mot.on and seek the clar.fication required.

ശ്രീ. ടി. വി. താമസ്: അതുപോലെ തന്നെ റൂൾ നം. 0 അനുസരിച്ച് ഞാനും ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കയാണ്. അതു് അവതരിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് നോട്ടീസ് തന്നിരിക്കയാണ്. ആ സ്ഥിതിക്ക് വിശ്വാസപ്രമേയത്തിനാണോ, അവിശ്വാസപ്രമേയത്തിനാണോ മുൻഗണന നൽകേണ്ടതെന്നുള്ളതിന് ഒരു തീരുമാനമുണ്ടാകേണ്ടിയിരിക്കുന്നു. റൂൾ 43 അനുസരിച്ച് ഇതുപോലെ ഒരു വിശ്വാസപ്രമേയം വിഭാവന ചെയ്യുന്നുണ്ടോ എന്നും സംശയമാണ്. റൂൾ 43-ൽ ഉള്ളതു ഒരു നെഗറ്റീവ് പ്രൊവിഷനാണ്. ആ സ്ഥിതിക്ക് ഇങ്ങനെയുള്ള മോഷൻസ് റൂൾ 43 വിഭാവന ചെയ്യുന്നില്ലെന്നും പ്രത്യേകിച്ചും ഗവണ്മെന്റിന്റെ പേരിൽ വിശ്വാസമോ അവിശ്വാസമോ രേഖപ്പെടുത്തുന്നതു റൂൾ നം. 0 അനുസരിച്ചാണെന്നും വ്യക്തമായിരിക്കെ ഈ മോഷൻ ഇവിടെ നിന്നും മുന്നോട്ടു പോകുമോ എന്നറിയേണ്ടതാണ്. നിലവിലുള്ള നോക്കുന്നപക്ഷം ഗവണ്മെന്റിന്റെ അവിശ്വാസപ്രമേയവും വിശ്വാസപ്രമേയവും സംബന്ധിച്ചുള്ള വാദപ്രതിവാദം ഒന്നിച്ചു നടക്കാൻ അനുവദിക്കേണ്ടതാണ്. ഞാൻ അതു പറയുന്നതിന

ചില കാരണങ്ങൾ കൂടിയുണ്ട്. ഈ വിശ്വാസപ്രമേയം തോററുപോവുകയാണെങ്കിൽ അതിൽനിന്നും ഉണ്ടാവുന്ന ഇംപ്ലിക്കേഷൻസ് വളരെയാണ്. നേരേമറിച്ച് അവിശ്വാസപ്രമേയം പാസാകുകയാണെങ്കിൽ അതേപ്പററിയുള്ള ഇംപ്ലിക്കേഷൻസും കുറച്ചൊന്നുമല്ല. അതുകൊണ്ട് ഈ സംശയങ്ങൾക്കൊന്നും ഇടകൊടുക്കാതെ ഈ രണ്ട് റസല്യൂഷൻസും ഒന്നിച്ച് ഡിസ്കസ് ചെയ്യുന്നതിനുള്ള ഒരു സന്ദർഭം ഉണ്ടാകണമെന്നാണ് എന്റെ അപേക്ഷ. വിശ്വാസപ്രമേയം പാസാകാതെ പോകുകയും അവിശ്വാസപ്രമേയം പാസാകുകയും ചെയ്യുകയാണെങ്കിൽ പ്രതിപക്ഷത്തിന്റെ ഒരു ഗവൺമെന്റ് രൂപം കൊള്ളുന്നതിനു വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അവിശ്വാസപ്രമേയം പാസാകുമെന്നുള്ളതിനും സംശയമൊന്നുമില്ല. അതുകൊണ്ട് യാതൊരു സംശയവുമില്ലാതെ ഈ മോഷൻസ് രണ്ടും ഒന്നിച്ച് ഡിസ്കസ് ചെയ്യാൻ സൗകര്യം തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

Mr. Speaker : The present motion is made by the Leader of the House under Rule 43 of the Rules. That Rule is very clear :

> "Save in so far as is otherwise provided by the Constitution or by these Rules, no discussion of a matter of general public interest shall take place otherwise than on a resolution moved in accordance with the rules governing the moving of resolutions, except on a motion made with the consent of the Speaker who, if he admits the motion, will allot a day for its discussion in consultation with the Leader of the House."

That is the rule under which the present motion of confidence, if I may call it so, is moved. That is an enabling rule, I suppose, for moving a motion of this kind by Government. The hon. Members will not dispute that a grave situation has arisen in the country. The withdrawal of the Tamilnad Congress block has created a crisis. Therefore, the hon. Chief Minister thinks that a challenge has been thrown to the Government questioning their right to proceed further with the administration of the country when it is clearly evident that the Government Party has no clear majority in the House. And I think along with the Chief Minister that it is a very urgent matter which ought to be presented before this House. That challenge has been made and as early as possible that motion should be discussed to know exactly where the Government is.

I am not in any way looking down upon the point of order raised by the Leader of the Opposition, but I am surprised when such a motion is moved why there should be a point of order asking or questioning the legality of the motion moved under Rule 43. Ofcourse, the hon. Leader of the Opposition has tabled a motion of no-confidence under Rule 30. I have received that motion today.

The Mover himself wants that motion to be discussed on the 26th. I have not yet come to the conclusion whether that motion is in order or is admissible. But to seek a ruling that these motions should be discussed together is a question on which, normally I cannot give a ruling.

Secondly, the House is not going to be prejudiced in any way by allowing this motion to be discussed first. After all, what is the difference between the confidence and the no-confidence motions ? In one case the matter is put positively, in the other, negatively. Whether we discuss this motion first or the other motion first, that is not going to prejudice the House in any way.

Then, the Leader of the Opposition was telling us about the consequences of this motion being discussed first and the other motion afterwards. He was saying that the Opposition stands to gain something if his motion is discussed first. But, so far as the Speaker of this House is concerned, he is not concerned about the consequences that will follow when a particular decision is taken by the House. That is for the Rajpramukh and the Central Government. The Speaker has only to control the procedure in the House. I have given my decision that the present motion is in order. That is the reason why that has been put in the notice paper. For all these reasons, I cannot allow the Leader of the Opposition to discuss the two motions together.

Shri P. S. Nataraja Pillai : I would like to know whether it is a no-confidence motion or a vote of confidence motion. The Chair was saying that it was the same thing. I would like to have the ruling of the Chair whether it is taken as vote of confidence motion.

Mr. Speaker : Government wants the support of the hon. Members so that the Government may stand. If the Ministry has not got the support of the majority of the House, it virtually amounts to a vote of no-confidence. For all practical purposes I would consider it as a vote of confidence.

Shri N. Raghava Kurup : Sir, another point of information. I would like to know the time allowed for this motion.

Mr. Speaker : The rule says ' A day '. We can discuss it when the motion is seconded and admitted.

Shri T. M. Varghese : I second it.

Shri N. Raghava Kurup : I wish to know whether 'a day' means the remaining portion of this day or a full day?

Mr. Speaker : " ......a day in consultation with the Leader of the House ". That is the wording of the rule. There are no other provisions which will enable the Speaker to calculate the hours and decide the duration of a day as in the case of the discussion of the budget. Therefore, instead of giving a ruling, I am prepared to give a full day for the discussion of this motion, that is from 12 noon to 4-30 P. M. with an interval of one hour. If there is some agreement of opinion among the members I have no objection to take this motion to-morrow at 12 noon. I shall adjourn the House for to-morrow. Soon after the interpellations, we can take this motion and discuss it for the rest of the day. The motion is before the House. I take it that it is the unanimous opinion of the House that the motion be discussed to-morrow. (There was no dissentient voice.)

The House will now adjourn and meet again to-morrow at 11 and this motion will be taken up at 12 noon.

The House adjourned at 2-23 P. M.

Legi·lature Secretariat,
Trivandrum,
22nd September 1953.

R. K. THIRUMULPAD,
Secretary, Legislative Assembly

APPENDIX I.

*[Please see Answer to Question No. *15.* [15]

A and B Class Prisoners—non-vegetarians.

Male convicts sentenced to labaur.

Articles.	*Monday*	*Tuesday*	*Wednesday*	*Thursday*	*Friday*	*Saturday*	*Sunday*
Bread or (if rice 16 oz.)	18 oz.	18 oz.	18 oz.	18 oz.	18 oz.	18 oz.	18 oz.
Fresh meat	..	..	6	..	..	..	6
Fresh fish	..	6	..	..	6	..	..
Potatoes	4	4	4	4	4	4	4
Rice	4	3	3	4	3	4	3
Suji	..	2	2	..	2	..	2
Dhal	4	1 1/2	1 1/2	4	1 1/2	4	1 1/2
Cheese	2	..	..	2	..	2	..
Vegetables	6	6	6	6	6	6	6
Cocotine	1/2	1/2	1/2	1/2	1/2	1/2	1/2
Salt	3/4	3/4	3/4	3/4	3/4	3/4	3/4
Sugar	1 1/2	1 1/2	1 1/2	1 1/2	1 1/2	1 1/2	1 1/2
Onions	1	1	1	1	1	1	1
Tea Pints	2	2	2	2	2	2	2
Curry Powder	1/4	1/4	1/4	1/4	1/4	1/4	1/4
Milk pints	1/4	1/4	1/4	1/4	1/4	1/4	1/4
Fire wood	...	2 lbs.					

APPENDIX II.

*[Please see answer to Question No. *15. (15)]*

A and B Class Prisoners-Vegetarians.

Article		Male convicts sentenced to labour		Non-labouring male convicts, females and undertrial prisoners.	
Rice or wheat (superior quality)	..	20	oz.	18	oz.
Dhal	..	4	,,	4	,,
Tamarind	..	1	,,	1	,,
Curry powder	..	3/4	,,	3/4	,,
Salt	..	1	,,	1	,,
Onions	..	1	,,	1	,,
Vegetables	..	8	,,	8	,,
Potatoes with yam or colocasia	..	4	,,	4	,,
Mustard	..	1/4	,,	1/4	,,
Pepper	..	1/4	,,	1/4	,,
Cumminseeds	..	1/4	,,	1/4	,,
Asafoetida	..	1/4	dram	1/4	dram
Garlic	..	1	dram	1	dram
Oil	..	1	oz.	1	oz.
Coconut	..	1/2	oz.	1/2	oz.
Butter milk or	..	1	pint	1	pint
Curd	..	1/2	pint	1/2	pint
Tea or coffee	..	1/2	oz.	1/2	oz.
Sugar	..	1	oz.	1	oz.
Milk	..	1/4	pint	1/4	pint
Ghee	..	1/2	oz.	1/4	oz.
Pappadams	..	2	nos.	2	nos.

APPENDIX III

*[Please see answer to Question No. *15 (15)]*

Diet scale of C Class Prisoners.

Per head per day.	Rice or wheat	Morning 4 oz., Noon 10 oz., Evening 4 oz
	Tapioca	6 oz. plus 3 oz. green gram (for puzhukku on the evenings of Sundays, Tuesdays and Thursdays).
	Vegetables	11 Oz. plus 1 oz. green gram (6 oz. Chena and 5 oz. plantain) for evening puzhukku on Monday, Wednesday, Friday and Saturday.
	Vegetables for Sambar on Sunday, Tuesday and Thursday Noon-4 oz. (2 oz. large and 2 oz small)	
Onions.	1/4 oz.	per head per day.
Tamarind.	1/4 oz..	,,
Curry powder	6 drs.	(chillies 4 drs. Coriander 1 1|2 drs. Turmeric $\frac{1}{2}$ drs).
Cocoanuts.	2 oz.	per head per day.
Salt	1 1/4 oz.	,,
Firewood	1 1/2 lbs.	,,
Thire	2 oz.	,,
Cocoanut oil	5 drs.	,,
Mustard	4 grains.	,,
Comminseed	3 grains.	,,
Dhal	1/2 oz.	,,
Green gram	2 oz.	(once a week).
Fish	2 oz.	(thrice a week)
Uluva	1 grain	per head per day.
Asafoetida	1/8 dram.	,,
Pepper	1/8 ,,	,,
Garlic	1/2 ,,	,,

Distribution of diet of 'C' Class prisoners.

Morning 4 oz.	conjee with a chammanthi.
Noon	10 oz. rice with Sambar and butter-milk on three days
	do. with fish and butter milk on three days and
	do. with green gram and butter milk on one day.
Evening	4 oz. conjee with a puzhukku.

APPENDIX IV.

*[Please see answer to Question No. *24 (28)]*

First Supplement to the Agreement between the United Nations, the Government of Norway and the Government of India Concerning Economic Development.

PROJECT FOR FISHERIES—COMMUNITY DEVELOPMENT IN THE STATE OF TRAVANCORE - COCHIN.

WHEREAS the United Nations, the Government of Norway and the Government of India, having agreed to co-operate in carrying out a programme of development projects to contribute to the furtherance of the economic and social welfare of the people of India ;

WHEREAS , the said Parties, having agreed that a project for fisheri community development in the State of Travancore-Cochin be undertaken in fulfilment of the objectives of the Agreement entered into between the said three parties on October 17, 1952 (hereinafter referred to as "Main Agreement") ;

NOW, THEREFORE, the Parties to this Supplemental Agreement, having consulted together, hereby agree as follows :—

ശ്രീ. വി. മാധവൻ: ഉണ്ട്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇപ്പോൾ ഉണ്ടാക്കപ്പെടുന്ന എസ്സൻസിൽ എത്രശതമാനം വരെ ആൽക്കഹോൾ ആകാമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്?

ശ്രീ. വി. മാധവൻ: എസ്സൻസ് ഇവിടെ ഉണ്ടാക്കുന്നില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: എസ്സൻസ് ഉണ്ടാക്കുന്നില്ലെങ്കിൽ വേണ്ടാ, മരുന്നുകൾ ഉണ്ടാക്കുന്നുണ്ടല്ലോ. ആ മരുന്നുകളിൽ എത്ര ശതമാനംവരെ ആൽക്കഹോൾ ആകാം?

ശ്രീ. വി. മാധവൻ: അതും പ്രത്യേകം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ ലേബൽ ഒട്ടിച്ച മരുന്നുകടിച്ചാൽ തലയ്ക്ക് ലഹരി പിടിക്കുന്ന വിധത്തിലാണോ ഉണ്ടാക്കിയിരിക്കുന്നത്?

ശ്രീ. വി. മാധവൻ : അങ്ങനെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : എസ്സൻസ്" അല്ലെങ്കിൽ ഇങ്ങനെയുള്ള മരുന്നുകൾ കുടിച്ചിട്ടു ചിലർ മരിച്ചിട്ടുള്ളതായി ഗവൺമെൻറിനറിയാമോ?

Mr. Speaker : Then, what is the meaning of 'essence' according to the hon. Member ?

Shri A. Kunjan Nadar : As it is known in Travancore.

Mr. Speaker : If information is not available you can say so.

ശ്രീ. റ്റി. കെ. ദിവാകരൻ : റെക്ടിഫൈഡ് സ്പിരിററ കൊടുക്കുന്നതിൽ ഈ കമ്പനിക്ക് ഡ്യൂട്ടിയിൽ സൗജന്യം കൊടുത്തിട്ടുണ്ടെന്നു അറിയാമോ?

ശ്രീ. വി. മാധവൻ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : ഈ കമ്പനിയിൽ ഉണ്ടാക്കുന്നതുപോലെയുള്ള മരുന്നുകൾ മദ്യത്തിനു പകരമായി ഉപയോഗിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : ഗവൺമെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല. അങ്ങനെയൊരു സംശയമുള്ളതായി അറിയാം. എന്നാൽ അതിനുള്ള തെളിവ് ഗവൺമെൻറിനു ഇതുവരെ കിട്ടിയിട്ടില്ല.

എസ്സൻസ് വിൽപ്പന.

* ൩൫. [൧൨] ശ്രീ. ബേബി ജാൺ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ കുപ്പമന്ത്രി സദയം മറുപടി പറയുമോ;

(എ) തിരുവനന്തപുരം നഗരത്തിൽ എസ്സൻസ് വിൽപ്പനയ്ക്കായി എത്ര കടകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം കമ്പനിക്കാരുടെ ഏതെല്ലാം എസ്സൻസ് വിൽക്കുന്നതിനാണ് ലൈസൻസ് കൊടുത്തിട്ടുള്ളതു്;

(സി) ഈ എസ്സൻസുകളിൽ എത്ര ശതമാനം ആൽക്കഹോൾ വരെ ഉണ്ടെന്നു അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ തിരുവനന്തപുരം നഗരത്തിൽനിന്നും എത്ര മദ്യനിരോധനലംഘനകേസുകൾ പിടിച്ചിട്ടുണ്ട്;

(ഇ) എക്സൈസുകാർ കണ്ടുപിടിച്ചു ചാർജ്ജ് ചെയ്ത ഏതെങ്കിലും കേസുകൾ പിൻവലിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഒരു കടയ്ക്കു്.

(ബി) എല്ലാത്തരം എസ്സൻസും വിൽക്കുന്നതിലേയ്ക്കാണ് ഈ ലൈസൻസ് കൊടുത്തിട്ടുള്ളതു്. ഒരു കൊല്ലത്തേയ്ക്കു് ഏററവും കൂടുതൽ വിൽക്കാവുന്ന എസ്സൻസിൻെറ അളവ് ൩൦൦ ഗ്യാലൻമാത്രമാണ്

(സി) സംസ്ഥാനത്തുണ്ടാക്കുന്ന എസ്സൻസിൽ ൪൧ ശതമാനം മുതൽ ൯൪ ശതമാനംവരെ സ്പിരിററ് ഉണ്ടായിരിക്കും.

(ഡി) ഉ ഒ.

(ഇ) ഇല്ല.

ശ്രീ. ബേബി ജോൺ : എസ്സൻസ് വില്ക്കാൻ അനുവാദം നല്കിയതുകൊണ്ട് മദ്യനിരോധനനയത്തെ പരാജയപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ?

ശ്രീ. വി. മാധവൻ : എസ്സൻസ് വില്ക്കാൻ അനുവാദം കൊടുത്തതുതന്നെ പൊതുജനങ്ങളുടെ ആവശ്യപ്രകാരമാണ്. അതുപ്രകാരമാണ് മദ്യനിരോധനനയത്തെ പരാജയപ്പെടുത്തിയതെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ററി. കെ. ദിവാകരൻ: ഈ ഇടക്കാലത്തു കുറെപ്പേരെ ചാർജ്ജു ചെയ്തതു എസ്സൻസ് കുടിച്ചതുകൊണ്ടല്ലേ?

ശ്രീ. വി. മാധവൻ : എസ്സൻസ് കുടിച്ചതുകൊണ്ടല്ല. മദ്യനിരോധനനിയമം ലംഘിച്ചതുകൊണ്ടാണ്.

ശ്രീ. ററി. കെ. ദിവാകരൻ : അവർ എന്തു മദ്യം കുടിച്ചതായിട്ടാണ് അറിവ്?

ശ്രീ. വി. മാധവൻ : ചാരായമോ മറേറാ ആയിരിക്കാം.

ശ്രീ. ൻ. രാജഗോപാലൻ നായർ : മദ്യനിരോധനമേഖലകളിൽ എസ്സൻസ് വില്ക്കാൻ പാടില്ലെന്നു ഒരു പ്രസ്സ്നോട്ട് പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ?

ശ്രീ. വി. മാധവൻ : ഇല്ലെന്നാണു ഓർമ്മ.

Shri A. A. D. Luiz : Are the Government aware of the recent decision of the Federal Court, wherein it is stated the desiccated alcohols are not within the purview of the Prohibition Act ?

Mr. Speaker : That is another aspect of the question.

ശ്രീ. കുഞ്ഞൻ നാടാർ : ൩൦ ഗ്യാലനിൽ കൂടുതൽ ഒരു ലൈസൻസിക്കു എസ്സൻസ് വില്ക്കാൻ പാടില്ലെന്നു നിർബന്ധം വെച്ചിട്ടുള്ളതു് എന്തുകൊണ്ടാണ് ?

ശ്രീ. വി. മാധവൻ : ൩൦൦ ഗ്യാലൻ മാത്രമെ വില്ക്കാൻ പാടുള്ളു എന്നു ഗവണ്മെൻറ നിശ്ചയിച്ചതുകൊണ്ടാണ്.

ശ്രീ. കുഞ്ഞൻ നാടാർ : ഈ ൩൦൦ ഗ്യാലൻ അനുവദിച്ചിരിക്കുന്നതു് ഒരു മാസത്തേക്കാണോ, അതോ ഒരു വർഷത്തേക്കാണോ ?

ശ്രീ. വി. മാധവൻ : ഒരു വർഷത്തേക്കാണ്.

ശ്രീ. കുഞ്ഞൻനാടാർ : ഒരു വർഷത്തേക്കു ൩൦൦ ഗ്യാലൻ മാത്രമെ വില്ക്കാൻ പാടുള്ളു എന്നു നിർബന്ധിച്ചതുകൊണ്ടു് ആളുകളുടെ ആവശ്യം നിറവേററാൻ സാധിക്കുന്നില്ല എന്നുള്ള വിവരം അറിയാമോ ?

(ഉത്തരമില്ല)

ശ്രീ. പി. എസ്. നടരാജപിള്ള : ഒരു കടയ്ക്കു ലൈസൻസ കൊടുത്തിരിക്കുന്നതു ഉത്തരം പറയുകയുണ്ടായി. അതു് ഫോറംസെയിൽ കടയാണോ, അതോ റീട്ടെയിൽ കടയാണോ ?

ശ്രീ. വി. മാധവൻ : എസ്സൻസ് വിൽക്കുന്നതു സംബന്ധിച്ചു് ചില നിബന്ധനകളെല്ലാം ഉണ്ടു്. ആ നിബന്ധന പാലിക്കുന്നവർക്കു മാത്രമെ എസ്സൻസ് വിൽക്കാൻ അനുവാദം കൊടുത്തിട്ടുള്ളു.

ശ്രീ. പി. എസ്. നടരാജപിള്ള : ഞാൻ ചോദിച്ചതു് അതല്ല. ഒരു കടയ്ക്കു എന്നു പറഞ്ഞിരിക്കുന്നതു് ഫോറംസെയിൽ ലൈസൻസാണോ, അതോ റീട്ടെയിൽ ലൈസൻസാണോ എന്നാണു്. അതായതു്, തിരുവനന്തപുരത്തുള്ള എസ്സൻസ് വില്പന ഫോറംസെയിലായിട്ടല്ലേ ?

ശ്രീ. വി. മാധവൻ : ഫോറംസെയിലായിരിക്കണം.

ശ്രീ. പി. എസ്. നടരാജപിള്ള : ഫോറംസെയിൽ ലൈസൻസ എന്നു പറയുന്നതു് സ്റ്റോക്ക ചെയ്യുന്നതിനുള്ള അനുവാദം നൽകുന്ന ലൈസൻസല്ലേ ?

ശ്രീ. വി. മാധവൻ : സ്റ്റോക്ക ചെയ്യാൻവേണ്ടി പ്രത്യേകം ഒരു ലൈസ്സൻസ് ഇല്ല.

ശ്രീ. പി. എസ്. നടരാജപിള്ള : എസ്സൻസ് വിൽക്കുന്നതിനു ഉള്ള ലൈസൻസ് ഫീസ ചുമത്തുന്നതു് ഏതിനത്തിൽപ്പെട്ടതാണു്?

ശ്രീ. വി. മാധവൻ : ഏതിനത്തിൽപ്പെട്ടതാണു് എന്നുള്ളതിലെല്ലാം മററും വിശദമായ വ്യവസ്ഥകൾ ക്രമീകരിക്കാൻ ഈ അടുത്തകാലത്തു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിരിക്കുകയാണു്. ആ നിർദ്ദേശങ്ങൾ അനുസരിച്ചു് ചട്ടങ്ങൾ എഴുതി ഉണ്ടാക്കിയതിനുമേൽ മാത്രമെ ലൈസൻസ് ഫീസിനെപ്പററിയും മററും ഉള്ള വിവരങ്ങൾ പറയാൻ സാധിക്കുകയുള്ളു.

ஸ்ரீ. ஸி. சங்கர் : ரீட்டேல் லைசென்ஸுக்கு 25-ரூபாயும் ஹோல்சேல் லைசென்ஸுக்கு 100-ரூபாய் என்றும் சொல்லப்பட்டிருக்கிற ஒரு புதிய லைசென்ஸ் முறை ஏற்படுத்தியிருப்பது தெரியுமா? இது ஜனங்களை குடிக்க தூண்டுவதற்கா ?

Mr. Speakar : That question is answered. The latter part is answer to the former part of the question.

ശ്രീ. പി. താണുപിള്ള : എസ്സൻസ് ഉപയോഗിക്കുന്നതുകൊണ്ടു് മനുഷ്യന്റെ ആരോഗ്യം വർദ്ധിക്കുമെന്നോ അതോ, നശിക്കുമെന്നോ ഉള്ള സംഗതി വല്ല കെമിക്കൽ വിദഗ്ദ്ധന്മാരെക്കൊണ്ടോ അല്ലെങ്കിൽ ഡാക്ടറന്മാരെക്കൊണ്ടോ പരിശോധിപ്പിച്ചു നോക്കിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : മദ്യപാനത്തിനുപകരം ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല ഈ എസ്സൻസ്. അതുകൊണ്ടു് പ്രത്യേകതരമായ പരിശോധനകളൊന്നും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മെംബർ ആവശ്യപ്പെടുന്നപക്ഷം വിദഗ്ദ്ധന്മാരെക്കൊണ്ടു് പരിശോധിപ്പിക്കാം

Concrete Road.

*66. (13) **Shri A. Kunjan Nadar** : Will the the Minister for Works and Transport be pleased to state :

(a) the amount given by the Government of India for the annual maintenance of the Trivandrum-Nagercoil Concrete Road ;

(*b*) the amount spent by this Government in the year 1951-52; and

(*c*) the amount spent for the portion of the road falling in the Nagercoil Division ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) Government of India have made a lump sum allotment for the entire 245 miles, out of which the proportionate amount for Trivandrum-Nagercoil road will be approximately Rs. 40,000 -

(*b*) Rs. 39,194—12—6

(*c*) Rs. 27,844—12—6.

Stream flowing into the Pechippara Reservoir.

*67. [14] **Shri A. Kunjan Nadar** : Will the Minister for Work and Transport be pleased to state :

(*a*) whether it is a fact that a stream flowing into the Pechippara Reservoir is diverted to the Tinnevelly District ;

(*b*) if so, what action is taken by the Government to prevent it; and

(*c*) whether there is any report to that effect by any officer who worked in the Nagercoil Division ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) The matter is being investigated.

(*b*) The question does not arise.

(*c*) No.

ശ്രീ. എ. കുഞ്ഞൻ നാടാർ : പേച്ചിപ്പാറ അണയിൽനിന്നും വെള്ളം തിരുനൽവേലിക്ക് പോകുന്നു എന്നുള്ള സംഗതി ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ട് എത്ര കാലമായി ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇടക്കാലത്താണ ഈ അറിവു ലഭിച്ചത്. മി. ശിവജ്ഞാനംപിള്ളയിൽനിന്നും ആണ് വിവരങ്ങൾ ഗ്രഹിക്കാൻ സാധിച്ചത്. അതനുസരിച്ച് വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ : നടപടി നടത്തുന്നതിന ഏതു ഉദ്യോഗസ്ഥനെയാണ് നിയോഗിച്ചിരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : നാഗർകോവിൽ എക്സിക്യൂട്ടീവ് ഇൻജിനീയരെയാണ് ഈ കാര്യത്തിൽ നിയോഗിച്ചിട്ടുള്ളത്.

ശ്രീ. എ. കുഞ്ഞൻ നാടാർ : വനത്തിനുള്ളിൽ പ്രവേശിച്ച് ഈ കാര്യം സൂക്ഷ്മമായി ഗ്രഹിക്കുന്നതിനുവേണ്ടി നിയോഗിച്ചിട്ടുള്ള ആഫീസർക്ക് വല്ല പ്രൊട്ടക്ഷനും നൽകിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പ്രൊട്ടക്ഷനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യ : കോതയാർ പ്രോജക്ടിൽ പരിശോധന നടത്തുന്നതിനുവേണ്ടി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആണ്ടിൽ രണ്ടുതവണയെങ്കിലും അവിടെ പോകണമെന്നു നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പോകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ എ. കെ. ചെല്ലയ്യാ : ആ നിർദ്ദേശമനുസരിച്ച് ഇപ്പോഴത്തെ ചീഫ് ഇൻജിനീയർ ഈ ആണ്ടിൽ പരിശോധിക്കാൻ പോയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അന്വേഷിച്ചു പറയാം.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ നാൺപെൻഷനബിൾ ജീവനക്കാർ.

✻ നം. [1 0] ഡാക്ടർ എൻ. എസ്. പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പൊതുമരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ നാൺപെൻഷനബിൾ ജോലിക്കാരെ പെൻഷനബിൾ ആക്കാനുള്ള നടപടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടോ ? അല്ലെങ്കിൽ ആ നടപടിയുടെ ഇന്നത്തെ സ്ഥിതി എന്ത്? ഇനിയും സർവീസ് പെൻഷനബിൾ ആകാതെ എത്രപേർ ശേഷിക്കുന്നു;

(ബി) പെൻഷനബിൾ സർവ്വീസുകാരാകുന്ന ട്രാൻസ്പോർട്ട് ഡ്രൈവറന്മാരുടേയും, കൺക്ടറന്മാരുടേയും, അടിസ്ഥാനശമ്പളം, അതു നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനം, നാൺ പെൻഷനബിൾ കാലത്ത് അവക്കു ലഭിച്ചുകൊണ്ടിരിക്കുന്ന തുകയുമായിട്ടുള്ള വ്യത്യാസം, (കൂടുതൽ എത്ര) അതിനുള്ള കാരണം ഇവയെന്താണ് ;

ഗതാഗതവും പൊതുമരാമത്തും വകുപ്പ്മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ) :

(എ) സർവ്വീസ് പെൻഷനബിൾ ആക്കിക്കൊണ്ടുള്ള ഉത്തരവ് അയച്ചുകഴിഞ്ഞു. പൂർത്തിയാക്കാൻ ആവശ്യമായ വിശദവിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ നടപടി പൂർത്തിയായതിനു ശേഷമേ എത്രപേർ ശേഷിക്കുമെന്നു കണക്കാക്കാൻ നിവൃത്തിയുള്ളൂ.

(ബി) പെൻഷനബിൾ ആക്കുന്നതുകൊണ്ട് ഇവരുടെ അടിസ്ഥാനശമ്പളത്തിനു യാതൊരു വ്യത്യാസവും വരുന്നതല്ല.

മണ്ണൊലിപ്പു നിവാരണം.

* ൯. [൧൩] ഡാക്ടർ എൻ. എസ്. പിള്ള : താഴെ പറയുന്നചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

വർഷകാലങ്ങളിലെ മണ്ണൊലിപ്പു നാശങ്ങളിൽനിന്നും പരിഹാരം നേടാൻ വേണ്ട മണ്ണൊലിപ്പു നിവാരണപദ്ധതികൾ ഈ രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തു ഗവണ്മെന്റ ചെയ്യുന്നുണ്ടോ ? ഉണ്ടെങ്കിൽ എവിടെ, എങ്ങിനെ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : മണ്ണൊലിപ്പ് നിവാരണം സംബന്ധിച്ച് പറയത്തക്ക ജോലികളൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. പക്ഷെ, പ്രസ്തുത ആവശ്യത്തിലേയ്ക്കു ഗവണ്മെന്റിൽനിന്നു ൧൧൨൫-ലെ ൩൩-ാംനമ്പർ തിരുവിതാംകൂർ-കൊച്ചി ലാൻറ് ഡെവലപ്പ്മെന്റ ആക്ട് പാസ്സാക്കുകയും ആ ആക്ടിലെ വ്യവസ്ഥകളെ നടപ്പിലാക്കുവാൻ ഒരു ലാൻറ് ഡെവലപ്പ്മെൻറ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പല മണ്ണൊലിപ്പു നിവാരണപദ്ധതികളും ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയുമാണ്.

ശ്രീ. എ. താണുപിള്ള : കമ്മ്യൂണിററി പ്രോജക്ട് ഏരിയായിൽ മണ്ണൊലിപ്പു നിരോധിക്കാൻവേണ്ടി ഏർപ്പാടുകളൊന്നുമില്ലേ ?

ശ്രീ. എ. ജെ. ജാൺ : ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പക്ഷേ, ഈ കാര്യം കമ്മ്യൂണിററി പ്രോജക്ട് സ്കീമിൽ ഉൾപ്പെടുന്നതല്ല.

പെരുഞ്ഞാണി അണയിലെ ഷട്ടറുകൾ.

* ൧൦. [൧൨൨] ശ്രീ. എം. എൻ. ഗോവിന്ദൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുഞ്ഞാണി അണയിലെ ഷട്ടറുകൾ ഉപയോഗശൂന്യമായി തീർന്നിട്ടുണ്ടോ ;

(ബി) ആ ഷട്ടറുകൾക്കായി എത്ര ലക്ഷം രൂപാ ചെലവായിട്ടുണ്ട്;

(സി) ഷട്ടറുകൾ പണിയുന്നതിൽ മേൽനോട്ടം വഹിച്ചിരുന്നതു ഏതു് ഉദ്യോഗസ്ഥനാണ്;

ഗതാഗതവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ : (എ) ഇല്ല.

(ബി) ൫൩,൩൭൩ രൂപാ ൯ അണ. ൪ പൈസ ചെലവായിട്ടുണ്ട്.

(സി) ഷട്ടറുകൾ നിർമ്മിച്ചതു് ജർമ്മനിയിലായിരുന്നു. ഷട്ടറുകളുടെ നിർമ്മാണവേളയിൽ ഗവണ്മെന്റ മേൽനോട്ടം വഹിച്ചിട്ടില്ല.

ശ്രീ. എ. കെ. ചെല്ലയ്യം : ഈ വർഷത്തിൽ പെരുഞ്ഞാണി അണയിലെ വെള്ളം തുറക്കാൻ താമസം ഉണ്ടായതു് അവിടത്തെ ഷട്ടറുകൾ ഇളക്കാൻ പരിചയമില്ലാത്ത ജോലിക്കാരെ ഏർപ്പെടുത്തിയതുകൊണ്ടല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതുകൊണ്ടല്ല.

ശ്രീ. എ. കെ ചെല്ലയ്യം : ഷട്ടറുകൾ തുറക്കാൻവേണ്ടി പകലും രാത്രിയും അനേകം കൂലിക്കാർ അവിടെയിരുന്നു ജോലി ചെയ്തില്ലേ ;

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂലിക്കാർ അവിടെയിരുന്ന ജോലി ചെയ്തതു് ഷട്ടറുകൾ തുറക്കാൻ വേണ്ടിയല്ല. അണയുടെ ജോലികൾ പൂർത്തിയാക്കാൻ വേണ്ടിയാണു്. ഷട്ടറുകൾക്കു് പററിയിട്ടുള്ള ചില കേടുപാടുകൾ തീക്കുന്നതിനും കൂലിക്കാർ ജോലി ചെയ്തിട്ടുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഷട്ടറുകൾക്കു് പററിയിട്ടുള്ള കേടുപാടുകൾ തീക്കാൻവേണ്ടി ഇത്ര വലിയ ജനക്കൂട്ടം രാത്രിയും പകലും ജോലി ചെയ്യേണ്ടതായിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഷട്ടറുകൾ തുറക്കുന്നതിനു വേണ്ടി ഏതാനും ആളുകൾ മാത്രമെ അവിടെ ജോലി ചെയ്തിരുന്നൊള്ളു. ഞാൻ പറയുന്നതു്, ടെംപററി ഷട്ടറിൻെറ കാര്യമാണു്. മെയിൻ ഷട്ടറിൽ ഒരു കമ്പു് എങ്ങനെയോ കയറിയിരുന്നതുനിമിത്തം വെള്ളം ശീഘ്രഗതിയിൽ പോകുന്നതിനു തടസ്സം ഉണ്ടായി. ഒടുവിൽ ഷട്ടർ തുറന്നു അകത്തിരുന്ന കമ്പു് വെളിയിൽ കളയുകയും അതോടുകൂടി കേടുകൾ തീരുകയും ചെയ്കയുണ്ടായി. അതിനുമുമ്പുതന്നെ ഇൻജിനീയറിംഗ് വിദഗ്ദ്ധൻെറ നിർദ്ദേശത്താൽ പമ്പുചെയ്തു ആവശ്യമുള്ള വെള്ളം അണയിൽ കയററുകയും ചെയ്തിരുന്നു. ഈ കാര്യങ്ങൾ കാണുന്നതിനു കുറെയാളുകൾ അവിടെ കൂടിയിരുന്നു എന്നല്ലാതെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ ഷട്ടറ തുറക്കാൻ അറിഞ്ഞുകൂടാത്ത ആളുകളെ നിയോഗിച്ചതുമൂലം ഉണ്ടായ ആൾക്കൂട്ടമല്ലായിരുന്നു അതു്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഈ ഷട്ടർ തുറക്കാൻ എത്രദിവസത്തെ താമസമുണ്ടായി എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൨൮ മണിക്കൂർമാത്രമേ താമസമുണ്ടായിരുന്നുള്ളു.

Minimum Wages Committee.

*71. [19] **Shri C. Sankar** : Will the Minister for Local Self-Government be pleased to state :

(*a*) what are the recommendations of the Minimum Wages Committee for Municipal workers ;

(*b*) when was the report of the Committee submitted to Government ; and

(*c*) what decisions have the Government taken regarding those recommendations ?

Minister for Local Self-Government (**Shri K. Kochukuttan**):

(*a*) The recommendations are still under the consideration of Government. They cannot, therefore, be disclosed at this stage.

(*b*) 15—8—1952.

(*c*) No decision has yet been taken.

ஸ்ரீ. ஸி. சங்கர்: அதைப்பற்றி ஓர் தீர்மானத்துக்கு வர எவ்வளவு காலம் பிடிக்கும்?

ശ്രീ. കെ. കൊച്ചുകുട്ടൻ : ...ത്രയും വേഗ...ിൽ തീരുമാനം ഉണ്ടാക്കുന്നതായിരിക്കും.

"കനകം" ബോട്ടപകടം.

* ൧൨. [വ ൦] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ

(എ) 'കനകം' ബോട്ടപകടത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ നിയുക്തമായിരുന്ന കമ്മിററി അതിൻെറ റിപ്പോർട്ടു സമർപ്പിച്ചിട്ടു എത്ര കാലമായി;

(ബി) കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു് ബോട്ടപകടത്തിനു ഉത്തരവാദികളായവരുടെ മേൽ ഗവൺമെൻറ് എന്തു നടപടികൾ സ്വീകരിച്ചു?

(സി) ക്യനാൽസ് ആൻഡ് ഫെറീസ് ആക്ട് ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു കമ്മിററി സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ ഗവൺമെൻറ് സ്വീകരിച്ചോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഒരു വർഷം ആകാറായി.

(ബി) നടപടികൾ എടുത്തുകൊണ്ടിരിക്കയാണു്.

(സി) ചില നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടു് മററു ചിലവ ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. രവീന്ദ്രൻ : ബോട്ടുകൾ പരിശോധിക്കുന്നതിനു നിയുക്തനായിരുന്ന ആഫീസർക്കു് എന്തു പരീക്ഷായോഗ്യത വേണമെന്നാണു വ്യവസ്ഥയുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻനായർ : മെക്കാനിക്കൽ ഇൻജിനിയറിംഗ് എന്ന പരീക്ഷായോഗ്യതയുണ്ടായിരിക്കണമെന്ന വ്യവസ്ഥയുണ്ടു്.

ശ്രീ. ഒ. സി. മൈനാൻ : ഇതുകൂടാതെ ബോട്ടുകൾ പരിശോധിക്കുന്നതിനും മററും വേറെ ചില യോഗ്യതകൂടി ഉണ്ടായായിരിക്കണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉണ്ടു്.

WRITTEN ANWSERS.

രക്താതിസാരം എന്ന സാംക്രമികരോഗം.

* ൧൩. [വ ൧] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ തിരുവിതാംകൂറിലെ ചില താലൂക്കുകളിൽ രക്താതിസാരം എന്ന സാംക്രമികരോഗം സർവ്വത്ര വ്യാപിച്ചിരിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആ രോഗനിവാരണത്തിന് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പൊതു കിണറുകൾ മുതലായ ജലാശയങ്ങളിൽ ക്ലോറിനേഷൻ നടത്തി ജലം ശുദ്ധിചെയ്യുക, രോഗികൾക്കുവേണ്ട മരുന്നുകൾ വിതരണംചെയ്യുക മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആൽക്കഹോൾ കലർന്ന മരുന്നുകൾ.

* ൧൪. [൨൩] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) മദ്യനിരോധന മേഖലകളിലെ മെഡിക്കൽ ഷാപ്പുകളിൽ ആൽക്കഹോൾ കലർന്ന മരുന്നുകൾ സ്വതന്ത്രമായി വിൽപ്പന നടത്തിവരുന്നതായി അറിയാമോ;

(ബി) മദ്യനിരോധന മേഖലകളിൽ ആൽക്കഹോൾ കലർന്ന മരുന്നുകൾ സ്വതന്ത്രമായി വില്പന നടത്തുന്നതിനെ നിരോധിക്കാൻ ഉടനടി നടപടി കൈക്കൊള്ളുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ വി. മാധവൻ) :

(എ) മദ്യനിരോധന നിയമമനുസരിച്ച് നിരോധിക്കപ്പെടാത്ത 'ആൽക്കഹോൾ' കലർന്നിട്ടുള്ള മരുന്നുകൾമാത്രം മരുന്നുഷാപ്പുകളിൽ യഥേഷ്ടം വിൽക്കപ്പെടുന്നതായി അറിയാം.

(ബി) ഉദ്ദേശിക്കുന്നില്ല.

പട്ടികജാതി വിദ്യാർത്ഥികളുടെ മെമ്മോറാണ്ഡം.

* ൧൫. [൨൫] ശ്രീ. കട്ടൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

൧൯൬൨ സ്കൂൾവർഷാരംഭത്തിനുശേഷം പട്ടികജാതി വിദ്യാർത്ഥികളിൽനിന്നും ഒരു മെമ്മോറാണ്ഡം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിദ്യാർത്ഥികളുടെ ആവശ്യങ്ങളിൽ ഇതിനകം എന്തെല്ലാം സാധിച്ചുകൊടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഉണ്ട്, ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസൗജന്യങ്ങൾ അനുവദിച്ചു.

Tuberculosis treatment.

*76. [26] **Shri O. C. Ninan :** Will the Minister for Medicine and Public Health be pleased to state :

(*a*) Has the Government supplied medicines for treating tuberculosis in all hospitals;

(*b*) In which hospitals in the State the medicine Streptomycin is supplied by the Government for the treatment of poor patients ?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) No.

(*b*) 1. T. B. Hospital, Nagercoil.
2. K. V. Sanatorium, Mulakunnathukavu.
3. General Hospital, Trivandrum.
4. ,, ,, Ernakulam.
5. Sri Avittam Thirunal Hospital, Oolloor.

Sale of Alcoholic Drinks

*77. [28] **Shri R. Kesava Pillai :** Will the Minister for Medicine and Public Health be pleased to state :

(*a*) the steps taken by Government to prohibit the sale of alcoholic drinks carried on in Trivandrum City in the guise of sale of essences and medicines ;

(*b*) the cases if any prosecuted and ended in convictions ;

(*c*) the number of cases of acquittals.

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) Government have by a recent notification D. Dis. 2543/52 RD. dated 11-6-'53 restricted the manufacture, possession and sale of essences etc., and brought them under a licensing system. Further, spirituous medicines which are capable of being misused as substitutes for liquor have also been restricted and brought under a license system called "Restricted spirituous preparation license."

(*b*) Number of cases prosecuted in the city.	2
Number of cases ended in conviction.	Nil

(*c*) One.

Leper Colony at Noornad

*78. [30] **Shri K. Madhavan Unnithan :** Will the Minister for Medicine and Public Health be pleased to state :

(*a*) Is it a fact that the Leper Colony at Noornad has not accommodation enough to admit patients seeking admission;

(*b*) whether the Government have any proposal under consideration to prevent lepers from roaming about in public places by housing them in asylums or colonies.

Minister for Medicine and Public Health **(Shri V. Madhavan) :**

(*a*) Yes.

(*b*) Yes.

പിരിച്ചുവിടപ്പെട്ട പട്ടാളക്കാർ.

✱ ൧൮. [൩] ശ്രീ. എൻ നീലകണ്ഠരു പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

(എ) ൩൦൦൦ ത്തിലധികം വരുന്ന തിരുവിതാംകൂർ-കൊച്ചിയിലെ Compulsorily demobilised soldiers പുനരധിവാസത്തിനായി ഈ ഗവണ്മെൻറ് ഇതുപര്യന്തം എന്തു പ്രവർത്തിച്ചിട്ടുണ്ട്;

(ബി) കല്ലാർ, പുതുവീട്ടുമറി എന്നീ റിസർവ്വ് സ്ഥലങ്ങളിൽ അവരിൽക്കുറെപ്പേരെ അധിവസിപ്പിക്കാമെന്നു ഗവണ്മെൻറ് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) സ്ഥലത്തോടൊപ്പം തിരുവിതാംകൂർ-കൊച്ചി കാളനൈസേഷൻ സ്കീമനുസരിച്ചുള്ള സാമ്പത്തികസഹായങ്ങളും അവക്കു നൽകാമെന്നു ഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു മാസങ്ങളായിട്ടും ഇതുവരെ യാതൊന്നും തന്നെ നടപ്പിലാക്കാതിരിക്കുന്നതിനു കാരണമെന്താണ്;

(ഇ) വനം കൈമാററവും സാമ്പത്തികസഹായനൽകലും എന്നത്തേയ്ക്കു നടപ്പിൽ വരുത്താമെന്നാണ് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) മൂവായിരത്തിലധികം ഏക്കർ കൃഷിഭൂമി കൃഷിചെയ്യുന്നതിനും കുടിയേറിപ്പാർക്കുന്നതിനും ആയി വിട്ടുകൊടുക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കാളനൈസേഷൻ പദ്ധതിയിലെ വ്യവസ്ഥകളനുസരിച്ച് ഗ്രാൻറും വായ്പയും നൽകപ്പെടുന്നതാണ്.

(ഡി) പുതുവീട്ടുമറി, കല്ലാർ, ഈ സ്ഥലങ്ങളിൽ കാളനൈസേഷൻ പദ്ധതി നടപ്പാക്കുന്നതിലേക്ക് demobilised soldiers നെ ചേർത്തുണ്ട സഹകരണകാളണികൾ ഇതിനകം രജിസ്റ്റർചെയ്തുകഴിഞ്ഞു. എന്നാൽ ഇതിലേയ്ക്കു നിശ്ചയിച്ചിരിക്കുന്ന ഭൂമിയുടെ സർവ്വേ ഡിമാർക്കേഷൻ ഈ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. പുതുവീട്ടുമറിയിൽ തടികൾ മുഴുവനും വെട്ടിമാററിതീർന്നിട്ടില്ല. ഭൂമി കൈമാററം ചെയ്യുന്നതിലേക്കു വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ഇ) വനഭൂമി കൈമാററം ഈ വർഷാവസാനത്തോടുകൂടി (൧൧൨൮) പൂർത്തിയാകുമെന്നു ഉദ്ദേശിക്കുന്നു. ഭൂമി കൈമാററം കഴിഞ്ഞാൽ ധനസഹായം നൽകുന്നതിനുള്ള നടപടി കഴിയുന്നതുംവേഗം എടുക്കുന്നതാണ്.

ഫീൽഡ് ആഫീസറന്മാർ.

✱ ൬൦. [൩൪] ശ്രീ. ഏ. കെ. ചെല്ലയ്യാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശസമുദായഡിപ്പാർട്ടുമെൻറിൽ ആകെയുള്ള ഫീൽഡാഫീസറന്മാർ എത്ര; അവരിൽ ഹരിജൻ എത്ര;

(ബി) ഈ ഫീൽഡാഫീസറന്മാരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഫീൽഡാഫീസറന്മാർ 50. ഹരിജൻ 5.

(ബി) ഓരോ ഫീൽഡാഫീസറന്മാരുടെയും പരീക്ഷായോഗ്യത കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു *

ഹരിജനങ്ങൾക്കു നൽകിയ റേഡിയോ സെററുകൾ.

※ വ്യ. [൩ ൭] ശ്രീ. എ. കെ. ചെല്ലയ്യാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശസമുദായസംരക്ഷക ഡിപ്പാർട്ടുമെൻറിൽനിന്നും റേഡിയോസെററുകൾ ഹരിജനങ്ങൾക്ക് സൗജന്യമായി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്;

(സി) റേഡിയോസെററ് കൊടുക്കുന്നതു് എന്തു പരിഗണനയിലാണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ഭംഗി കഠച്ചറൽ കാളനി, തിരുവനന്തപുരം.

(സി) ഹരിജനങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി.

ഷെഡ്യൂൾഡ് ട്രൈബ്സ്

※ വ്യ. [൩൬] ശ്രീ. എം. സി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഷെഡ്യൂൾഡ് ട്രൈബ്സിൽപ്പെട്ട വല്ലവർക്കും വിദ്യാഭ്യാസത്തിനോ, മററുവിധത്തിലോ വല്ല സൗജന്യവും അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ്;

(സി) എത്രപേർക്ക് അപ്രകാരം സൗജന്യങ്ങൾ നൽകുന്നുണ്ട്;

(ഡി) ഈ സൗജന്യങ്ങൾ ലഭിക്കുന്നതിൽ ക്രൈസ്തവമതവിശ്വാസികളായി വല്ലവരുമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്രപേരുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ സൗജന്യങ്ങൾ.

*Vide Adpeudix II

	പ്രതിമാസ സ്റ്റൈപ്പൻറ് രൂപ	പുസ്തകം മുതലായവയ്ക്കു ഗ്രാൻറ് രൂപ
കാളേജുക്ലാസ്സുകളിൽ പഠിക്കുന്നവക്ക്	൪൫	൩൦ മുതൽ ൭൦
ഹൈസ്കൂൾ ക്ലാസ്സുകളിൽ	൭	൨൫
മിഡിൽസ്കൂൾ ക്ലാസ്സുകളിൽ	൫	൨൦
പ്രൈമറി ക്ലാസ്സുകളിൽ—	ഗവണ്മെൻറ് പ്രസിദ്ധീകരിക്കുന്ന പാഠ്യപുസ്തകങ്ങൾ സൗജന്യവിതരണം.	

മററു സൗജന്യങ്ങൾ.

൧. വെൽഫെയർ സെൻററുകൾ സ്ഥാപിച്ചുകൊടുക്കുക.
൨. വൈദ്യസഹായം നൽകുക.
൩. പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുക.
൪. പട്ടികവർഗ്ഗക്കാരുടെ ഉന്നമനാർത്ഥം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കു ഗ്രാൻറുകൊടുക്കുക.

(സി) വിദ്യാഭ്യാസസൗജന്യങ്ങൾ ഒരു കാളേജു വിദ്യാർത്ഥിക്കു കൊടുക്കുന്നുണ്ട്. മററു ക്ലാസ്സുകളിൽ പഠിക്കുന്നവരിൽനിന്നു അപേക്ഷകൾ കിട്ടിയിട്ടില്ല. ഒരു വെൽഫെയർ സെൻറർ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ൨ കുടുംബക്കാരെ താമസിപ്പിക്കാവുന്നതാണ്. രണ്ടു പരസ്പരസഹായസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളു.

(ഡി) ഇല്ല.
(ഇ) ചോദ്യം ഉദിക്കുന്നില്ല.

Frontier Chowkeys.

*83. [38] **Shri K. Sattanatha Karayalar :** Will the Minister for Excise be pleased to state :

(*a*) the work done by the excise staff in the frontier chowkeys ;

(*b*) the strength of the staff posted in these major and minor chowkeys ?

Minister for Medicine and Public Health **(Shri V. Madhavan) :**

(*a*) At present there are no frontier chowkeys. The land and railway chowkeys (Customs) have been abolished and the administration of the Sea Customs is with the Central Government. But in the places where land and Railway chowkeys existed, frontier stations have been established. The staff posted there attend to the work of checking of prohibited and restricted articles like liquor, opium and ganja, tobacco, food grains etc.,

(*b*) At present one Preventive Officer and 4 guards are posted to each of the important stations and 2 Guards each to the other stations.

വില്ലേജു റോഡു് നിർമ്മാണം.

*൮൪. [൪൨] ശ്രീ. വാവക്കുട്ടി പള്ളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ആർ. ഡി. ഫണ്ടുകൊണ്ടു് വില്ലേജു റോഡുകൾ നിർമ്മിക്കുന്നതിനു് വല്ല പ്രത്യേക പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രകൊല്ലംകൊണ്ടു് അവസാനിപ്പിക്കുന്നതിനാണു് പ്ലാൻ;

(സി) വി. ആർ. ഡി. ഫണ്ടിന്റെ (original) പദ്ധതി അനുസരിച്ചു് കൊച്ചിവിഭാഗത്തെ വില്ലേജു റോഡുകൾ ഉൾപ്പെടുന്നുണ്ടോ;

(ഡി) മേൽപ്പറഞ്ഞ പദ്ധതിയും ഫണ്ടും സംയോജനത്തിനു മുൻപുള്ളതോ സംയോജനത്തിനു ശേഷമുള്ളതോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്

(ബി) പത്തുവർഷംകൊണ്ടു്.

(സി) ഉണ്ടു്.

(ഡി) സംയോജനത്തിനുശേഷം.

Nagercoil Electric Supply.

*85. [43] **Shri Prakkulam Bhasi :** Will the Minister for Works and Transport be pleased to state :

(*a*) Have Government acquired the Nagercoil Electric Supply from its private owner ; if so what was thc compensation evaluated at the time of its assessment just prior to Government taking it up ;

(*b*) Did the owner of the above concern move thc Hon'ble High Court for a writ for the enhancement of the amount of compensation ;

(*c*) If the particular case before the High Court has been decided what was the decision ;

(*d*) Has the above concern been revalued after the decision of the High Court;

(*e*) Who were the officers responsible for the first and subsequent evaluations; and

(*f*) What is the difference in the amounts fixed on the two occasions.

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Government have taken over the Nagercoil elctric supply from its private owner. No further details can be given as the matter is subjudice.

(*b*) Yes. A writ was moved, but not exactly for enhancing the amount of compensation.

(*c*) Still pending.

(*d*) The question does not arise in view of answer to part C.

(*e*) Question does not arise.

(*f*) Question does not arise.

Purchase of buses.

*86. [44] **Shri Prakkulam Bhasi :** Will the Minister for Works and Transport be pleased to state :

(*a*) how many buses were purchased for the use of the State Transport since the present Council of Ministers assumed office ;

(*b*) how many of the above vehicles are diesel engined ;

(*c*) if diesel engines were purchased, what type of vehicles were they ;

(*d*) do they conform to the vehicles specified in the Collins' Report ;

(*e*) is it a fact that the recommendation in the Collins' report restricts purchase to only two types of vehicles ;

(*f*) whether types other than those specified were purchased ; and

(*g*) if answer to (f) is in the affirmative, what were the reasons for the same ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) 76

(*b*) All

(*c*) Commer, Guy Otter and Leyland Comet.

(*d*) Yes.

(*e*) The recommendation is that 2 makes may be used until heavier duty vehicles with Diesel engines are decided upon.

(*f*) No.

(*g*) Does not arise.

Price of buses.

*87. [45] **Shri Prakkulam Bhasi:** Will the Minister for Works and Transport be pleased to state :

(*a*) what is the price per vehicle of the Guy Otter model buses purchased by Government ;

(*b*) how many such vehicles were purchased ;

(*c*) what were the terms of the purchase ; and

(*d*) did Government get any commission in this transaction; if so what is the amount gained ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Rs. 30,800 - each Ex-plant Bombay.

(*b*) 24.

(*c*) Purchase was effected on direct basis by negotiation.

(*d*) The price quoted is the net price and the question of commission does not arise.

എക്സൈസ് ഗാർഡു്.

* ൨൮. [൪൩] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തോടുകൂടി എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ഗാർഡുകളെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) അവരിൽ എത്ര ആളുകളെ വീണ്ടും സർവ്വീസിൽ എടുത്തിട്ടുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൪൦൦.

(ബി) പിരിച്ചുവിടപ്പെട്ട എക്സൈസ് ഗാർഡുകളെ അവരവർക്ക് യോഗ്യതയുള്ള ഉദ്യോഗങ്ങളിൽ വീണ്ടും നിയമിക്കുന്നതിന് പബ്ലിക്ക് സർവ്വീസ് കമ്മിഷനോട് അപേക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. അവരിൽ പലർക്കും പോലീസിലും മററു ഡിപ്പാർട്ടുമെൻറുകളിലും നിയമനങ്ങൾ കിട്ടുകയും ചെയ്തിട്ടുണ്ടു്. പക്ഷേ എത്ര പേർക്ക് വീണ്ടും നിയമനംകിട്ടി എന്നുള്ള വിവരം അറിയാൻ ഇപ്പോൾ നിവൃത്തിയില്ല.

ചേർത്തല-ആലപ്പുഴ തോടു്.

* ൨൯. [൭൪] ശ്രീമതി കെ. ആർ. ഗൌരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-ആലപ്പുഴ തോടുവെട്ടുന്നതിന് മൊത്തം എത്ര തുക വേണ്ടിവരുമെന്ന് ഗവണ്മെൻറ എസ്റ്റിമേററ് എടുത്തിട്ടുണ്ടോ;

(ബി) ഇപ്പോൾ ആകെ എന്തു തുക ചെലവായിട്ടുണ്ടു്;

(സി) തോടിൻെറ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു ഗവണ്മെൻറിനറിയാമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്. ഇരുപത്തിമൂന്നുലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുനൂററി അൻപതിയാറു രൂപ. (൨൩, ൭൩, ൭൫൬)

(ബി) ഏഴു ലക്ഷത്തി അൻപത്തോരായിരത്തി തൊള്ളായിരത്തി പതിനഞ്ചു രൂപ. (൭,൫൧,൯൧൫)

(സി) അറിയാം.

Water in Pechipara Dam.

*90. [55] **Shri A. Sam Raj** : Will the Minister for Works and Transport be pleased to state :

(*a*) Are the Government aware that during the last five or six years the water level in the Pechipara Dam is not rising to the levels indicated in the previous years : and

(*b*) have the Government made any attempt to find out the reasons for such low level of the water in the Pechipara Dam ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Yes.

(*b*) The matter is under investigation.

തണ്ണീർമുക്കം ബണ്ട് ഇടുന്നതിനുള്ള നടപടി.

*൯൧. [൫൩] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് ഡവലപ്പ്മെൻറ് സ്കീമിൻെറ ഭാഗമായ തണ്ണീർമുക്കം ബണ്ട് ഇടുന്നതിനെതിരായി കൊച്ചിൻ ഹാർബർ അതോറിട്ടീസ് തക്കം ഉന്നയിച്ചിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

ഇല്ല.

സർക്കാർ ഡിസ്പെൻസറികൾ.

*൯൨. [൫൧] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ബഡ്ജററവർഷത്തിൽ പുതിയ എത്ര ഡിസ്പെൻസറികൾ (അലോപ്പതിയും, ആയുർവ്വേദവും പ്രത്യേകം) സ്ഥാപിക്കാനുദ്ദേശിക്കുന്നു, എവിടെയൊക്കെ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

ഈ ബഡ്ജററവർഷത്തിൽ (൫൩-൫൪) ൧൦ ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ:—

(൧) പുത്തൻവേലിക്കര, (൨) തകഴി, (൩) കടമ്മനിട്ട എന്നീ സ്ഥലങ്ങളിൽ ഓരോ ഡിസ്പെൻസറി ആരംഭിച്ചിട്ടുണ്ട്.

(൧) അഞ്ചുതെങ്ങ്, (൨) കുമാരപുരം, (൩) പത്തനാപുരം, (൪) പുത്തൻചിറ, (൫) ഇലഞ്ഞി, (൬) പോത്തൻകോട്, (൭) പൈങ്ങവ, എന്നീ സ്ഥലങ്ങളിൽ ഓരോ ഡിസ്പെൻസറി സ്ഥാപിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ആയുർവ്വേദം:— ഈ ബഡ്ജററവർഷത്തിൽ പുതിയതായി ൩ ആയുർവ്വേദഡിസ്പെൻസറികൾ സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അവ :—

(൧) കരുനാഗപ്പള്ളി, (൨) കോട്ടയം, (൩) ചങ്ങനാശേരി എന്നീ സ്ഥലങ്ങളിലാണ്. ഇതിനുപുറമേ മൂന്നു ഡിസ്പെൻസറികൾകൂടി താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനു ഉദ്ദേശിക്കുന്നു.

(൧) വെള്ളാനിക്കൽ, (നെടുമങ്ങാട്ട് താലൂക്ക്), (൨) അയിരൂർ., (൩) കൊട്ടാരക്കര.

കോട്ടയം—കുമളിറോഡ്.

*൯൩. [൫൯] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം-കുമളിറോഡിൽ ഏതെങ്കിലും ഭാഗം ടാർ ചെയ്യാൻ ഗവണ്മെന്റിനു വല്ല പ്ലാനുമുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ): ഉണ്ട്.

New works.

*94. [61] **Shri E. Krishnan Nair** : Will the Minister for works and Transport be pleased to state :

(*a*) whether the Government have issued any orders that the cost of new works for this financial year proposed to be taken up in each Sub Division (P. W. D.) should not exceed Rs. 60,000;

(*b*) if so, the basis on which such an order has been issued ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) Yes, as decided by the Central Works Committee.

(*b*) On the basis of availability of funds.

UNSTARRED QUESTIONS.

ശമ്പളസ്കെയിൽ.

൧൯. [൧] ശ്രീ. എൻ. രാജഗോപാലൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ കമ്പൗണ്ടർമാർക്ക് ൪൫—൭൫ സ്കെയിൽ ഏർപ്പെടുത്തിയതു് എന്നാണ്;

(ബി) കുണ്ടറ ഡിസ്പെൻസറിയിൽ ൧൭ വർഷം സർവീസുള്ള ശ്രീ. എം. എം. സാമുവലിനു സർവീസ് അനുസരിച്ചുള്ള സ്കെയിൽ പരിഗണന നൽകിയിട്ടില്ലേ?

ഉത്തരം.

(എ) കമ്പൗണ്ടർമാർക്ക് ൪൫-൭൫ സ്കെയിൽ ഇപ്പോഴും നടപ്പിലില്ല

(ബി) ഇപ്പോഴത്തെ പരിഷ്കരിച്ച സ്കെയിൽ രൂ. ൩൦-൩-൪൫-൫-൭൫ ആണ്. ൩൦ രൂപയിൽ കുറവായി ശമ്പളം വാങ്ങിയിരുന്നവർക്ക് ൩൦ രൂപ അനുവദിച്ചിട്ടുണ്ട്. സർവീസനുസരിച്ചുള്ള increment സർവീസ് സംയോജനം പൂർത്തിയായതിനുശേഷം കൊടുക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുകയാണ്.

കൃഷിനാശം

൨൦. [൫] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ:

(എ) ഇത്തിക്കര ഏലായിലെ കൃഷിനാശം തടയുന്നതിന് ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) കേന്ദ്രഗവൺമെന്റ് ഇത്തിക്കര ഏലായിലെ കൃഷിനാശം തടയുന്നതിന് എന്തെങ്കിലും ധനസഹായം ചെയ്യാമെന്ന് ഏററിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ഉണ്ട്.

Kallupalam and Odankadu bridges.

*21. [6] **Shri O. C. Nainan** : Will the Minister for Works and Transport be pleased to state :

(*a*) the reason for the delay in starting work for the construction of the Kallupalam and Odankadu bridges ;

(*b*) when was the tender for the above works called for ;

(*c*) when was it accepted ;

(*d*) why was this work not started before the monsoon set in ?

Answer

(*a*) A minimum time for preparation of design and estimate for the work was necessary and the preliminaries could be completed only now.

(*b*) 1. Kallupalam bridge — Tenders were invited with due date on 13—5—1953.
2. Odankadu bridge — Tenders were invited with due date on 17—7—1953.

(*c*) 1. Kallupalam bridge —Selection notice issued on 9—6—1953.
2. Odankadu bridge — Selection notice issued on 30—7—1953.

(*d*) Vide answer to sub-division (*a*)

Lift irrigation and Thuruthicaud Padam.

22. [7] **Shri O. C. Nainan** : Will the Minister for Works and Transport be pleased to state :

(*a*) has the Government received an estimate to provide lift irrigation for Thuruthikattu padam in Kalluppara ;

(*b*) will the Government be pleased to state whether it has sanctioned that scheme ;

(*c*) will the Government be pleased to carry out the work at an early date ?

Answer

(*a*) Yes.
(*b*) Yes, the estimate was sanctioned on 31—3—1953
(*c*) Yes.

Concreting of Thiruvalla - Kozhencherry road.

23. [9] **Shri O. C. Nainan:** Will the Minister for works and Transport be pleased to state :

(*a*) have the Government any scheme for concreting or tarring the Thiruvalla-Kozhencherry road ;

(*b*) the progress made so far ; and

(*c*) whether they will expedite the matter ?

Answer.

(*a*) Yes, black - topping of two miles this year.
(*b*) Bitumen required for the purpose has been arranged for.
(*c*) Yes.

പാലം ആശുപത്രിയ്ക്കു് കെട്ടിടങ്ങൾ.

൨൪. [൮൩] **ശ്രീ. എം. സി. മാത്യു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പാലാ ആശുപത്രിക്കു് ഇപ്പോഴുള്ള കെട്ടിടങ്ങൾ തീരെ അപര്യാപ്തമാണെന്നു് ഗവണ്മെൻറിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.
(ബി) ഉണ്ടു്.

Opening of Causeway across Thambravarni.

25. [14] **Shri R. Ponnappa Nadar** : Will the Minister for Works and Transport be pleased to state :

(*a*) whether any amount has been sanctioned for openinga causeway across Thambravarni river at Gnarambuzha Kadavu, Vilavancode taluk ;

(*b*) will the work be taken up this year .

Answer.

(*a*) Yes. Rs. 3,800 - has been provided for the work in the current year's Budget.

(*b*) It is proposed to take up the work this year.

Vilathura lift Irrigation.

26. [15] **Shri R. Ponnappa Nadar** : Will the Minister for P. W. D. be pleased to state :

(*a*) the amount spent during the budget year 1952-53 for the Vilathura Lift Irrigation ;

(*b*) Why was the budget allotment allowed to lapse ;

(*c*) Does Government intend to spend the amount allotted this year.

Answer.

(*a*) Rs. 7,566-9-0 for the electrical portion of the Scheme.

(*b*) The budget allotment for the civil portion of the Scheme could not be utilized because the estimate originally prepared for the work had to be revised and the revised estimate has not been sanctioned by Government.

(*c*) Not yet decided.

Irrigation facilities and tank improvements.

27. [16] **Shri Sattanatha Karayalar:** Will the Minister for Works and Transport be pleased to state :

(*a*) What irrigation facilities and tank improvements have been completed under rural development in Shencottah Taluk in the year 1952 ; and

(*b*) What works under the above head are under execution.?

Answer.

(*a*) Nil.
(*b*) Nil.

Renovation of Tanks.

28. [17] **Shri Sattanatha Karayalar :** Will the Mimister for Works and Transport be pleased to state :

(*a*) Whether the Government have any proposal for the renovation of tanks in Shencottah Taluk ; if so what are they ;

(*b*) Whether the Government is aware that a good irrigation Scheme is a long felt want of this taluk ; and

(*c*) The Scheme so far investigated ?

Answer.

(*a*) There are no fresh proposals for the renovation of tanks in Shencottah taluk ; but several tanks have already been renovated in this taluk under G. M. F. Scheme.

(*b*) Yes.

(*c*) The Schemes so far investigated are

(1) Srimula peri and

(2) The Theppakulam tank.

Improvements to Thiruvella Market Canal.

29. [19] **Shri O. C. Nainan:** Will the Minister for Works and Transport be pleased to state :

(*a*) When was the work of the Thiruvella Market Canal started ?

(*b*) What is the length of the proposed Canal;

(*c*) How much of it has been completed till 1952;

(*d*) Whether the work of the basin has been completed;

(*e*) What is the cause of the delay of this important work?

Answer.

(*a*) In February 1951.

(*b*) The length of the Canal proposed to be improved is 23/8 miles.

(*c*) Works relating to the basins and part deepening of the Canal for about a mile.

(*d*) Almost completed.

(*e*) Government are contemplating the execution of a more comprehensive scheme of improvements to the Canal.

Market Canal at Chengannur.

30. [22] **Dr. M. Sivaraman Nair:** Will the Minister for Works and Transport be pleased to state the steps taken regarding the construction of the market canal at Chengannur.

Answer.

Preliminary enquiries have been made and the rough cost of the work estimated. Further action depends on the approval of the work by the Works Committee.

സഹകരണസംഘം വിധിനടത്തു്.

൩൧. [൨൩] ശ്രീ. സി. അച്ചുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനമല കൂട്ടുകൃഷി പരസ്പരസഹായസംഘം മുൻ പ്രസിഡന്റായിരുന്ന ശ്രീ. കറിയേടത്തു നീലകണ്ഠൻ നംപൂതിരിയുടെ വിധി നടത്തു് ഗവർണ്മെന്റു് ഇടപെട്ടു് നിറുത്തിവച്ചുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ ഇടപെടുവാൻ കാരണമെന്തു്;

(സി) വിധിക്കടം എന്തു സംഖ്യയായിരുന്നു?

ഉത്തരം.

(എ) ഉണ്ടു്.

(ബി) റിവിഷൻ പെറ്റിഷൻ ബോധിപ്പിച്ചതിന്മേൽ അതു സംബന്ധിച്ചു് ഒരു ഉത്തരവു പാസ്സാക്കുന്നതുവരെ വിധിനടത്തു നിറുത്തിവയ്ക്കണമെന്നു ഗവണ്മെന്റിനു തോന്നിയതുകൊണ്ടു്?

(സി) രൂപ ൧൨൪൨-൧൩-൧൧.

പഞ്ചായത്തുകളുടെ ബഡ്ജറ്റു്.

൩൨. [൨൪] ശ്രീ. എം. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പഞ്ചായത്തിന്റെ ൧൧൩൩-൩൪-ലെ ബഡ്ജറ്റു് എന്നാണു് കിട്ടിയതു്;

(ബി) സാധാരണയായി ബഡ്ജറ്റു് വർഷത്തിന്റെ അവസാനത്തിലാണോ ബഡ്ജറ്റു് സാംക്ഷൻ ആക്കി അയയ്ക്കുന്നതു്?

ഉത്തരം.

(എ) കിട്ടിയിട്ടില്ല.

(ബി) അല്ല.

സ്റ്റൈപ്പൻഡ്.

൩൩. [൩൦] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കാളേജിൽ പ്രവേശനം നൽകപ്പെട്ട ഏതെങ്കിലും പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് (Monthly stipend) നൽകാതിരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത്?

ഉത്തരം.

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

അമ്പലപ്പുഴ—തിരുവല്ലാ റോഡ്.

൩൪. [൩൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ-തിരുവല്ലാ റോഡിന്റെ പണി എന്നു തുടങ്ങാൻ ഉദ്ദേശിക്കുന്നു;

(ബി) ഏതെല്ലാം ഭാഗങ്ങളിൽ എന്തെല്ലാം തരത്തിലുള്ള പണിയാണ് ഉദ്ദേശിക്കുന്നത്;

(സി) അമ്പലപ്പുഴ മുതൽ തകഴിവരെയുള്ള ഭാഗം ഈ സാമ്പത്തികവർഷത്തിൽ കാർട്ടബിൾ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ബി) തകഴി മുതൽ എടത്വാ വരെയുള്ള ഭാഗത്ത് മൺവേല തുടരുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. തകഴിമുതൽ എടത്വാവരെയുള്ള ഭാഗത്തെ പണി തീർന്നശേഷം അമ്പലപ്പുഴ തകഴിഭാഗം നന്നാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

ചെങ്ങളം കരിമ്പിൽ കലുങ്ക്.

൩൫. [൩൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങളം പ്രൈമറിസ്കൂളിന് വളരെ സമീപത്ത് പഴയ കുമരകം റോഡിലുള്ള 'കരിമ്പിൽ കലുങ്ക്' പകുതി ജീർണ്ണിച്ചിരിക്കുന്ന അപകടാവസ്ഥ അധികൃത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

ഉണ്ട്. റോഡിന്റെ ഈ ഭാഗം മാററി കൂടുതൽ സൌകര്യപ്രദമായി വെട്ടിത്തീർത്തിട്ടുള്ളതിനാൽ പ്രസ്തുത കലുങ്ക് നന്നാക്കാതിരുന്നിട്ടുള്ളതാണ്.

Claim for Compensation.

36. [38] **Shri R. Ponnappa Nadar** : Will the Minister for Works and Transport be pleased to state :

(*a*) whether a claim for compensation by a petition dated 29-7-1953 from one Kutty Thaniel, Karinkal P. O., was received by Government ;

(*b*) have final orders been passed for payment of compensation?

Answer.

(*a*) Yes.

(*b*) No. The question of payment of compensation is being considered by Government.

Adjournment Motion re: disturbances at Mattancherri.

12 noon.]

Mr. Speaker : Order, order please. The time for interpellations is over.

I have received a motion for adjournment from Shri Achyutha Menon regarding the disturbances at Mattancherry. Has the Minister concerned received notice of the motion ?

Shri T. M. Varghese : I have received notice.

Mr. Speaker : Have you anything to say on the matter ? I want to know whether it is *sub judice*.

Shri T. M. Varghese : It is *sub judice*.

Mr. Speaker : The motion is out of order. Now the Leader of the House will speak on his motion.

DEBATE ON MOTION UNDER RULE 43, REGARDING SUPPORT TO THE MINISTRY.

ചീഫ് മിനിസ്റ്റർ (ശ്രീ. എ. ജെ. ജോൺ) : സർ, ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിനുണ്ടായ കാരണങ്ങളെപ്പററി ഞാൻ ആദ്യമായി പ്രസ്താവിക്കാം. ഈ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകാലത്തു കോൺഗ്രസ്സ് പാർട്ടിയെപ്പററിയും കോൺഗ്രസ്സ് ഗവണ്മെൻറിനെപ്പററിയും എതിർപക്ഷകക്ഷികൾ പല അവാസ്തവ പ്രസ്താവനകളും ഉന്നയിച്ചു സാധാരണക്കാരായ തൊഴിലാളികളെയും മററു വോട്ടർമാരെയും വഴി തെററിച്ചതിന്റെ ഫലമായി ഈ സഭയിൽ നൂററിപ്പതിനെട്ടംഗങ്ങൾ ഉള്ളതിൽ നാല്പത്തിയാറു സ്ഥാനങ്ങൾ മാത്രമാണ് കോൺഗ്രസ്സിനു ലഭിച്ചിട്ടുള്ളത്. കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഈ നാല്പത്തിയാറു അംഗങ്ങൾ മാത്രം ഉണ്ടായിരുന്നൊള്ളു എന്നു വരികിലും അന്നു നിയമസഭ കൂടിയപ്പോൾ ഇതുപോലെയുള്ള ഒരു ഉപക്ഷേപം ഹാജര

[ശ്രീ. എ. ജെ. ജാൺ.]

ക്കണം എന്നു വിചാരിച്ചില്ല. അതിനുകാരണം കാൺഗ്രസിന്റെ പല നയപരിപാടികളോടും ആനുകൂല്യമുള്ള ചില രാഷ്ട്രീയ പാർട്ടികൾ ഈ സഭയിൽ ഉണ്ടായിരുന്നതിനാൽ അങ്ങിനെ ഒരു ഉപക്ഷേപം കാൺഗ്രസ് പക്ഷത്തുനിന്നും ഹാജരാക്കണ്ട എന്നു വിശ്വസിച്ചിരുന്നതുകൊണ്ടാണ്. എന്നാൽ പ്രതീക്ഷയ്ക്കു വിപരീതമായി ഈ പാർട്ടികൾ എല്ലാം വരുംതന്നെ കാൺഗ്രസ്സിന്റെ എല്ലാ പരിപാടികളേയും ഈ സഭയിൽ എതിർക്കുകയാണുണ്ടായതു്.

അതിനുശേഷം ൧൯൫൨ മേയ് മാസത്തിൽ ഈ സഭയിലെ ഒരു കക്ഷിയായ തിരുവിതാംകൂർ തമിഴ്നാടുകാൺഗ്രസ്, കാൺഗ്രസ്പാർട്ടിയിൽ ചേരുകയും കാൺഗ്രസ് ലെജിസ്ലേച്ചർ പാർട്ടിയുടെ ലീഡറുടെ അഭിപ്രായങ്ങളും തീരുമാനങ്ങളുമനുസരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നും തീരുമാനിക്കയും ചെയ്തു. അങ്ങനെ കാൺഗ്രസിൽ അംഗങ്ങളുടെ എണ്ണം നാല്പത്തിയാറിൽനിന്നും അൻപത്തിആറായി തീർന്നു.

അതിനുശേഷം പിന്നീടുള്ള നടപടികളിൽ കാൺഗ്രസ് ഗവണ്മെൻറിൽനിന്നും അവതരിപ്പിക്കുന്നതായ ബില്ലുകളും ഉപക്ഷേപങ്ങളും ബഡ്ജറ്റും മററും പാസ്സാക്കി എടുക്കുകയും ചെയ്തിരുന്നു.

ഇപ്പോൾ ഒൻപതംഗങ്ങളുള്ള തിരുവിതാംകൂർ തമിഴ്നാട്ടുകാൺഗ്രസ്സ്പാർട്ടി കാൺഗ്രസ്പാർട്ടിയിൽ നിന്നും പിരിഞ്ഞിരിക്കുകയാണ്. അവർ കാൺഗ്രസ്പാർട്ടിയിൽ നിന്നും പിരിഞ്ഞതുകൊണ്ടു്, കാൺഗ്രസ് പാർട്ടിയിൽ ഇപ്പോൾ നാല്പത്തിഏഴംഗങ്ങൾ മാത്രമേയുള്ളു. കാൺഗ്രസ് ഗവണ്മെൻറിന് ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പല പല വലിയ സ്കീമുകളും നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ട്. ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതും എന്നാൽ പൂർത്തിയായിട്ടില്ലാത്തതുമായ പല വലിയ സ്കീമുകൾ ഇനിയും നടത്തിക്കൊണ്ടുപോകേണ്ടതായിട്ടാണിരിക്കുന്നതു്. ഇങ്ങനെയുള്ള സ്കീമുകൾ നടപ്പിൽ വരുത്തുന്നതുകൊണ്ടു് ഈ രാജ്യത്തുള്ള ആളുകൾക്കു് വലുതായ ഗുണമുണ്ടാകുമെന്നുള്ള ദൃഢമായ വിശ്വാസമാണു് ഈ ഗവണ്മെൻറിനുള്ളതു്. എന്നാൽ ഇപ്പോൾ തമിഴ്നാടു കാൺഗ്രസ്പാർട്ടി, കാൺഗ്രസ്പാർട്ടിയിൽ നിന്നും പിരിഞ്ഞിരിക്കുന്നതുകൊണ്ടു് ഈ സഭയിലുള്ളതായ അംഗങ്ങൾ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ ഇവിടെ പ്രതിഫലിപ്പിക്കുന്നുണ്ടോ എന്നറിയേണ്ടതായ ആവശ്യം ഗവണ്മെൻറിനുണ്ടായിരിക്കുന്നു.

ഗവണ്മെൻറാരംഭിച്ചിരിക്കുന്നതായ വലിയ സ്കീമുകളെപ്പററി ഞാൻ പ്രസ്താവിച്ചു. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് പഞ്ചവത്സര പദ്ധതിയാണ്. ഈ പഞ്ചവത്സരപദ്ധതിക്കായി ഇരുപത്തിഏഴുകോടിയിൽ പരം രൂപയാണ് ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു്. അതനുസരിച്ചു് പല നടപടികളും ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. പഞ്ചവത്സര പദ്ധതി മൂലം രാജ്യത്തുള്ള ജനങ്ങളുടെ ജീവിതത്തോതുയർത്തുക എന്നുള്ളതാണ് ഗവണ്മെൻറിന്റെ ഉദ്ദേശം. അതിൽ ഏററവും ആവശ്യമായ നടപടി ഭക്ഷണക്ഷാമം പരിഹരിക്കുക എന്നുള്ളതാണ്. അതിലേക്കു് ഈ പഞ്ചവത്സരപദ്ധതിയനുസരിച്ചു് കൃഷിവികസനം സംബന്ധിച്ചു അനേകം മേജർ ഇറിഗേഷൻപദ്ധതിളും മൈനർഇറിഗേഷൻപദ്ധതികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിലേക്കായിട്ടു് പത്തുകോടിയിൽപരം രൂപയാണ്

ഉദ്ദേശിച്ചിരിക്കുന്നതു്. ഇനിയും പലതും ആരംഭിക്കാനുണ്ടു്. പഞ്ചവത്സര പദ്ധതിപോലെ തന്നെയാണു് കമ്മ്യൂണിററിപ്രാജക്ടും. കമ്മ്യൂണിററിപ്രാജക്ററു് ഇപ്പോൾ ആരംഭിച്ചിരിക്കുന്നതു് ചാലക്കുടി കുന്നത്തുനാട്ടു് താലൂക്കുകളിലും തെക്കു് നെയ്യാററിൻകര വിളവംകോട്ടു് താലൂക്കുകളിലുമാണു്. കമ്മ്യൂണിററി പ്രാജക്ടുകളുടെ പ്രവർത്തനംകൊണ്ടു് അതതു സ്ഥലത്തുള്ള ജനങ്ങളുടെ സാമ്പത്തികമായും മററുമുള്ള ജീവിതത്തെ ഉയർത്തുന്നതിനും അവിടങ്ങളിലെ ജനങ്ങളുടെ ആരോഗ്യസംബന്ധമായ അഭിവൃദ്ധിക്കും വേണ്ട നടപടികൾ നടപ്പിൽ വരുത്തണം. ഈ രണ്ടു പ്രാജക്ററു ഏറിയായിലും അതിനുവേണ്ട എല്ലാ നടപടികളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

കൃഷിവികസനം സംബന്ധിച്ചു് ഓരോ പ്രദേശത്തേയും മണ്ണു പരിശോധിക്കുകയും ആ മണ്ണിനു ഏററവും പററിയ വിത്തും വളവും വിതരണം ചെയ്യുകയും പിന്നീടു കൃഷിക്കു ഏതെങ്കിലും വിധത്തിൽ പുഴുക്കളുടേയോ ചാഴിയുടേയോ ഉപദ്രവമുണ്ടാകുന്നപക്ഷം അതെല്ലാം നീക്കം ചെയ്യുന്നതിനു വേണ്ട നടപടികൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണു്.

അതുപോലെതന്നെ ജനങ്ങൾക്കു് ശുദ്ധജലം ലഭിക്കുന്നതിനുള്ള നടപടികളുംനടത്തിക്കൊണ്ടിരിക്കുന്നു. പൊതുജനങ്ങളുടെ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചും ആവശ്യമായ ആശുപത്രികളും പബ്ലിക്കുഹെൽത്തു സെൻററുകളും ആരംഭിച്ചിരിക്കുകയാണു്. അതുപോലെ തന്നെ ഇവിടെ പല പദ്ധതികളുടേയും പ്രവർത്തനം കമ്മ്യൂണിററി ഡെവലപ്പ്മെൻറു് പ്രാജക്ടുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്.

അതിനും പുറമെ ഒക്ടോബർ രണ്ടാംതീയതി നാഷണൽ എക്സ്റ്റൻഷൻ സെൻററുകളും തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുകയാണു്. അതു സ്ഥാപിക്കുന്നതിനു ഓരോ സെൻററിനും ആദ്യമായി ഏഴരലക്ഷം രൂപയായിരിക്കും ചെലവു വരുന്നതു്. അതു കമ്മ്യൂണിററിപ്രാജക്ററുപോലെ അത്ര വിസ്തൃതമല്ല. ഏകദേശം അറുപത്തി ആറായിരം ജനങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലങ്ങൾ കമ്മ്യൂണിററിഡവലപ്പ്മെൻറു് പ്രാജക്ററു് തത്വങ്ങളും പ്രോഗ്രാമും അനുസരിച്ചുള്ള ഒരു സ്കീം നടപ്പിൽ വരുത്തണമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. അതിലേക്കു് ഇപ്പോൾ മൂവാററുപുഴ, തിരുവല്ല, അഗസ്തീശ്വരം ഈ സ്ഥലങ്ങളാണു് തെരഞ്ഞെടുത്തിരിക്കുന്നതു്. അതിലേക്കു് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ഇങ്ങനെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ജനങ്ങളുടെ ജീവിതത്തെ ഉയർത്തുന്നതിനു വേണ്ടതായ എല്ലാ നടപടികളും നടത്തിക്കൊണ്ടിരിക്കുന്നു.

കൃഷിയെ സംബന്ധിച്ചാണെങ്കിൽ ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി പല മേജർ ഇറിഗേഷൻ പദ്ധതികളും നടത്തിക്കൊണ്ടിരിക്കുകയാണു്. അതു സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാം തന്നെ നേരത്തെ പറഞ്ഞിട്ടുള്ളതുകൊണ്ടു് അതേപ്പററി പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നില്ല. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി മത്സ്യവികസനം അഭിവൃദ്ധിപ്പെടുത്തണമെന്നുദ്ദേശിച്ചിരിക്കുന്നു. അതിനുവേണ്ട പദ്ധതികളും ആസൂത്രിച്ചു കഴിഞ്ഞിട്ടുണ്ടു്. അതിലേക്കു് ആവശ്യമായ സഹായങ്ങൾ ഇൻഡ്യാഗവണ്മെൻറും നാർവീജിയൻ ഗവണ്മെൻറും നൽകാമെന്നു് സമ്മതിക്കുകയും

[ശ്രീ. ഏ. ജെ. ജാൺ]

ഈ ഗവണ്മെൻറുമായി ചില വ്യവസ്ഥകളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. മത്സ്യം പിടിക്കുന്നതിലേക്ക ഏററവും ശാസ്ത്രീയമായ രീതിയിലുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. ഇപ്പോൾ ഇവിടെ മത്സ്യം പിടിക്കുന്നതിനു ഉപയോഗിക്കുന്ന വള്ളങ്ങളിൽ മോട്ടോർ ഉപയോഗിച്ചുകഴിയുന്നതും വേഗത്തിൽ മത്സ്യം പിടിക്കുന്നതിനു വേണ്ട പ്രയത്നങ്ങൾ നടത്തുകയുമാണ് ചെയ്യുന്നത്. അതിലേക്ക ഇവിടെ രണ്ടു വള്ളങ്ങൾ നാർവേയിലേക്ക് അയക്കുകയും ആ വള്ളങ്ങളിൽ മോട്ടോർ ഉപയോഗിച്ച് പരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. ഈ വള്ളങ്ങൾ ഉടനെ തന്നെ ഇവിടെ വരുന്നതാണ്. ഈ ആവശ്യത്തിലേയ്ക്ക് വള്ളങ്ങൾ ഇവിടെ ഉണ്ടാക്കുന്നതിലേക്ക നീണ്ടകരെ ഒരു ബോട്ടു ഫാക്ടറി അടുത്തു തന്നെ ആരംഭിക്കുന്നതാണ്.

മത്സ്യം ചീത്തയാകാതെ സൂക്ഷിക്കുന്നതിനു ഐസ് വളരെ ആവശ്യമാണ്. അതിലേക്ക് ഒരു ഐസ്ഫാക്ടറി ഉണ്ടാക്കുവാനും തീരുമാനിച്ചിരിക്കുകയാണ്. പിന്നീട് ഈ മത്സ്യത്തിൽനിന്നും ലഭിക്കുന്നതായ സാധനങ്ങൾ അതായത് അവയുടെ എല്ല്, മുള്ള് ഇവയെല്ലാംകൊണ്ട് എന്തെല്ലാം വ്യവസായങ്ങൾ നടത്താൻ കഴിയുമോ എന്നുള്ളതിനെപ്പററി ഗവേഷണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അതുപോലെ കടലോരത്തു താമസിക്കുന്നവർക്ക ശുദ്ധജലം ലഭിക്കുന്നതിലേക്കുള്ള പദ്ധതികളും ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ട്. ശാസ്താംകോട്ട കായലിൽനിന്നും ശുദ്ധജലം കൊണ്ടുവരുന്നതിനുള്ള നടപടികൾ എല്ലാം എടുത്തുകഴിഞ്ഞിരിക്കുകയാണ്. എന്നാൽ അതിനു കാലതാമസം ഉള്ളതുകൊണ്ട് തൽക്കാലം രണ്ടു കുഴൽക്കിണറുകൾ കുഴിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

നീണ്ടകരപ്രദേശത്തെ ജനങ്ങളുടെ പൊതുജനാരോഗ്യംസംബന്ധിച്ച് എല്ലാ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടേക്ക് ആവശ്യമായ ഔഷധങ്ങളും നാർവീജിയൻ ഗവണ്മെൻറുതന്നെ കൊണ്ടുവരുന്നതായിരിക്കും. കൂടാതെ അവിടെ പ്രൈമറിയും സെക്കണ്ടറിയും ഹെൽത്ത് യൂനിററുകൾ സ്ഥാപിക്കുന്നതിലേക്കുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതുപോലെയുള്ളതായ പദ്ധതികൾക്ക് ആകെ മൂന്നു വർഷമാണ് ഉദ്ദേശിക്കുന്നത്. അതിലേക്ക് തൊണ്ണൂററാറു ലക്ഷം രൂപാ ചെലവു വരുമെന്നു പ്രതീക്ഷിക്കുന്നു. അതിൽ അറുപത്തിയാറു ലക്ഷം രൂപാ നാർവീജിയൻ ഗവണ്മെൻറും പതിനഞ്ചു ലക്ഷം രൂപാ തിരുവിതാംകൂർ-കൊച്ചിഗവണ്മെൻറും പതിനഞ്ചു ലക്ഷം രൂപാ ഇൻഡ്യാഗവണ്മെൻറും ചെലവുചെയ്യണമെന്നാണ് എഗ്രിമെൻറനുസരിച്ച് തീരുമാനിച്ചിരിക്കുന്നത്.

കമ്മ്യൂണിററി പ്രാജക്ററും, നാഷനൽ എക്സ്റ്റൻഷൻ സർവ്വീസും ശരിയായ വിധത്തിൽ ജോലി ചെയ്യുന്നതിലേക്ക് അവയുടെ സർവ്വവിധമായ പ്രവർത്തനങ്ങൾക്കായി ആവശ്യമായ വില്ലേജ് ലവൽവർക്കേഴ്സിനെ നിയമിക്കേണ്ടിയിരിക്കുന്നു. ഈ വില്ലേജ് ലവൽവർക്കേഴ്സ് ഓരോ വില്ലേജിലും ചെന്ന് അവിടെയുള്ള എല്ലാ ആളുകളുടേയും സകല രീതിയിലുള്ള വിവരങ്ങളും മനസ്സിലാക്കി അതായത് സാമ്പത്തികസ്ഥിതി, അവിടത്തെ കുടിൽവ്യവസായങ്ങൾ, പൊതുജനാരോഗ്യസംബന്ധമായ

കാര്യങ്ങൾ, കോഴിവളർത്തൽ കന്നുകാലിവളർത്തൽ മുതലായ എല്ലാ കാര്യങ്ങളും മനസ്സിലാക്കി ഇവസംബന്ധിച്ച് അവിടെയുള്ളതായ ആളുകൾക്ക് ഉപദേശം കൊടുക്കേണ്ട ചുമതലയാണ് അവർക്കുള്ളത്. ഈ വില്ലേജ് ലവൽ വർക്കേഴ്സിനു ശരിയായ പരിശീലനംനൽകുന്നതിനായി ഫോർഡു ഫൗണ്ടേഷന്റെ ചുമതലയിൽ മാവേലിക്കരയിൽ ഒരു ട്രെയിനിംഗ് സെൻറർ ആരംഭിച്ചിരിക്കുകയാണ്. അവിടെ പുഴപത്തിരൻപത്തു പേർക്ക് ട്രെയിനിംഗ് കൊടുത്തുവരുന്നുണ്ട്. പന്ത്രണ്ടുപേർക്ക് സൂപ്പർവൈസറിസ്റ്റാഫായിട്ടും ട്രെയിനിംഗ് കൊടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ അവർക്ക് ആറു മാസത്തെ ട്രെയിനിംഗാണ് ഉദ്ദേശിച്ചിരിക്കുന്നത്.

സാധാരണ ഗതിയിൽ ഒന്നരക്കൊല്ലത്തെ ട്രെയിനിംഗാണ് കൊടുക്കേണ്ടത്. എന്നാൽ നമ്മുടെ പ്രാജക്റ്റുകളെല്ലാം ഉടൻ ആരംഭിക്കേണ്ടിയിരിക്കുന്നതുകൊണ്ട് ആറു മാസത്തെ ഇൻറൻസീവ് ട്രെയിനിംഗ് കൊടുത്ത് അവരെ നിയമിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഒല്ലൂർക്കരയും ഇതുപോലെയുള്ള ഒരു ട്രെയിനിംഗ്സെൻറർ ആരംഭിച്ചിട്ടുണ്ട്. അവിടെ കൃഷിക്കു പ്രാധാന്യം കൊടുത്ത് ഒരു കൊല്ലത്തെ ട്രെയിനിംഗാണ് നൽകണമെന്നുദ്ദേശിക്കുന്നത്. എന്നാൽ ഇപ്പോൾ ധാരാളം വില്ലേജ് ലവൽ വർക്കേഴ്സിന്റെ ആവശ്യമുള്ളതുകൊണ്ട് അവിടെയുള്ളവർക്കും ആറു മാസത്തെ ട്രെയിനിംഗ് കൊടുത്തു അവരിൽനിന്നും ൪൦ പേരെ ഇപ്പോൾ ആരംഭിക്കാൻ പോകുന്ന മൂന്നു നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് ബ്ലാക്കിലേക്കും കുട്ടനാട്ടു ഡെവലപ്പ്മെൻറ് ബ്ലാക്കിലേക്കും നിയമിക്കണമെന്ന് ഉദ്ദേശിക്കുന്നു. അവിടെ ൧൦൦ പേർക്കാണ് ട്രെയിനിംഗ് കൊടുക്കുന്നത്. അവിടെനിന്നും ൨൦ പേരെ മാവേലിക്കരെ അയച്ചു ബാക്കിയുള്ളവർക്ക് അവിടെതന്നെ ട്രെയിനിംഗ് കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാം വില്ലേജുകളിലെയും ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്ക് എന്തെല്ലാം ചെയ്യണമോ അതിലേക്കു വേണ്ട എല്ലാ നടപടികളും എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെൻറ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിററി പ്രാജക്റ്റുകൾ ആരംഭിച്ചിരിക്കുന്ന സ്ഥലങ്ങളിലെ പൊതുജനങ്ങളെല്ലാവരുംതന്നെ അതിനോടു സഹകരിക്കുന്നുവെന്നുള്ളതിൽ പല ദൃഷ്ടാന്തങ്ങളും നമുക്കു കാണാൻ കഴിയും. റോഡുകൾ വെട്ടുന്നതിലേയ്ക്കു ആവശ്യമായ ഭൂമി വില കൂടാതെ വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ അതാതു സ്ഥലത്തു ജോലി ചെയ്യാൻ തയാറുള്ള ആളുകൾ ജോലിചെയ്യും അല്ലാത്തവർ പണസഹായം ചെയ്യും അവരുടെസഹകരണമനഃസ്ഥിതിപ്രകടമാക്കിയിട്ടുണ്ട്. റോഡുകൾ വെട്ടുന്നതിനുമാത്രമല്ല കലുങ്കുകൾ കെട്ടുന്നതിനും സാധാരണ രീതിയിലുള്ള പാലങ്ങൾ പണിയുന്നതിനുമെല്ലാം പലവിധത്തിലുള്ള സഹായങ്ങൾ പൊതുജനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനുപുറമെ പുതിയ തരം വിത്തുകൾ വിതരണംചെയ്യുന്നതിനും വളം വിതരണംചെയ്യുന്നതിനും വേണ്ടതായ എല്ലാ സഹായങ്ങളും പൊതുജനങ്ങൾ നൽകുന്നുണ്ട്. ആ സ്ഥലങ്ങളിലെല്ലാംതന്നെ ഡെമാൺസ്റ്റ്രേഷൻ ഫാംസ് ആരംഭിച്ചിട്ടുണ്ട്. അവിടെ നടക്കുന്ന പരീക്ഷണങ്ങൾ മനസ്സിലാക്കുന്നതിനു പല ഭാഗത്തുനിന്നും ആളുകൾ അവിടെ പോകുന്നുണ്ട്. ഇങ്ങനെ പല വിധത്തിലും പൊതുജനങ്ങളുടെ സഹകരണം ഈവക പ്രാജക്റ്റുകൾക്കു കിട്ടു

[ശ്രീ. എ. ജെ. ജാൺ.]

ന്നുണ്ടെന്നു നമുക്കു കാണാൻ കഴിയും. ഏകദേശം കമ്മ്യൂണിററിപ്രാജക്ററു പോലെതന്നെയുള്ള ഒരു പയലററുപ്രാജക്ററു് ഫോർഡുഫൗണ്ടേഷൻ ഓണാട്ടുകര ആരംഭിച്ചിട്ടുണ്ടു്. കൃഷിവികസനത്തിനും കന്നുകാലിവളർത്തൽ പരിഷ്കരിക്കുന്നതിനും പൊതുവെ സാമ്പത്തികമായ അഭിവൃദ്ധിയുണ്ടാക്കുന്നതിനുമാണു് ആ പ്രാജക്ററുകൊണ്ടുദ്ദേശിക്കുന്നതു്. ഇങ്ങനെ ജനങ്ങളുടെ സാമ്പത്തികസ്ഥിതിയും ജീവിതനിലവാരവും കഴിയുന്നവിധത്തിൽ ഉയർത്തുന്നതിനും ജനങ്ങൾക്കു പരിപൂർണ്ണമായ സുഖസൗകര്യങ്ങൾ കിട്ടുന്നതിനുംവേണ്ട പല പദ്ധതികളും ഈ ഗവണ്മെൻറു് ആവിഷ്കരിക്കുകയും അതനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണു്. ഈ ഗവണ്മെൻറിൽ നിന്നും ആരംഭിച്ചിട്ടുള്ള ആറോ ഏഴോ മേജർ ഇറിഗേഷൻ പദ്ധതികൾക്കു പുറമെ ഇപ്പോൾ പല പുതിയ പദ്ധതികളും ആരംഭിക്കുന്നതിലേയ്ക്കു ഈ ഗവണ്മെൻറു് കഴിയുന്ന വിധത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. നേരിയമംഗലം സ്കീം പെരിങ്ങൽകുത്തുസ്കീം പമ്പാ റിവർ സ്കീം ഇങ്ങനെ പല സ്കീമുകളും എടുക്കണമെന്നു ഗവണ്മെൻറു ആലോചിക്കുകയും അതിലേക്കു ആവശ്യമായ മെമ്മോറാണ്ടങ്ങൾ തയാറാക്കി പ്ലാനിംഗ് കമ്മിഷൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പൗവ്വർ ഇറിഗേഷൻ പ്രാജക്ററുകൾക്കുതന്നെ ഏകദേശം ൧൩ കോടിയിൽപരം രൂപാ ആവശ്യമായി വരുന്നതാണു്. ഇപ്പോൾതന്നെ ഈ സ്കീമുകളെടുക്കണമെന്നും അങ്ങനെ സാധിക്കാതെവരുന്ന സ്കീമുകൾ അടുത്ത പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തണമെന്നുമാണു് ഈ ഗവണ്മെൻറു ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ സ്കീമുകൾ ഉടനെതന്നെ എടുക്കണമെന്നു ഗവണ്മെൻറു ആവശ്യപ്പെട്ടതു് തൊഴിലില്ലായ്മയ്ക്കു് ഇതു കുറെയെല്ലാം പരിഹാരമുണ്ടാക്കുമെന്നു കരുതിയാണു്. എറണാകുളം-കൊല്ലം റയിൽവെ ഇലക്ട്രിസിററികൊണ്ടു നടത്താൻ സാധിക്കുമെന്നും, ഈ രാജ്യത്തുള്ള എല്ലാ വില്ലേജുകളിലും ഇലക്ട്രിസിററി കൊടുക്കാൻ കഴിയുന്നതുകൂടാതെ മിച്ചം വരുന്നതു് അയൽരാജ്യങ്ങളിൽ കൊടുത്തു ഗവണ്മെൻറിനു കാര്യമായ ഒരു സഹായം ലഭിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. ഈ ഗവണ്മെൻറു് ഭരണഭാരം ഏററശേഷം ഈ രാജ്യത്തുള്ള പല റോഡുകളും കാൺക്രീററു ചെയ്യുകയോ ടാർക്രീററുചെയ്യുകയോ ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെംബർമാർക്കെല്ലാം അറിയാമെന്നുഞാൻ കരുതുന്നു. ഇതുകൂടാതെ ഈ സ്റ്റേററിലുള്ള നാഷണൽ ഹൈവേ, അതായതു് കോയമ്പത്തൂർമുതൽ കന്യാകുമാരിവരെ ൨൪൫ മൈൽ ദൂരമുള്ളതിൽസർഫസ്സ് ചെയ്തതു് കഴിച്ചുള്ളതു മുഴവൻ സർഫസ്സ് ചെയ്യണമെന്നും അതിനു് ഏകദേശം ൫൦ ലക്ഷം രൂപായോളം വേണ്ടിവരുമെന്നും അതുകൂടി ഉടൻ ആരംഭിക്കണമെന്നും, കൂടാതെ തിരുവനന്തപുരം മുതൽ ഷൊർണ്ണൂർവരെയുള്ള ഒരു തോടു് ഗതാഗതസൗകര്യമുള്ളതാക്കണമെന്നും അതിലേക്കു ൫൩൪ ലക്ഷം രൂപായോളം ചെലവു വരുമെന്നും ആ തുകകൾകൂടി പ്ലാനിംഗിൽ ചേർക്കുകയോ, അല്ലാത്തപക്ഷം സെൻട്രൽഗവണ്മെൻറിൽ നിന്നും അതിലേക്കു വേണ്ടതായ ധനസഹായം ചെയ്യുകയോ ചെയ്യണമെന്നും ഈ ഗവണ്മെൻറു് ആവശ്യപ്പെട്ടിട്ടുണ്ടു്. എറണാകുളം, മട്ടാഞ്ചേരി, കൊച്ചിൻ ഹാർബർ, ആലുവാ മുതലായ സ്ഥലങ്ങളിൽ കുടിക്കുന്നതിനു ശുദ്ധജലം കിട്ടുന്നതിലേക്കു് വളരെ ബുദ്ധിമുട്ടുള്ളതുകൊണ്ടു ഇപ്പോഴുള്ള പദ്ധതി കുറച്ചു പരിഷ്കരിച്ചു് ആവശ്യമുള്ളിടത്തോളം വെള്ളം കിട്ടുന്നതി

ലേക്കവേണ്ട നടപടികളെടുക്കണമെന്നും ആലോചിച്ചിട്ടുണ്ട്. തൽക്കാലം അതിലേക്ക് ൧൪൫ ലക്ഷം രൂപാ ചെലവു വരും. പദ്ധതി പുരോഗമിക്കുമ്പോൾ ൨൭൫ ലക്ഷം രൂപാ ചെലവു വരുന്നതാണ്. ഇതു കൂടാതെ തൃശ്ശൂർ ശുദ്ധജലവിതരണം നടത്തുന്നതിന് ഏകദേശം ൩൫ ലക്ഷം രൂപായും കോട്ടയത്തു ശുദ്ധജലവിതരണത്തിന് ഏകദേശം ൪൦ ലക്ഷം രൂപായും കൂടി ഉൾപ്പെടുത്തി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷൻസംബന്ധിച്ചു വമ്പിച്ച പല നടപടികളും ഈ ഗവണ്മെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. അതെല്ലാം നടപ്പിൽ വരണമെങ്കിൽ വമ്പിച്ച തുകകൾ ആവശ്യമാണ്. അങ്ങനെ വമ്പിച്ച തുകകൾ ഉൾക്കൊള്ളുന്ന ബഡ്ജററ് ഇവിടെ അവതരിപ്പിക്കുമ്പോൾ ഈ രാജ്യത്തുള്ള പൊതുജനങ്ങളുടെ അഭിപ്രായം അനുസരിച്ചുതന്നെ ഈ സഭയിലെ മെംബർമാർ പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കാമോ എന്നറിയുന്നതിലേക്കായിട്ടാണ് ഞാൻ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ-കൊച്ചിയിലുള്ള പൊതുജനങ്ങളുടെ അഭിപ്രായം വളരെ മാറിയിട്ടുണ്ടെന്നും ഈ ഗവണ്മെൻറിന്റെ നയപരിപാടിയോടു ഭൂരിപക്ഷം ആളുകളും യോജിക്കുന്നുണ്ടെന്നും ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷമുള്ള സംഭവങ്ങൾകൊണ്ടു നമുക്കു കാണാൻ സാധിക്കുന്നതാണ്.

ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം മൂന്നു സീററുകൾക്കായി രണ്ടു ഉപതെരഞ്ഞെടുപ്പു ഈ സ്റ്റേററിൽ നടക്കുകയുണ്ടായി. ആദ്യമായി നടന്നതു ചവറയിലാണ്. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു ചവറയിൽ ൨൫൯൧ വോട്ടാണ് ലഭിച്ചതു്. എന്നാൽ ഈ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു ൧൫൦൯൧ വോട്ടുകളും ഇടതുപക്ഷകക്ഷികൾക്കെല്ലാംകൂടി ൧൫൨൨൩ വോട്ടുകളും ആണ് ലഭിച്ചതു്. അതായതു്, കാൺഗ്രസ്സിനു് ൨൦൦൦ വോട്ടുകിട്ടിയിരുന്നിടത്തു ൧൫൦൦൦ത്തിൽശിഷ്ടം വോട്ടുകിട്ടി. അതേയവസരത്തിൽ ഇടതുപക്ഷങ്ങൾക്കെല്ലാംകൂടി ൧൭൦൦൦ത്തിൽ ശിഷ്ടം വോട്ടു കിട്ടിയിരുന്നിടത്തു ൧൫൦൦൦ ൽ ശിഷ്ടമായി കുറഞ്ഞു. അങ്ങനെ നോക്കുമ്പോൾ കാൺഗ്രസ്സിനു ഏകദേശം ൭൦൦൦ വോട്ടുകൾ കൂടുതലായി കിട്ടുകയും ഇടതുപക്ഷങ്ങൾക്കു ഏകദേശം ൨൦൦൦ വോട്ടുകൾ കുറയുകയും ചെയ്തുവെന്നു കാണാൻ കഴിയും.

<u>ശ്രീ. എ. താണുപിള്ള</u>: ഈ രണ്ടു തെരഞ്ഞെടുപ്പുകളിലും കാൺഗ്രസ്സ് ചെലവാക്കിയ തുകകൾകൂടി പറയാമോ?

<u>ശ്രീ എ. ജെ. ജാൺ</u>: അങ്ങനെ പറയത്തക്ക തുകകളൊന്നും കാൺഗ്രസ്സു ചെലവാക്കിയിട്ടില്ല. കാൺഗ്രസ്സുപാർട്ടിക്കു ആവശ്യമായ തുകകൾ ചെലവാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബർ ശ്രീ. താണുപിള്ള അതിലേയ്ക്കു് കൂടുതൽ തുകകൾ ചെലവാക്കിയിരിക്കാം. എല്ലാ രാഷ്ട്രീയ പാർട്ടികളും ആ പാർട്ടികളുടെ ധനസ്ഥിതിയനുസരിച്ചു തുകകൾ ചെലവാക്കിയിരിക്കും.

അടുത്ത ഉപതെരഞ്ഞെടുപ്പു നടന്നതു ചെങ്ങന്നൂരാണ്. ചെങ്ങന്നൂർ പൊതുതെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു റിസർവേഷൻ സീററിൽ കിട്ടിയതു, ൧൨൩൫൭ വോട്ടും ജനറൽസീററിൽ ൨൧൨൩൪ വോട്ടുമായിരുന്നു. എന്നാൽ ഉപതെരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു റിസർവേ

[ശ്രീ. എ. ജെ. ജാൺ.]

ഷൻ സീററിൽ, ൩൪൩൩൩ വോട്ടും ജനറൽസീററിൽ ൩൫൩൦൫ വോട്ടും കിട്ടുകയുണ്ടായി. ആ ഉപതെരഞ്ഞെടുപ്പു കമ്മ്യൂണിസ്ററപാർട്ടിയും ആർ. എസ്. പി. പാർട്ടിയും പി. എസ്. പി. പാർട്ടിയുംകൂടി യോജിച്ചു നടത്തിയ ഒന്നായിരുന്നു. ആ ഉപതെരഞ്ഞെടുപ്പിൽപോലും കാൺഗ്രസ്സിനു വമ്പിച്ച വിജയമാണു ലഭിച്ചതു്. ഈ ഗവൺമെൻറു ഭരണമാരംഭിച്ചശേഷം തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ മുനിസിപ്പാലിററികളിലും തെരഞ്ഞെടുപ്പു നടക്കുകയുണ്ടായി. കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ മിക്കവാറും മുനിസിപ്പൽ അതിർത്തികളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ കമ്മ്യൂണിസ്ററപാർട്ടിൽപെട്ടവരും ആർ. എസ്. പി-യിൽപ്പെട്ടവരുമായിരുന്നു. എന്നാൽ ആ സ്ഥലങ്ങളിലുള്ളവരെല്ലാം അന്നുണ്ടായിരുന്ന അഭിപ്രായം മിക്കവാറുംമാററി അന്നുചെയ്തതു വലിയ അബദ്ധമായിപ്പോയെന്നു കരുതി ഇപ്പോൾ കാൺഗ്രസ്സിനെ ശക്തിയായി സഹായിക്കുകയാണു ചെയ്തിട്ടുള്ളതു്. മട്ടാഞ്ചേരിയിൽ ൩൨ സീററുകൾ ഉള്ളതിൽ ൨൪ സീററു കാൺഗ്രസ്സിനു ലഭിച്ചു. ബാക്കി ൮ പേർ സ്വതന്ത്രരാണു്. തൃശ്ശൂരിൽ ൩൨ സീററിൽ ൨൯ സീററു കാൺഗ്രസ്സിനാണു് ലഭിച്ചതു്. ബാക്കി ൩ സ്വതന്ത്രരാണു്. എറണാകുളത്തു ൩൨ സീററുള്ളതിൽ കാൺഗ്രസ്സിനും ൨൨-ം. സ്വതന്ത്രർക്കു ൧൦-ം സീററുകൾ കിട്ടി. ആലുവായിൽ ൧൬ സീററുണ്ടായിരുന്നതിൽ ൧൩ കാൺഗ്രസിനു ൩ സ്വതന്ത്രർക്കും കിട്ടി. ആലപ്പുഴയിൽ ൩൬ സീററുള്ളതിൽ കാൺഗ്രസ്സിനു ൧൩-ം, സ്വതന്ത്രർക്കു ൨൩-ം സീററു കിട്ടി. കൊല്ലത്തു ആകെയുണ്ടായിരുന്ന ൩൨ സീററിൽ ൨൪-ം, കാൺഗ്രസ്സിനു കിട്ടി. ബാക്കി ൩ സ്വതന്ത്രരും ൩ ആർ. എസ്. പി-ക്കാരുമായിരുന്നു. തിരുവനന്തപുരത്തു ൪൦ സീററുള്ളതിൽ കാൺഗ്രസ്സിനു ൧൮-ം, പി. എസ്. പി-ക്കു ൧൩-ം, സ്വതന്ത്രർക്കു ൬-ം, ബാക്കി ആർ. എസ്. പി-ക്കും, കെ. എസ്. പി-ക്കുമായും കിട്ടുകയുണ്ടായി. കോട്ടയത്തു ൨൪ സീററുള്ളതിൽ കാൺഗ്രസ്സിനു ൧൬-ം, യു. എഫ്. എൽ-നു് എട്ടും സീററുകൾകിട്ടി. ബാക്കി ഒരാൾ സ്വതന്ത്രനായിരുന്നു.

ശ്രീ. ടി. എസ്. രാമസ്വാമി: നാഗർകോവിലിലും തക്കലയിലും നടന്ന തരഞ്ഞെടുപ്പുഫലം വിടുവാൻ പാടില്ല.

Mr. Speaker: The hon. Member has not exhausted the list of Municipalities.

ശ്രീ. എ. ജെ. ജാൺ: ഇവിടെയുള്ള ഐക്യമുന്നണിപാർട്ടിയിൽപ്പെട്ട കമ്മ്യൂണിസ്ററപാർട്ടിയുടെ നാമധേയത്തിൽ ഒരു സ്ഥലത്തും സ്ഥാനാർത്ഥികളെ നിറുത്തിയിരുന്നില്ല. അങ്ങനെ അവർ ചെയ്തതു് എന്തുകൊണ്ടാണെന്നു് ഈ സഭ ആലോചിക്കേണ്ടതാണു്. പല സ്ഥലത്തെയും ഇലക്ഷൻെറ ഫലം എൻെറ കയ്യിലുമുണ്ടു്. വേണമെങ്കിൽ വായിക്കാം. ഇങ്ങനെ മുനിസിപ്പാലിററിയിൽ ൩൩൦ അംഗങ്ങളുള്ളതിൽ കാൺഗ്രസ്സിനു ൨൪൯ സീററുകളാണു കിട്ടിയിട്ടുള്ളതു്. ടി. ടി. എൻ. സി-ക്കു് ൪൨-ം, പി. എസ്. പി-ക്കു ൨൧-ം, സ്വതന്ത്രർക്കു് ൨൦൧-ം, മററ പാർട്ടികൾക്കു ൩൩-ം സീററുകളാണു് കിട്ടിയിട്ടുള്ളതു് തിരുവിതാംകൂർ-കൊച്ചിയിൽ ഏകദേശം ൩൩൦ പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പു നടക്കുകയുണ്ടായി. ആ തെരഞ്ഞെടുപ്പുകളിൽ ആകെയു

ങ്ങളായ സീററ ൪൪൦൨ ആണു്. അതിൽ കാൺഗ്രസ്സിനു ൨൦൩൪ സീററുകളും ഇൻഡിപ്പെൻറൻസ് എന്ന വകുപ്പിൽ ൧൬൩൪ സീററുകളുമാണു കിട്ടിയിട്ടുള്ളതു്. ആ പഞ്ചായത്തു തെരഞ്ഞെടുപ്പിലും കമ്മ്യൂണിസ്റ്റുപാർട്ടി അവരുടെ പേരിൽ സ്ഥാനാത്ഥികളെ നിറുത്തിയിട്ടില്ല. ഓരോ സ്ഥലത്തും ഓരോ പേരിൽ സ്ഥാനാത്ഥികളെ നിറുത്തുകയാണു് ചെയ്തതു്. കമ്മ്യൂണിസ്റ്റുപാർട്ടി നല്ലനിലയിൽ പ്രവത്തിക്കുകയും അവരുടെ പരിപാടികളോടു ജനങ്ങൾക്കു താൽപര്യമുണ്ടായിരിക്കയും ചെയ്തിരുന്നെന്നു വരികിൽ കമ്മ്യൂണിസ്റ്റുപാർട്ടി ടിക്കററിൽ തന്നെ അവക്കു് സ്ഥാനാത്ഥികളെ നിറുത്തി മത്സരിക്കാൻ കഴിയുമായിരുന്നു. നേരെമറിച്ചു പല പേരുകളിലാണു് തിരുവിതാംകൂർ-കൊച്ചിയുടെ ഒരററംമുതൽ മറെറയററംവരെ സ്ഥാനാത്ഥികളെ നിറുത്തിയിരുന്നതു്.

എനിക്കു പറയാനുള്ളതു് ഈ തെരഞ്ഞെടുപ്പു ഫലങ്ങളിൽനിന്നും, ഗവമ്മെൻറിൻെറ നയപരിപാടികളിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള ജനങ്ങളുടെ അഭിപ്രായമെന്താണെന്നു അറിയാൻ സാധിക്കുമെന്നാണു്.

ഈയിടെ ഗവമ്മെൻറു മൂന്നുകോടി രൂപായുടെ ഒരു ഡെവലപ്പ്മെൻറു ലോൺ ഫ്ളോട്ടുചെയ്യുകയുണ്ടായി. നിശ്ചിതദിവസത്തിനു മുൻപായി ഒന്നേ ൩൨൭ ലക്ഷം രൂപയാണു പിരിഞ്ഞുകിട്ടിയിട്ടുള്ളതു്. അതിൽ നൂറു രൂപയ്ക്കും ആയിരംരൂപയ്ക്കും മദ്ധ്യേയുള്ള തുക തന്നിട്ടുള്ളവർ ൪൯൯൪ ആണു്. ഞാൻ ഈ പേരാണു് ആരായുന്നതു്. ഇതിൽനിന്നും ഗവമ്മെൻറിൻെറ സാമ്പത്തികനിലയെപ്പററിയും, തിരുവിതാംകൂർ-കൊച്ചിയിലുള്ള ജനങ്ങൾക്കു പരിപൂർണ്ണബോദ്ധ്യമുണ്ടെന്നും ഗവമ്മെൻറിൻെറ നയപരിപാടികൾ മുന്നോട്ടുകൊണ്ടുപോകേണ്ടതു അത്യാവശ്യമാണെന്നു് അവക്കു ബോദ്ധ്യം വന്നിട്ടുണ്ടെന്നുമാണു മനസ്സിലാക്കേണ്ടതു്. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ ജനങ്ങളും ഈ ഗവമ്മെൻറിൻെറ നയപരിപാടികളിൽ പരിപൂർണ്ണമായി അനുകൂലിക്കുന്നവരാണെന്നാണു് എനിക്കു പറയുവാനുള്ളതു്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു ഭക്ഷ്യസംബന്ധമായി ഇവിടെ ചില കഷ്ടപ്പാടുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ ഗവമ്മെൻറു ഭരണം ഏറെറടുത്തിൽ പിന്നീടു അതു സംബന്ധിച്ചു കഷ്ടപ്പാടുകളൊന്നും ഉണ്ടായിട്ടില്ല. ഇപ്പോൾതന്നെ ൭൫൦൦൦ ടൺ അരിയും ൨൦൦൦൦ടൺ ഗോതമ്പും ഗവമ്മെൻറിൻെറ കൈവശത്തിൽ ഉണ്ടു് എന്നുള്ള കാര്യം അഭിമാനത്തോടുകൂടി ഗവമ്മെൻറിനു പറയുവാൻ സാധിക്കും. ഇതിൽനിന്നും ഈ ഗവമ്മെൻറിനെപ്പററിയുള്ള അഭിപ്രായം പൊതുജനങ്ങൾക്കു കാണാൻ കഴിയുന്നതു്, തിരുവിതാംകൂർ-കൊച്ചിയിലുള്ള പൊതുജനങ്ങളെല്ലാംതന്നെ ഈ ഗവമ്മെൻറിൻെറ എല്ലാ നയപരിപാടികളെയും അനുകൂലിക്കുന്നവരാണെന്നാണു്. ഇവിടെയുള്ള മെംബറന്മാരെല്ലാം പൊതുജനങ്ങളുടെ അഭിപ്രായം ആണോ ഇവിടെ പ്രതിഫലിപ്പിക്കുന്നതു് എന്നു് എനിക്കു അറിയേണ്ട ആവശ്യമുണ്ടു്. അങ്ങനെ പ്രതിഫലിപ്പിക്കുന്നില്ലാ എങ്കിൽ അപ്പീൽകോടതിയായി പൊതുജനങ്ങളെ സമീപിക്കണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

ഒരു പൊതുതെരഞ്ഞെടുപ്പു നടത്തണമെന്നു് എനിക്കാഗ്രഹമുണ്ടെന്നു നിങ്ങൾ തെററിദ്ധരിക്കരുതെന്നു എനിക്കു അപേക്ഷയുണ്ടു്. അതിലുള്ള വൈഷമ്യങ്ങൾ എനിക്കും എൻെറ പാർട്ടിക്കും നല്ലവണ്ണം അറിയാം.

[ശ്രീ. എ. ജെ. ജാൺ]

എന്നാലും ആവശ്യമുണ്ടെന്നു കാണുകയാണെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ഞങ്ങൾ തയാറാണ്. ഇങ്ങനെയൊരു പൊതു തെരഞ്ഞെടുപ്പു നടത്തേണ്ടി വരുമെന്ന് ആലോചനയുണ്ടായപ്പോൾ ഇടതു പക്ഷകക്ഷിയിലെ പല മെംബറന്മാക്കും പരിഭ്രമമുള്ളതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. കമ്മ്യൂനിസ്റ്റു പാർട്ടിയിൽപെട്ട ആളുകൾ പൊതു തെരഞ്ഞെടുപ്പു നടത്താൻ പാടില്ലെന്നും, നടത്താൻ സാധിക്കുകയില്ലെന്നും മററും സ്റ്റേറ്റമെൻറുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു. അതിനുള്ളകാരണം സ്പഷ്ടമാണ്. അവസാന അപ്പീൽ കോടതിയിൽ പോകാതിരിക്കുകയായിരിക്കും ഇടതുപക്ഷങ്ങൾക്കും മററും നല്ലതു്. അങ്ങനെയെങ്കിൽ ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിച്ചു വോട്ടു ചെയ്യണം.

സർ, ഈ ഗവണ്മെൻറിൻെറ നയപരിപാടികൾ മുൻപോട്ടു കൊണ്ടുപോകുന്നതിനുവേണ്ട സഹായസഹകരണങ്ങൾ എല്ലാ അംഗങ്ങളും ചെയ്യേണ്ടതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ ഉപക്ഷേപം ഈ സഭയുടെ അംഗീകരണത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപത്തെ ഈ സഭയിലുള്ള എല്ലാ അംഗങ്ങളും കക്ഷിഭേദം കൂടാതെ അനുകൂലിക്കണമെന്ന് വിനയപുരസ്സരം ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. Speaker : Order, order. I think it will be advantageous to hon. Members, and would ensure proper discussion, if I limit the time to 15 minutes for one member. I hope this will be acceptable. That is the maximum time allowed when resolutions are discussed in this House. Of course, the mover has got 30 minutes and he will be given another chance to reply. If any member exceeds his time limit his party will suffer to the extent of the time taken in excess.

ശ്രീ. ടി. വി. താമസ്: സർ, ഈ പ്രമേയത്തെ പ്പററി സംസാരിക്കാനുള്ള സമയം 15 മിനിട്ടെന്നു ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം സ്വാതന്ത്ര്യമായും പൂണ്ണമായും ഉള്ള ചർച്ചയ്ക്കു തടസ്സമായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഈ പ്രമേയത്തെ പ്പററിയുള്ള വാദപ്രതിവാദം വളരെ പ്രാധാന്യമുള്ളതാകയാൽ ന്യൂനപക്ഷമെന്നോ, ഭൂരിപക്ഷമെന്നോ ഉള്ള അടിസ്ഥാനത്തിൽ തീരുമാനം ചെയ്യേണ്ടതല്ലെന്നുള്ള കാര്യവും വെറും എണ്ണത്തിൻെറ പേരിൽ തീരുമാനിക്കാനുള്ള ഒരു കാര്യമല്ലെന്നുള്ള സംഗതിയും അങ്ങു ചിന്തിച്ചു 15 മിനിട്ടെന്നുള്ള ക്ലിപ്തം മാററി അനുവദിക്കണമെന്നാണ് എൻെറ അപേക്ഷ.

സർ, മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ വിശദീകരിച്ചുകൊണ്ടും, സാധൂകരിച്ചുകൊണ്ടും അദ്ദേഹം നമ്മുടെ മുമ്പിൽ ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു സമർപ്പിച്ചതിനെ ഞാൻ കരുതുകപൂർവ്വം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. വളരെ നല്ല ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചതു്. അതിൽനിന്നും എന്തെല്ലാം നന്മ ജനങ്ങൾക്കു ഉണ്ടായിട്ടുണ്ട്. എന്തു ഉയർച്ച സാമാന്യജനങ്ങൾക്കുണ്ടായിട്ടുണ്ട് എന്നെല്ലാം പറയാൻ അദ്ദേഹം തയ്യാറാകാതെയിരുന്നതു മറന്നുപോയിട്ടാണോ എന്നാണു എൻെറ സംശയം

പക്ഷെ, അദ്ദേഹം മറന്നുപോയതല്ല. പഞ്ചായത്തും മുനിസിപ്പലും തെരഞ്ഞെടുപ്പുകളിൽ കാൺഗ്രസ്സിനും മററുള്ള പാർട്ടികൾക്കും ലഭിച്ചിട്ടുള്ള സീററുകളുടെ എണ്ണം പ്രസ്താവിച്ചപ്പോൾ 'എടാ കള്ളാ' എന്നു വിളിക്കട്ടോ എന്നു തോന്നിപ്പോയി.

Mr. Speaker: I am very sorry that the Leader of the Opposition should use such language.

ശ്രീ. ടി. വി. തോമസ്: വിരോധംകൊണ്ടല്ല, അവമാനിക്കണമെന്നുള്ള ഉദ്ദേശത്തിലുമല്ല. വാസ്തവത്തിൽ അദ്ദേഹത്തോടു എനിക്കു ബഹുമാനമേയുള്ളു. ആത്മാർത്ഥമായ സ്നേഹമാണുള്ളതു്. കുട്ടികളും മററും കാണിക്കുന്ന വികൃതി നമ്മൾ കാണുമ്പോൾ ഉണ്ടാകാറുള്ള സന്തോഷം കൊണ്ടു 'എടാ കള്ളാ' എന്നും മററും വിളിക്കുന്നപോലെ ഞാൻ പറഞ്ഞുവെന്നേയുള്ളു.

സർ, ആലപ്പുഴ മുനിസിപ്പാലിററിയിലെ തെരഞ്ഞെടുപ്പുസംബന്ധിച്ചുള്ള അംഗങ്ങളുടെ സംഖ്യ അദ്ദേഹം ഇവിടെ ഉദ്ധരിച്ചു. അവിടെ പന്ത്രണ്ടു സ്വതന്ത്രന്മാരും, പന്ത്രണ്ടു കാൺഗ്രസ്സുകാരും ആണു ഉള്ളതു്. അതിന്റെ ചെയർമാൻ ഒരു സ്വതന്ത്രനാണു്. അങ്ങനെയിരിക്കെ ഗവർമെന്റു ഭാഗത്തുനിന്നും നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന സ്ഥിതിവിവരക്കണക്കിനെ സംബന്ധിച്ചിടത്തോളം നമുക്കു ഒരു അവജ്ഞതോന്നുന്നുണ്ടു്.

മറെറാരു കാര്യം കൂടി അദ്ദേഹത്തെ മനസ്സിലാക്കണമെന്നു ഞാനാഗ്രഹിക്കുന്നുണ്ടു്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെപേരിൽ സ്ഥാനാർത്ഥികളെ നിറുത്തിയില്ല എന്നു അദ്ദേഹം പറഞ്ഞു. അതു് ശരിയല്ല. ധൈര്യമില്ലാത്തതുകൊണ്ടാണു് അവർ സ്ഥാനാർത്ഥികളെ നിറുത്താതിരുന്നതു് എന്നൊക്കെ അദ്ദേഹം പ്രസ്താവിച്ചു. വളരെ നന്ദിയോടുകൂടി ആ ഉപദേശം ഞാൻ സ്വീകരിക്കുകയാണു്. എങ്കിലും ഒരു കാര്യം അദ്ദേഹം അറിയണം. കാൺഗ്രസ്സിനു് എത്ര വോട്ടുകിട്ടിയെന്നും കാൺഗ്രസ്സിനെ എതിർത്ത സ്ഥാനാർത്ഥികൾക്കു് എത്ര വോട്ടുകിട്ടിയെന്നും അദ്ദേഹം പറയണം. ഭൂരിപക്ഷം വോട്ടുകളും കാൺസ്സിനെയെതിർത്ത സ്ഥാനാർത്ഥികൾക്കാണു് കിട്ടിയിട്ടുള്ളതു്. ഈ രാജ്യത്തു് എത്രത്തോളം ആളുകൾ കാൺഗ്രസ്സിനെ അനുകൂലിക്കുന്നുണ്ടു് എന്നുള്ളതിനു് മതിയായ തെളിവാണതു്. അടുത്തുകഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവരുടെ അഭിപ്രായം പറഞ്ഞതിനുശേഷം വീണ്ടും ഒരു പൊതുതെരഞ്ഞെടുപ്പു് വേണമെന്നു പറയുന്നതിൽ അശേഷവും ന്യായമില്ല. മറെറാരുകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടേണ്ടതാണു്. പഞ്ചായത്തു ഇലക്ഷനിലും അതുപോലെ മുനിസിപ്പൽ ഇലക്ഷനിലും എല്ലാ പാർട്ടികളും പണം ചെലവാക്കി എന്നു് അദ്ദേഹം പറഞ്ഞു. എല്ലാ പാർട്ടികളും പണം ചെലവാക്കിയിട്ടുണ്ടു്. അതു് ഇവിടത്തെ ജനങ്ങൾക്കു് നല്ലതുപോലെ അറിയാം. ഓരോ പാർട്ടിയും ചെലവാക്കിയ തുകയുടെ കാര്യം ജനങ്ങൾക്കാണു് കൂടുതൽ അറിവുള്ളതു്. അവർ അതിനെപ്പററി ഒരഭിപ്രായം രൂപീകരിച്ചിട്ടുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കേണ്ടതാണു്. എന്തെല്ലാം നല്ല കാര്യങ്ങളാണു് തിരുവിതാംകൂർ-കൊച്ചിയിൽ അദ്ദേഹവും അദ്ദേഹത്തിന്റെ കക്ഷിയും ചെയ്തുകഴിഞ്ഞിട്ടുള്ളതു് എന്നുള്ളതിനു് ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു് അദ്ദേഹം സഭയിൽ വയ്ക്കുകയുണ്ടായി. എന്നിട്ടും ഇവിടത്തെ ഭൂരിപക്ഷം ജനങ്ങൾ കാൺഗ്രസ്സിനെ അനുകൂലിക്കുന്നില്ല എന്നു്

[ശ്രീ. ടി. വി. താമസ്.]

പഞ്ചായത്തു തെരഞ്ഞെടുപ്പിൽ കൂടെ തെളിയിച്ചപ്പോഠം എനിക്കതോന്നി, ഇവിടെയുള്ള ജനങ്ങഠം വിഡ്ഢികളാണ്, വഞ്ചകരാണ്, നന്ദികെട്ടവരാണ് എന്ന്. അങ്ങനെയുള്ള വഞ്ചകരായ ജനങ്ങളെ, വിഡ്ഢികളായ ബഹുജനങ്ങളെ ഭരിക്കേണ്ടതെന്താണോ ശ്രീ. എ. ജെ. ജാൺ? അദ്ദേഹം ഉടനെ രാജിവച്ച് അദ്ദേഹത്തിന് ന്യായമായിട്ട് കിട്ടേണ്ട സ്ഥാനത്ത്, അതായത് വല്ല ആശ്രമത്തിലൊ പള്ളിയിലൊ അദ്ദേഹം പോകണം. വിഡ്ഢികളായ ജനങ്ങളെ, വഞ്ചകരായ ജനങ്ങളെ, നന്ദികെട്ടവരായ ജനങ്ങളെ ഭരിക്കവാൻ അദ്ദേഹം മുതിരരുത്. ആത്മാൎത്ഥമായി നല്ലതു ചെയ്യുകയാണെങ്കിൽ അതിന നന്ദികാണിക്കുന്ന ജനങ്ങളുമായി സഹകരിക്കവാൻ അദ്ദേഹം ശ്രമിക്കണം. നാം കേട്ടിട്ടുണ്ട് No prophet is honoured in his own land എന്ന്. മുഖ്യമന്ത്രിയായ ജാൺ പ്രൊഫററ് ജനങ്ങളോട് ഉപദേശിക്കുന്നു; ജനങ്ങളെ ഭരിക്കുന്നു; ജനങ്ങഠംക്ക് വേണ്ട സഹായങ്ങഠം ചെയ്യുന്നു. എന്നാൽ ജനങ്ങഠം അദ്ദേഹത്തിന്റെ ആദരവിനേയും സഹായത്തേയും അദ്ദേഹത്തിന്റെ ഉപദേശത്തേയും നിഷ്കരുണം തള്ളിക്കളഞ്ഞതിൽ അദ്ദേഹം ആത്മാൎത്ഥമായി ഖേദിക്കുന്നു. വഞ്ചകരും നന്ദികെട്ടവരും വിഡ്ഢികളുമാണ് ബഹുജനങ്ങഠം. അവർ സാധാരണയായി കമ്മ്യൂണിസ്ററുകാർ പറഞ്ഞാൽ ഉടൻ വഴിതെററിപോകുന്നു. ഭാരതത്തിന്റെ അരുമസന്താനമായ ജവഹർലാൽ നെഹറു വന്നു പറഞ്ഞിട്ടും അദ്ദേഹത്തിന്റെ വാക്കിനെ തള്ളിക്കളഞ്ഞ ജനങ്ങളെ എന്തിന് അദ്ദേഹം ഭരിക്കവാൻ ആഗ്രഹിക്കുന്നു. ഈ പ്രമേയത്തെക്കുറിച്ചുള്ള ചൎച്ച ആരോഗ്യകരമായ ഒരു അന്തരീക്ഷത്തിൽ നടത്തണം. ഈ പ്രമേയത്തെ കുറിച്ച് സ്വതന്ത്രമായ ഒരു ചൎച്ച നടത്തുവാനുള്ള സാദ്ധ്യതകഠം വിരളമാക്കിയിട്ടുണ്ട് ഈ മന്ത്രിസഭ എന്നാണ് എനിക്ക പറയുവാനുള്ളതു്. കഴിഞ്ഞ ആഴ്ചയിൽ മന്ത്രിസഭയ്ക്കുവേണ്ടി ശ്രീ. പനമ്പിള്ളി ചെയ്ത പാളിസി സ്റ്റേററമെൻറിനെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നതു്. ഈ പ്രമേയം പാസ്സാക്കിയില്ലെങ്കിൽ, ഈ പ്രമേയം സഭ തള്ളിക്കളയുകയാണെങ്കിൽ പരുഷാനിടയുള്ള ഭരണഘടനാപരമായ വൈഷമ്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. എനിക്ക പറയുവാനുള്ളതു് സർ, ആ പ്രക്രമവും അതു് ഈ സഭയുടെപ്രിവിലേജിനെബാധിക്കുന്ന സംഗതിയാണെന്നാണ്. അതു് ഞാൻ ഇന്നലെ ചൂണ്ടികാണിച്ചിട്ടുണ്ട്. സഭയുടെമുമ്പിൽ ഒരു പ്രമേയം വന്നുകഴിഞ്ഞാൽ ആ പ്രമേയത്തെപ്പററിയുള്ള സ്വതന്ത്രമായ ചൎച്ചക്ക് വിഘാതം വരുത്തുന്ന വിധംഒരു പാളിസി സ്റ്റേററമെൻറ പുറപ്പെടുവിക്കുന്നതു് തെററാണെന്നു നമ്മുടെ പാർലമെൻറിൽ ഈയിടെ ഒരു റൂളിംഗ് ഉണ്ടായിട്ടുള്ളകാൎയ്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്യുന്നതു്. ഈ പ്രമേയം തള്ളപ്പെട്ടുപോകയാണെങ്കിൽ എന്തുചെയ്യുമെന്നാണ് ശ്രീ. പനമ്പിള്ളി അദ്ദേഹത്തിന്റെ പാളിസിസ്റ്റേററമെൻറിൽപറഞ്ഞതു്? എങ്കിലും ഞങ്ങഠം ഭരിക്കും;നിങ്ങളെയെല്ലാം ചവിട്ടി വെളിയിൽ ഇറക്കും എന്നാണ് അദ്ദേഹം പറഞ്ഞതു്. വിശ്വാസപ്രമേയം തോററാലും ഞാൻ ഭരിക്കും എന്നു പറയുന്നതു് ഈ സഭയോടു കാണിക്കുന്ന ഒരു ധിക്കാരമല്ലെ? ആ മന്ത്രിയുടെ ധിക്കാരത്തിന്റെ അതിരു് എത്രയാണെന്നു നിൎണ്ണയിക്കാമോ? ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ച് നമ്മളോട് പറയുകയാണ് അതു് നിങ്ങഠം അംഗീകരിച്ചില്ലെങ്കിൽ തന്നേയും ഞാൻ

ഭരിക്കുമെന്ന്. അത് ഈ നിയമസഭയോട് കാണിക്കുന്ന ധിക്കാരമാണ്. അത് ഈ സഭയുടെ നേരെ കാണിക്കുന്ന ഒരു പരിഹാസമാണ്. അതിനെ എന്തുചെയ്യണമെന്നുള്ളത് ഈ സഭ തന്നെ തീരുമാനിക്കേണ്ട സംഗതിയാണ്. മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു പഞ്ചായത്തുതിരഞ്ഞെടുപ്പിലും മുനിസിപ്പൽ തിരഞ്ഞെടുപ്പിലും ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളും കോൺഗ്രസ്സിനെ അനുകൂലിക്കുന്നവരാണെന്നു അദ്ദേഹത്തിനു ബോധ്യം ആയിട്ടുണ്ടെന്ന്. അതുകൊണ്ട് ജനങ്ങളുടെ മാൻഡേററ് ഉള്ളതുകൊണ്ടാണ് ഈ കാര്യത്തിൽ ജനങ്ങളുടെ തീരുമാനമറിയുവാൻ അദ്ദേഹം ആഗ്രഹിക്കുന്നത് എന്ന്. സർ, എന്നാണ് ഈ ആഗ്രഹം അദ്ദേഹത്തിന് ഉണ്ടായത്. തമിഴ്നാട് കോൺഗ്രസ്സ് പുറത്തുപോയതിനുശേഷമാണ് ഈ ആഗ്രഹം തുടങ്ങിയത്. അതിനു മുമ്പായിരുന്നു ഈ ആഗ്രഹം തുടങ്ങിയതെങ്കിൽ നമുക്കു മനസ്സിലാക്കാമായിരുന്നു. തമിഴ് നാട് കോൺഗ്രസ്സ് പിട്ടുപിരിഞ്ഞതിനു ശേഷം കോൺഗ്രസ്സിന്റെ അംഗസംഖ്യ നാല്പതിനാലായി ചുരുങ്ങിയപ്പോഴാണ് കോൺഗ്രസ്സിന് ഒരു നല്ല തോന്നൽ ഉണ്ടായത്. അതിനു മുമ്പ തോന്നിയില്ല. അതിനു മുമ്പ് തോന്നാത്തത് എന്തുകൊണ്ടാണെന്നു നിങ്ങൾ ആലോചിച്ചു നോക്കണം. ശ്രീ. പനമ്പിള്ളിയുടെ പാളിസിസ്റ്റേറ്റ്മെന്റ് ഈ സഭയുടെ പ്രിവിലേജിന് എതിരായ ഒരു വെല്ലുവിളിയാണെന്നു ഞാൻ ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. വ്യക്തമായും ഞങ്ങളുടെ അഭിപ്രായം അതുതന്നെയാണ്. അതിനെപ്പററി ഒരു റൂളിംഗ് തന്നെ ഇവിടെ ഉണ്ടാകേണ്ടതാണ്. സഭയുടെ മുമ്പിൽ ഒരു പ്രമേയം ഇരിക്കുമ്പോൾ അതിന്റെ സ്വാതന്ത്ര്യമായ ചർച്ചയ്ക്ക് വിഘാതം വരത്തക്കവണ്ണമുള്ള പാളിസിസ്റ്റേറ്റ്മെന്റ് ഒരു മന്ത്രിയിൽ നിന്ന് ഉണ്ടാകുകയാണെങ്കിൽ അത് അനുവദിക്കത്തക്കതാണോ എന്നുള്ളതിനെപ്പററി ഞാൻ ഒരു പ്രസ്താവന ചെയ്തു. അപ്പോൾ ശ്രീ. പനമ്പിള്ളി അതിനു മറുപടി പറഞ്ഞു. എനിക്കു മറുപടി കേട്ടപ്പോൾ വാസ്തവത്തിൽ കോൺഗ്രസ്സുകാരനാണെങ്കിലും ഇത്രയും അധഃപതിക്കുമോ എന്ന് ദുഃഖമുണ്ടായി. ശ്രീ. പനമ്പിള്ളി തിരുവിതാംകൂർ-കൊച്ചിയിലെ ഒരു മന്ത്രിയാണ്. അദ്ദേഹം കോൺഗ്രസ്സുകാരനാണെങ്കിലും ജനങ്ങളുടെ ഒരു മന്ത്രിയാണ്. അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിപ്പോയല്ലോ എന്ന് ഓർക്കുമ്പോൾ എനിക്ക് സങ്കടമുണ്ട്. ഞാൻ ചെയ്ത പ്രസ്താവനയ്ക്ക് ഉപോൽബലകമായി അദ്ദേഹം എടുത്തുകാണിച്ചത് ജന്നിംഗ്സ് എന്ന ഗ്രന്ഥകാരന്റെ ക്യാബിനററ് ഗവണ്മെന്റ് എന്ന പുസ്തകമായിരുന്നു. എന്നാൽ ഞാൻ പറഞ്ഞ കാര്യങ്ങൾ വാസ്തവമായിരുന്നുവെന്നും അതിനെപ്പററി ജന്നിംഗ്സ് തന്നെ എഴുതിയിട്ടുള്ള കോൺസ്റ്റിററ്യൂഷൻ ഓഫ് സിലോൺ എന്ന പുസ്തകത്തിൽ [illegible]-ാം പേജിൽ പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹത്തിനുതന്നെ അറിയാം. അപാരപണ്ഡിതനായ അദ്ദേഹത്തിന് അത് നല്ലതുപോലെ അറിയാം. പേപ്പർ റിപ്പോർട്ടറോട് ഞാൻ പറയാൻ ഉദ്ദേശിച്ചത് ജന്നിംഗ്സിന്റെ കോൺസ്റ്റിററ്യൂഷൻ ഓഫ് സിലോൺ എന്ന ഗ്രന്ഥമാണ്. എന്നാൽ അതു തെററായി ക്യാബിനററ് ഗവണ്മെന്റ് എന്ന പുസ്തകമെന്നാണ് പറഞ്ഞത്. അതൊരു തെററുപററിയതാണെന്നു അദ്ദേഹത്തിന് നല്ലതുപോലെ അറിയാം. പുറത്തുപോകുന്ന മന്ത്രിക്ക് ഉപദേശിക്കുവാനുള്ള അധികാരം ഇല്ല. അതിനെപ്പററി ഞാൻ ഇനിയും പ്രസ്താവിക്കേണ്ടതായിരിക്കുന്നു. ഗ്രന്ഥകാരൻ ഒന്നുതന്നെയാണ്. ഞാൻ പറഞ്ഞ കാര്യം അദ്ദേഹം എഴുതിയ മറെറാരു ഗ്രന്ഥത്തിലായിപ്പോയി എന്നേയുള്ളൂ. അത് അദ്ദേഹത്തിന് അറിയാമാ

[ശ്രീ. ടി. വി. താമസ്സ്.]

യിരുന്നിട്ടും അതിനെ മറച്ചുവച്ചുകൊണ്ട് പറഞ്ഞതിൽ എത്രയും നീചനായ ഒരു എതിരാളിയുടെ ക്രൂരമായ ഒരടവല്ലേ അദ്ദേഹം കാണിച്ചതു്. ഒരു പുസ്തകത്തിന്റെ റഫറൻസു തെററിപ്പോയി എന്നു് കണ്ടു് യാതൊരു മര്യാദയും ഇല്ലാതെ നീചനായ ഒരു എതിരാളിയുടെ നടപടി എന്നപോലെ അദ്ദേഹം പറഞ്ഞതു,"അദ്ദേഹം ഹൃത്ത നില, വളരെ നീചമായിപ്പോയി എന്നു പറയാതെ തരമില്ല. ജന്നിംഗ്സിന്റെ കാൺസ്റ്റിറ്റ്യൂഷൻ്ഓഫ് സിലോൺ എന്നഗ്രന്ഥ ിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുണ്ടു്.

"In fact, there is no moral, or constitutional obligation to accept advice from the retiring Prime Minister"

അതായതു് പുറ പോകുന്ന മന്ത്രിക്കു് അങ്ങനെ ഉപദേശിക്കവാൻ അവകാശമില്ലാ എന്നു് പറഞ്ഞിട്ടുണ്ടു്. എന്തിനു് നിങ്ങൾ ഉദ്ധരിച്ചിട്ടുള്ള ലവൽ എന്ന ഗ്രന്ഥകാരൻതന്നെ അതു പറഞ്ഞിട്ടുണ്ടു്.

ശ്രീ. എ ജെ. ജാൺ : ആ ഇംഗ്ലീഷിന്റെ ട്രാൻസിലേഷൻ ഒന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. വി. താമസ്സ് : അതിന്റെ മലയാള തർജ്ജിമ പറഞ്ഞു കഴിഞ്ഞാൽ പിന്നെ തമിഴിലും പറയണം എന്നു പറഞ്ഞേക്കാം. അതു കൊണ്ടു് അതിന്റെ ട്രാൻസിലേഷൻ നിങ്ങൾ തന്നെ ചെയ്യാൽമതി.

ശ്രീ. എ. ജെ. ജാൺ : ആ വാചകത്തിൽ പുറത്തുപോകുന്ന മന്ത്രിക്കു ഉപദേശിക്കവാൻ അവകാശമില്ല എന്നുള്ള അർത്ഥമുണ്ടെന്നു ഞാൻ മനസ്സിലാക്കിയിട്ടില്ല.

ശ്രീ. ടി. വി. താമസ്സ് : പുറത്തുപോകുന്ന മന്ത്രിക്കു് അങ്ങനെ ഒരു ഉപദേശം നൽകു ാൻ അവകാശമില്ല. എന്തിനു് പറയുന്നു സർ, ലവൽ തന്നെ അദ്ദേഹ ിന്റെ ഗ്രന്ഥ ിൽ ഇപ്രകാരംതന്നെ പറയുന്നു. അതായതു് ഇപ്രകാരമുള്ള advice, im proper, absurd, illegal ആണു് എന്നു്.

ശ്രീ. പനമ്പിള്ളി കഴിഞ്ഞാൽ പിന്നെ ഭരണഘടനാവിദഗ്ദ്ധനായി നാം പരിഗണിക്കേണ്ടതായ മി. ബസു പറയുന്നതു് എന്താണു്. പനമ്പിള്ളിയെക്കാൾ ഉയർന്നതോതിലുള്ള ഒരു ഭരണഘടനാവിദഗ്ദ്ധനാണു് മി. ബസു എന്നു ഞാൻ പറയുന്നില്ല. പനമ്പിള്ളി കഴിഞ്ഞാൽ പിന്നെ നാം ആദരിക്കേണ്ട ഒരു ഭരണഘടനാവിദഗ്ദ്ധനായ മി. ബസു പറഞ്ഞിട്ടുള്ളതു് എന്താണെന്നു നോക്കണം. ഞാൻ പിന്നെയും ശ്രീ. പനമ്പിള്ളിയുടെ പാളിസി സ്റ്റേററമെൻറിലേയ്ക്കു് വരികയാണു്. ഈ പ്രമേയത്തെക്കുറിച്ചു് സ്വതന്ത്രമായ ഒരു ചർച്ചയാണു് ഈ അസംബ്ലിയിൽ നടക്കേണ്ടതു്. ഈ പ്രമേയം തള്ളപ്പെട്ടുപോകുകയാണെങ്കിൽ ഇവിടത്തെ രാജപ്രമുഖൻ സ്വീകരിക്കേണ്ട നിലയെപ്പററി ഞങ്ങൾക്കു് ചില നിർദ്ദേശങ്ങൾ ഉണ്ടു്. ആ നിർദ്ദേശങ്ങൾ ഈ സഭയിൽ വയ്ക്കുന്നതിനു് ശ്രീ. പനമ്പിള്ളിയുടെ പാളിസി സ്റ്റേററമെൻറിനെപ്പററി പറയേണ്ടതുണ്ടു്. ശ്രീ. പനമ്പിള്ളി അദ്ദേഹ ിന്റെ പാളിസിസ്റ്റേററമെൻറിൽ പറയുന്നതു് പ്രമേയം നിയമസഭ തള്ളിക്കളഞ്ഞാലും ഞങ്ങൾ ഭരിക്കുമെ

ന്നാണ്. നാണമില്ലാത്തവർക്ക് ഉദ്ധരണിയുടെ ആവശ്യമുണ്ടോ. ശ്രീ. പനമ്പിള്ളിയുടെ രാഷ്ട്രീയ ജീവിതത്തിൽ എന്തെല്ലാം സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. അദ്ദേഹത്തെക്കുറിച്ച് ഒരു ഇലക്ഷൻ ട്രൈബ്യൂണലിന്റെ തീരുമാനമുണ്ടായി. എന്നാൽ ഒരു രാത്രികൊണ്ട് അതിന് എതിരായി ഒരു തീരുമാനം വന്നില്ലേ?

Mr. Speaker : Order, order please. I dont want to intervene in the speech of the hon Member. But hon Members may well remember that it is their duty as well as mine to see that proper language is used and decorum and dignity are maintained in the House. If they go back into the previous history of other hon. Members here will be much or little behind every Member. Therefore, let us not go back into the previous history of any hon. Member.

ശ്രീ. ടി. വി. തോമസ്സ്: അദ്ദേഹം അംഗീകരിച്ചിട്ടുള്ള ആ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ആ പഴയ വഴക്കം മാത്രമേ അദ്ദേഹം സൃഷ്ടിക്കുവാൻ തയാറാകുകയുള്ളു എന്നുള്ളതിനു തെളിവായി ഞാൻ ഇതു് എടുത്തു പറഞ്ഞതാണ്. വ്യക്തിപരമായി ആരേയും ഞാൻ വിമർശിച്ചിട്ടില്ല. ഞങ്ങളുടെ പാർട്ടിയോട് എതിരാളികൾ മര്യാദവിട്ടു പെരുമാറിയാൽ ഞങ്ങളതു സഹിക്കണമെന്ന നിർദ്ദേശം ഞങ്ങൾക്ക് അംഗീകരിക്കുവാൻ സാദ്ധ്യമല്ല. ശ്രീ പനമ്പള്ളിയുടെ പാളിസി സ്റ്റേറ്റുമെന്റിലേയ്ക്കു ഞാൻ വീണ്ടും കടക്കുകയാണ്. "അങ്ങനെ പ്രമേയം തള്ളപ്പെട്ടുപോയാൽ ഞങ്ങൾ ഭരിക്കും; അതുകഴിഞ്ഞിട്ട് പൊതു തിരഞ്ഞെടുപ്പ് നടത്തും' എന്നാണ് അദ്ദേഹം പറയുന്നതു്. ഇതാണ് ശ്രീ. പനമ്പിള്ളിയുടെ നേതൃത്വത്തിലുള്ള കാൺഗ്രസ്സ് മാഡൽ ജനാധിപത്യം. ഈ പ്രമേയം തള്ളിപ്പോയാലും ഞങ്ങൾ ഭരിക്കും എന്നു പറഞ്ഞാൽ എന്താണ് പിന്നെ രക്ഷ എന്നു ആലോചിക്കണം. ഇങ്ങനെ ഒരു വിശ്വാസപ്രമേയം തള്ളിക്കഴിഞ്ഞാൽ പിന്നെ ഭരിച്ചതായിട്ട് ഒരു കീഴ്‌വഴക്കം ചൂണ്ടിക്കാണിക്കുവാൻ അദ്ദേഹം തയ്യാറാകുമോ എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെ ഒരു വഴക്കമുള്ളതായിട്ട് ആരും ഇതേവരെ ചൂണ്ടിക്കാണിച്ചിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. വിശ്വാസപ്രമേയം തള്ളിപ്പോയാൽ ഉടൻ രാജിവയ്ക്കുവാൻ തയ്യാറില്ലെങ്കിൽ ഇങ്ങനെ ഒരു വിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിൽ അർത്ഥമില്ല.

Mr. Speaker: Order, Order please. The hon. Member will have another ten minutes in the afternoon.

The house will now adjourn and meet again at 2.

The House djourned for lunch at 1 P. M. and re- assembled at 2 P. M. with Mr Spe ker in the Chair.

ശ്രീ. ററി. വി. തോമസ്സ്: (തുടർച്ച) സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയം തള്ളപ്പെട്ടു പോകുകയാണെങ്കിൽ, സഭ പിരിച്ചുവിട്ടു പുതിയ തിരഞ്ഞെടുപ്പു നടത്തുമെന്നും അതുവരെ വിശ്വാസം നഷ്ടപ്പെട്ട മന്ത്രിസഭ ഇവിടെ ഭരിക്കുമെന്നുമാണ് ഗവണ്മെന്റു

[ശ്രീ. ടി. വി. താമസ്.]

മാത്രമേ ചെയ്യുന്നുള്ളു. പ്രഖ്യാപനത്തിൽ പറയുന്നു. പ്രമേയം തള്ളപ്പെട്ടാൽ കാൺഗ്രസ്സ് ഭരിക്കും, പൊതുതിരഞ്ഞെടുപ്പു നടക്കും. സർ, ഇവിടത്തെ മുഖ്യമന്ത്രിയോട് ഇവിടത്തെ പാവപ്പെട്ട സാമാന്യജനങ്ങളുടെ പേരിൽ ഞാൻ ഒരു മുന്നറിയിപ്പു കൊടുക്കുവാൻ ആഗ്രഹിക്കുന്നു. ഇതുരണ്ടും, അതായതു കാൺഗ്രസ്സ് ഭരിക്കണമെന്നുള്ളതും പുതിയ തിരഞ്ഞെടുപ്പു നടത്തണമെന്നുള്ളതും, ഇവിടത്തെ സാമാന്യജനങ്ങൾ ആഗ്രഹിക്കാത്ത കാര്യങ്ങളാണെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. അങ്ങനെ ഇവിടത്തെ ജനങ്ങൾ ആഗ്രഹിക്കാത്ത കാര്യങ്ങളാണ് ഇന്നത്തെ മന്ത്രിസഭ ചെയ്യുവാൻ വിചാരിക്കുന്നതെന്ന് ധരിക്കേണ്ടതാണ്.

സർ, കാൺഗ്രസ്സ് ഗവർമെന്റിന് ഇവിടെ ഭരിക്കുവാനുള്ള അവകാശം എന്താണെന്ന് ഞാൻ ചോദിക്കുന്നു. ഇപ്പോൾ ഇവിടെ ഒരു വിശ്വാസപ്രമേയം കൊണ്ടുവന്നിട്ടുണ്ട്. ഇങ്ങനെ ഒരു വിശ്വാസപ്രമേയം ആരാണ് കൊണ്ടുവരിക. ഡമോക്രസിയുടെ മര്യാദയനുസരിച്ച് നിയമസഭയിൽ ഭൂരിപക്ഷമുള്ള, ഒരു അപ്പാരന്റ ഭൂരിപക്ഷമുള്ള ഒരു പാർട്ടിയല്ലേ കൊണ്ടുവരേണ്ടതു? കേവലം ന്യൂനപക്ഷം ആയിട്ടുള്ള ഒരു പാർട്ടി ഇങ്ങനെ വിശ്വാസപ്രമേയവും മററും ഹാജരാക്കുവാൻ ഒരുമ്പെടാതെ നല്ലവാക്കു പറഞ്ഞു ഇറങ്ങിപ്പോകുകയാണ് ചെയ്യേണ്ടിയിരുന്നതു, അല്ലാതെ ഭരിക്കുകയല്ല വേണ്ടതു.

കാൺഗ്രസ് ഇതു:പര്യന്തം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററി മുഖ്യമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഈ രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും സ്ഥിതിഗതികളെപ്പററി നമുക്കു നോക്കാം. ശാന്തമായും നിഷ്പക്ഷമായും നോക്കാം. ഈ രാജ്യത്തു ഇതുവരെയുണ്ടായിട്ടുള്ള കാൺഗ്രസ്സ് മന്ത്രിസഭകളിൽ ഈ രാജ്യത്തെയും ജനങ്ങളെയും ഇത്രത്തോളം അധ:പതിപ്പിച്ച ഒരു മന്ത്രിസഭ ഇതുവരെയുണ്ടായിട്ടില്ല. ഇതിനു മുൻപും ഉണ്ടായിട്ടില്ല. ഈ മന്ത്രിസഭ അധികാരത്തിൽ വന്നു കയറിയ ഉടനെ തന്നെ നടത്തിയതു ഒരു വെടിവയ്പാണ്. അധികാരത്തിൽനിന്ന് ഇറങ്ങിപ്പോകുവാൻ തുടങ്ങുന്ന ഈ അവസരത്തിലും മറെറാരു വെടിവയ്പ്പു നടത്തി. അവർ നടത്തിയ ആചാരവെടികളാണ് ഇവ. ഒന്നാമതായി ഈ മന്ത്രിസഭയും കേന്ദ്രവുമായും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ്. സർ, ഞാൻ അതിനെപ്പററി അധികമൊന്നും പറയുന്നില്ല. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഡെൽഹിസന്ദർശിച്ച് വന്ന അവസരത്തിൽ ഒരഭിപ്രായം പറയുകയുണ്ടായി, പത്രങ്ങളിൽ കണ്ടതാണ്, ഡെൽഹിയിൽ തലപൊക്കി നടക്കുവാൻ അഭിമാനമുള്ളവർക്ക് തോന്നുകയില്ലെന്നു; നമ്മുടെ സ്റ്റേററിന്റെ ഭരണം മുനിസിപ്പാലിററിയുടെ ഭരണമായി അധ:പതിപ്പിച്ചിരിക്കുകയാണെന്നു. ഇതിൽ കൂടുതൽ ദു:ഖകരമായ ഒരു സംഗതി എന്താണെന്നു ഞാൻ ചോദിക്കുന്നു. നമ്മുടെ വരുമാനം മുഴുവൻ അവിടെ അടിയറവച്ചിരിക്കുകയാണ്.

നമ്മുടെ സാമ്പത്തിക സ്ഥിതിയെപ്പററി വളരെയൊക്കെ പുകഴ്ത്തിപ്പാടുന്നുണ്ട്. മൂന്നുകോടി രൂപയുടെ ലോൺ ആ തീയതിക്കുള്ളിൽതന്നെ പിരിഞ്ഞുകിട്ടിയെന്നു ഗവർമെന്റ പറയുന്നു. ജനങ്ങൾക്കറിയാം,

എങ്ങനെയാണ് ഈ തുക പിരിഞ്ഞതെന്ന്. എത്ര നിസ്സഹായാവസ്ഥ ഈ മന്ത്രിസഭയ്ക്ക് നേരിടേണ്ടിവന്നു എന്നതിനെപ്പററിയും അവർക്കറിയാം. സാമ്പത്തികമായ എത്ര തകർച്ചയാണ് ഇവിടെയുള്ളതെന്ന് ഒരു പക്ഷെ കാൺഗ്രസ്സ് ഗവണ്മെൻറിനു അറിഞ്ഞുകൂടായിരിക്കാം. സാധനങ്ങളുടെ വിലക്കയററം, വരുമാനത്തിൻെറ കുറവ്, ഇങ്ങനെ സാമ്പത്തിക തകർച്ചയുടെ എല്ലാ ലക്ഷണങ്ങളും നാം അനുദിനം കണ്ടുകൊണ്ടിരിക്കുകയാണ്. പട്ടിണിമൂലമുള്ള ആത്മഹത്യ, തൊഴിലില്ലായ്മ, പകർച്ചവ്യാധി ഇവ മൂന്നും സാമ്പത്തിക തകർച്ചയുടെ പരിണതഫലമാണ്, പ്രത്യക്ഷലക്ഷണമാണ്, അതിനുള്ള തെളിവാണ്. മറെറാരു വശം നോക്കാം. എത്രയോ ഫാക്ടറികളാണ് ഇവിടെ ഇന്നു പൂട്ടിയിട്ടിരിക്കുന്നത്. തൊഴിലില്ലായ്മ ഇന്നത്തെ ഏററവും വൻപിച്ച ഒരു പ്രശ്നമാണെന്ന് കേന്ദ്രഗവണ്മെൻറ മുതൽ പനമ്പിള്ളി ഗോവിന്ദമേനോൻ വരെ പറയുന്നുണ്ട്. എത്ര തൊഴിലാളികളെയാണ് നിരത്തിലേയ്ക്ക് വിട്ടിരിക്കുന്നത്? ഇതിനു ഗവണ്മെൻറ് എന്തെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ ? അതിനു തയ്യാറായിട്ടുണ്ടോ ? മററു വിഭാഗങ്ങളുടെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെയാണ്. ഇതേപ്പററി നീണ്ട ഒരു ചർച്ചചെയ്യുവാൻ ഞാനുദ്ദേശിക്കുന്നില്ല. ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഈ നാട്ടിലെ കഷ്ടപ്പാടുകളെപ്പററിയും നിസ്സഹായാവസ്ഥകളെപ്പററിയും നല്ലതുപോലെ അറിയാം. ജനങ്ങളുടെ കഷ്ടപ്പാടുകൾ ശരിക്കു അറിയാവുന്ന സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രമേയത്തെപ്പററി ഒരു തീരുമാനം ചെയ്യുമെന്ന് എനിക്കു വിശ്വാസമുണ്ട്.

അതിനാൽ ഞാൻ പറയുന്നത് ഈ മന്ത്രിസഭ രാജിവയ്ക്കട്ടേയെന്നാണ്. ഈ മന്ത്രിസഭയുടെ പിന്നിൽ ഒരുപക്ഷെ ഭൂരിപക്ഷം ഉണ്ടായിരുന്നാൽപോലും രാജിവയ്ക്കേണ്ടതാണ്. അതു നടപ്പില്ലെന്നെനിക്കറിയാം. ജനാഭിലാഷപ്രകാരം ഭരണം നടത്തുവാൻ കെൽപ്പില്ലാത്ത ഒരു മന്ത്രിസഭ, ഭൂരിപക്ഷം ഉള്ളവരാണെങ്കിൽ തന്നെയും രാജിവയ്ക്കേണ്ടതു് ജനാധിപത്യഭരണമര്യാദയനുസരിച്ച് ആവശ്യമാണ്. ഇന്നുരാവിലെ ഉണ്ടായ ഒരു ചോദ്യത്തിനു ഉത്തരം പറഞ്ഞയവസരത്തിൽ ചെല്ലാനം മുതലായ സ്ഥലങ്ങളിൽ കടലാക്രമണങ്ങളിൽ നിന്നുണ്ടായ നാശങ്ങളുടെ നിവാരണത്തിനായി ഏകദേശം ഒരുകോടി രൂപയോളം ചെലവുചെയ്യേണ്ടതായി വരുമെന്നും അതു സാദ്ധ്യമല്ലെന്നും ഗവണ്മെൻറുഭാഗത്തുനിന്നും പറയുകയുണ്ടായി. ഇതിലേയ്ക്ക് ഒരുകോടിരൂപ വേണ്ടിവരുമോ എന്ന കാര്യത്തിൽ തന്നെ സംശയമുണ്ട്, അഥവാ ഇങ്ങനെയുള്ള ഒരു സ്ഥിതിഗതിയെ അഭിമുഖീകരിക്കുവാൻ ഒരുകോടി രൂപതന്നെ ചെലവാക്കേണ്ടിവന്നാലും അതിനെ അഭിമുഖീകരിക്കേണ്ടതു് രാഷ്ട്രത്തിൻെറ ചുമതലയാണ്. ഒരുകോടിയല്ല പത്തുകോടി രൂപതന്നെ ചെലവു വന്നാലും ഈ നാട്ടിലെ ജനങ്ങളെ രക്ഷപ്പെടുത്തേണ്ട ചുമതല അധികാരികൾക്കില്ലേ എന്നു ഞാൻ ചോദിക്കുന്നു. ഒരുകോടി രൂപ ചെലവായാൽ ചെല്ലാനം മുതലായ സ്ഥലങ്ങളിലെ ജനങ്ങളെ കടലാക്രമണത്തിൽനിന്നും രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ അതു ചെയ്യേണ്ടതു് രാജ്യം ഭരിക്കുന്ന അധികാരികളുടെ കടമയല്ലേ? ഇതിലേയ്ക്ക് നാലുലക്ഷംരൂപ ഗവണ്മെൻറു ചിലവാക്കുകയും ചെയ്തു. പക്ഷെ അതിലേയ്ക്കാവശ്യമുള്ള എസ്റ്റിമേററ തയ്യാറാക്കി വന്നപ്പോൾ ആ തുക

[ശ്രീ. ടി. വി. താമസ്സു്]

ലാപ്സായിപ്പോയെന്നാണ് പറയുന്നതു്. ഈ സ്റ്റേററിന്റെ വരുമാനം വച്ചുനോക്കുകയാണെങ്കിൽ ഈ നാലുലക്ഷം രൂപ ഒരു വലിയ ചെലവല്ലെങ്കിൽതന്നെയും ലാപ്സാക്കിക്കളയാതെ സൂക്ഷിക്കാമായിരുന്നു. ജനങ്ങളുടെ താല്പര്യം രക്ഷിക്കണമെന്നുള്ള ആത്മാർത്ഥമായ വിചാരം ഇന്നത്തെ ഗവണ്മെന്റിനുണ്ടെങ്കിൽ നാലുലക്ഷം രൂപയല്ല ഒരുകോടി രൂപതന്നെയും ഒരു വലിയ ചെലവായി കരുതാൻ ഇടയില്ലെന്നു മനസ്സിലാക്കേണ്ടതാണ്. അതിനാൽ ഈ മന്ത്രിസഭ രാജിവച്ചു പിരിഞ്ഞുപോകണം. ജനങ്ങളെ ഇത്രത്തോളം വെറുപ്പിച്ചിട്ടുള്ളതും രാജ്യത്തെ ഇത്രയധികം അധഃപതിപ്പിച്ചിട്ടുള്ളതും ക്ലേശിപ്പിച്ചിട്ടുള്ളതും ആയ ഒരു മന്ത്രിസഭയ്ക്കു് ഈ രാജ്യം ഭരിക്കുവാൻ എന്തു അർഹതയാണുള്ളതെന്നു ഞാൻ ചോദിക്കുന്നു.

അടുത്തതു് പുതിയ തിരഞ്ഞെടുപ്പാണ്. തിരഞ്ഞെടുപ്പു നടക്കുന്നതുവരെ ഞങ്ങൾ കെയർട്ടേക്കർ ഗവണ്മെന്റായി ഭരണം നടത്തുമെന്നു അവർ പറയുന്നു. അതിനു വ്യവസ്ഥയുണ്ടെന്നും പറയുന്നു "There shall be a council of Ministers" എന്ന ഒരു പ്രൊവിഷൻ ഉണ്ടെന്നു എനിക്കുമറിയാം. ഒരു തിരഞ്ഞെടുപ്പുവേളയിൽ തിരഞ്ഞെടുപ്പുകഴിഞ്ഞു പുതിയ മന്ത്രിസഭ രൂപീകരിക്കുന്നതുവരെ ഒരു മന്ത്രിസഭ ഉണ്ടായിരിക്കണം. അതിലേയ്ക്കു വേണ്ടിയാണ് ഈ വ്യവസ്ഥ വച്ചിരിക്കുന്നതു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എപ്പോഴും കോട്ടു്ചെയ്യുന്ന ശ്രീ. കെ. കെ. ബാസുവിന്റെ പുസ്തകത്തിൽ അതിനെപ്പററി വ്യക്തമായി പറയുന്നുണ്ടു്. ഒരു മിനിസ്റ്റ്രി കൗണ്ടർസയിൻ ചെയ്യേണ്ട ആവശ്യമില്ലായെങ്കിൽ ഒരു കെയർട്ടേക്കർ ഗവണ്മെന്റിന്റെ ആവശ്യമില്ലെന്നു് അദ്ദേഹം പറയുന്നു.

സർ, ഒരു തിരഞ്ഞെടുപ്പിനെപ്പററി ഇവിടെ ഇടതുപക്ഷ പാർട്ടികൾക്കു് വലിയ ഭയമില്ല. എന്റെ പാർട്ടിയെപ്പററി പറയുകയാണെങ്കിൽ യാതൊരു ഭയവുമില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു് ഞങ്ങൾക്കാർക്കും തന്നെ വോട്ടുചോദിക്കുവാൻ യാതൊരു സൗകര്യവുമുണ്ടായിരുന്നില്ല. ഞങ്ങളെ അത്രയ്ക്കു് അവഗണിക്കപ്പെട്ടിരിക്കുകയായിരുന്നു. ഞങ്ങളെ കുപ്പയിൽ തള്ളിയിരിക്കുകയായിരുന്നു. ഞങ്ങളിൽ പലരും ജയിലിലായിരുന്നു. പലരും ഒളിവിലായിരുന്നു. എന്നിട്ടുപോലും ഒരു നിയമസഭാകക്ഷിയായി ജനങ്ങൾ ഞങ്ങളെ ഉയർത്തിയിട്ടുണ്ടു്. ഞങ്ങൾ അവരുമായി അത്രയേറെ സമ്പർക്കപ്പെട്ടിട്ടുണ്ടു്. ഞങ്ങൾ അവർക്കുവേണ്ടി നിലവിളിച്ചിട്ടുണ്ടു്. അവരുടെ കണ്ണുനീരു തുടയ്ക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. അല്ലെങ്കിൽ ഇത്ര പ്രബലമായ ഒരു നിയമസഭാകക്ഷിയായി ഞങ്ങളെ ഉയർത്തുവാൻ ജനങ്ങൾ തയ്യാറാവുകയില്ലായിരുന്നു. ജനങ്ങൾ ഞങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം ഞങ്ങൾ പാലിച്ചിട്ടുണ്ടു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പ്രതിപക്ഷം എന്തുചെയ്തു എന്നു ചോദിക്കുന്നു. അങ്ങനെയൊരു ചോദ്യം ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ആററ്ലിയോ അല്ലെങ്കിൽ ചെയ്മ്പർലയിനോ ചോദിച്ചിട്ടില്ല. എതിർപക്ഷത്തിലിരിക്കുന്നവരല്ലാം എന്തെങ്കിലും ചെയ്യേണ്ടതു്; അധികാരത്തിലിരിക്കുന്നവരാണ്. എങ്കിലും ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടു്. അതിനുള്ള തെളിവു് ഇക്കഴിഞ്ഞ പഞ്ചായത്തുതിരഞ്ഞെടുപ്പുതന്നെയാണ്. പണച്ചാക്കുകൾ കുന്നുകുന്നായി പഞ്ചായത്തുതിരഞ്ഞെടുപ്പിനു കാൺഗ്രസ്സുകാർ ചെലവാക്കി. എങ്കിലും

ഭൂരിപക്ഷം ജനങ്ങളും കാൺഗ്രസ്സിനു വോട്ടുചെയ്തില്ല. അതിനാൽ ജനങ്ങൾക്കുവേണ്ടി ഞങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശ്വാസം ജനങ്ങളിലുള്ള കാലത്തോളം തിരഞ്ഞെടുപ്പിനെപ്പററി ഞങ്ങൾക്കു ഭയമില്ല. പക്ഷെ ഇന്നു തിരഞ്ഞെടുപ്പല്ലാ വേണ്ടതു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു ആൾട്ടർനേററീവ് ഗവണ്മെൻറാണു വേണ്ടതു്. പ്രതിപക്ഷങ്ങളുടെ ഒരു ഗവണ്മെൻറാണ് ഇന്നു ആവശ്യമുള്ളതു്. ആ വിശ്വാസത്തോടുകൂടി ഞങ്ങളുടെ പാർട്ടി ആദ്യകാലംമുതൽ പ്രവർത്തിച്ചിട്ടുണ്ടു്. അതിനുവേണ്ടി മററുള്ള പാർട്ടികളുമായി സഹകരിക്കുവാനും വിട്ടുവീഴ്ചകൾ ചെയ്യുവാനും ഞങ്ങൾ തയ്യാറായിരുന്നു. അതിനുവേണ്ടി ഞങ്ങളാൽ ആവതു് ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. ആ ഒരൊററ വസ്തുത മാത്രം ഞങ്ങൾ ജനങ്ങളുടെ മുൻപിൽ വച്ചാൽ ഞങ്ങളെ ജനങ്ങൾ തള്ളുകയില്ലെന്നു് ഞങ്ങൾക്കറിയാം. ജനങ്ങൾ ബോധമുള്ളവരാണു്, നന്ദിയുള്ളവരാണു്. അവർ പാവപ്പെട്ടവരെന്നും വിഡ്ഢികളെന്നും മററും മുഖ്യമന്ത്രി പറയുന്നു. അദ്ദേഹം അവരെ അങ്ങനെ വിളിച്ചുപോകും. അദ്ദേഹത്തിനു അത്രയ്ക്കു നിരാശയുണ്ടു്. അതിനാൽ പൊതുതിരഞ്ഞെടുപ്പിനെ ഞങ്ങൾ ഭയപ്പെടുന്നില്ല. എന്നാൽ എന്തുകൊണ്ടാണു് പൊതുതിരഞ്ഞെടുപ്പാവശ്യമില്ലെന്നു പറയുന്നതു്? ഒരു തിരഞ്ഞെടുപ്പിൻെറ കാലാവധി അവസാനിക്കുന്നതിനുമുമ്പു് അസംബ്ലി പിരിച്ചുവിടണമെങ്കിൽ അതിനു ചില പ്രത്യേക കാരണങ്ങൾ ഉണ്ടായിരിക്കണം. അതിലേയ്ക്കു് ജനങ്ങളുടെ പക്കൽനിന്നും പുതിയതായ മാൻഡേററു വാങ്ങേണ്ടതായ ഒരു പുതിയ ഇഷ്യു ഉണ്ടായിരിക്കണം. അങ്ങനെ എന്തെങ്കിലും ഒരു പുതിയ ഇഷ്യു, ജനങ്ങളുടെ പക്കൽനിന്നും പുതിയ മാൻഡേററു വാങ്ങേണ്ടതായ ഇഷ്യു, ഇപ്പോഴുണ്ടോ? ഞങ്ങൾക്കു് ഭൂരിപക്ഷമില്ല, അതുകൊണ്ടു് ഞങ്ങൾക്കൊരു ഭൂരിപക്ഷമുണ്ടാക്കിത്തരണം എന്നൊരു അഭ്യർത്ഥന ജനങ്ങളുടെ മുമ്പാകെ വയ്ക്കാമെന്നല്ലാതെ മറെറന്തെങ്കിലും ഒരു പുതിയ മാൻഡേററു ജനങ്ങളുടെ മുമ്പാകെ വയ്ക്കുവാൻ ഇന്നത്തെ കാൺഗ്രസ്സ് ഗവണ്മെൻറിനുണ്ടോ? ഇല്ലെങ്കിൽ, ഇങ്ങനെ ഒരു തിരഞ്ഞെടുപ്പു ഈയവസരത്തിൽ നടത്തുന്നതു ജനങ്ങളെ സംബന്ധിച്ചിടത്തോളം അനാവശ്യമാണു്, അതു ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്നതുമാണു്. ഒരു പൊതുതിരഞ്ഞെടുപ്പു, മുനിസിപ്പൽതിരഞ്ഞെടുപ്പുകൾ, പഞ്ചായത്തുതിരഞ്ഞെടുപ്പുകൾ ഇവയെല്ലാം ഈ അടുത്തകാലത്താണു നടന്നതു്. അങ്ങനെ തിരഞ്ഞെടുപ്പുകൾകൊണ്ടു് ജനങ്ങൾ ക്ലേശിച്ചിരിക്കുകയാണു്. ഈ ഘട്ടത്തിൽ ഒരു പൊതുതിരഞ്ഞെടുപ്പു വയ്ക്കുന്നതു ജനങ്ങൾ സഹിക്കുകയില്ല, അതു അവർ പൊറുക്കുകയില്ല, ജനങ്ങൾ അതാവശ്യപ്പെടുന്നുമില്ല. അതുകൊണ്ടാണു സർ, ഞങ്ങൾ പൊതുതിരഞ്ഞെടുപ്പിനെ എതിർക്കുന്നതു്.

Mr. Speaker: Time is over. This privilege was no given to the Leader of the House while moving the motion.

<u>ശ്രീ. ററി. വി. തോമസ്സ്</u> : ഇന്നത്തെ പരിതഃസ്ഥിതിയിൽ ജനങ്ങൾ സ്വീകരിക്കുന്നതും ജനങ്ങൾ ആഗ്രഹിക്കുന്നതുമായ ഒരു പരിപാടി പ്രതിപക്ഷങ്ങൾക്കു് മന്ത്രിസഭ രൂപീകരിക്കുന്നതിനു സൗകര്യം കൊടുക്കുകയെന്നുള്ളതാണു്. അതാണു് രാജപ്രമുഖൻ ചെയ്യേണ്ടതു് ഇവിടെ ഭരിക്കുവാൻ കഴിവില്ലാതെയും ഭൂരിപക്ഷമില്ലാതെയും വന്നാൽ ഉടൻ മന്ത്രിസഭ രാജിവച്ചു് പ്രതിപക്ഷത്തിനു അധികാരം കൊടുക്കുകയാണു വേണ്ടതു്.

[ശ്രീ. ടി. വി. തോമസ്സ്.]

സർ, ഈ സഭയിലെ മൂന്നിലൊരുഭാഗം അംഗങ്ങൾ അടങ്ങിയ കാൺഗ്രസ്സ് കക്ഷിക്കു ഭരണം കൊടുക്കുന്നതിനേക്കാൾ ഭൂരിപക്ഷമുള്ള പ്രതിപക്ഷകക്ഷികൾക്ക് ഭരിക്കാൻ സൗകര്യം കൊടുക്കേണ്ടതല്ലയൊ എന്നാണ് ഞാൻ ചോദിക്കുന്നതു്. അങ്ങിനെ പ്രതിപക്ഷങ്ങൾക്കു ഭരിക്കാനുള്ള സന്ദർഭം കൊടുക്കാതെ ഒരു പൊതുതിരഞ്ഞെടുപ്പു നടത്തണമെന്നു പറയുന്നതുതന്നെ പ്രജായത്തഭരണസിദ്ധാന്തത്തിനു വിരുദ്ധമല്ലെ? പ്രജായത്തഭരണം നിലവിലിരിക്കുന്ന ഇംഗ്ലണ്ടിൽ റാംസെ മാക്ഡൊണാൾഡിന്റെ ഗവൺമെന്റു തകർന്നപ്പോൾ, പാർലമെന്റു പിരിച്ചുവിട്ടുകൊണ്ടു ഒരു പൊതുതിരെഞ്ഞെടുപ്പു നടത്തണമെന്നു അദ്ദേഹം ഇംഗ്ലണ്ടിലെ കിംങ്ങിനെ ഉപദേശിച്ചതുപോലെ, ഇവിടെ ഗവൺമെന്റും ഇപ്പോൾ തകരുകയാണെങ്കിൽ നിയമസഭ പിരിച്ചുവിട്ടുകൊണ്ടു ഒരു പൊതുതിരെഞ്ഞെടുപ്പു നടത്തണമെന്നു ഉപദേശിക്കാൻ മുഖ്യമന്ത്രിക്കു അധികാരമുണ്ടെന്നു ഒരുപക്ഷെ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുമായിരിക്കാം. സർ, അവിടെ അന്നുണ്ടായിരുന്ന പരിതഃസ്ഥിതിയല്ലാ ഇവിടെ ഇന്നുണ്ടായിരിക്കുന്നതു്. അവിടെ ഒരു കക്ഷിക്കും ഭൂരിപക്ഷം കിട്ടുവാൻ സാദ്ധ്യമല്ലെന്നു കണ്ടതുകൊണ്ടാണ് ഒരു പൊതുതെരഞ്ഞെടുപ്പു നടത്തണമെന്നു ഉപദേശിച്ചതു്. ഇവിടെയൊ, കാൺഗ്രസ്സ് കക്ഷിക്കു ഭരിക്കാൻ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ ഭരണം നടത്താൻ ഭൂരിപക്ഷമുള്ള പ്രതിപക്ഷകക്ഷികളുണ്ടു്. അവരെ ഭരിക്കാൻ അനുവദിക്കേണ്ടതു്, ഭരിക്കാൻ അവർക്കും ഒരു സന്ദർഭം കൊടുക്കേണ്ടതു് ഡെമോക്രസിയുടെ അടിസ്ഥാനത്തിൽ ഒരു ന്യായം മാത്രമാണ്. സർ, അതുകൊണ്ടു് ഞങ്ങൾ ഇന്നുതന്നെ, ഈ പ്രമേയം പാസ്സാകുന്നില്ലെങ്കിൽ, ഭരണം പ്രതിപക്ഷകക്ഷികൾക്കു വിട്ടുകൊടുക്കണമെന്നു രാജപ്രമുഖന് എഴുതാൻ പോകുകയാണ്. ഇപ്പോഴത്തെ മന്ത്രിസഭ ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പരാജയപ്പെട്ടുപോകുകയാണെങ്കിൽ മുഖ്യമന്ത്രിക്കു ഒരു പൊതുതെരഞ്ഞെടുപ്പിനുവേണ്ടി ഉപദേശിക്കാൻ അവകാശമുണ്ടെന്നു വാദിക്കുന്നുവെങ്കിൽ തന്നെ അതു് ഒരു ഇംപ്രോപ്പർ അഡ്വൈസായിരിക്കും ചെയ്യുന്നതു്. ഒരു പൊതുതിരെഞ്ഞെടുപ്പു നടത്തത്തക്കവണ്ണം യാതൊരു പുതിയ ഇഷ്യുവും ഇവിടെ ഉണ്ടായിട്ടില്ലാ സ്ഥിതിക്കു് അനേകലക്ഷം രൂപ ചെലവു ചെയ്തു ഒരു തിരെഞ്ഞെടുപ്പു നടത്തേണ്ടയാവശ്യമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇപ്പോൾ തന്നെ കാൺഗ്രസ്സിനു ഭൂരിപക്ഷമില്ലാതിരിക്കുന്ന സ്ഥിതിക്കു ഇവർ രാജിവയ്ക്കേണ്ടതാണ്. അതു ചെയ്യുന്നതിനു പകരം ഭരണം തുടരുന്നതിനാണ് ആഗ്രഹിക്കുന്നതു്. ഈ ആഗ്രഹം ഒരു ദുരാഗ്രഹമെന്നല്ലാതെ ഒരിക്കലും ജനായത്ത ഭരണസിദ്ധാന്തത്തിനു യോജിച്ചതാണെന്നു പറയാൻ നിവൃത്തിയില്ല. ഈ കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

Shri K. Balakrishna Menon : Mr. Speaker, Sir, my party's attitude towards this motion has been made clear both at the platform and the Press long before, and we still stick on to the original view that so long as there is no majority for any single party to take up the administration of the State, the best thing would be dissolution of the House and fresh elections. We believe, Sir, our view has been justified by the development of events in the interval. Today, if

Members of the Opposition did not cross the floor and support the Ministry, the ministry would be thrown out. We are not concerned as to who is going to support the ministry. We are not concerned as to what is going to be the ultimate fate of the present motion. We are only concerned with doing our duty to the public and to ourselves also—I would lay emphasis upon the duty upon ourselves as individuals. We saw in the papers a statement made by the ministry. I would say, Sir, it is a challenge on the self-respect of every one of us in the Opposition. It is a sort of threat. What is the threat? The threat is "if you 61 gentlemen are not going to vote in support of the motion that is placed before you, you are getting out. Not only that, we are going to continue in office. We will dissolve the House, but don't be under the impression that the ministry will go out". That, according to me, is something which is a direct challenge to the self-respect of every hon. Member sitting on this side of the House. The simple question to be considered by the hon. Members would be this. Are you going to accept the challenge or are you not? Sir, I really do not understand why this opportunity has been made use of by a responsible limb of the ministry for expounding theories of the first principles of constitutional law and democratic convention. I for one, do not find any occasion for all those things. On the other hand, everybody would have been happy if the ministry instead of preaching the principles of democracy and democratic convention, had acted up to the democratic principles. They are preaching this only when they find themselves unable to carry on the administration and when the whole of the Opposition say that they have no confidence in the ministry. Flouting the opinion of those Members, flouting the opinion of the public at large, they still want to continue in office; and when the Communists say that they are prepared to take over the ministry, they cannot agree. I may here point out an incident when a responsible member of the Public,a responsible leader of the party in power, tried to coax an hon. Member belonging to my party, at any rate to desist from voting against the motion by sweet promises. I ask, Sir is this democracy? I do not say this light-heartedly, and my friend on this side will himself vouch for the truth of this statement. Now, I ask where is your Keith and Dicey and Jennings. You care two hoots for them. Now, you come and tell us, the 61 gentlemen sitting on this side to vote in favour of the motion. I submit, Sir, we on our part refuse to vote in favour of the motion. We are not going to bend our knees and accede to their request to support the motion. We are going to vote against you. That has been our position throughout. So far as we are concerned, the question is simple. Does this House want the Congress Ministry to continue in office? I ask the

[Shri K. Balakrishna Menon.]

Congress Government why do you make this statement, and under the shadow of a threat try to win the members sitting on this side of the House to your side ? I have nothing more to add. We will oppose this motion.

ശ്രീ. പി. സദാശിവൻ പിള്ള : സർ, മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സർ, ഇപ്രകാരം ഒരു വിശ്വാസപ്രമേയം ഈ സഭാതലത്തിൽ അവതരിപ്പിക്കുന്നതിന് ഉണ്ടായ സാഹചര്യങ്ങളെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. ഈ അവസരത്തിൽ സർ, എനിക്ക് ബഹുമാനപ്പെട്ട അംഗങ്ങളെ അനുസ്മരിപ്പിക്കുവാനുള്ളത് പത്ത് പതിനാറു മാസങ്ങൾക്കുമുമ്പ് ഞങ്ങളുടെ പാർട്ടി ഭരണമേറ്റതിനുശേഷം കോൺഗ്രസ്സ് മന്ത്രിസഭ ഈ സഭാതലത്തിൽ ഒരു വോട്ട് ഓൺ അക്കൌണ്ട് കൊണ്ടുവന്ന ആ സന്ദർഭമാണ്. കേവലം നാല്പതിനാലുപേരുടെ മാത്രം പിൻതുണയെയും പിൻബലത്തെയും കണ്ടുകൊണ്ടുമാത്രമാണ് അന്നു നാലുമാസത്തേക്ക് ഒരു വോട്ട് ഓൺ അക്കൌണ്ടുമായി ഈ സഭാതലത്തിൽ പ്രവേശിച്ചതെങ്കിലും ഈ രാജ്യം ഭരിക്കുന്നതിന് കോൺഗ്രസ് ഗവണ്മെന്റിനു അനുമതി കൊടുത്തതുകൊണ്ട് അവർ തുടർന്നു ഭരിക്കുകയായിരുന്നു. അന്ന് ഈ രാജ്യത്തെ പൊതുജനങ്ങളുടെ പേരിൽ ഈ സഭാതലത്തിലേയ്ക്കു വന്നിട്ടുള്ള ജനപ്രതിനിധികൾ പതിനാറുമാസം കഴിഞ്ഞതോടുകൂടി, അവരുടെ അഭിപ്രായം പുനഃപരിശോധനചെയ്യുന്നതിനു എന്തെങ്കിലും സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നു നാം പരിശോധിച്ചുനോക്കേണ്ടതായിട്ടുണ്ട്.

സർ, ഈ കഴിഞ്ഞകൊല്ലമത്രയും തമിഴ്നാട് കോൺഗ്രസ് പാർട്ടിയുടെ പിൻതുണയോടുകൂടി ഈ രാജ്യം ഭരിച്ചുവന്നിരുന്ന കോൺഗ്രസ് കക്ഷിയിൽനിന്നും ആ വിഭാഗത്തിൽപ്പെട്ട ഒൻപതുപേർ ഇന്നു വിട്ടുപോയതുകൊണ്ടാണ് ഇന്നു ഈ സംഭവവികാസങ്ങൾ ഉണ്ടാകുന്നതിനിടയായിട്ടുള്ളത്. കോൺഗ്രസ് കക്ഷിയിൽനിന്നും അവർ പിരിഞ്ഞുപോകാനിടയായ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് അവർ പല പത്രപ്രസ്താവനകളും നടത്തുകയുണ്ടായിട്ടുണ്ട്. അവരുടെ പ്രസ്താവനകളിൽനിന്നും നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്, ഈ രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ അവർക്കോ അവരുടെ കക്ഷിക്കോ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായിട്ടല്ല അവർ പിരിഞ്ഞുപോകുന്നതു് എന്നാണ്. കേവലം സംഘടനാപരമായ കാര്യങ്ങൾ വച്ചുകൊണ്ട്, സംഘടനാപരമായ ഒരു കാര്യം അനുവദിച്ചുകൊടുക്കാതിരുന്നിട്ടുള്ളതുകൊണ്ടുമാത്രമാണ് ഈ കോൺഗ്രസ്സ് കക്ഷിയിൽ നിന്നവർ പിരിഞ്ഞുപോകുന്നതെന്നു ഇരണിയൽവച്ചു ചെയ്ത തീരുമാനമനുസരിച്ച് അവർ പ്രഖ്യാപനം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

സർ, ഇതിൽ ഒരു തത്വം അടങ്ങിയിട്ടുണ്ടെന്നു ഞാൻ സൂചിപ്പിച്ചുകൊള്ളട്ടെ. സംഘടനാപരമായ കാര്യങ്ങൾക്കുവേണ്ടിയാണെങ്കിൽ അതു ഈ സഭാതലത്തിൽ പ്രതിപാദിക്കേണ്ട ആവശ്യമില്ല. എന്നാൽ സംഘടനാപരമായ കാര്യങ്ങൾ മാത്രമല്ല, അതിൽ അടങ്ങിയിട്ടുള്ളതു്. അതിൽ തികച്ചും ഭരണപരമായ കാര്യങ്ങളും അടങ്ങിയിട്ടുണ്ടെന്നു എടുത്തു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സംഘടനാപരമായി മാത്രമാണെങ്കിൽ അവർക്കു

ഒരു ഡിസ്ട്രിക്‌റ്റ് കാൺഗ്രസ്സ് കമ്മിററി രൂപീകരിക്കുന്നതിൽ ഈ സഭ ശ്രദ്ധിക്കേണ്ട ആവശ്യമില്ല. എന്നാൽ അവർ ആവശ്യപ്പെട്ടതു ചേർന്നു കിടക്കുന്ന താലൂക്കുകൾ മാത്രമല്ല, മറേറതാനും താലൂക്കുകൾകൂടി ഉൾപ്പെടുത്തി ഒരു പ്രദേശ് കാൺഗ്രസ്സ് സംഘടന വേണമെന്നാണ്. അതിനു കാൺഗ്രസ്സ് തയ്യാറാകണമെന്നും അങ്ങനെയാണെങ്കിൽ അവർ കാൺഗ്രസ്സ് പാർട്ടിയിൽ പൂർണ്ണമായിരിക്കാൻ തയ്യാറാണെന്നും, ഇന്നു ഭരണം നടത്തിക്കൊണ്ടിരിക്കുന്ന കക്ഷിയെ പിൻതുണ കൊടുക്കാൻ തയ്യാറാണെന്നും അവർ വ്യക്തമായി പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അപ്രകാരം ഒരു യൂണിററ് അനുവദിച്ചുകൊടുക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശവും അർത്ഥവുമെന്താണെന്നു ചിന്തിച്ചു നോക്കണമെന്നാണു എനിക്കു അറിയിക്കുവാനുള്ളതു്. തെക്കൻ തിരുവിതാംകൂറിലുള്ള ഏതാനും താലൂക്കുകളും വടക്കൻ തിരുവിതാംകൂറിലുള്ള ഒന്നു രണ്ടു താലൂക്കുകളുംകൂടി ഉൾപ്പെടുത്തി സംഘടനാപരമായി ഒരു യൂണിററ് അനുവദിച്ചുകൊടുക്കുകയാണെങ്കിൽ അതു അവരുടെ ഭാഷാപ്രവിശ്യാവാദത്തെ മുൻകൂട്ടി സമ്മതിച്ചു കൊടുക്കുന്നതിനു തുല്യമാണ്. ഒരു ബൗണ്ടറി കമ്മീഷന്റെ നിയമനം ആസന്നമായിരിക്കുന്ന ഈ സന്ദർഭത്തിൽ ഇപ്രകാരം സമ്മതംകൊടുക്കുവാൻ കാൺഗ്രസ്സ് പാർട്ടി ഒരു തീരുമാനമെടുക്കണമെന്നു അവർ നിർബ്ബന്ധിക്കുകയുണ്ടായി. എന്നാൽ കാൺഗ്രസ്സ് പാർട്ടിയിലെ അംഗങ്ങൾ അങ്ങനെയൊരു തീരുമാനത്തിനു തയ്യാറില്ല. എന്തുകൊണ്ടെന്നാൽ ബൗണ്ടറി കമ്മീഷന്റെ അന്വേഷണത്തിനുശേഷം ഈ വക കാര്യങ്ങളെപ്പററി എന്തെങ്കിലും തീരുമാനം എടുക്കുന്നതാണ് ജനായത്തപരമായി ശരിയായിട്ടുള്ളതു്. മാത്രമല്ല, അതിനു പൊതുജനങ്ങളുടെ അനുമതിയും അഭിപ്രായവും അറിയേണ്ടതുമുണ്ട്. ഒരു പക്ഷെ പ്രതിപക്ഷത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർ തമിഴ്നാട്ട കാൺഗ്രസ്സിന്റെ ഭാഷാപ്രവിശ്യാവാദം ഇന്നവർ ഉന്നയിച്ചുകൊണ്ടിരിക്കുന്ന രീതിയിൽ സമ്മതിച്ചുകൊടുക്കാൻ തയ്യാറുള്ളവരായിരിക്കാം. അങ്ങനെ തയ്യാറാണെങ്കിൽ അവരോടു് അതു ജനങ്ങൾ ചോദിച്ചുകൊള്ളും.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഏതു ജനങ്ങളോടാണ്, എവിടത്തെ ജനങ്ങളോടാണ് ചോദിക്കേണ്ടതു്?

ശ്രീ. പി. സദാശിവൻ പിള്ള: ഇവിടത്തെ ജനങ്ങളോട്, തിരുവിതാംകൂർ-കൊച്ചിയിൽ താമസിക്കുന്ന ജനങ്ങളോട്ട അഭിപ്രായം ആരായണം. ഇവിടത്തെ ജനങ്ങളുടെ അഭിപ്രായം ആരായുന്നതിനു മുൻപു ഈ പ്രശ്നത്തിനൊരു തീരുമാനം കൈക്കൊള്ളുന്നതിനു ഞങ്ങൾ തയ്യാറില്ല. ഈ രാജ്യത്തെ പൊതുജനങ്ങളെ വിശ്വസിച്ചുകൊണ്ടു ഈ പ്രശ്നത്തിൽ ഒരു തീരുമാനമെടുക്കേണ്ട ആവശ്യമില്ല. പ്രതിപക്ഷത്തിരിക്കുന്നവർ അങ്ങനെ ചെയ്യുന്നെങ്കിൽ അവരുടെ അഭിപ്രായം അനുസരിച്ചു പ്രവർത്തിച്ചുകൊള്ളട്ടെ. ഇതേ സംബന്ധിച്ചു ഞങ്ങൾ ആവിഷ്കരിച്ചിട്ടുള്ള അഭിപ്രായം ഈ നാട്ടിലെ ജനങ്ങളുടെ അഭിലാഷവും അഭീഷ്ടവും അനുസരിച്ചു മുൻപോട്ടു പോകണമെന്നുള്ളതാണ്.

ശ്രീ എൻ. രാഘവക്കുറുപ്പ്: തമിഴ്നാട്ട കാൺഗ്രസ്സിനെ സംഘടനാപരമായി സംഘടിക്കാൻ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പി. സദാശിവൻ പിള്ള: ഇതു മൗലികമായ ചില കാര്യങ്ങളെ സംബന്ധിക്കുന്ന ഒരു പ്രശ്നമാണ്. ഈ രാജ്യത്തെ ബാധിക്കുന്ന ചില പ്രശ്നങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട് എന്ന സംഗതി എന്റെ സ്നേഹിതനായ തിരുവാർപ്പു മെമ്പർ അനുസ്മരിക്കാതെ ഈ ചോദ്യം ചോദിച്ചതാണെന്നാണ് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: തമിഴ്നാട്ടു കാൺഗ്രസ്സുകാർ അവിടത്തെ ജനങ്ങളോടാലോചിച്ചില്ലെന്നാണോ പറയുന്നത്.

Mr. Speaker : Order, order, please. I would say that the hon Member's question is as inaudible, as it is unintelligible.

ശ്രീ. പി. സദാശിവൻ പിള്ള: സർ, ഈ രാജ്യത്തു ഭരണഭാരം ഏറ്റെടുക്കഴിഞ്ഞതിനുശേഷം കാൺഗ്രസ്സ് ഈ രാജ്യത്തിലെ ജനങ്ങളുടെ ജീവിതത്തോത് ഉയർത്തുന്നതിനും രാഷ്ട്രത്തിന്റെ പുനരുദ്ധാരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള നടപടികളുടെ സമഗ്രമായ പട്ടിക മുഖ്യമന്ത്രി ഈ സഭാതലത്തിൽ സമർപ്പിക്കയുണ്ടായി. അദ്ദേഹം പറഞ്ഞതു് ഇന്നു് ഈ രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും ഈ രാജ്യത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള പദ്ധതികൾ സമാരംഭിച്ചുകഴിഞ്ഞിട്ടുണ്ട് എന്നാണ്. ചിലതെല്ലാം അതിന്റെ പ്രാരംഭദശയിൽ മാത്രമാണിരിക്കുന്നതെന്നും അതു പൂർത്തീകരിക്കുന്നതിനു കാൺഗ്രസ്സ് ഗവണ്മെന്റിനു ആഗ്രഹമുണ്ടെന്നും അതു് സഫലമാകുന്നതിന് ഈ രാജ്യത്തെ ബഹു: ജനങ്ങളുടെ സേവനസന്നദ്ധതയോടു കൂടിയുള്ള സഹകരണം ഉണ്ടെന്നും അതു നൽകുവാൻ അവർ മുന്നോട്ടു വന്നിട്ടുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അതിന് മറുപടി പറഞ്ഞുകൊണ്ടു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞതു് ഈ രാജ്യത്തെ ജനങ്ങൾക്ക് നിങ്ങളിൽ വിശ്വാസമില്ലായെന്നുള്ളതു് പലയവസരങ്ങളിലും പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുണ്ടെന്നും അതുകൊണ്ടു് രാജിവച്ചു പോകുക എന്നും ആണ്. ഇതു് അദ്ദേഹത്തിന്റെ പല്ലവി ആവർത്തിക്കുക മാത്രമാണ്. ഒന്നു ചോദിച്ചുകൊള്ളട്ടെ, പുനരുദ്ധാരണപ്രവർത്തനങ്ങൾക്കു വിഘാതമായി ഇന്നു് പ്രതിബന്ധങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതു് ഇന്നു പ്രതിപക്ഷമെന്നു ഭാവിക്കുന്ന നിങ്ങളുടെ പ്രവർത്തനങ്ങളല്ലേ?

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. നിങ്ങളുടെ എന്നു മെംബർ ഉദ്ദേശിക്കുന്നതു് ആരുടെയാണ്; സ്പീക്കറുടെയാണോ?

Mr. Speaker : The reference is about the Opposition party It is as clear as day light.

ശ്രീ. പി. സദാശിവൻ പിള്ള: സർ, ഈ രാജ്യത്തിന്റെ പുനരുദ്ധാരണത്തിന് ഇന്നു് ഏററവും ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായി സംഘടിപ്പിച്ചിട്ടുള്ള.... ... ...

ശ്രീ. ടി. എ. തോമസ്: പ്രതിബന്ധം സംഘടിപ്പിച്ചിട്ടുള്ളതായി ഏതെങ്കിലും ഒരു തെളിവ് ഇവിടെ ഹാജരാക്കാൻ സാധിക്കുമോ?

ശ്രീ. പി. സദാശിവൻപിള്ള: സർ, ജനങ്ങളുടെ ജീവിതതോതു് ഉയർത്തുന്നതിനും രാഷ്ട്രപുനരുദ്ധാരണത്തിനും ഏററവും ആവശ്യമായിട്ടുള്ള പദ്ധതികൾ കാൺഗ്രസ്സ് ഗവണ്മെൻറ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് ഈ രാജ്യത്തെ ഉൽപാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണു്. അതിലേക്കു് ഇവിടത്തെ കൃഷിവികസനമാണു് ഏററവും പ്രാധാന്യമർഹിക്കുന്നതു്. അതുകൊണ്ടു് കൃഷിവികസനപദ്ധതികളും പ്രാഥമികമായി പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നു. അതിൻെറ ഫലമായിട്ടാണു് കാർഷികവികസനപദ്ധതികൾക്കു് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതും അതു കൂടുതൽ പ്രയോജനകരമാക്കുവാൻ ശ്രമിച്ചുവരുന്നതും. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ പറയുന്നതു് ഈ രാജ്യത്തെ വ്യാവസായിക പുനരുദ്ധാരണത്തിനു വേണ്ടിയുള്ള കാര്യങ്ങൾക്കു് കാൺഗ്രസ്സ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നാണു്. ഈ രാജ്യത്തെ തൊഴിലില്ലായ്മ വളരെ രൂക്ഷതരമായി വർദ്ധിച്ചിരിക്കുന്നു എന്നും മററും പറയുകയുണ്ടായി. സർ, കഴിഞ്ഞ ബഡ്ജററുവാദപ്രതിവാദവേളയിൽ പ്രതിപക്ഷനേതാവു പറഞ്ഞതു് ഈ രാജ്യത്തു് സ്വകാര്യവ്യവസായഉടമകളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന ഒരു നയമാണു് കാൺഗ്രസ്സ് സ്വീകരിച്ചുവരുന്നതെന്നാണു്. നമ്മുടെ നാട്ടിലെ സ്വകാര്യവ്യവസായഉടമകളെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടു് ഈ രാജ്യത്തെ വ്യാവസായികപുനരുദ്ധാരണത്തിനു കാര്യമായി എന്തെങ്കിലും ചെയ്യാൻ കഴിയാതെ പോകുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി. അതിനു മറുപടിയായി എനിക്കു പറയുവാനുള്ളതു് വ്യാവസായികപുനരുദ്ധാരണനടപടികൾക്കായി പഞ്ചവത്സരപദ്ധതിയനുസരിച്ചു് പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശപ്രകാരം വായ്പകളും മററും എടുത്തു കാൺഗ്രസ്സ് ഇവിടത്തെ വ്യാവസായികപദ്ധതികൾ മുമ്പോട്ടു കൊണ്ടുപോകാൻ പരിശ്രമിക്കുകയാണു് എന്നാണു്.

സർ, ഈ രാജ്യത്തു് എന്തെങ്കിലും തൊഴിലുണ്ടാകണമെങ്കിൽ പണമുള്ളവർക്കു് അതു മുടക്കുന്നതിനുള്ള സന്നദ്ധതയുണ്ടാകണം. ഒരാളിനു് തൊഴിലുണ്ടാകണമെങ്കിൽ അയാളുടെ അയൽപക്കത്തിരിക്കുന്ന മററാരെങ്കിലും പണംമുടക്കിയാൽ മാത്രമേ അതു സാധിക്കുകയുള്ളു. അതു് സമ്പത്തികശാസ്ത്രജ്ഞന്മാർ സമ്മതിച്ചിട്ടുള്ള ഒരു തത്വമാണു്. സർ, തൊഴിലില്ലാത്തവൻെറ പിച്ചച്ചട്ടിയും പണമുള്ളവൻെറ ഇരുമ്പുപെട്ടിയും പരസ്പരം ബന്ധിതമായി കിടക്കുകയാണു്. ഇന്നു തൊഴിലുണ്ടാക്കുവാൻ ആവശ്യമായ നടപടികൾ ഗവണ്മെൻറു് എടുത്തുവരുന്നുണ്ടു്. അതിനാണു് പണമുള്ളവരിൽനിന്നു് അവരുടെ ധനം വ്യാവസായിക സ്ഥാപനങ്ങളിൽ മടക്കി തൊഴിലില്ലായ്മയെ നിർമ്മാർജ്ജനം ചെയ്യണമെന്നു് കാൺഗ്രസ്സ് ഗവണ്മെൻറു് ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തെ കൃഷിവികസനപരിപാടികൾമൂലം ഉൽപാദനം വർദ്ധിപ്പിക്കണമെന്നും സ്വകാര്യഉടമകൾക്കു് വ്യാവസായികരംഗത്തു് വിനിയോഗിക്കുവാൻ കൂടുതൽ ധനസമ്പാദനമാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും കോൺഗ്രസ്സ് ആഗ്രഹിക്കുന്നു. താൽക്കാലികമായി രൂക്ഷതരമായ തൊഴിലില്ലായ്മക്കു് പരിഹാരം കണ്ടെത്തുന്നതിനും കോൺഗ്രസ്സ് ചില പരിപാടികൾ സ്വീകരിച്ചിട്ടുണ്ടു്. തോട്ടപ്പള്ളിസ്പിൽവേയും ആലപ്പുഴ തോട്ടുവെട്ടും പള്ളിവാസൽ പദ്ധതിയും മററും ഇപ്രകാരം ഈ രാജ്യത്തു് സംജാതമായിരിക്കുന്ന തൊഴിലി

[ശ്രീ. പി. സദാശിവൻപിള്ള.]

ല്ലായ്മയുടെ രൂക്ഷതയെ നിർമ്മാർജ്ജനംചെയ്യുന്നതിനായി തുടങ്ങിയിട്ടുള്ള പദ്ധതികളാണ്. ഇങ്ങനെ വളരെ ശാസ്ത്രീയമായും ഈ പദ്ധതികളുടെ അടിസ്ഥാനത്തിലും ഈ രാജ്യത്തിന്റെ പുനരുദ്ധാരണ സംരംഭങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഈ കാൺഗ്രസ്സ് ഗവണ്മെന്റിന്റെ അഭിപ്രായം. അതിന് ഈ രാജ്യത്തെ ജനങ്ങൾ പിൻതുണ നൽകുമെന്നും അവർക്കു പിൻബലംകൊടുക്കുമെന്നും അവക്കു വിശ്വാസമുണ്ട്. നിങ്ങൾ അതിനു തയാറുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഇല്ലെങ്കിൽ വരിക, പോകാം. ഞങ്ങളുടെയും നിങ്ങളുടെയും പരമാധികാരികളായ ജനങ്ങളുടെ മുമ്പിലേയ്ക്കു നമുക്കു ഇറങ്ങിപ്പോകാം. അവരുടെ വിധി നമുക്കു സ്വീകരിക്കാം.

ശ്രീ. ടി. വി. തോമസ്: പ്രതിബന്ധങ്ങൾ ഉണ്ടാക്കി എന്നു പറഞ്ഞു..........

Mr. Speaker: The Member has resumed his seat. Mr. Divakaran.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ സഭയുടെ നേതാവും ഇന്നത്തെ ഗവണ്മെന്റിന്റെ മുഖ്യമന്ത്രിയുമായ ശ്രീ. എ. ജെ. ജാൺ അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ എതിർക്കുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. കഴിഞ്ഞ അക്ടോബർമാസത്തിൽ ഞങ്ങളുടെ നേതാവ് ഒരു അവിശ്വാസപ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഞങ്ങളെ "അവിശ്വാസിക"ളെന്നു മറുഭാഗത്തുനിന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു രാഷ്ട്രീയമായ മതപരിവർത്തനത്തിനുവേണ്ടിയുള്ള ശ്രമം ശ്രീ എ. ജെ. ജാൺ നടത്തി ഞങ്ങളെ "വിശ്വാസി"കളാക്കാനുള്ള ഒരു സംരംഭത്തിൽ അദ്ദേഹം ഏർപ്പെട്ടിരിക്കുന്നുവെന്നു തോന്നുന്നു. ഏതായാലും അദ്ദേഹത്തിന്റെ പ്രസംഗം വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരുന്നു. അദ്ദേഹം കാൺഗ്രസ്സ് ഗവണ്മെന്റിന്റെയും, കാൺഗ്രസ്സിന്റെയും മഹിമകളെപ്പററി പറയുന്നതോടൊപ്പം ജനങ്ങൾക്ക് കാൺഗ്രസ്സിനോടും ഈ ഗവണ്മെന്റിനോടു പ്രത്യേകമായുമുള്ള കൂറിനെപ്പററിയും പ്രസ്താവിക്കുകയുണ്ടായി. അതിൽനിന്ന് ഈ ഗവണ്മെന്റിനോടു മാത്രമല്ല, ഒരു കാൺഗ്രസ്സ് ഗവണ്മെന്റിനോടു ഈ രാജ്യത്തെ ജനങ്ങൾക്കും ഈ സഭയ്ക്കും വിശ്വാസമുണ്ടോയെന്നുകൂടി ഈ വിശ്വാസപ്രമേയത്തിൽ ഉൾക്കൊള്ളുന്നതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അതുമാത്രവുമല്ല, പ്രമേയം പാസാകാതിരുന്നാൽ വീണ്ടും ഒരു തിരഞ്ഞെടുപ്പുണ്ടാകുമെന്നും ആ തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു കൂടുതൽ അനുകൂലമായ പരിതഃസ്ഥിതി ഉണ്ടാകാൻ ഇടയുണ്ടെന്നും ചില കണക്കുകൾമൂലം അദ്ദേഹം തുഷ്ടിപ്പെടുകയുണ്ടായി. ചുരുക്കത്തിൽ ഈ സഭയുടെ പ്രതിപക്ഷത്തിൽപ്പെട്ട അംഗങ്ങളുടെമേൽ തിരഞ്ഞെടുക്കപ്പെട്ട വോട്ടർമാർക്ക് വിശ്വാസം നശിച്ചിരിക്കുന്നു എന്ന് ഒരു സൂചനകൂടി ആ പ്രമേയംവഴി ഈ സഭമുമ്പാകെ വച്ചിരിക്കുകയാണ്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെമേൽ ആ നിയോജകമണ്ഡലത്തിലെ ആളുകൾക്കു അവിശ്വാസമുണ്ടായിരുന്നാൽ ആ നിയോജകമണ്ഡലത്തിലെ പൊതുജനങ്ങളുടെ അഭിലാഷത്തെ ആദരിക്കാതിരുന്നാൽ, എന്തുനടപടിയാണ് ആ മെംബറുടെ മേൽ സ്വീകരിക്കേണ്ടതെന്നു ഭരണഘടനയിൽ വ്യക്തമാക്കിയിട്ടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം അതിനു ഒരവകാശം ഭരണഘടനമൂലം ജനങ്ങൾക്ക് നൽകണമെന്നുള്ള അഭിപ്രായമാണുള്ളത്. ഒരു നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം

ആളുകൾക്കും ആ നിയോജകമണ്ഡലത്തിനെ പ്രതിനിധീകരിക്കുന്ന മെംബറെ തിരിച്ചുവിളിക്കാനുള്ള അവകാശം ഉണ്ടായിരിക്കണമെന്ന് നിർബന്ധമുള്ള ഒരു വിഭാഗം ആളുകളാണ് ഞങ്ങൾ. ആ അടിസ്ഥാനത്തിൽ ഒരു പ്രമേയംകൂടി ഈ സഭ പാസാക്കണമെന്ന് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുണ്ട്. കാൺഗ്രസ്സ് ഗവണ്മെൻറിനോടുള്ള വിശ്വാസം രേഖപ്പെടുത്തുന്നതിലേയ്ക്ക് ഒരു പ്രമേയം അവതരിപ്പിച്ചിരിക്കുന്ന അവസരത്തിൽ ഈ കാൺഗ്രസ്സ്ഗവണ്മെൻറ് വന്നതിനുശേഷവും അതിനുമുമ്പുമുള്ള നിലവാരം പൊതുവെ ഒന്നുനോക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു ഒരുത്തരവാദഭരണത്തിനുവേണ്ടി ജനങ്ങളെ ഒരു ദേശീയസ്വാതന്ത്ര്യസമരത്തിലേയ്ക്ക് കാൺഗ്രസ്സ് അണിനിരത്തിയിരുന്ന കാലത്തും, ആ സമരം നടത്തിയിരുന്നകാലത്തും ഇന്ന് കാൺഗ്രസ്സ് അധികാരത്തിൽകയറി ആറുവർഷം കഴിഞ്ഞശേഷവും ഈ കാൺഗ്രസ്സിന് ഒരു ദിവാൻഭരണത്തെക്കാൾ വ്യത്യസ്തമായ എന്തുമാററമാണ് വരുത്താൻ കഴിഞ്ഞിട്ടുള്ളതെന്നുള്ള അടിസ്ഥാനത്തിലാണ് ഈ ഭരണം വേണമോ വേണ്ടയോയെന്നുള്ള കാര്യത്തിൽ വിധിയെഴുതേണ്ടതു്. ഈ രാജ്യത്തെ എല്ലാ തുറകളിലും നാം തിരിഞ്ഞുനോക്കുന്ന അവസരത്തിൽ ഏററവും പ്രധാനമായി ജനങ്ങളുടെ ജീവിതഗോത്തു ഉയർത്താൻ ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ടോ എന്നു നാം നോക്കേണ്ടതുണ്ടു്. ശ്രീ. ഏ. ജെ. ജാൺ പ്രമേയം അവതരിപ്പിച്ചുകൊണ്ടു ഈ നാട്ടിലെ ജനങ്ങളുടെ ജീവിതഗോത്തു ഉയർത്തുന്നതിനു തങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നു കാണിക്കുന്ന കണക്കുകളായിരിക്കും തങ്ങളുടെ മുമ്പിൽ വയ്ക്കാൻ പോകുന്നതെന്നു ഞാൻ ന്യായമായി പ്രതീക്ഷിച്ചു. എന്നാൽ പഞ്ചായത്തുകളുടെയും, മുനിസിപ്പാലിററികളുടെയും വോട്ടിൻെറ കണക്കുകളാണു അദ്ദേഹത്തിനു സഭയുടെ മുമ്പിൽ വയ്ക്കാനുണ്ടായിരുന്നതു്. ഈ നാട്ടിൽ തൊഴിലില്ലായ്മയുണ്ടു്. ഈ കാൺഗ്രസ്സ് ഭരണം ഏറെറടുത്ത ശേഷം ഇത്രയാളുകൾക്കു തൊഴിൽകൊടുത്തുവെന്നു് ഒരു കണക്കുവയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ നാട്ടിൽ പട്ടിണിയുണ്ടു്. അതിൻെറ പരിഹാരത്തിനു ഇത്രമാത്രം ഞങ്ങൾ ശ്രമിച്ചിട്ടുണ്ടെന്നു ഒരു കണക്കു വയ്ക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനു ഈ ഗവണ്മെൻറു ഇന്നതെല്ലാം ചെയ്തിട്ടുണ്ടെന്നു കാണിക്കുന്ന ഒരു കണക്കും അദ്ദേഹം കൊണ്ടുവന്നിട്ടില്ല. ഇത്രമാത്രം ഭക്ഷ്യവർദ്ധനവു് ഉണ്ടായിട്ടുണ്ടെന്നു ഒരു കണക്കു കൊണ്ടുവരുന്നതിന് അദ്ദേഹം ശ്രമിച്ചിട്ടില്ല. ആ സ്ഥിതിയ്ക്കു ഞാൻ അങ്ങോട്ടു ചില വസ്തുതകൾ വയ്ക്കാമെന്നു വിചാരിക്കുന്നു.

ഈ കാൺഗ്രസ്സ് ഭരണമേററതിനുശേഷം ഇന്നു അരിറേഷൻ കുറഞ്ഞിട്ടുണ്ടെന്നും അതുപോലെ തന്നെ മുമ്പുണ്ടായിരുന്നതിനെക്കാൾ അരിവില കൂടിയിട്ടുണ്ടെന്നും പറഞ്ഞാൽ അതു് അധികാരത്തിലിരിക്കുന്ന കക്ഷി നിഷേധിക്കുമെന്നു തോന്നുന്നില്ല. ഈ കാൺഗ്രസ് ഭരണത്തിൻ കീഴിൽ അടച്ചിടപ്പെട്ട വ്യവസായശാലകൾ ധാരാളമുണ്ടു്. ഈ തിരുവനന്തപുരത്തെ ടൈററാനിയം ഫാക്ടറി, ഷുഗേഴ്സ് ആൻറ് കെമിക്കൽസ്, കുണ്ടറ ഇലക്ട്രിക് അലൈഡ്സ്, കൊല്ലത്തു കശുവണ്ടിഫാക്ടറികൾ, തൃശ്ശൂർ സീതാറാം മിൽസ് ഇങ്ങനെ പലതും അടച്ചിട്ടതു ഈ ഗവണ്മെൻറു അധികാരത്തിൽ വന്നതിനുശേഷമാണു്. അങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഈ കാൺഗ്രസ് ഗവണ്മെൻറിനു സാധിച്ചില്ലായെന്നു മാത്രമല്ല, ജനങ്ങളുടെ ജീവിതഗോത്തു അധഃപതിപ്പിക്കുന്നതിനു മാത്രമെ

[ശ്രീ ടി. കെ. ദിവാകരൻ]

കഴിഞ്ഞിരുന്നുവെന്നുള്ളതു ഒരു യാഥാർത്ഥ്യമാണ്. സാമുദായികമായ ചേരിതിരിവുകൾ നാട്ടിൽ സർവത്ര നടമാടുന്നതിനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിച്ചതും ഈ കാൺഗ്രസ് ഗവണ്മെൻറാണ്. കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ ഈ രാജ്യത്തെ സാമുദായികത്വം വളർത്തുകയാണ ചെയ്തിട്ടുള്ളതു്. ദേശീയസമരകാലത്തുണ്ടായിരുന്ന ദേശീയബോധം ഇന്നു ജനങ്ങളുടെയിടയിലുണ്ടോ എന്നു് നാം നോക്കണം. ഒരു ദേശീയകക്ഷിയായ കാൺഗ്രസ്സ് ഭരണമേററശേഷം പൊതുജനങ്ങളിൽ മാത്രമല്ല, സർവീസിൽപോലും സാമുദായിക മനോഭാവം ഉണ്ടായിട്ടുണ്ടെന്നുള്ള ആരോപണങ്ങൾ സാർവത്രികമായി കേൾക്കുന്നുണ്ട്. ഭരണകാര്യത്തിൽ സാമുദായിക മനോഭാവത്തോടുകൂടിയുള്ള സമീപനവും, അധികാരത്തിലിരിക്കുന്നതിനുവേണ്ടി സാമുദായികസംഘടനകളുടെ ഉപയോഗപ്പെടുത്തലുമാണ് ഇത്രമാത്രം സാമുദായിക ചിന്താഗതി നാട്ടിൽ വളർത്തുന്നതിനു സഹായിച്ചിട്ടുള്ളതു്. അങ്ങനെ ഈ നാട്ടിലെ ദേശീയബോധത്തെ തന്നെ കാൺഗ്രസ്സ് ഗവണ്മെൻറു നശിപ്പിച്ചിരിക്കുന്നുവെന്നുള്ളതു ഒരു വാസ്തവമാണ്. ഈ മന്ത്രിസഭയിലിരിക്കുന്ന ഒരു മന്ത്രി ഹൈന്ദവതാൽപര്യങ്ങൾ സംരക്ഷിച്ചുകൊള്ളാമെന്നു ഉറപ്പുനൽകി. എൻ. എസ്സ്. എസ്സ്. കേന്ദ്രത്തിൻെറ അംഗീകാരത്തോടുകൂടിയാണ മന്ത്രിസഭയിൽ പ്രവേശിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ അതു് അദ്ദേഹം നിഷേധിക്കുമെന്നു എനിക്കു തോന്നുന്നില്ല.

ഏതു ഗവണ്മെൻറുണ്ടായിരുന്നാലും നമുക്കൊരു സർവീസ്സ് ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. ഈ കാൺഗ്രസ്സ് ഗവണ്മെൻറിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്ക് അസംതൃപ്തിയെ കാണുന്നുള്ളൂ. ഇങ്ങു കീഴേക്കിടമുതൽ ഉയർന്ന ഗസററഡ് ആഫീസർവരെയുള്ളവർക്കുപോലും പ്രബലസമുദായത്തിൽപ്പെട്ട ഒരാളല്ല താനെങ്കിൽ തനിക്കു് ഈ ഗവണ്മെൻറിൻെറ കീഴിൽ നീതിലഭിക്കുകയില്ലെന്നു ഒരു ബോധം ഇന്നു ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ തിരുവിതാംകൂറും കൊച്ചിയും തമ്മിലുള്ള മത്സരം വേറൊരു ശത്രു്. കണ്ടിജൻസി ജീവനക്കാർക്ക് ജീവിക്കാൻ മതിയായ ശമ്പളം കിട്ടുന്നില്ലെന്നു ഒരു പരാതിയുണ്ട്. ഇന്നും തുച്ഛമാത്രമാണ് താഴ്ന്ന ഉദ്യോഗസ്ഥന്മാർക്ക് കിട്ടുന്നതു്. ഇങ്ങനെ ചെറിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുപോലും ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. അങ്ങനെ സംതൃപ്തികരമായ ഒരു സർവീസിനെ നിലനിറുത്തുന്നതിൽ ഈ കാൺഗ്രസ്സ് ഗവണ്മെൻറു പരാജയമടഞ്ഞിരിക്കുകയാണ് ചെയ്യുന്നതു്....'

സർ, ഒരു ഭരണത്തെപ്പററി നാം നോക്കുന്ന അവസരത്തിൽ സാംസ്കാരികമായ മൂല്യങ്ങളെപ്പററിയും നോക്കേണ്ടതുണ്ട്. ഈ ഭരണത്തിൻ കീഴിൽ പട്ടിണിമരണത്തിലും ആത്മഹത്യയ്ക്കും കൊലപാതകത്തിനുമെല്ലാം മനുഷ്യനു് പ്രേരണനൽകുന്നുണ്ടെങ്കിൽ സാംസ്കാരികമായ അധഃപതനത്തെയാണ അതു കാണിക്കുന്നതു്. ശ്രീമാൻ എ. ജെ. ജാണിൻെറ ഭരണത്തിൻകീഴിലാണ കരപ്പുംപടിയിൽ ദേവസ്യാ എന്ന പാവപ്പെട്ട ക്രിസ്ത്യാനി തൻെറ അഞ്ചുകുഞ്ഞുങ്ങളെ തീററിപ്പോററാൻ നിവൃത്തിയില്ലാതെ കിണററിൽ എറിയേണ്ടിവന്നതു്. ഇങ്ങനെ സ്വന്തം കുഞ്ഞുങ്ങളെ കിണററിൽ എറിയാനുള്ള ഹീനമായ ചിന്താഗതി വളരുന്നതു് എന്തുകൊണ്ടാണെന്നു നാം ആലോചിക്കണം. അങ്ങനെ സാംസ്കാരികമായ

നിലപാട് നോക്കുകയാണെങ്കിൽ കൊലപാതകത്തിനും ആത്മഹത്യയ്ക്കും മോഷണത്തിനും കൈക്കൂലിയ്ക്കും പ്രേരണ ഈ രാജ്യത്തു സാർവത്രികമായി പടർന്നുവരുന്നതായി നമുക്കു കാണാൻകഴിയും.

സർ, അടുത്തതായി ഭക്ഷണകാര്യത്തിലേയ്ക്കു ഞാൻ കടക്കുകയാണ്. ഈ രാജ്യത്തെ ഭക്ഷണകാര്യത്തിൽ ഈ ഗവണ്മെൻറ തികച്ചും പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ ഭക്ഷ്യമന്ത്രി പറഞ്ഞു ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം ഒരു പ്രശ്നമല്ലാതായിരിക്കുന്നുവെന്ന്. എന്നാൽ ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം അദ്ദേഹത്തിൻെറ മുൻപിൽ ഏററവും സജീവമായ ഒരു പ്രശ്നമായി ഉയർന്നുവെന്നുള്ളത് ഒരു വാസ്തവമാണ്. ഒരു കാലത്തും ഇല്ലാതിരുന്ന രീതിയിൽ ഒന്നര രൂപാവരെ ഒരുഇടങ്ങഴി അരിയ്ക്കു വിലകയറുകയും പട്ടിണികൊണ്ടു ജനങ്ങൾ മരിക്കുകയും കാളറ പടർന്നുപിടിക്കുകയും മരച്ചീനിപോലും കിട്ടാതെ ജനങ്ങൾ വിഷമിക്കുകയും ചെയ്യുന്ന ഒരവസ്ഥ ഈ രാജ്യത്ത് സംജാതമായത് എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. ഒരു ജനകീയഭരണത്തിൻെറ വിധിയെഴുതേണ്ടത് ആ സ്റ്റേററിലെ പോലീസിൻെറ പെരുമാററത്തെ നോക്കിവേണം. ഈ മന്ത്രിസഭയും കാൺഗ്രസ്സ് ഗവണ്മെൻറുകളും അധികാരത്തിൽ വന്നശേഷം ഈ നാട്ടിലുണ്ടായിട്ടുള്ള പോലീസ് മർദ്ദനങ്ങളുടെ കഥ നമുക്കെല്ലാവർക്കും അറിയാമെന്നുള്ളതാണ്. പോലീസിനെപ്പററി ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാതികൾക്കു ഒന്നുംതന്നെ ന്യായമായ ഒരു പരിഹാരവും ഇതുവരെയുണ്ടായിട്ടില്ല. ജനകീയഭരണത്തിൻകീഴിലുള്ള ഒരു പോലീസാണ് ഈ രാജ്യത്തുള്ളതെന്നുള്ള ഒരു സാമാന്യബോധംപോലും ഈ നാട്ടിലെ ജനങ്ങളിൽ വളർത്തുന്നതിനു ഈ ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ല. ദിവാൻഭരണകാലത്തുണ്ടായിരുന്നതിനെക്കാൾ ഭീകരമായ അനുഭവമാണ് പോലീസ്സുകച്ചേരിയിൽ ചെന്നാലുണ്ടാകുന്നത്. ഇതു മാററുന്നതിനു എന്തു പദ്ധതി വേണം? എന്തു പണം വേണം? പോലീസമർദ്ദനം അവസാനിപ്പിക്കുന്നതിനു എന്തു സ്കീമാണ് വേണ്ടതെന്നാണ് ഞാൻ കാൺഗ്രസ്സ് ഗവണ്മെൻറിനോടു ചോദിക്കുന്നത്. മറെറാന്ന്, ഈ രാജ്യത്തു അരാജകത്വം സാർവത്രികമായി വളർന്നുകഴിഞ്ഞിരിക്കുന്നുവെന്നുള്ളതിനെ ആർക്കും എതിർക്കാവുന്നതല്ല. ശക്തിയുള്ള ഒരു ഗവണ്മെൻറ നിലവിലുണ്ടെന്നുള്ള ചിന്തപോലും ഇന്ന് ജനങ്ങൾക്കു ഇല്ലാതായിത്തീർന്നിരിക്കുന്ന നാട്ടിൽ പല സ്ഥലങ്ങളിലും ഗുണ്ടാകൾ തലയുയർത്തിക്കഴിഞ്ഞിരിക്കുകയാണ്. മുമ്പു കാൺഗ്രസ്സിനെ എതിർക്കാനായി 'രാജഭക്തസംഘം' ഉണ്ടായതുപോലെ ഈ രാജ്യത്തെ പുരോഗതിയെ തടയാൻ "കമ്മ്യൂണിസ്ററ വിരുദ്ധ മുന്നണി" ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. അവർ രാജ്യത്തു അങ്ങോളമിങ്ങോളം പ്രതിപക്ഷകക്ഷികളുടെ യോഗങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന സംഘട്ടനങ്ങൾ നാം പത്രങ്ങളിൽ വായിക്കാറുണ്ടു്. ഈ രാജ്യത്തു തിരഞ്ഞെടുക്കപ്പെട്ട എം. എൽ. എ.മാർക്കും എം. പി. മാർക്കുപോലും പൊതുയോഗങ്ങളിൽ പ്രസംഗിക്കാൻ വയ്യാത്ത ഒരവസ്ഥയാണ് വന്നിട്ടുള്ളത്. ഇതിനെ താലോലിക്കുന്ന കാൺഗ്രസ്സ് ജനാധിപത്യത്തെപ്പററി അധികമൊന്നും സംസാരിക്കാതിരിക്കുകയാണ് ഭേദം.

അടുത്തതായി തൊഴിലാളിപ്രശ്നത്തിലേയ്ക്കു കടക്കുകയാണെങ്കിൽ കാൺഗ്രസ്സ് ഗവണ്മെൻറിൻെറ കീഴിൽ തൊഴിലാളികൾക്കു കിട്ടിട്ടുള്ളത് ഏററവും വലിയ ആശ്വാസം അവരുടെ സുശക്തമായ സംഘടനകളുടെ

[ശ്രീ. ടി. കെ. ദിവാകരൻ]

നേരെ അടിച്ചിറക്കിയ ആപ്പായ ഐ. എൻ. ടി. യു. സി.യാണ്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ നേരെ രണ്ടു വെടിവയ്പുകൾ നടത്തുകയുണ്ടായി. തൊഴിലാളികൾ വിപ്ലവമുണ്ടാക്കുന്നു. ഇടതുപക്ഷക്കാരാണ് അതിനു പ്രേരണനൽകുന്നതെന്നെല്ലാം പറയുന്നുണ്ടു്. കൊച്ചിൻ പോർട്ടുതൊഴിലാളികളുടെയിടയിലും പത്തുമലയിലും നടത്തിയ വെടിവയ്പ് ഈ രാജ്യത്തെ ഇടതുപക്ഷകക്ഷികൾ നയിക്കുന്ന തൊഴിലാളികളുടെ നേർക്കല്ലായിരുന്നു. ഏററവും ന്യായമായി തൊഴിലിനും ആഹാരത്തിനും വേണ്ടി സമാധാനപരമായി അണിനിരന്ന തൊഴിലാളികളുടെ നേർക്കാണു വെടിവയ്പു നടത്തിയതെന്നുള്ളതു നമുക്കെല്ലാം അറിവുള്ള കാര്യമാണ്. ഈ രാജ്യത്തു ഒരു മിനിമംവേജസ് ആക്ട് നിലവിലുണ്ടു്. പത്തിൽപരം തൊഴിലുകളിൽ മിനിമംവേജസ് നിശ്ചയിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളതു്. ഇതിനകം രണ്ടു വ്യവസായങ്ങൾക്കു മാത്രമെ മിനിമംവേജസ് നിശ്ചയിച്ചിട്ടുള്ളു. മുനിസിപ്പൽ, കയർ മിനിമംവേജസ് കമ്മിററികൾ ഗവണ്മെൻറിൻെറ മുമ്പാകെ റിപ്പോർട്ടു സമർപ്പിച്ചിട്ടു ഏതാണ്ടു ആറേഴുമാസം കഴിഞ്ഞിട്ടുണ്ടു്. ഏഴുമാസം കഴിഞ്ഞിട്ടും ഗവണ്മെൻറു അതിന്മേൽ നടപടി നടത്താതിരിക്കുന്നതിൽനിന്നും ഏററവും കുറഞ്ഞകൂലിപോലും തൊഴിലാളികൾക്കു നിശ്ചയിക്കുന്നതിലുള്ള ഗവണ്മെൻറിൻെറ മനോഭാവം എന്താണെന്നു തെളിയുന്നുണ്ടു്.

കൈത്തറിവ്യവസായത്തിൻെറയും കയർവ്യവസായത്തിൻെറയും കാര്യത്തിൽ ഈ ഗവണ്മെൻറു കൈക്കൊണ്ടിരിക്കുന്ന കുററകരമായ അനാസ്ഥ എല്ലാവർക്കും ബോദ്ധ്യമുണ്ടു്. അവരുടെ കാര്യത്തിൽ ഗവണ്മെൻറു എന്തൊക്കെയോ ചെയ്യുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും അവർക്കു യാതൊരുഫലവും ഇതുവരെയുണ്ടായിട്ടില്ലെന്നുള്ളതു ഒരു യാഥാർത്ഥ്യമാണ്. ഈ കാര്യത്തിൽ മദ്രാസിൽ ശ്രീ. രാജാജി നടപ്പിൽവരുത്തിയ ആശ്വാസനടപടികൾപോലും ഇവിടെയും ചെയ്യാതിരുന്നതു ഈ ഗവണ്മെൻറിൻെറ കുററമാണ്. കയർവ്യവസായം രാജ്യത്തെ സാമ്പത്തികശരീരത്തിനു വളരെ രക്തം സംഭാവനചെയ്യാൻ കഴിവുള്ള വ്യവസായമാണ്. അതു മരവിച്ചിട്ടു ഇപ്പോൾ രണ്ടു കൊല്ലത്തോളമായി കഴിഞ്ഞു. അതിപ്രധാനമായ ഈ കയർവ്യവസായ കാര്യത്തിൽ ഈ ഗവണ്മെൻറു കാര്യമായി യാതൊന്നും ശ്രദ്ധിച്ചിട്ടില്ലെന്നു പറഞ്ഞാൽ നമ്മുടെ സാമ്പത്തികജീവിതം മരവിച്ചു് ജനങ്ങളുടെ ക്രയശക്തി നശിക്കുവാൻ ഈ ഗവണ്മെൻറു അനുവദിക്കുന്നുവെന്നാണർത്ഥം.

സർ, ഇപ്പോൾ ഭരിക്കുന്ന ഗവണ്മെൻറിനു നല്ല ഒരു സർട്ടിഫിക്കററു അവരുടെ ആളുകൾതന്നെ നൽകിയിട്ടുണ്ടു്. ഇൻഡ്യാഗവണ്മെൻറിൻെറ ഹോം മിനിസ്റ്റർ ശ്രീ. കൈലാസനാഥ്കട്ജു ഈ രാജ്യത്തു കള്ളനോട്ടടി ഒരു നല്ല കുടിൽ വ്യവസായമായിട്ടുണ്ടെന്നു പാർലമെൻറിൽ ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അതു വച്ചുനോക്കുമ്പോൾ ഈ രാജ്യത്തെ ഗവണ്മെൻറിനെയും ഭരണകക്ഷിയെയുംപററി കേന്ദ്രഗവണ്മെൻറിനുള്ള മതിപ്പു എന്താണെന്നു നമുക്കു അറിയാം. മൂന്നു മാസത്തിനുള്ളിൽ തലസ്ഥാനനഗരിയിൽ ൧൭ മദ്യനിരോധനലംഘനകേസുകൾ ഉണ്ടായി എന്നു ഇന്നു രാവിലെ ഇവിടെ ചോദ്യോത്തരവേളയിൽ പ്രസ്താവിച്ചു. കള്ളച്ചാരായം വാററു ഇപ്പോൾ ഇവിടെ ഒരു കുടിൽവ്യവസായമായി നടക്കുകയാണ്.

മദ്യനിരോധനകാര്യത്തിൽ ഈ ഗവൺമെൻറ പരാജയപ്പെട്ടിരിക്കുകയാണ്.

സർ, വിശ്വാസപ്രമേയം അവതരിപ്പിക്കുന്നതു പാസാകാതിരുന്നാലുള്ള നടപടികളെപ്പററി അടുത്തകാലത്തു ചില വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി.

Mr. Speaker : Are you going to all the points covered by the Leader of the Opposition? Anyway no charge should be levelled against the Speaker that two members from this party alone were able to speak.

ശ്രീ. ടി. കെ. ദിവാകരൻ : ഭരണഘടനാപരമായ വശങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഈ പ്രമേയം പാസാകാതെയിരുന്നാലുള്ള ഭവിഷ്യത്തുകളെപ്പററി ഒരു വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ലായിരുന്നു. അതു അറിയുവാൻ കൗതുകമുണ്ടെങ്കിലും ഇവർ ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്ന വീറ് കാണുമ്പോൾ ശ്രീ. എ. ജെ. ജാണിന്റെ അഭിപ്രായമനുസരിച്ചാണ ഇവിടെ മന്ത്രിസഭ രൂപീകരിക്കുന്നതും കാര്യങ്ങളെല്ലാം നടക്കുന്നതും എന്നു തോന്നിപ്പോകുന്നു. കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചു എല്ലാം നടത്തിക്കൊണ്ടിരിക്കുന്ന ആളുകളാണ ഇവർ. രണ്ടുഅൻസരി വർദ്ധിപ്പിക്കുന്നതിനുപോലും കേന്ദ്രത്തിന്റെ അനുമതിയില്ലാതെ സാദ്ധ്യമല്ല. എന്നാലും ഇവിടെ നടത്തുന്നതെല്ലാം തങ്ങളുടെ അഗാധമായ ബുദ്ധിമണ്ഡലത്തിൽ നിന്നും രൂപംകൊണ്ട പ്രവൃത്തനങ്ങളാണെന്നു പൊതുജനങ്ങളെ ധരിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ നടത്തുന്നതു്. ഈ വിഷയത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ കൂടുതൽ കഴമ്പുണ്ടെന്നു എനിക്കു തോന്നുന്നില്ല. വിശ്വാസപ്രമേയം പാസായില്ലെങ്കിൽ അടുത്ത നടപടി എന്തായിരിക്കുമെന്നു രാജപ്രമുഖൻ ചിന്തിക്കാനുള്ളതാണ്. കേന്ദ്രഗവണ്മെൻറുമായി ആലോചിച്ചു അവരുടെ അഭിപ്രായം കൂടി അറിഞ്ഞു വേണ്ടതുപോലെ ഇവിടെ നടത്തും. ഇവരേക്കാൾ ഇക്കാര്യത്തിൽ ബുദ്ധിയും അറിവുമുള്ളവർ കേന്ദ്രത്തിൽ ഇക്കാര്യം ആലോചിച്ചു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. കേന്ദ്രഗവണ്മെൻറിന്റെയും പ്രത്യേകിച്ചും ശ്രീ. ജവഹരിലാൽ നെഹ്റുവിന്റെയും മുൻപിൽ ഈ രാജ്യത്തിന്റെ ഇപ്പോഴത്തെ പ്രശ്നം ഒരു ചോദ്യചിഹ്നമായി ഉയന്നിരിക്കുന്നു. ഏററവും വലിയ ജനാധിപത്യവാദിയെന്നു കൊണ്ടാടപ്പെടുന്ന ശ്രീ ജവഹരിലാൽ നെഹ്റു കാൺഗ്രസ്സ സംഘടനയുടെ പ്രസിഡൻറാണ്. ഇൻഡ്യാ ഗവണ്മെൻറിന്റെ പ്രധാനമന്ത്രിയുമാണ്. ഭാരതത്തിന്റെ അന്തസത്തയെയും ആർഷസംസ്കാരത്തെയും വ്യക്തിത്വത്തെയുംപററി പ്രസംഗിക്കാറുള്ള അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കാൺഗ്രസിന്റെയും പോക്കു എങ്ങോട്ടാണെന്നു ലോകം നോക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാ സ്ഥലങ്ങളിലും നിലവിലുള്ള ഭരണഘടനകൾ സസൂക്ഷ്മം പരിശോധിച്ചു തയ്യാറാക്കിയിട്ടുള്ള ഇൻഡ്യൻ ഭരണഘടനയുടെ പ്രവൃത്തനം സ്തംഭിച്ചുപോകത്തക്കവിധം ഇവിടത്തെ സംഭവങ്ങൾ കലാശിച്ചിരിക്കുകയാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ ഭരണഘടന നടപ്പിൽ വന്നശേഷം ഇപ്രകാരം ഒരു പ്രശ്നം ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. സ്വതന്ത്രമായ ഇൻഡ്യയുടെ ഭാവി ജനാധിപത്യമാർഗ്ഗത്തിലോ, ഏകാധിപത്യമാർഗ്ഗത്തിലോ എങ്ങോട്ടുാണ പോകുന്നതെന്നു

[ശ്രീ. ടി. കെ. ദിവാകരൻ]

ള്ളതിനു ഒരു വിധിയെഴുതാൻ പോകുന്നതു ഇവിടെ വച്ചാണ്. ജനങ്ങൾക്കുള്ള വിശ്വാസം നശിപ്പിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണ് അദ്ദേഹം എടുക്കുന്നതെങ്കിൽ പലരും ഇക്കാര്യത്തിൽ അദ്ദേഹത്തെ കുററപ്പെടുത്തുകയും ചെയ്യും. ഇവിടത്തെ മന്ത്രിസഭയെ സംബന്ധിച്ചുള്ള കാര്യങ്ങൾക്ക് വേണ്ടതു പ്രവർത്തിക്കാനുള്ള അവകാശം രാജപ്രമുഖനാണെങ്കിലും തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം ജവഹർലാൽ നെഹ്റുവിന്റെ ജനാധിപത്യപരമായിട്ടുള്ള തീരുമാനം എന്താണെന്നുള്ളതു ഇതരസംസ്ഥാനങ്ങൾ ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. ഇതു ഇപ്പോൾ ഇൻഡ്യയൊട്ടാകെ എന്നല്ല, ലോകമൊട്ടാകെയുള്ള ഒരു പ്രശ്നമായി തീർന്നിരിക്കുകയാണ്.

സർ, ഒരു തിരഞ്ഞെടുപ്പിനെ നേരിടാനുള്ള ഭയപ്പാടു ഞങ്ങൾക്കില്ല. പക്ഷെ ഇവിടത്തെ തിരഞ്ഞെടുപ്പിന്റെ രീതിയിൽ ഞങ്ങൾക്കു ഭയമുണ്ടെന്നു സമ്മതിക്കുന്നു. അതിന്റെ മാതൃക, അടുത്തകാലത്തുനടന്ന തിരഞ്ഞെടുപ്പിൽ ചവറ, പന്മന മുതലായ സ്ഥലങ്ങളിൽ ഞാൻ കാണുകയുണ്ടായി. കാൺഗ്രസിന്റേയും കാൺഗ്രസ്ഗവണ്മെന്റിന്റേയും നേതാക്കന്മാരിൽ ഒരാളായ ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള അദ്ദേഹത്തിന്റെ അനുയായികളുംകൂടി നടത്തിയ തിരഞ്ഞെടുപ്പു പ്രചരണത്തിന്റെ മാതൃകയാണതു്. അർദ്ധരാത്രിയിൽ, തിരഞ്ഞെടുപ്പുദിവസത്തിന്റെ തലേദിവസം രാത്രിയിൽ എതിർപക്ഷത്തിൽപെട്ടിട്ടുള്ള ആളുകളുടെ വീടുകളിൽ കയറി അവരെ തല്ലുകയും, ഭീഷണിപ്പെടുത്തുകയും മററും ചെയ്യുകയുമാണുണ്ടായതു്.

Mr. Speaker : Order, order. I was persuaded to think that the hon. Member was only making a passing reference to Mr. Kumbalathu Sanku Pillai. Unfortunately, Mr. Kumbalathu Sanku Pillai is not here to contradict the statements of the hon. Member. The hon. Member must realise the difficulty of the gentleman in this respect.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവിതാംകൂർ-കൊച്ചിയിൽ മുഴുവൻ തിരഞ്ഞെടുപ്പിനു ഈ മാർഗ്ഗം സ്വീകരിക്കുകയാണെങ്കിൽ, അതായതു ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള കാണിച്ചുതന്ന മാർഗ്ഗം സ്വീകരിക്കുകയാണെങ്കിൽ രാജ്യം കലാപത്തിലേയ്ക്കു നീങ്ങുമെന്നാണു എനിക്കു പറയാനുള്ളതു്. പഞ്ചായത്തു തിരഞ്ഞെടുപ്പുകൾക്കുപോലും കേരളപ്പെരുമാൾ എന്ന പദവി വരെ ഉയർത്തപ്പെട്ട ആളുകൾ അധഃപതിച്ചു് ഇങ്ങനെയുള്ള അക്രമങ്ങൾ പ്രവർത്തിച്ച സ്ഥിതിക്കു നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ഇക്കൂട്ടർ എന്തെല്ലാമാണു പ്രവർത്തിക്കാൻ പോകുന്നതെന്നുള്ള കാര്യത്തിലാണു ഞങ്ങൾക്കു ഭയമുള്ളതു്. തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള വെല്ലുവിളി സ്വീകരിക്കാൻ ഞാൻ തയ്യാറാണ്, എന്റെ പാർട്ടിയും അതിനു തയ്യാറാണ്. ഇന്നു അധികാരത്തിലിരിക്കുന്ന കാൺഗ്രസ്സുമന്ത്രിമാരെ ഓരോരുത്തരേയും തിരഞ്ഞെടുപ്പിനു മത്സരിക്കുവാൻ ഞാൻ വെല്ലുവിളിക്കുന്നു. കൊല്ലം പട്ടണത്തിലെ മുനിസിപ്പാലിററിയിൽ ൨൩ കാൺഗ്രസ്സ കൗൺസിലറന്മാർ ഉണ്ടെന്നു ഇവിടെ അവകാശപ്പെട്ട മുഖ്യമന്ത്രി ശ്രീ എ. ജെ. ജാണിനെ എന്റെ നിയോജകമണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിന്നു മത്സരിക്കാൻ ഞാൻ വെല്ലുവിളിക്കുന്നു.

അല്ലെങ്കിൽ, പത്തിരുപതു കൊല്ലമായി രാഷ്ട്രീയജീവിതം നയിച്ചിട്ടുള്ള—കൊല്ലം പട്ടണത്തിൽതന്നെ പൊതുക്കാര്യജീവിതം നയിച്ചിട്ടുള്ള അക്ഷോഭ്യനും, ഘനഗംഭീരനുമായ ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. ടി. എം. വർഗീസ് നിന്നു മത്സരിക്കട്ടെ. അതുമല്ലെങ്കിൽ അദ്ദേഹത്തിനപ്പുറമായിരിക്കുന്ന ഭരണഘടനാവിദഗ്ദ്ധനായ, വാഗ്മിയായ, ഭരണപരമായ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നവനെന്ന് സ്വയം ഭാവിക്കുന്ന മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെയും എന്റെ വെല്ലുവിളി സ്വീകരിക്കാൻ ഞാൻ ക്ഷണിക്കുന്നു.

Mr. Speaker: The same invitation may be returned also.

ശ്രീ. ടി. കെ. ദിവാകരൻ: സർ, കൂടുതലായി ഒന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. തെരഞ്ഞെടുപ്പ് ഏററവും ജനാധിപത്യപരമായ രീതിയിൽ നടത്താൻ തയ്യാറായിരിക്കണമെന്നുമാത്രമേയുള്ളു. ഇവരുടെയിടയിലുള്ള ജനാധിപത്യം 'കാൺഗ്രസ്സ് മോഡൽ ജനാധിപത്യം' ഞങ്ങളറിഞ്ഞിട്ടുള്ളതാണ്. മദ്രാസിൽ ഒരു വോട്ടുപോലും ലഭിക്കാത്ത ശ്രീ. രാജാജിയെ മുഖ്യമന്ത്രിയാക്കിയ, തെരഞ്ഞെടുപ്പിൽ പരാജിതനായ ശ്രീ. മൊറാർജിദേശായിയെ പിൻവാതിലിൽക്കൂടി മന്ത്രിയായി അവരോധിച്ചു, ഈ കാൺഗ്രസ്സ് മോഡൽ ജനാധിപത്യത്തിൽ ഞങ്ങൾക്കു വിശ്വാസമില്ല. പ്രത്യേകിച്ചും, ഇവിടെയുള്ള കാൺഗ്രസ്സിന്റെ പാരമ്പര്യം ഞങ്ങൾക്ക് നല്ലവണ്ണം അറിയാം. അധികാരത്തിൽ പററിപ്പിടിച്ചിരിക്കാൻ ഇവരെന്തും ചെയ്യും. ഇവർ ഭരണഘടനാപരമായ ജനാധിപത്യത്തെപ്പററി പറയുന്ന അവസരത്തിൽ 'ക്ലീയോപാട്രാ' ശീലാവതിയുടെ ചരിത്രം വായിച്ച് ഉപദേശിക്കുന്നതെന്നാണ് എനിക്കു പറയുവാനുള്ളത്. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ஸ்ரீ. டி. எஸ். ராமஸ்வாமி: ஸர், ஸ்ரீமான் ஏ. ஜெ. ஜாண் அவர்கள் இங்கு கொண்டுவந்திருக்கும் நம்பிக்கைப் பிரேரணையை எதிர்த்துப் பேச நான் முன் வந்திருக்கிறேன். ஸ்ரீமான் ஏ. ஜெ. ஜாண் அவர்கள், இந்த சபையின் முன் அரசாங்கக் கொள்கையைப் பற்றிக் கூறினார்கள். ஸ்ரீ. ஏ. ஜெ. ஜாணைப் பொறுத்தளவிலோ அல்லது அவரது மந்திரிசபையை அலங்கரிக்கக் கூடிய எனது இதர நண்பர்களைப் பொறுத்தளவிலோ, தனிப்பட்ட முறையில், சில நண்பர்களைப்பற்றி எனக்கு அளவிற்கு மீறிய மதிப்பும், மரியாதையுமுண்டு. ஸ்ரீ. ஜாண் அவர்களின் சத்திய சந்ததையைக் குறித்தும், அவரது நேர்மையைக்குறித்தும் எனக்கு அவரிடம் தனிப்பட்ட மதிப்புண்டு. ஆனால் அரசாங்கக் கொள்கைகளைக் குறித்து விவாதிக்கும்பொழுது, ஸ்ரீமான் ஏ. ஜெ. ஜாண் அவர்கள் சத்திய சந்தரா அல்லது அவர்கள் ஒரு காந்தி பக்தரா என்பதல்ல பிரச்னை. இப்பொழுதுள்ள பிரச்னை என்னவென்றால் இன்று அரசாங்க பீடத்தில் வீற்றிருக்கக் கூடிய மந்திரிசபையின் கொள்கைகள், நம் நாட்டிலுள்ள விவசாயிகளின்மீது, தொழிலாளர்களின்மீது, கிருஷிக்காரர்களின்மீது இவர்கள் அனுஷ்டிக்கும் கொள்கைகள் நம் நாட்டை எவ்வாறு, எங்கு கொண்டுபோகிறது என்பதே பிரச்னை. ஐந்தாண்டுத் திட்டத்தைப்பற்றி அவர்கள் கூறினார்கள். ஐந்தாண்டுத் திட்டம் வந்து மாதங்கள் 16 ஆகியும் இவர்கள், இம்மந்திரிகள், இந்த நாட்டிற்குவேண்டி இதுவரையிலும் என்ன செய்திருக்கிறார்கள் என்று கேட்கிறேன். நாங்கள் சாஸ்வதமாக இருந்தால்தான் ஜனங்களின் வாழ்க்கைத் தரத்தை உயர்த்த முடியுமென்று கூறுகிறார்கள். நான் இப்பிரச்னைகளைப்பற்றி மாத்திரந்தான் பேச ஆசைப்படுகிறேன். இந்த அரசாங்கம் வந்ததற்குப் பிற்பாடு, ஸ்ரீமான் திவாகரன் அவர்கள் கூறினதுபோல் எல்லாப் பிரச்னைகளிலும், உணவுப் பிரச்னையை எடுத்துப் பார்த்தாலும் சரி, அல்லது வேறு எந்தப் பிரச்னையை எடுத்துப் பார்த்தாலும் சரி ஒரு பிரச்னைக்கும் பரிகாரம் காணப்படவில்லை. வேலையில்லாத் திண்டாட்டம் ஒரு பக்கம். இன்னொரு பக்கம் உணவில்லாத்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

திண்டாட்டத்தால் ஜனங்கள் இன்று பிச்சைக்காரர்கள்போல் அங்குமிங்கும் திரிந்துகொண்டிருக்கிறார்கள். இந்த ஐந்து வருடத் திட்டம் ஆரம்பித்து, அது வந்தவுடன் நாங்கள் கூறினோம், என்னுடைய கட்சிக்காரர்கள் கூறினார்கள், இந்தத் திட்டத்தினால் நம் நாடு நிச்சயமாக முன்னேறப் போவதில்லை என்று. இந்த நாட்டிலுள்ள வேலையில்லாத் திண்டாட்டத்திற்கு பரிகாரம் காண நமது ஐந்து வருடத் திட்டத்தில் யாதொரு வழியும் வகுக்கப்படவில்லை என்ற காரணத்தினால் இத் திட்டம் நிச்சயம் வெற்றி பெறப் போவதில்லை என்று நாங்கள் அன்றே கூறினோம். 1946-ல் நம் நாடு எந்த நிலைமையில் இருந்ததோ அதைவிட மிகவும் மோசமான நிலைமையில் தான் இன்று நம் நாடு இருந்துகொண்டிருக்கிறது. பிளானிங் மந்திரி அவர்கள் கூறுகிறார்கள், நாங்கள் எதிர்பாராத பிரச்னைகளைக் காண்கிறோம்; ' வேலையில்லாத் திண்டாட்டம் வளர்ந்து, நம் நாட்டின் எல்லா பாகங்களிலும், கன்னியாகுமரி முதல் இமயம்வரை படர்ந்து ஓங்கிவிட்டது என்றும் கூறுகிறார்கள். நம் நாட்டில், வேறு எந்தயிடத்திலும் இல்லாத முறையில் நமது ராஜ்யத்தில் வேலையில்லாத் திண்டாட்டம் அதிகரித்திருக்கிறது என்றும் கூறினார்கள். நான் சொல்கிறேன், இவர்கள் வந்ததற்குப் பிறகு நாளுக்கு நாள் வேலையில்லாத் திண்டாட்டம் கூடிக்கொண்டு வருகிறதேயொழிய குறையக் காணவில்லை. நாங்கள் கம்யூனிற்றி பிராஜெக்டுகள் ஆரம்பித்திருக்கிறோம், நார்வே பிஷரீஸ் கம்பெனி ஆரம்பித்திருக்கிறோம் என்றெல்லாம் சொல்கிறார்கள். ஏதோ அங்கொன்று இங்கொன்றாக நாம் இவைகளைப் பார்க்கிறோம். நம் நாட்டின் வாழ்க்கைத்தரம் உயரவேண்டுமானால், நம் நாட்டு மக்களின் வாழ்க்கைத்தரம் உயரவேண்டுமானால், நம் நாட்டிலுள்ள கிருஷிக்காரர்களின் நிலை உயரவேண்டும்; கிருஷியைச் செழுப்பிக்கவேண்டும்; வேலையில்லாத் திண்டாட்டத்தை போக்கவேண்டும். நம்நாடு செழிப்பாக இருக்கவேண்டுமானால், நம் நாட்டின் செல்வம் பெருக வேண்டுமானால், நம் நாட்டில் தொழிற்சாலைகள் வேண்டாமா? அங்ஙனம் நம் நாட்டில் தொழிற்சாலைகள் நிறுவுவதற்காக நீங்கள் இதுவரையிலும் என்ன செய்திருக்கிறீர்கள் என்று கேட்க நான் ஆசைப்படுகிறேன். எனக்குப் பிறகு பேசவிருக்கும் ஸ்ரீமான் பனம்பிள்ளி கோவிந்தமேனோன் அவர்கள், நாங்கள் நேஷன் பில்டிங் ஆக்டிவிட்டீஸ்-க்காக அதைச் செய்திருக்கிறோம், இதைச் செய்திருக்கிறோம் என்று சொல்லுவார்கள். சர் சி. பி. ராமஸ்வாமி ஐயரின் காலத்தில், ஏதேச்சாதிகார காலத்தில்கூட, நம் நாட்டில் தொழிற்சாலைகள் வளர்ந்தன. நம் நாட்டின் ஓரிடத்திலும் இல்லாத முறையில் சர் சி. பி. ராமஸ்வாமி ஐயர் திருவிதாங்கூரில் ஒரு எப். ஏ. ஸி. டி. பாக்டரியை ஆரம்பித்தார்கள்; ஒரு ஸிண்ட்ரி பாக்டரியை ஆரம்பித்தார்கள்; ஒரு ரப்பர் பாக்டரியையும் ஆரம்பித்தார்கள். இவைகள் அவரது காலத்தில் ஓங்கி வளர்ந்தும் வந்தன. ஆனால் இப்பொழுதிருக்கிற மந்திரிமார்களோ, நாங்கள் ஐந்து வருடத் திட்டத்திற்காக கோடிக் கணக்கான ரூபாய்களை முடக்கப் போகிறோம்; அதனால் வரவிருக்கும் பயன்களைப் பாருங்கள் என்று கூறுகிறார்கள். ஜனங்களுக்குத் தெரியாதா, இவற்றைப்பற்றி. நான் இங்ஙனம் கூறும்போது, சர் சி. பி. ராமஸ்வாமி ஐயரை இங்கு திரும்பிக் கொண்டுவந்துவிடவேண்டுமென்று சொல்லவில்லை. இன்று வேறெந்தயிடத்திலும் இல்லாத முறையில் நம் நாட்டில் வேலையில்லாத் திண்டாட்டம் வளர்ந்துகொண்டு வருகிறது. ஆலப்புழையிலும், அம்பலப்புழையிலும் கயர் தொழிலாளர்கள் வேலையில்லாமல் திண்டாடிக் கொண்டிருக்கிறார்கள். தென் திருவிதாங்கூரில் உப்பளம் தொழிலாளர்கள் வேலை இல்லாமல் திண்டாடிக் கொண்டிருக்கிறார்கள். திருவனந்தபுரம் போன்ற இடங்களில் கைத்தறி நெசவுத் தொழிலாளர்கள் வேலையின்றி திண்டாடிக் கொண்டிருக்கிறார்கள். வேலை இல்லாத் திண்டாட்டத்தைப் போக்குவதற்கு இவ்வரசாங்கம் பணம் முடக்க உத்தேசித்திருக்கிறது என்று ஸ்ரீ சதாசிவன் பிள்ளை அவர்கள் கூறினார்கள். நெசவுத் தொழிலாளர்கள் இன்று இங்கு வேலையில்லாமல் அன்னிய நாடுகளுக்குப் பிச்சை எடுக்கப் போகிறார்கள். இப்படித்தான் இருக்கிறது, நம் ராஜ்யத்தின் இன்றைய நிலைமை. இதற்கு என்ன பரிகாரம் காண்கிறீர்கள்? கம்யூனிற்றி பிராஜெக்ட் ஆரம்பித்திருக்கிறோம்; அதைச் செய்கிறோம், இதைச் செய்கிறோம் என்றெல்லாம் சொல்கிறார்கள். கிருஷியை உயர்த்த நீங்கள் என்ன செய்திருக்கிறீர்கள் என்று நான் கேட்கிறேன். இச் சந்தர்ப்பத்தில் தென் திருவிதாங்கூரைப்

பற்றி குறிப்பாக ஒன்றிரண்டு வார்த்தைகள் எடுத்துச் சொல்ல ஆசைப்படுகிறேன். சர் சி. பி. ராமஸ்வாமி ஐயர் இங்கிருந்து போன பிறகு, நீங்கள் குறிப்பிடத்தக்க விதத்தில் தென் திருவிதாங்கூரில் எந்த வேலையுமே செய்யவில்லை. பெருஞ்சாணித் திட்டத்தைப்பற்றிக் கூறலாம். நெய்யாற்றிங்கரை- விளவங்கோட்டில் நாங்கள் ஒரு கம்யூனிற்றி பிராஜெக்ட் சென்டர் ஆரம்பித்திருக்கிறோம் என்று சொல்லலாம். சர் சி. பி. ராமஸ்வாமி ஐயர், அவரது காலத்திலே ஆரம்பித்து வைத்த திட்டமாகும், இப் பெருஞ்சாணித் திட்டம். அங்ஙனம் ஆரம்பித்து வைத்த திட்டத்தை இவர்கள் பூர்த்தி செய்தார்களேயொழிய இவர்களாக ஒரு திட்டமும் அங்கு கொண்டுவரவில்லை. தென் திருவிதாங்கூரிலுள்ள எனது தமிழ்நாடு காங்கிரஸ் கட்சி மெம்பர்கள் இப்பொழுதுள்ள அரசாங்க கட்சியுடன் நின்றபோதும்கூட இவ்வரசாங்கம், சொல்லத்தக்க விதத்தில் தென் திருவிதாங்கூரில் ஒன்றுமே செய்யவில்லை. உதாரணமாக, எனது நண்பரான கிள்ளியூர் மெம்பர் அவர்கள் சென்ற சட்டசபை கூட்டத்தில் கூட கரடியாகக் கத்தினார்கள். அவர்களின் கட்சி அதற்காக பாடுபட்டது என்றும் எனக்குத் தெரியும். அது பட்டணங்காலைப் பற்றியதாகும். அத்திட்டம் பூர்த்தியாக்கப்படாததால் விளவங்கோட்டிலுள்ள மக்கள் தண்ணீர் குடிப்பதற்குக்கூட கஷ்டப்பட்டுக் கொண்டிருக்கிறார்கள். கருங்கல் வாட்டர் சப்ளை ஸ்கீமும் பூர்த்தியாக்கப்படாமல் இருக்கிறது. விளத்தரை லிப்டு இரிகேஷன் ஸ்கீம் போன்றவைகளின் நிலைமையும் இம்மாதிரித் தான் இருக்கிறது. பின்னர் ரயில்வேயைப் பற்றிச் சொல்லவேண்டிய அவசியமே இல்லை. எல்லா இடங்களிலும் ரயில்வே லயின்கள் இருக்கும்போது எங்களுக்கும் ஒரு ரயில்வே லையின் வேண்டாமா? கொல்லம்-எறணுகுளம் ரயில்வே லயின் அவசியமே. அதேபோல் எங்களுக்கும், எங்கள் பிரதேசத்திற்கும் ஒரு ரயில்வே வேண்டாமா? ஆக எந்தக் கொள்கையை அடிஸ்தானப்படுத்திப் பார்த்தாலும் தென் திருவிதாங்கூரின்மேல் இவர்கள் ஒரு பட்சபாதம் தான் காட்டுகிறார்கள். அடுத்படியாக, தொழிற்சாலைகளைப் பொறுத்தளவில், விவசாயத்தைப் பொறுத்தளவில் இவ்வரசாங்கம் ஒரு சில பெரிய அதிபதிகளுக்கு மாத்திரமே சலுகைகள் காண்பிக்கிறார்கள். அழகப்பா டெக்ஸ்டைல்ஸ்-க்கு இவர்கள் 15 லட்சம் ரூபாய் கடன் கொடுப்பார்கள். இதேமாதிரி எப். ஏ. ஸி. டி-க்கும் ட்ருவங்கூர் கெமிக்கல்ஸ், சேஷஸாயி பிரதர்ஸ்-க்கும் கொடுப்பார்கள். ஆனால் தென் திருவிதாங்கூரில் தேசீயத் தொழிற்சாலைகள் ஆரம்பிக்க நீங்கள் ஏன் தயங்குகிறீர்கள் என்று நான் கேட்கிறேன். தொழிற்சாலைகள் வளராவிட்டால் நம் நாடு எப்படிச் செழிக்கும். கிருஷிக்காரர்களுக்காக மத்திய அரசாங்கத்திலிருந்து ஐந்து லட்சம் ரூபாய் கொடுக்கப்பட்டிருக்கிறது. அதை எவ்வளவு பேர்களுக்காக கொடுத்திருக்கிறீர்கள் என்று கேட்டால் 46 பேர்களுக்கே கொடுக்கப்பட்டதாக ஸ்ரீ ஜாண் அவர்கள் கூறினார்கள். தோவாளை, அகஸ்தீஸ்வரம், கல்குளம், விளவங்கோடு போன்ற இடங்களிலுள்ள கிருஷிக்காரர்களுக்கு இத் தொகையிலிருந்து யாதொன்றுமே கொடுக்கப்படவில்லை. தென் திருவிதாங்கூரில் கழிந்த காலத்தில் 20,000 ஏக்கரா நிலங்கள் கரிந்துபோனபோது, 200 ஏக்கர்தான் கரிந்துபோனது என்று சொன்னார்கள் இங்குள்ள மந்திரியவர்கள். ஏழைக் கிருஷிக்காரர்களுக்கு யாதொரு கடன் வசதியும் செய்துகொடுக்கப்படவில்லை என்பது மாத்திரமல்ல தொம்மன் தாமஸ் போன்றவர்களுக்கு கொடுத்து சகாயிக்கிறார்கள். ஏழை கிருஷிக்காரனுக்கு ஒன்றுமே கொடுக்காது தொம்மன் தாமஸ் அவர்களுக்கு ஒரு லட்சத்தி மூவாயிரம் ரூபாய் கொடுக்கிறார்கள். ஆனால் கிருஷிக்காரர்களுக்கு, ஒன்றும் ஒன்றரையும் ஏக்கர் நிலம் உள்ள கிருஷிக்காரர்களுக்கு நீங்கள் கடன் ஒன்றும் கொடுக்க வேண்டாம்; ஆனால் அவர்களிடமிருந்து வசூலிக்கும் வெள்ள வரியையாவது ரத்து செய்யுங்கள் என்று சொன்னால் அதுவுங்கூட செய்யமாட்டார்கள், இவர்கள். இவ்வரசாங்கம் விவசாயிகளின், தொழிலாளர்களின் பிரதிநிதியாய் இருந்தால் இங்ஙனம் செய்யுமா என்று கேட்கிறேன். எந்த பாலிஸியை எடுத்துக்கொண்டாலும் சரி, இன்டஸ்ட்ரியல் பாலிஸியானாலும் சரி, அக்கரிகல்ச்சரல் பாலிஸியை எடுத்துக்கொண்டாலும் சரி, இதுபோல் காமேர்ஸ், கம்யூனிகேஷன் இவைகள் எதை எடுத்துக்கொண்டாலும் சரி, தென் திருவிதாங்கூர் புறக்கணிக்கப்படத்தான் செய்கிறது. இதேபோல் இந் நாட்டிலுள்ள பாவப்பட்டவர்களும் புறக்கணிக்கத்தான் படுகிறார்கள், இவ்வரசாங்கத்தினால். அடுத்தபடியாக வண்டன்மேட்டிலும் ஐயப்பன் கோவிலிலும் உள்ள 51,000 ஏக்கர் நிலங்களில் ஆக்கிரமிப்பு நடக்

[ஸ்ரீ. டி. எஸ். ராமஸ்வாமி]

கிறது. ஸ்ரீமான் திவாகரன் அவர்கள் சொன்னதுபோல், அங்கு 'அனார்கி' அதாவது அராஜகம் தாண்டவமாடுகிறது. ஸ்ரீமான் சிதம்பரநாதன் அவர்கள் மந்திரியாக இருக்கும்போது கூறினார்கள், சட்டத்திற்கு முரணாக கையேறுபவர்களை, அவர் பயோனியர் ஆனாலும் சரி அல்லது டி. எஸ். ராமஸ்வாமியானாலும் சரி, அங்ஙனம் சட்டத்திற்கு எதிராக சர்க்கார் பூமிகளில் கையேறுபவர்கள் வெளியேற்றப்படுவார்கள் என்று கூறினார்கள். அவர்கள் அதற்காக பாடுபட்டார்கள் என்பதும் எனக்குத் தெரியும். ஆனால் இம்மந்திரி சபையின்கீழ் அங்ஙனம் ஒன்றுமே நடக்காது. பாருங்கள்! அரசாங்க உத்தரவை மீறி அவ்விடங்களில் ஏறியிருக்கிறார்கள். உங்களுக்கு தைரியமிருந்தால், நீங்கள் ஒரு அரசாங்கத்தை நடத்திச் செல்லுபவர்களாய் இருந்தால், உங்களுக்கு சக்தியிருந்தால் ஏன் அங்ஙனம் கையேறியவர்களை வெளியேற்றவில்லை என்று கேட்கிறேன். இப்படிப்பட்டவர்களை நாங்கள் எப்படி ஆதரிக்க முடியும்? தென் திருவிதாங்கூர், மதராஸுடன்கூட போய் சேர்ந்துவிடும் என்ற காரணத்தினாலா நீங்கள் அங்கு ஒன்றும் செய்யவில்லை? நம் நாட்டிலுள்ள ஏனைய கல்லூரிகளுக்கு, ஐந்து லட்சம் ஆறு லட்சம் என்று கொடுக்கும்போது தென் திருவிதாங்கூரிலுள்ள--அங்கு ஒரு ஹிந்து கல்லூரியும் ஒரு கிறுஸ்தவ கல்லூரியும் இருக்கின்றன--அவைகளுக்கு ஒரு உதவியும் அளிக்கப்படுவதில்லை. இவ் ராஜ்யத்திலுள்ள மற்ற கல்லூரிகளுக்கு ஐந்து லட்சம் ரூபாய் கொடுத்தால் தென் திருவிதாங்கூரிலுள்ள கல்லூரிகளுக்கு 50,000 ரூபாய்தான் கொடுக்கப்படுகிறது. இப்படிப்பட்ட மோசமானதொரு நிலையில்தான் நமது அரசாங்கம் சென்றுகொண்டிருக்கிறது. அடுத்தபடியாக, தொழிற்சாலைகளை பராமரிப்பதற்கு உங்களுக்கு என்ன திட்டம் இருக்கிறது என்று நான் கேட்கிறேன். கிருஷிக்காரர்களின் நிலையை, அவர்களின் வாழ்க்கைத் தரத்தை உயர்த்த நீங்கள் என்ன செய்திருக்கிறீர்கள்? ஆக இந்நாட்டிலுள்ள தொழிலாளர்களும், கிருஷிக்காரர்களும், மற்றும் ஏனைய பாமரர்களும் அல்லலுற்றுக் கொண்டிருக்கும்பொழுது, இவற்றிற்கு ஒரு பரிகாரமும் காணாது, எங்கள்மேல் உங்களது நம்பிக்கையை தெரியப்படுத்துங்கள் என்று சொன்னால் நாங்கள் அதற்கு என்ன சொல்வது? மகாத்மா காந்தி அவர்கள் வட்டமேஜை மகாநாட்டில் வைத்துக் கூறினார்கள், நான் தரித்திர நாராயணனின் பிரதிநிதியென்று. ஆனால் காங்கிரஸ் நாமத்தை போட்டுக் கொண்டிருக்கும் எனது நண்பர்கள் இந் நாட்டிலுள்ள தரித்திர நாராயணர்களைப்பற்றி ஆலோசிப்பதுகூட இல்லை. சேஷஸாயி அவர்களுக்கும் அழகப்பச் செட்டியார்அவர்களுக்கும் பணம் கொடுக்கஆலோசிக்கிறார்களே தவிர ஏழை கிருஷிக்காரர்களுக்கும் ஏழை தொழிலாளர்களுக்கும் பத்தோ ஐம்பதோ ரூபாய் கடன் கொடுத்து சகாயிப்பதற்கு முன் வருவதில்லை, இவ் வரசாங்கம். வெள்ள வரி கொடுக்க முடியாமல் கஷ்டப்படுகிற கிருஷிக்காரர்களுக்கு வெள்ளவரியை ரத்துசெய்து கொடுக்க முன்வருவதில்லை, நமது அரசாங்கம். ஆகவே, தொழிலாளிகளின், விவசாயிகளின் பிரதிநிதிகளாகவிருக்கும் நாங்கள், உங்களுக்கு எங்களது ஒத்துழைப்பைக் கொடுக்க முடியாது என்று சொல்லிக்கொண்டு, இனியும் ஒரு வார்த்தைகூட சொல்லிவிட்டு எனது பேச்சை முடித்துக்கொள்கிறேன். இந்த நாட்டிலுள்ள வேலையில்லாத் திண்டாட்டத்தைப் போக்கி எல்லோருக்கும் வேலை கொடுக்க இந்நாட்டிலுள்ள எல்லா மக்களும் சுபிட்சமாக இருக்கும்படிச் செய்ய, இந்த ஐந்து வருடத்தில் அல்ல பத்து வருடத்திற்குள்ளிலாவது, உங்களால் முடியுமா என்று கேட்டுக்கொண்டு நான் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. സി. അച്യുതമേനോൻ: സർ, വിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു് മുഖ്യമന്ത്രി അവർകൾ നാട്ടുകാർക്കുവേണ്ടി ഈ ഗവണ്മെന്റ് ചെയ്തിട്ടുള്ളതും ചെയ്യാൻ വിചാരിക്കുന്നതുമായ കാര്യങ്ങളുടെ ഒരു നീണ്ട പട്ടിക ഇവിടെ സമർപ്പിക്കുകയുണ്ടായി. എന്നാൽ, ഈ പട്ടിക വെറും ഒരു കടലാസ് പട്ടിക മാത്രമാണ് എന്നാണ് എനിക്കു ആദ്യമായി പറയാനുള്ളതു്. കാരണം, ഈ പട്ടികയിൽ പറയുന്ന കാര്യങ്ങളും ഈ രാജ്യത്തു് ഇന്നു ബഹുഭൂരിപക്ഷം ജനങ്ങൾക്കു ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയാൽ മനസ്സിലാക്കു

വാൻ കഴിയും. ജനങ്ങളുടെ അനുഭവങ്ങളും ഗവണ്മെൻറിൻെറ പരിപാടികളും പദ്ധതികളുമായി എത്രമാത്രം പൊരുത്തപ്പെടുന്നുണ്ടെന്നുള്ള കാര്യത്തെപ്പററി ഗൗരവപൂർവ്വം ചിന്തിക്കണമെന്നാണ് എനിക്കു മുഖ്യമന്ത്രിയോടും അദ്ദേഹം പ്രതിനിധീകരിക്കുന്ന പാർട്ടിയോടും പറയാനുള്ളതു്. ഇവിടത്തെ ജനങ്ങളുടെ കഷ്ടപ്പാടുകൾ തീർക്കുന്നതിനുവേണ്ടി എന്തെങ്കിലും പരിപാടിയോ, അവർക്ക് താൽക്കാലികമായി സമാശ്വാസം ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രവർത്തനപദ്ധതിയോ കോൺഗ്രസ്സ് പാർട്ടി ഈ കഴിഞ്ഞ പതിനാറുമാസക്കാലമായി ചെയ്തിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇവിടെ അനുദിനം നടമാടിക്കൊണ്ടിരിക്കുന്ന പട്ടിണിയും ദാരിദ്ര്യവും തെല്ലെങ്കിലും ശമിപ്പിക്കുവാൻ ഇവർ എന്തുചെയ്തു? സാധനങ്ങളുടെ വിലയും, ഭക്ഷ്യക്ഷാമവും, പട്ടിണിമരണങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതു ഇവർ കാണുന്നില്ലേ? അതുകൊണ്ടു മുഖ്യമന്ത്രി ഇവിടെ സമർപ്പിച്ചിട്ടുള്ള കടലാസ്സ്പദ്ധതികൾക്കെല്ലാം മറുപടി ഓരോ ജനങ്ങൾക്കും ഈ നാട്ടിൽ നേരിട്ടുകൊണ്ടിരിക്കുന്ന അനുഭവങ്ങൾ തന്നെയാണ്. അവതന്നെയാണ് ഇതിനുള്ള വ്യക്തമായ സമാധാനവും. ഇന്നലെയുണ്ടായ ഒരു ചോദ്യത്തിനുത്തരമായി ഈ നാട്ടിൽ പട്ടിണികൊണ്ടു ആത്മഹത്യ ഉണ്ടായിട്ടുള്ളതിനെപ്പററി മുഖ്യമന്ത്രിക്കു യാതൊരു വിവരവുമില്ല എന്നും അങ്ങനെ പട്ടിണിമരണം ഈ രാജ്യത്തുണ്ടായിട്ടില്ലെന്നും പറയുകയുണ്ടായി. അഥവാ, പട്ടിണികൊണ്ടു ആരെങ്കിലും മരിച്ചുവെന്നു പറയുകയാണെങ്കിൽ അതു സത്യത്തിനു വിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിൻെറ ആഗ്രഹത്തോടും അദ്ദേഹത്തിൻെറ സത്യസന്ധതയോടും ലേശംപോലും അനാദരവുകൂടാതെ എനിക്കു അദ്ദേഹത്തിനോടു പറയാനുള്ളതു് അദ്ദേഹത്തിൻെറ ഈ പ്രസ്താവനയിൽ സത്യത്തിൻെറ കണികപോലും ഇല്ലെന്നാണ്. ഏതെങ്കിലും ഒരു പത്രം ഇന്നെടുത്തുനോക്കിയാൽ ഒരു പട്ടിണിമരണത്തിൻെറയോ, അല്ലെങ്കിൽ പട്ടിണിമൂലം ഉണ്ടായ ഒരു ആത്മഹത്യയുടെയോ വർത്തമാനം അതിൽ കാണാതിരിക്കുകയില്ല. അങ്ങനെ എത്രയോ സംഭവങ്ങളെപ്പററിയും ഇവിടെ പറയുവാൻ കഴിയും. എൻെറ സ്നേഹിതൻ ശ്രീ. ദിവാകരൻ ഒന്നിനെപ്പററി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്തകാലത്തു മറെറാരു സംഭവം മട്ടാഞ്ചേരിയിലുണ്ടായി. കാലടിക്കാരനൊരാൾ അവിടെ ബീഡി തെറുത്തുകൊണ്ടിരിക്കുകയായിരുന്നു. ഭാര്യയും കുഞ്ഞുമായി അയാൾ അവിടെ എത്രയോ ദിവസം തൊഴിലില്ലാതെ തെണ്ടിനടന്നു. ഭാര്യ ഒടുവിൽ പിരിഞ്ഞുപോയി. കുട്ടിയേയും തോളിലെടുത്തുകൊണ്ടു് അയാൾ പിന്നെയും നടന്നു. പട്ടിണിനിമിത്തം സഹിക്കാൻ നിവൃത്തിയില്ലാതെ, ആ കുട്ടിക്കു് ഒരുനേരത്തെ കഞ്ഞി കൊടുക്കുവാൻപോലും വഴികാണാതെ വാത്സല്യനിധിയായ ആ പിതാവു് മട്ടാഞ്ചേരി പോലീസ് സ്റ്റേഷൻെറ അടുത്തുവച്ചു് തൻെറ അരുമക്കുഞ്ഞിൻെറ കഴുത്തറുക്കുകയാണുണ്ടായതു്. തൻെറ ഓമനപ്പുത്രൻെറ കഴുത്തറുക്കുവാൻ പ്രചോദിപ്പിക്കത്തക്കവണ്ണം ആ പിതാവിനുണ്ടായ ദാരിദ്ര്യപീഡയുടെ ശക്തി അത്ര ഉഗ്രമായിരുന്നു. ഇന്നധികാരത്തിലിരിക്കുന്നവർ ഈ കഥകളൊന്നും അറിയുന്നില്ല. സർ, ഇതു് ഒററപ്പെട്ട ഒരു സംഗതിയല്ല. ഇങ്ങനെയുള്ള സംഭവങ്ങൾ, പട്ടിണിമരണങ്ങൾ നാടിൻെറ നാനാഭാഗങ്ങളിലും ദൈനംദിനമെന്നവണ്ണം നടക്കുന്നുണ്ടു്. അങ്ങനെ പട്ടിണി അത്യന്തം

[ശ്രീ. സി. അച്ചുതമേനോൻ]

വർദ്ധിച്ചിരിക്കുന്നു. തൊഴിലില്ലായ്മ അങ്ങേയററംവരെ വന്നിരിക്കുന്നു. ഇതിനെല്ലാം കാൺഗ്രസ്സ് ഗവണ്മെൻറിന് എന്തു സമാധാനമാണു പറയുവാനുള്ളതു്? അവർ വളരെ വളരെ ഗൗരവത്തിൽ പറയും, ഒരു പഞ്ചവത്സരപദ്ധതിയുണ്ടെന്നു്, റെയിൽവേ പണിയും തോട്ടപ്പള്ളി സ്പിൽവേ പദ്ധതിയും മററും ഉണ്ടെന്നു്; ശരി, ഇതെല്ലാം ഉണ്ടു്. അതേയവസരത്തിൽത്തന്നെ, ഈ പഞ്ചവത്സരപദ്ധതികളും മററു പദ്ധതികളും എല്ലാം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന അതേ കാലഘട്ടത്തിൽത്തന്നെ തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെപ്പററി ഈ കാൺഗ്രസ്സ് ഗവണ്മെൻറിന് എന്താണു പറയുവാനുള്ളതു്? പദ്ധതികളെല്ലാമുണ്ടെങ്കിലും തൊഴിലില്ലായ്മയും പട്ടിണിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതു് നിഷേധിക്കാവുന്നതല്ല. പഞ്ചവത്സരപദ്ധതിയുടെ പ്രണേതാക്കൾതന്നെ പറയുന്നുണ്ടു്, പഞ്ചവത്സരപദ്ധതി മററുള്ള കാര്യങ്ങളിൽ എല്ലാം വിജയിച്ചിട്ടുണ്ടെങ്കിലും തൊഴിലില്ലായ്മ കഴിയുന്നിടത്തോളം ദൂരീകരിക്കണമെന്നുള്ള അതിൻെറ ടാർജററ് പൊളിഞ്ഞു് പാളീസായിരിക്കുകയാണെന്നു്. തൊഴിലില്ലായ്മയ്ക്കു പരിഹാരമായി കൂടിയാണ് പഞ്ചവത്സരപദ്ധതി ഏർപ്പെടുത്തിയതു്. എന്നാൽ കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം ഒരു പരിഹാരമില്ലാത്ത പ്രശ്നമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ സാമ്പത്തികസ്ഥിതിയും തകർന്നുകൊണ്ടിരിക്കുകയാണ്. ഫാക്ടറികൾ ഒന്നിനു പറകെ ഒന്നായി പൂട്ടിത്തുടങ്ങിയിരിക്കുന്നു. അങ്ങനെ തൊഴിലാളികൾ തൊഴിലില്ലാതെ അലഞ്ഞുതിരിഞ്ഞുതുടങ്ങിയിരിക്കുന്നു. അതേ സമയം ഈ തൊഴിലാളികൾ തമ്മിൽ മത്സരിക്കുവാനും അവരെ തമ്മിൽ തമ്മിൽ ഭിന്നിപ്പിക്കുവാനും ഇടയാക്കത്തക്കവിധത്തിൽ, അവരുടെ സംഘടിതമായ ശക്തി തച്ചുടയ്ക്കുവാൻ പര്യാപ്തമായ വിധത്തിൽ കാൺഗ്രസ്സ് ഗവണ്മെൻറ് ഐ. എൻ. ടി. യു. സി. എന്ന പേരിൽ ഒരു തൊഴിലാളി സംഘടനയെ സൃഷ്ടിക്കുകയും അതിനെ താലോലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയ്ക്കു ഈ സംരംഭവും മറെറാരുവിധത്തിൽ വളംവച്ചുകൊടുക്കുന്നു. മുതലാളിമാരുടെയും, മററു വ്യവസ്ഥിതികളുടെയും സമ്മർദ്ദത്തിൽപ്പെട്ടും തൊഴിലില്ലായ്മയിൽ വലഞ്ഞും വിഷമിക്കുന്ന തൊഴിലാളികളെ ഭീഷണിപ്പെടുത്തി പല കാര്യങ്ങളും നിർവ്വഹിക്കാമെന്നു വിചാരിക്കുന്നവരെ അവരുടെ സംഘടിതശക്തികൊണ്ടുമാത്രമേ തൊഴിലാളികൾക്കു് വശപ്പെടുത്തുവാൻ സാദ്ധ്യമാകുകയുള്ളു. അതുകൊണ്ടുമാത്രമേ അവരുടെ താൽപ്പര്യത്തെ സംരക്ഷിക്കുവാനും നിവൃത്തിയുള്ളു. അങ്ങനെ അവരുടെ സംഘടിതശക്തിയെ കൂടുതലായി ആശ്രയിക്കേണ്ടിയിരിക്കുന്ന ഈ ഘട്ടത്തിൽ സർക്കാരിൻെറ പ്രോത്സാഹനത്തോടുകൂടി അനർഹമായ ഒത്താശകളോടുകൂടി ഒരു കരിങ്കാലിസംഘടനയായ ഐ. എൻ. ടി. യു. സി. സംഘടനയെ ഗവണ്മെൻറ് താലോലിച്ചുവരുന്നു. തൊഴിലാളികളുടെ ഇടയിൽ അങ്ങേയററം മത്സരവും പലവിധത്തിലുള്ള സംഘട്ടനങ്ങളും ഉണ്ടാക്കുവാൻ ഈ സംഘടന ഇടവരുത്തുന്നുണ്ടു്. അടുത്ത കാലത്തുണ്ടായ മട്ടാഞ്ചേരി സംഭവം അതിൻെറ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണെന്നുള്ളതു് ഏററവും പരിതാപകരമായ ഒരു പരമാർത്ഥമാണ്. പത്തുമലയിലെ വെടിവയ്പ്പ് ഈ കാൺഗ്രസ്സ് മന്ത്രിസഭയുടെ ആദ്യത്തെ വെടിവയ്പായിരുന്നെങ്കിൽ മട്ടാഞ്ചേരിയിലെ വെടിവയ്പ്പ് ഇവരുടെ അവസാനത്തെ വെടിവെയ്പായിരിക്കും.

തൊഴിലാളികളുടെ കാര്യത്തെ സംബന്ധിച്ച് ഞാൻ ഈ അവസരത്തിൽ അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും തൊഴിലില്ലായ്മമൂലം ക്ലേശിക്കുന്ന തൊഴിലാളികൾക്ക് ഈ ഗവണ്മെൻറ് യാതൊരു പരിഹാരവും നിർദ്ദേശിച്ചിട്ടില്ല. വളരെ എളുപ്പത്തിൽ ശ്രമിച്ചാലും ഒരു പുതിയ വ്യവസായശാല തുടങ്ങി അതു നടപ്പിൽ കൊണ്ടുവരുവാനും പോഷിപ്പിക്കുവാനും കുറെ കാലതാമസം വേണ്ടിവരും. ആ കാലതാമസത്തിനിടയിൽ വരുന്ന തൊഴിലാളികളുടെ ക്ലേശാനുഭവങ്ങൾ കുറക്കുവേണ്ടി ഗവണ്മെൻറ സത്വര നടപടികളെടുക്കണമെന്നു ഞങ്ങളെപ്പോലുള്ളവർ പറഞ്ഞാൽ ഒരുവക പുച്ഛമനോഭാവത്തോടുകൂടിയാണ് അതിനെ മന്ത്രിസഭ വീക്ഷിക്കുന്നത്. തൊഴിലാളികൾക്ക് തൊഴിലില്ലായ്മവേതനം കൊടുക്കണമെന്നോ അല്ലെങ്കിൽ സൗജന്യമായി ഭക്ഷണസാധനങ്ങൾ നൽകണമെന്നോ ഞങ്ങൾ പറയുമ്പോൾ മന്ത്രിമാർ വളരെ പുച്ഛത്തോടുകൂടിയാണു അതു കേൾക്കുന്നത്. ഇങ്ങനെ ചെയ്യുന്നത് തൊഴിലാളികളുടെ ഇടയിൽ അലസമനോഭാവത്തെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രേരകമാകുമെന്നും ഉചിതമായ ഒരു വഴക്കത്തെ അതു സൃഷ്ടിക്കുന്നില്ലെന്നും ഇതിനു മറുപടിയായി ഗവണ്മെൻറുഭാഗത്തുനിന്നും പറയുകയുണ്ടായി. മന്ത്രിമാർ ബ്രിട്ടീഷ് കാൺസ്റ്റിറ്റ്യൂഷൻനിയമങ്ങളേയും ജന്നിംഗ്സിനേയും കീത്തിനേയും മററും കൂടെക്കൂടെ ഇവിടെ ഉദ്ധരിക്കാറുണ്ടല്ലോ. ഈ ഉദ്ധരണികളെല്ലാം എത്രത്തോളം ശരിയാണെന്നുള്ളതിനെപ്പററി പരിശോധിക്കുവാൻ ഞാനിവിടെ തുനിയുന്നില്ല. മററു പലരും അതിനെപ്പററി പറഞ്ഞുകഴിഞ്ഞു. തൊഴിലാളികൾക്ക് തൊഴിലില്ലായ്മവേതനം കൊടുക്കുന്നതിനെപ്പററി ലാറിഡ്ജ് പ്ലാൻ എന്ന മഹാൻ പറയുന്നത് ഏററവും ന്യായമായ ഒരു നടപടിയാണ് അതെന്നാണ്. അങ്ങനെ തൊഴിലില്ലായ്മവേതനം കൊടുക്കുന്നത് തൊഴിലാളികളുടെ അലസതയെ പ്രോത്സാഹിപ്പിക്കുവാൻ അല്ലെന്നു പ്രത്യേകം പറയുന്നുണ്ട്. ഞങ്ങൾ ഈ രാജ്യത്തു ജനിച്ചുപോയി, നിങ്ങളുടെ രാമരാജ്യത്തു ജനിച്ചുപോയി. ഞങ്ങൾക്കു തൊഴിൽ തരികയെന്നു പറഞ്ഞാൽ തരികയില്ല. ഞങ്ങൾക്കു ജീവിക്കാൻ ഒരു വശവും ഇല്ല. ഭക്ഷണമെങ്കിലും തരിക, എന്നു പറഞ്ഞാൽ അതു ശരിയല്ല. അതിനു ഔചിത്യമില്ലയെന്നു പറയുവാൻ തുടങ്ങിയാൽ പിന്നെ എന്തു ചെയ്യുവാനാണ്. എന്നാൽ ഇങ്ങനെ തൊഴിലില്ലാതെ വരുന്നതിനെ സംബന്ധിച്ച് പരിഹാരമായി എന്തെങ്കിലും പരിപാടികൾ കാൺഗ്രസ് ഗവണ്മെൻറിനു ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ. അതും ഇല്ല. ജനങ്ങളുടെ ജീവിതനിലവാരം ഉയരണമെങ്കിൽ, ഭക്ഷണക്ഷാമം പരിഹരിക്കണമെങ്കിൽ അടിസ്ഥാനപരമായ ഒരു സാമൂഹ്യപരിവത്തനമാണു വേണ്ടത്. യഥാർത്ഥമായ ഒരു കാർഷികപരിവർത്തനം കൊണ്ടല്ലാതെ ഇവിടത്തെ തൊഴിലില്ലായ്മ പ്രശ്നത്തിനും ഭക്ഷണക്ഷാമത്തിനും പരിഹാരം ഉണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നവരാണു ഞങ്ങൾ. കമ്മ്യൂണിററി പ്രാജക്ററ്, പെരുഞ്ചാണി സ്കീം, ഹൈഡ്രോ എലക്ട്രിക് സ്കീം മുതലായ പദ്ധതികളും സ്കീമുകളുംകൊണ്ട് ഇവിടത്തെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതാണെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായിയെങ്കിലും അതുകൊണ്ട് കാര്യമായ പ്രയോജനമൊന്നും ഉണ്ടാകുവാൻ പോകുന്നില്ല. സമൂലമായ ഒരു കാർഷികപരിവത്തനംകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കാതെ നമ്മൾ പദ്ധതികൾ ഉണ്ടാക്കിയാലും ഭക്ഷ്യോൽപ്പാദനം

[ശ്രീ. സി. അച്യുതമേനോൻ]

വർദ്ധിക്കുവാൻ പോകുന്നില്ല. കർഷകന്റെ ബോധപൂർവ്വവും ആവേശപൂർവ്വവും ആഹ്ളാദപൂർവ്വവും ആയ പ്രചോദനം കൊണ്ടല്ലാതെ ഇക്കാര്യത്തിൽ വിജയം ഉണ്ടാകാൻ പോകുന്നില്ല. അതിന്റെ അടിസ്ഥാനത്തിലാണ്, കാൺഗ്രസ്സ് അധികാരത്തിൽവന്നാൽ ആദ്യമായി ഭൂഉടമ പരിഷ്കരിക്കുന്നതാണെന്ന് അവർ അന്ന് പ്രഖ്യാപനം ചെയ്തത്. സർ, ഞാൻ അതേപ്പററി അധികം വിസ്തരിക്കുന്നില്ല. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് തന്നെ റയിച്ചൂരിലും കറാച്ചിയിലും മറ്റുംകൂടിയ സമ്മേളനങ്ങളിൽ ഭൂഉടമ പരിഷ്കരിക്കേണ്ടതാണെന്ന് നിശ്ചയം പാസ്സാക്കിയിട്ടുണ്ട്. പക്ഷെ ഇന്നുവരെ ആ വിഷയത്തിൽ ഒരു ഇഞ്ചുപോലും നീങ്ങാൻ കാൺഗ്രസ്സിനു കഴിഞ്ഞിട്ടില്ല. അഞ്ചുകൊല്ലം കഴിഞ്ഞെങ്കിലും ഒന്നും ചെയ്യുവാൻ ഗവണ്മെൻറിനു കഴിഞ്ഞില്ല. കഴിഞ്ഞ കൊല്ലത്തെ നയപ്രഖ്യാപനത്തെ സംബന്ധിച്ച് വിളംബരപ്പെടുത്തിയ പ്രചരണപുസ്തകത്തിൽ അടുത്ത കൊല്ലം ഭൂനയപരിഷ്കാരം വരുത്തുവാൻ ഉദ്ദേശിക്കുന്നതായി ഗവണ്മെൻറു പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രസ്താവന ചെയ്യുമ്പോൾ ഇന്നത്തെ മന്ത്രിമാർതന്നെയാണ് അന്നുമുണ്ടായിരുന്നത്. അവർ ക്യാബിനററിൽവച്ച് ഇതിനെപ്പററി ആലോചിച്ചിരിക്കും. അടുത്ത അസംബ്ളിയിൽ ഒരു ഭൂനയബില്ല കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുയെന്ന് കഴിഞ്ഞ തവണ ഈ മന്ത്രിമാർ തന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഒന്നും, നടക്കുകയുണ്ടായിട്ടില്ല. ഒന്നും നടക്കുകയില്ലെന്നുള്ളതു നിശ്ചയവുമാണ്. ഈ പ്രസ്താവന ചെയ്യുമ്പോഴെല്ലാം ഇതു് നടപ്പില്ലാത്ത കാര്യമാണെന്ന് ഈ മന്ത്രിമാർ അറിയായ്കയില്ല. എന്നിട്ടും, ഇതു നടപ്പില്ലെന്നുള്ള കാര്യം പരിപൂർണ്ണമായി അറിഞ്ഞിട്ടും ലജ്ജയില്ലാതെ ഇവർ ൧൦൦ തവണ ഞങ്ങൾ ഭൂനയബില്ല കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുയെന്ന് ആവർത്തിച്ചു പറയുന്നതു് എന്തുകൊണ്ടാണെന്ന് ഇവിടത്തെ സാമാന്യജനങ്ങൾക്ക് നല്ലവണ്ണം അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. സർ, ഈയവസരത്തിൽ ഇവിടത്തെ കമ്മ്യൂണിററി പ്രോജക്ററിന്റേയും അതിലടങ്ങിയിട്ടുള്ള കാർഷികപദ്ധതികളുടേയും ഒരു ചെറിയ കള്ളിക്കൂടി എനിക്കു ഇവിടെ വെളിപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഞങ്ങളുടെ നാട്ടിൽ പരിയാരം എന്ന സ്ഥലത്തു് ഒരു കൂട്ടുകൃഷി നടത്തുന്നതിലേയ്ക്കു് സഹകരണാടിസ്ഥാനത്തിൽ ജനങ്ങൾതന്നെ ഒരു സ്ഥാപനമുണ്ടാക്കി. കാൺഗ്രസ്സുതന്നെ സ്വീകരിച്ചിട്ടുള്ള ഒരു തത്വമാണ് സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതു്. ൧൧൧൯-ൽ കൊച്ചിയിൽ ദിവാൻ ഭരണം ഉണ്ടായിരുന്ന കാലത്തു് അവിടെ ജനങ്ങൾക്ക് ഒന്നും രണ്ടും ഏക്കർ ഭൂമി കൃഷിചെയ്യുവാനായി വീതിച്ചുകൊടുത്തയവസരത്തിൽ കൃഷിചെയ്യുവാൻ വേണ്ട മൂലധനം അവർക്കുണ്ടായിരുന്നില്ല. അതിന് പത്തുരൂപവീതം ഷെയർ ഉള്ള ഓഹരി പിരിച്ച് ഒരു സഹകരണസംഘം സംഘടിപ്പിച്ചു. കാൺഗ്രസ്സ് പി. സി. സി. പ്രസിഡന്റ് ശ്രീ. കെ. പി. മാധവൻനായർ മുതലായ കാൺഗ്രസ്സ് നേതാക്കന്മാരും മററ ചിലരും പുറമേയുള്ള ആളുകളായി ആ സംഘത്തിൽ ഉണ്ടായിരുന്നു. വളരെയധികം ഏക്കർ സ്ഥലം അവിടെ കൃഷിചെയ്യുന്നുണ്ടായിരുന്നു. ഇക്കൊല്ലം ൧൨൦-ൽ ചിലപാനം ഏക്കർ സ്ഥലത്തു് കപ്പ നട്ടു. അതിൽ പ്രധാനഭാഗവും ഈ ഗവണ്മെൻറുതന്നെ കമാൻറിയർ ചെയ്തു കൊണ്ടുപോരുകയാണുണ്ടായതു്. അങ്ങനെയുള്ള ഒരു സ്ഥാപന

ത്തിന്റെ വകയായുള്ള സ്ഥലത്തിൽ ഭൂരിഭാഗവും കമ്മ്യൂണിററി പ്രോജക്ററിലെ ആവശ്യത്തിലേയ്ക്കു ഉതകാത്തിയ ട്രാക്ററർവച്ച് അടിച്ചുനിരത്തുകയാണുണ്ടായതു്. കന്നുകാലികളെ വളർത്തുവാനായിട്ടും മേച്ചിൽ സ്ഥലങ്ങൾ ഉണ്ടാക്കുവാനായിട്ടുമാണ് ഇങ്ങനെ അടിച്ചുനിരത്തിയതെന്നു പറയുന്നു. എന്നാൽ അവിടെ കന്നുകാലി വളർത്തുന്നതായി കാണുന്നില്ല. നേരെമറിച്ച് നെൽകൃഷിക്കുള്ള വിത്തിട്ടിരിക്കുകയാണെന്നാണ് എനിക്കുള്ള അറിവ്. എന്താണ് ഇതിന്റെ ഒക്കെ അർത്ഥം? ഇവിടെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണമെന്നും കർഷകരെ സഹായിക്കണമെന്നും മററും കാൺഗ്രസ്സ് പറയുമ്പോൾ യാതൊരു ആത്മാർത്ഥതയുമില്ലാതെയാണ് അങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാണ്. എന്റെ സ്നേഹിതന്മാർ ഇവിടെ പല കാര്യങ്ങളെപ്പററിയും പ്രതിപാദിച്ചുകഴിഞ്ഞു. ഒരു കാര്യംകൂടി ഞാൻ പറയാം. കാൺഗ്രസ്സ് ഗവണ്മെൻറിന്റെ നേർക്കും കാൺഗ്രസ്സിന്റെ നേർക്കും ഇവിടത്തെ ജനങ്ങൾക്ക് പ്രതിദിനം വിശ്വാസംകൂടി കൂടിവരുകയാണെന്ന് സമർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി പല കണക്കുകളും ഇവിടെ ഉദ്ധരിക്കുകയുണ്ടായി.

Mr. Speaker: Your time is over. There are other hon. Members also who want to speak.

Shri C. Achyutha Menon: I will conclude in two minutes. അദ്ദേഹം പല കണക്കുകളും ഉദ്ധരിച്ചു. അതിന്റെ ഫലമായി ഇതേ ഗതിയിൽത്തന്നെ ഭരണം തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ അഥവാ അസംബ്ലി പിരിച്ചുവിട്ടു ഒരു പൊതു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയാണെങ്കിൽ പൊതുജനങ്ങളുടെ ഭൂരിപക്ഷം വോട്ടുകൾ സമ്പാദിക്കാൻ തങ്ങൾക്ക് പ്രയാസമില്ലെന്നാണ് അദ്ദേഹം സമർത്ഥിക്കുന്നതു്, അല്ലെങ്കിൽ അദ്ദേഹം പ്രതീക്ഷിക്കുന്നതു്. സർ, ഈ പ്രതീക്ഷയിൽ വലിയ കഴമ്പുണ്ടെന്നു തോന്നുന്നില്ല. കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം കാൺഗ്രസ്സിനു പറയത്തക്കവണ്ണമുള്ള വിജയം കിട്ടിയിട്ടില്ലെന്നു തെളിഞ്ഞിരിക്കുന്നു. ജനറൽ ഇലക്ഷനാണെങ്കിൽ ആകെയുള്ള ഫ ഠ വ്യ സീററിൽ ൪൩ ശതമാനമാണ് കാൺഗ്രസ്സിനു കിട്ടിയിരിക്കുന്നതു്. പഞ്ചായത്തു തിരഞ്ഞെടുപ്പിലും മുനിസിപ്പൽ തെരഞ്ഞെടുപ്പിലും ജനറൽ തെരഞ്ഞെടുപ്പിലും നോക്കുകയാണെങ്കിൽ മുഖ്യമന്ത്രിയുടെ കണക്കുകൾ അനുസരിച്ചുള്ള യാതൊരാനുകൂല്യങ്ങളും പൊതുജനങ്ങളിൽ നിന്നു കാൺഗ്രസ്സ് കക്ഷികൾക്കു കിട്ടിയിട്ടില്ലെന്നു ധൈര്യമായി പറയാം. അങ്ങനെയിരിക്കെ കാൺഗ്രസ്സ് ഗവണ്മെൻറിനു പൊതുജനങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിച്ചുകൊണ്ടുവരികയാണെന്നു പറയുകയാണെങ്കിൽ അതു കടലാസിലല്ലാതെ യഥാർത്ഥത്തിൽ ഉള്ളതല്ല. എന്നാൽ അവരുടെ ആഗ്രഹം ഇതായിരിക്കാം. ഇതു് ഒരു വെറും ആഗ്രഹമായിട്ടേ പര്യവസാനിക്കുകയുള്ളുവെന്നാണ് ഞാൻ വിചാരിക്കുന്നതു്. ശ്രീ. ദിവാകരൻ പറഞ്ഞ ചില സംഗതികൾ ഒന്നുകൂടി ഉദ്ധരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. തീർച്ചയായിട്ടും ഒരു പൊതു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ വെമ്പൽകൊള്ളുന്ന കാൺഗ്രസ് കക്ഷി ജനായത്തഭരണസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്താമെന്നു പ്രതീക്ഷിച്ചിട്ടല്ല; പിന്നെയോ അധികാരത്തിലിരിക്കുന്ന കക്ഷിയായതുകൊണ്ട് ജനങ്ങളെ വശപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും വോട്ടു

[ശ്രീ. സി. അച്യുതമേനോൻ]

സമ്പാദിക്കാമെന്നു വ്യാമോഹിക്കുന്നതുകൊണ്ടാണു്. സർ, ഈ നാട്ടിലെ ജനങ്ങളെ ഇനിയും വ്യാമോഹിപ്പിക്കാൻ ഇവർക്കു കഴിയുമോയെന്നു എനിക്കു തോന്നുന്നില്ല. ജനങ്ങൾ ഉൽബുദ്ധരാണു്. ചിന്തിക്കാനും പ്രവർത്തിക്കാനും സന്നദ്ധതയും സന്മനസ്സും കഴിവും ഉള്ള ജനങ്ങളാണു് നാട്ടിലുള്ളതെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. സർ സി പി. യെപ്പോലുള്ള ഉന്നതന്മാരെപ്പോലും കൊമ്പുകുത്തിച്ച ജനങ്ങളാണു് നാട്ടുകാരെന്നു മനസ്സിലാക്കാത്തതിൽ വ്യസനിക്കുകയല്ലാതെ മറ്റെന്താണു് പറയാനുള്ളതു്. ശ്രീ. ഏ. ജെ. ജാണിന്റെയൊ പനമ്പിള്ളിയുടേയോ, സ്വേച്ഛാധിപത്യനയത്തേയും ഭരണകൗശലത്തേയും നാട്ടുകാർ ഇനിയും വകവെച്ചു കൊടുക്കുകയില്ല. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

Mr. Speaker : Mr. Kunjan Nadar, Will you finish your speech in 10 minutes?

(No reply)

Shri E. P. Varghese: "To be, or not to be" that is the motion before the House. It is left to the hon. Members of this House to decide its fate. I say this because of the consequence of a vote against the motion now before the House will be the dissolution of the House. There has been some controversy on the constitutional aspect. I am not entering into it by quoting chapter and verse. But let us take it that the constitutional convention is for a dissolution, because in this House we have not yet found another party who can reasonably be expected to form the ministry. A coalition of five or six groups will be necessary if another Government is to be formed. So, if the Raj Pramukh does not believe that there is any possibility of another party forming the Government, it cannot be said that he is unreasonable. He will be justified in accepting the advice tendered by the Chief Minister who will be going out on account of the motion being thrown out. We have to seriously consider as representatives of a democratic institution, whether we would be justified in bringing about such a situation. The Leader of the Opposition has on the floor of this House as well as in the papers stated that the people do not wish for a fresh election now. I fully endorse that view. Then, what is our duty ? Are we to plunge the country into fresh elections ? Does democracy mean a series of unending elections ? Sir, we have had recently the Municipal elections and the Panchayat elections, and the Panchayat elections are not yet over. And are we to have a fresh general election ? That means we are plunging again the country into elections. And what is the result, what is the consequence ? It is stated on the one side that the present ministry can continue as care-taker Government.

I feel that it would be better than the president's rule, because the ministersare persons who have a stake in the country, who have to face the electorates and who have to keep up the prestige of the party to which they belong. So they will be more responsive to the public opinion. But my own view of the Constitution is that the President's rule under Article 356 of the Constitution is inevitable. I do not want to elaborate or discuss that aspect. I may only point out that Articles 163 and 164 of the Constitution insist that the Raj Pramukh shall carry on the administration with the aid of a Council of Ministers and those Ministers will be collectively responsible to the Assembly. Once this Assembly says that it has no confidence in the Council of Ministers, I think there is no provision but for the application of Article 356. Otherwise, there would not have been Article 356. Whatever it be, if it is the care-taker Government or the President's rule, it is a negation of democracy. Care-taker Government is preferable to the President's rule. When it is the President's rule we have the example of Pepsu, we do not know how iong it will continue.

There is one difficulty also for holding the elections in the near future, because the delimitation has to be finished before holding fresh elections. Article 170 of the Constitution is mandatory. That is not disputed. The delimitation is only halfway, only the number of seats has been fixed. The delimitation of constituencies still remains untouched. And what would be the result of the President's rule. If it comes in The Associate members of this House who are to aid and help the Delimitation Commission will cease to be members of the Delimitation commission. Then, what will happen? Delimitation will more or less be done by the Commission. That also is a negation of democracy. We are bringing in a contingency by which we will be making all democratic methods of controlling the administration and delimitation not available. For example there is a Council of Ministers. It is responsible to the Legislature. And if the Legislature is dissolved, it will continue without being responsible to the Legislature. The Delimitation Commission will go on without the Associate Members chosen from this House. All these things we will be bringing about by our vote on this motion. You may ask, what is the alternative ? We may allow this ministry to continue at least till the work of the Delimitatior Committee is over. There is no hurry for dissolving this House. So my opinion is that we can wait till the delimitation is over. If we are alive, if the Legislature is existing, we can bring pressure upon the Delimitation Commission to expedite the work o delimitation. If we go out it may not be easy for us. And what is the harm? 47 members of the Ministerial party against a House of 108; what are they going to do ? They may not be able to do much. But they may not also be able to do any harm. They will be

[Shri E. P. Varghese.]

highly responsible to the Opposition. The budget can be thrown out even without a direct vote of no-confidence. If the delimitation is ready, we can go in for elections. Without that in sight if we vote ourselves out, we will be out, but our Ministers will be there as irresponsible Ministers. That will be the result. We must be realistic in all these things. We are not concerned with the constitutional issues. Do we expect the Raj Pramukh to discard the requests of the outgoing Chief Minister to dissolve the Assembly? The latest conventions in England have been always for the Crown to accept the advice of the outgoing Minister. Perhaps one may point out some strange instances a century old. Generally, the election takes place in England when the party in power has got a majority. They ask the Crown to dissolve the legislature, because they think their majority is dwindling. Suppose there is a case where the Ministry is voted out. That is why the Chief Minister forming the Ministry has got the duty to advise the Raj Pramukh to dissolve the Assembly so that he appeals to the people and his request is reasonable. That is why the Chief Minister carefully prepared his speech with facts and figures to show that he has the support of the people. He is there because he has got the confidence of the public. The question is should we vote ourselves out and become unable to finish delimitation? Are we so helpless that we are not able to carry on the democracy entrusted to us? It may be that after some time the Opposition groups may be able to come together and they may be able to form a Ministry. So I request the House to seriously consider whether we should vote ourselves out or not "To be or not to be" that is the question.

Shri A. Kunjan Nadar : On a point of order sir; ഞങ്ങൾക്ക് ഞങ്ങളുടെ പാർട്ടിയുടെ നില വിശദീകരിക്കുന്നതിന സന്ദർഭം തരേണ്ടതാണ്.

Mr. Speaker : This House has nothing to do with the position of a Party outside.

Shri. Panampilli Govinda Menon : Sir,........

Shri. C. Achyutha Menon : I wish to know whether the hon. Minister for Finance is answering for Government.

Mr. Speaker : I do not know.

Shri C. Achyutha Menon : From your ruling what I understood was that only the mover of the motion had the right of reply.

Mr. Speaker : There are thirty minutes more. If Shri Panampilly Govinda Menon consumes all the thirty minutes, the Chief Minister may have to reply later in one or two sentences.

Shri M. M. Abdul Khader : That would be giving another opportunity to Government for reply.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ വാദപ്രതിവാദങ്ങളിൽ പല സന്ദർഭങ്ങളിലും നിർഭാഗ്യവാനായ എന്നെപ്പററി പ്രസ്താവനകൾ ഉണ്ടായിരുന്നില്ലെങ്കിൽ ഞാനീവാദപ്രതിവാദത്തിൽ പങ്കുകൊള്ളുവാൻ എഴുന്നേൽക്കുകയില്ലായിരുന്നു. പക്ഷെ എന്നോടുള്ള സ്നേഹം കൊണ്ടോ അല്ലെങ്കിൽ പ്രത്യേകതകൊണ്ടോ അങ്ങനെ പല സ്നേഹിതന്മാരും എന്റെ പേരു എടുത്തു സമ്മാനമാക്കുകയുണ്ടായി. അതുകൊണ്ടു് ആത്മരക്ഷയ്ക്കുവേണ്ടി ഈ സന്ദർഭത്തിൽ ഇതിൽ പ്രവേശിക്കേണ്ടിവന്നിരിക്കുന്നു.

സർ, ഈ രാജ്യത്തു ൧൯൫൦-ൽ ഭരണഘടന വന്നതിനു ശേഷം വളരെ അപൂർവ്വമായ സംഭവമാണു് നമ്മുടെ രാജ്യത്തും ഈ നിയമസഭയിലും സംജാതമായിരിക്കുന്നതു്. ഇന്നു ഭരണം നടത്തുന്ന പാർട്ടിയിൽ ൪൭ അംഗങ്ങളാണുള്ളതു്. ഈ ൪൭ അംഗങ്ങൾ മാത്രമുള്ള പാർട്ടിയുടെ നേതാവായിട്ടു ഭരണം തുടരുന്നതു ശരിയാണോ, അതായതു ഈ പാർട്ടിയുടെ പിൻബലം ഉണ്ടെന്നുള്ള പ്രിസംപ്ഷനോടുകൂടി ഭരണം തുടരുന്നതു ശരിയാണോ, അദ്ദേഹത്തിനു് ഈ നിയമസഭയുടെ പിൻബലമുണ്ടോ എന്നു സാധാരണ ഗതിയിൽ അറിയേണ്ടിയിരിക്കുന്നു. അങ്ങനെ അറിയേണ്ട ഒരു അസാധാരണമായ സന്ദർഭമാണു് ഇന്നു വന്നുചേർന്നിട്ടുള്ളതു്. എന്താണീ അസാധാരണമായ സന്ദർഭം എന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതായതു് വളരെ ഏറെ പ്രധാനപ്പെട്ട കാര്യങ്ങൾ ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുന്നതിനെപ്പററി അദ്ദേഹം ഇവിടെ പറഞ്ഞു. അവ പൂർത്തിയായിട്ടില്ല. അതേക്കുറിച്ചെല്ലാം ഇനിയും പലതും പറയാനുണ്ടു്. സമയദൗർലഭ്യം കൊണ്ടു് പറയാതിരിക്കുകയാണു്.

ശ്രീ. എ. കുഞ്ഞൻ നാടർ: തമിഴ്നാട്ടു് പ്രദേശങ്ങളിൽ ചെയ്തിട്ടുള്ളതും ചെയ്യാൻ പോകുന്നതുമായ കാര്യങ്ങളെപ്പററി ഒന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ അധികം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: തിരുവിതാംകൂർ തമിഴ്നാട്ടു് കാൺഗ്രസ്സ് പ്രദേശങ്ങളിൽ യാതൊന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല എന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എന്റെ ഈ പ്രസംഗത്തിനു് ആവശ്യമാണെന്നു കാണുന്നപക്ഷം ആ ഭാഗം ഞാൻ വിശദീകരിച്ചുകൊള്ളാം.

സർ, ഇപ്പോൾ വളരെ ഏറെ പ്രധാനപ്പെട്ട കാര്യങ്ങൾ ഗവണ്മെന്റു് നടത്തിക്കൊണ്ടിരിക്കുകയാണു്. ഇന്നിപ്പോൾ മൂന്നു കോടി രൂപയ്ക്കു് ഒരു കടം ഈ ഗവണ്മെന്റെടുത്തിട്ടുണ്ടു്. വേണ്ടിവന്നാൽ ഇനിയും കടമെടുത്തു വളരെ ഏറെക്കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഉള്ള ഒരു പ്രോഗ്രാമാണു് ഇന്നു് ഈ ഗവണ്മെന്റിന്റെ മുമ്പിൽ ഉള്ളതു്. ഉദാഹരണമായി തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള നദികളിലെ വെള്ളമുപയോ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഗിച്ചു കൃഷിവികസനവും ഇലക്ട്രിസിററിയുപയോഗിച്ചു വ്യവസായീകരണവും അഭിവൃദ്ധിപ്പെടുത്തി നമ്മുടെ സംസ്ഥാനം കാർഷികപരമായും വ്യാവസായികപരമായും മുമ്പോട്ടു കൊണ്ടുപോകാമോ എന്നും പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനവേണ്ടി പഞ്ചവത്സരപദ്ധതിയിൽ പോലും ചില ഭേദഗതികൾ വരുത്തുന്നതിന് പ്ലാനിംഗ്കമ്മിഷൻ എടുക്കുന്ന സന്ദർഭത്തെ ഉപയോഗപ്പെടുത്തി പഞ്ചവത്സരപദ്ധതിയിൽതന്നെ ഈ വക പദ്ധതികൾ ഉൾക്കൊള്ളിക്കാമോ എന്നാണ് മുഖ്യമന്ത്രിയുടേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരുടെയും ഉള്ളിൽ ഉള്ള വിചാരം. ചെയ്യാവുന്ന കാര്യങ്ങൾ എല്ലാം തന്നെ പഞ്ചവത്സരപദ്ധതിയിലും മററും ഉൾക്കൊള്ളിച്ചു കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്തുള്ള ഏററവും പ്രധാനപ്പെട്ട നദിയായ പെരിയാററിൽ ഒരു അണ കെട്ടുന്നതിലേയ്ക്കു് അതായതു് ഭൂതത്താൻകെട്ടുംകൂടി അതിൽ ഉൾക്കൊള്ളിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈവക കാര്യങ്ങൾ ഒക്കെ ചെയ്യുന്നതിനുള്ള ശക്തി ഈ ഗവൺമെൻറിനുണ്ടോ എന്നുള്ള സംഗതി ഇൻഡ്യാ ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്തണം. അതുപോലെതന്നെ വ്യാവസായീകരണത്തിനും മററുമായി കടം കൊടുക്കുന്നതിനും ആവക പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഈ ഗവൺമെൻറിന് ശക്തിയുണ്ടെന്നുള്ള ബോദ്ധ്യവും നാട്ടുകാരുടെയിടയിൽ ഉണ്ടാകണം. അതുമാത്രമല്ല അതെല്ലാം നടപ്പിൽ വരുത്തുന്നതിന് ഈ സഭയുടെ പിൻബലമുണ്ടെന്ന് ഗവൺമെൻറിന്റെ മനസ്സിലും ഒരു ബോദ്ധ്യമുണ്ടാകേണ്ട ഒരു സന്ദർഭമാണ് ഇപ്പോൾ.

ജാൺമിനിസ്ട്രിയെ ഇവിടെ പലരും ആക്ഷേപിക്കുകയുണ്ടായി. വേറെ പല വലിയ പ്രശ്നങ്ങളും ഈ രാജ്യത്തുനിന്നു പല ബഹുമാനപ്പെട്ട സ്നേഹിതന്മാരും പറയുകയുണ്ടായി. അതും ശരിയാണ്. അങ്ങനെയുള്ള പല വലിയ പ്രശ്നങ്ങളും നിയമസഭയുടെ പിന്നിൽ ഉണ്ട്. നിയമസഭയുടെ വിശ്വാസമില്ലാതെ ഈ പ്രശ്നങ്ങൾ നേരിടാൻ സാധിക്കുമോ? ഉദാഹരണമായി എന്റെ ബഹുമാന്യസ്നേഹിതന്മാരായ കൊല്ലം മെമ്പറും, തൃശ്ശൂർ മെമ്പറും പറയുകയുണ്ടായി അനേകം തൊഴിൽ ശാലകൾ ഈ സംസ്ഥാനത്തു് പൂട്ടിയിട്ടിരിക്കുകയാണെന്ന്. അതു് ശരി തന്നെ. അതിന്റെ കാരണങ്ങൾ വിവരിക്കുകയാണെങ്കിൽ അതു് ചിലപ്പോൾ അസുഖത്തിൽ എത്തിച്ചേരാൻ ഇടയുണ്ട്. അങ്ങിനെ അസുഖകരമായി പിരിയുന്നതിനേക്കാൾ സുഖകരമായി പിരിയണമെന്നാണ് എന്റെ ആഗ്രഹം. തൃശ്ശൂർ സീതാറാം മില്ലിൽ മൂവായിരം തൊഴിലാളികൾക്കു് അവിടത്തെ മുതലാളി മിൽ പൂട്ടിയിട്ടതുകൊണ്ട് തൊഴിലില്ലാതായിത്തീർന്നു. എന്നാൽ അങ്ങിനെ മുതലാളി മിൽ പൂട്ടിയിടുന്നതിനെ സംബന്ധിച്ചുള്ള കേസ്സു് ഇന്ന് കോടതിയിൽ കിടക്കുന്നു. ഈ ഗവൺമെൻറ് ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ തൊഴിലാളികളോട്ട് തികഞ്ഞ ഉത്തരവാദബോധത്തോടുകൂടി ഷയർഹോൾഡേഴ്സിന്റെയും മുതലാളിയുടേയും കച്ചവടക്കാരന്റെയും കാര്യം നോക്കാതെ പൂർണ്ണഉത്തരവാദിത്വത്തോടുകൂടി ആ കമ്പനി വീണ്ടും നടത്താനുള്ള ചുമതല ഗവൺമെൻറിന്റെ മേൽനോട്ടത്തിൽ ഏൽപിക്കണമെന്ന കഴിഞ്ഞ ആഗസ്ററമാസം ൧-ാം തീയതി അഡ്വക്കേററ്ജനറലിനെ തൃശ്ശൂർ കോടതിയിലേക്കു അയച്ചു് വാദം നടത്തുകയുണ്ടായി. അതിന്റെ ഫലമായി സെപ്ററംബർ മാസ

ത്തിൽ അതേ സംബന്ധിച്ചുള്ള വിശദവിവരങ്ങഠം അറിയിക്കണമെന്നു ഉത്തരവിട്ടിരിക്കുകയാണു്. കൂടാതെ അനേകം തൊഴിലാളികഠംക്കു് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികളും ഗവണ്മെൻറ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്. ഈവക കാര്യങ്ങഠംക്കു് ഈ നിയമസഭയുടെ പിൻബലമില്ലാതെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

അതുപോലെ കമ്പറയിൽ കഴിഞ്ഞ പന്ത്രണ്ടു പതിനാലു മാസങ്ങളായി രണ്ടു തൊഴിൽ ശാലകഠം പൂട്ടിക്കിടക്കുകയാണു്. അവ പ്രവൎത്തനത്തിൽ കൊണ്ടുവരാൻ മുതലാളികഠം അല്ലെങ്കിൽ പണമുള്ളവർ മുമ്പോട്ടു വരുന്നില്ല. അതുകൊണ്ടു് നമ്മുടെ ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിൽ നിന്നും, പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും ആവശ്യമുള്ള സാധനങ്ങഠം നിൎമ്മിക്കുന്നതിലേയ്ക്കു് ഗവണ്മെൻറിൻെറ ചുമതലയിൽ അടുത്ത ആറോ ഏഴോ ദിവസത്തിനകം ഫാക്ടറികഠം പ്രവൎത്തനം തുടങ്ങാൻ പോകുകയാണു്. ഇതിനെല്ലാം ഈ നിയമസഭയുടെ പിൻബലമില്ലാതെ ഒരടിയെങ്കിലും മുന്നോട്ടുവയ്ക്കാൻ സാധിക്കുമോ?

അതുപോലെ തിരുവനന്തപുരത്തു് ടൈററാനിയം ഫാക്ടറി അവിടെ ഉണ്ടാക്കുന്ന ഉൽപന്നങ്ങഠം വിൽപന നടത്താൻ സാദ്ധ്യമല്ലെന്നു പറഞ്ഞു് പൂട്ടികിടക്കുകയാണു്. അവിടെ ഉൽപാദിപ്പിക്കുന്ന സാധനങ്ങഠം വെളിയിൽനിന്നും വരുന്ന സാധനങ്ങളുടെ വിലക്കുറവുകൊണ്ടു് വിററഴിക്കാൻ സാദ്ധ്യമല്ലാതെ വന്നതുകൊണ്ടാണു് അങ്ങിനെ പൂട്ടിയിടേണ്ടി വന്നതു്. ഇതെല്ലാം ഒരു കുററപത്രമായി ഗവണ്മെൻറിൻെറ പേരിൽ കൊണ്ടുവന്നിട്ടുണ്ടു്. അവിടെയുണ്ടാക്കുന്ന ഉൽപന്നങ്ങഠംക്കു് ഇൻഡ്യാ ഗവണ്മെൻറിൻെറ പ്രൊട്ടക്ഷൻ നൽകണമെന്നു പറയുന്നു. ടാരിഫ് ബോർഡിൽ നിന്നും ഈ കാര്യത്തെ സംബന്ധിച്ചു് അനുകൂലമായ ഒരഭിപ്രായമുണ്ടാകുമെന്നു് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ബഹു: കൊല്ലം മെംബറും അതുപോലെ മററനേകം മെംബറന്മാരും കയർ വ്യവസായത്തിനും കൈത്തറി നെയ്ത്തു വ്യവസായത്തിനും അതുപോലെയുള്ള മററു വ്യവസായങ്ങഠംക്കും നമ്മുടെ നാട്ടിൽ അധഃപതനം നേരിട്ടിരിക്കുന്നു എന്നും തൻമൂലം നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങഠം വളരെ വലയുന്ന സന്ദർഭമാണിതെന്നും പറഞ്ഞു. ഈ നാട്ടിലെ തൊഴിലില്ലായ്മയെ നേരിടുന്നതിനു് ഒരു പരിഹാരം ഉണ്ടാക്കുന്നതിനു് പ്ലാനിംഗ് കമ്മിഷൻപോലും ആലോചിച്ചുകൊണ്ടിരിക്കുന്ന സന്ദൎഭമാണു്. ഇങ്ങനെയിരിക്കുന്ന ഈ സന്ദൎഭത്തിൽ നമ്മുടെ മുഖ്യമന്ത്രി അദ്ദേഹത്തിൻെറ ൧൧ സ്നേഹിതന്മാരെ വച്ചുകൊണ്ടു്—എപ്പോഠം നാട്ടു് താഴാൻപോകുന്നു, ഏതുതരത്തിൽ മുമ്പോട്ടു പോകാൻ സാധിക്കും എന്നെല്ലാമുള്ള കാര്യങ്ങഠം അറിഞ്ഞുകൊണ്ടു്—അതിന്മേൽ ഭരണം നടത്തണമെന്നു പറയുകയാണെങ്കിൽ അതിൽ എന്താണു് തെററുള്ളതു്. അതിൻെറ അൎത്ഥം ഭരണം നടത്തേണ്ടതു മുഖ്യമന്ത്രി ഇരിക്കുന്നതു് അദ്ദേഹത്തിൻെറയും മററു് അഞ്ചുപേരുടെയും മന്ത്രിപ്പണി നടത്താൻ വേണ്ടിയാണു് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു് എന്നു വ്യാഖ്യാനിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിനും, അദ്ദേഹത്തിൻെറ ആജ്ഞാകാരന്മാരായ സഹപ്രവൎത്തകന്മാൎക്കും മന്ത്രിക്കസേരകളിൽ കഴിഞ്ഞു കൂടാൻ വേണ്ടിയല്ല ഈ മന്ത്രിക്കസേരകഠം ഈ സന്ദൎഭത്തിൽ കാൺഗ്രസ്സ് കൈവശം വച്ചുകൊണ്ടിരിക്കുന്നതു്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഈ നാട്ടിലെ ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിന് കഴിയുമോ എന്ന പരീക്ഷിക്കുവാനാണ്. അതിന് ഞങ്ങൾക്ക് ഈ നിയമസഭയുടെ പിൻബലം വേണം. അതിന ഇതുകൂടാതെ നിവൃത്തിയില്ല.

൧൯൫൨ മാർച്ചുമാസം ൨൭-ാം തീയതി ഞങ്ങൾ ൪൪ ആളുകൾ ഭരിക്കുവാനായി ഭരണഭാരം പേറിക്കൊണ്ട് ഒരു ബഡ്ജററുകൊണ്ടുവന്നു. അത് ഈ സഭ പാസാക്കി തന്നിരുന്നില്ലെങ്കിൽ ഞങ്ങൾ പുറത്തുപോകുമായിരുന്നു. അന്ന നിങ്ങളാണ് ഞങ്ങൾക്കു നിയമസഭയിൽ ഇരിക്കുവാൻ അനുവാദം തന്നത്. അതു കഴിഞ്ഞു ഒൻപതു സ്നേഹിതന്മാർ ഞങ്ങളുടെ പാർട്ടിയോട് അനുകൂലിച്ചു. അതൊരു കൊയലിഷൻ മിനിസ്ട്രി അല്ലായിരുന്നു. ബഹു: മെമ്പർ രാമസ്വാമിപ്പിള്ള ആ പാർട്ടിയിലെ ഖജാൻജിയായിരുന്നു. കൂടാതെ രണ്ടു പേർ എക്സിക്യൂട്ടീവ് മെമ്പറന്മാരും ആയിരുന്നു. എന്നാൽ ലെജിസ്ലേച്ചറിനെ സംബന്ധിച്ചിടത്തോളം ൪൭-ം ൯-ം കൂടി അൻപത്തിയാറു പേർ ഉണ്ടായി. അങ്ങിനെ എ. ജെ. ജാൺ മുഖ്യമന്ത്രിയായി ഭരണം നടത്തി. ൧൯൫൨ മാർച്ച് മാസത്തിൽ ൪൪ അംഗങ്ങൾ ഉണ്ടായിരുന്നപ്പോൾ ഈ മന്ത്രിസഭ തുടരാൻ അനുവദിച്ചു മാതിരി ഇന്നും അനുവാദം ആരായുകയാണ്. അങ്ങിനെ തുടരാൻ അവകാശമില്ലാത്തപക്ഷം ഈ നിയമസഭ പിരിച്ചുവിടാൻ രാജപ്രമുഖനെ ഉപദേശിക്കാനും ഈ യോഗം വിളിച്ചു കൂട്ടാനും നിയമപ്രകാരം അവകാശമുണ്ടെന്നാണ് എന്റെ അഭിപ്രായം. എന്നാൽ അങ്ങിനെ ചെയ്തിരുന്നു എങ്കിൽ ഞങ്ങൾ ൪൭ പേർ ഒഴികെ മററുള്ളവർ പറയും നിങ്ങൾ ചെയ്തതു് അന്യായമാണെന്ന്. കഴിഞ്ഞ മാർച്ചുമാസത്തിൽ നാൽപത്തിനാലംഗങ്ങൾ ഉണ്ടായിരുന്ന സന്ദർഭത്തിൽ നിങ്ങളെ ഭരണം നടത്താൻ അനുവദിച്ച ഞങ്ങളോടാലോചിക്കാതെ നിങ്ങൾ ഇപ്രകാരം ചെയ്യുന്നതു് അക്രമമാണെന്നു നിങ്ങൾ പറയുമെന്നു ഞങ്ങൾ വിചാരിച്ചു ഈ കാൺഫിഡൻസുമോഷൻ കൊണ്ടുവന്നിരിക്കുകയാണ്.

ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ എന്റെ മാന്യ സ്നേഹിതൻ, മാന്യനായ എന്റെ എതിരാളിയായ—നീചനല്ല—അദ്ദേഹം ചെയ്ത പത്രപ്രസ്താവനയിൽ ജെന്നിംഗ്സിന്റെ ക്യാബിനററ് ഗവണ്മെൻറിനെപ്പററി പറഞ്ഞിരുന്നതിന ഞാൻ മറുപടി പറഞ്ഞു. ഇന്നലെ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞ പുസ്തകം അതല്ല 'റെസ്പാൺസിബിൾ ഗവണ്മെൻറ് ഇൻ സിലോൺ' എന്ന പുസ്തകമാണെന്നു പറഞ്ഞിരുന്നെങ്കിൽ ഞാൻ ഇന്നലെത്തന്നെ അതിന മറുപടി പറയുമായിരുന്നു. ഇന്ന് മറുപടി പറഞ്ഞാൽ അതും അങ്ങനെയല്ല എന്ന പറയാതിരിക്കാൻ അങ്ങു സഹായിക്കണം. കാൺസ്റ്റിററ്യൂഷൻ നിയമത്തെപ്പററി വാദപ്രതിവാദം ചെയ്യാനുള്ള കൗതുകംകൊണ്ടു ഞാൻ ഇതു പറയുകയല്ല. ഐവർ ജെന്നിംഗ്സ് എഴുതിയ കാൺസ്റ്റിററ്യൂഷൻ ആഫ് സിലോൺ എന്ന പുസ്തകത്തിന്റെ പേജ് ൮൦ ആണ് അദ്ദേഹം സൂചിപ്പിച്ചതു്. നിങ്ങൾ ആരെങ്കിലും സാക്ഷി നിൽക്കുമെങ്കിൽ ഞാൻ ആ പുസ്തകം നിങ്ങളുടെ കൈവശം തരാം. അവിടെ അദ്ദേഹം പറഞ്ഞതൊന്നും ഇല്ലെന്നുതന്നെയല്ല മററു കാര്യങ്ങളെപ്പററിയാണ് പറയുന്നതു്. ഇനി പേജ് തെററെന്നു വിചാരിക്കുക. അതിൽ ൮൫-ാമത്തെ പുറത്തു പറയുന്നതു് ഞാൻ വായിക്കാം.

The constitution of Ceylon by Sir Ivor Jennings—Page 86.

"....but the Government has to govern, and if the House of Representatives does not let it do so, the House must take the consequences. The consequences are in the alternative. One alternative is for the Cabinet to resign. The chances are low that a majority can be found to support a new Government though occasionally a slight reconstruction, by the dropping of an unpopular Minister, may do more. The other alternative is a dissolution. The Governor General ought always to allow a dissolution where the House of Representatives has shown itself to be factious. If an alternative Government is possible, he may perhaps refuse, but the power of dissolution is the only effective weapon in the hands of the Government and he ought in all normal cases to allow it to be used. It is not his function to judge whether the Government is wrong and the majority right; if the House has supported a Government and then refused it power to govern, the House must go back to the constituencies and justify itself to the electors."

സർ, ഇനി ജെന്നിംഗ്സിനെ നീചനാണെന്നു പറയുക മാത്രമേ ഇതിനൊരു മറുപടിയുള്ളു.

ശ്രീ. ടി. വി. തോമസ്: എ. കെ. ബാസു എഴുതിയ പുസ്തകത്തിലെ പേജ് വ്വന്നതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു കാലത്തു് നീചനായ ഒരു എതിരാളിയാണെന്നു പറഞ്ഞതു ഏതു ഗ്രന്ഥം നോക്കിയാണോ ആ പുസ്തകംനോക്കി ഞാൻ പറയുകയാണ്.

ശ്രീ. ടി. വി. തോമസ്: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. വ്യക്തമായിട്ടു ഇതു കളവാണെന്നു തെളിയിക്കാൻ ഈ പുസ്തകത്തിലെ ഒരു ഭാഗം വായിക്കാൻ എനിക്കു സമയം തരണം.

Mr. Speaker : I have Basu with me The hon. Member will cut a more ridiculous figure if more passages are quoted from Basu. This is not a point of order.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. എ. ജെ. ജോണിൻെറ ഗവൺമെൻറ രാജി വയ്ക്കുകയാണെങ്കിൽ ചീഫ്മന്ത്രിയാകണമെന്നു് അവകാശപ്പെടുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു ഈ നിയമസഭ മുമ്പാകെ പറഞ്ഞ മാന്യമായ അവസ്ഥവരെപ്പറ്റി പറയുകയായിരുന്നു. ഏതായാലും ഇങ്ങനെയുള്ള വാദങ്ങൾക്കു് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു ഞാൻ കൂടുതലായി കാൺസ്റ്റിട്യൂഷൻ വാദങ്ങളിലേയ്ക്കു് പോകുന്നില്ല. റെസ്പോൺസിബിൾ ഗവൺമെൻറ് ബ്രിട്ടീഷ് മാഡലിൽ ഉള്ളിടത്തൊക്കെ ഭരണം നടത്താൻ ഇങ്ങിനെയൊരു മാർഗ്ഗമേയുള്ളു.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബഹുമാനപ്പെട്ട പി. എസ്സ്. പി. നേതാവും ശ്രീ. ബാലകൃഷ്ണമേനവനും ഒരു പൊതു തിരഞ്ഞെടുപ്പാണ് ഈ സന്ദർഭത്തിൽ വേണ്ടതെന്നു പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അങ്ങനെ ഒരു പൊതുതെരഞ്ഞെടുപ്പു നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ കാൺസ്റ്റിററ്യൂഷനിൽ ഉണ്ട്. കാൺസ്റ്റിററ്യൂഷനിൽ ൧൭൨-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്.

"Every Legislative Assembly of every State, unless sooner dissolved, shall continue for five years........"

അഞ്ചുകൊല്ലം ആകുന്നതിനുമുമ്പ് പിരിച്ചുവിടാനുള്ള വകുപ്പ് കാൺസ്റ്റിട്യൂഷനിൽ ഉണ്ട്. പിരിച്ചുവിടേണ്ടതു് എങ്ങനെയാണെന്നാണ് പ്രശ്നം. അതിനെപ്പററി കാൺസ്റ്റിട്യൂഷനിൽ ഒന്നും പറയുന്നില്ല. അവിടെയാണു വഴക്കുകൾ തേടിപ്പോകുന്നതു്. പിരിച്ചുവിടണമെന്നു പറയാൻ മുഖ്യമന്ത്രിക്കു് അധികാരമുണ്ടെന്നാണു് കാണുന്നതു്. പിരിച്ചുവിടണമെന്നു പറഞ്ഞാൽ രാജപ്രമുഖൻ അതു സ്വീകരിക്കണമോ വേറെ വല്ലതുമാണോ ചെയ്യേണ്ടതെന്നു ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാൺസ്റ്റിററ്യൂഷൻ സ്ററുഡൻെറന്നുള്ള നിലയിൽ ഞാൻ ചിലതു പ്രസ്താവിച്ചതാണ്. മന്ത്രി എന്ന നിലയിൽ എനിക്കൊന്നും പറയാനില്ല. നിയമസഭ പിരിച്ചുവിട്ടാൽ പ്രസിഡൻറു ഭരണമോ ൪൯ അംഗങ്ങളുള്ള ഒരു പാർട്ടിയെ ഭരിക്കാൻ അനുവദിക്കണമോ എന്നാണ് ചോദ്യം. ൩൯ അംഗങ്ങൾക്കാകാമെങ്കിൽ ൨൯-നു് എന്തുകൊണ്ടു വയ്യ. അങ്ങനെയാണെങ്കിൽ ഏഴിനു് എന്തുകൊണ്ടു വയ്യ. ഇങ്ങനെ വാദങ്ങൾ പോകുന്നു. എങ്ങനെയായാലും ഈ നിയമസഭയിലുള്ള കാൺഗ്രസ്സ് പാർട്ടിയിലുള്ള ൪൯ അംഗങ്ങൾ കഴിച്ചു ബാക്കിയുള്ള ൬൯ അംഗങ്ങളിൽ നിന്നും ൩൪-ൽ കൂടുതൽ അംഗങ്ങൾ ചേർന്നു് ഈ ഭരണം ഏറെറടുക്കാൻ വേണ്ടി മുന്നോട്ടു വരാതിരിക്കുന്നിടത്തോളം തീർച്ചയായും വിമർശനങ്ങളെപ്പററി ഒരു എതിരഭിപ്രായം പറയാൻ നിവൃത്തിയില്ല. ഇനിയും ഈ വിഷയത്തെപ്പററി വളരെയധികം പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ബഹുമാനപ്പെട്ട കൊല്ലം മെംബർ ചെയ്ത പ്രസംഗത്തിൽ ഇന്നു് രാജ്യത്തുള്ള പല പ്രശ്നങ്ങളെപ്പററിയും ബുദ്ധിമുട്ടുകളെപ്പററിയും പറയുകയുണ്ടായി. അതിനൊക്കെ ഒരു മറുപടി പറയാൻ എനിക്കു സമയമില്ല. മണിയുടെ സൂചികൾ എനിക്കു് സൂചനകൾ നൽകിക്കൊണ്ടു തിരിയുകയാണ്. അതുകൊണ്ടു എല്ലാത്തിനും മറുപടി പറയാൻ സാധിച്ചില്ലെന്നു വന്നേയ്ക്കാം. അദ്ദേഹത്തിൻെറയും ബഹുമാനപ്പെട്ട തൃശ്ശൂർ മെംബറുടേയും അതുപോലെയുള്ള മററു സ്നേഹിതന്മാരുടേയും പ്രസംഗങ്ങളിൽ നമ്മുടെ രാജ്യത്തെ ഇന്നു് അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെ പൊക്കിക്കാണിക്കുന്നുണ്ട്. അങ്ങനെയുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾ രാജ്യത്തുള്ളപ്പോൾ സന്നിഗ്ദ്ധാവസ്ഥയിലാണോ കാര്യങ്ങൾ നടത്തേണ്ടതെന്നു ഞാൻ ചോദിക്കുന്നു. ജനങ്ങളാൽ വെറുക്കപ്പെട്ടവരാണ് മുഖ്യമന്ത്രിയും അദ്ദേഹത്തിൻെറ പാർട്ടിയുമെന്നു് ബഹുമാനപ്പെട്ട ആലപ്പുഴ മെംബറും അദ്ദേഹത്തിൻെറ സ്നേഹിതന്മാരും പറയുന്നുണ്ട്. അതു പറയുന്നതിനു് അവർക്കു് അവകാശമുണ്ട്. അവരുടെ അവകാശം ജനങ്ങൾ മുഴുവൻ അവരുടെ പിന്നിലാണെന്നാണ്. ജനങ്ങളാൽ വെറുക്കപ്പെട്ടവരല്ലെന്നും ജനങ്ങൾക്കു് പല സങ്കടങ്ങൾ ഉണ്ടെങ്കിലും അവരുടെ പിൻബലമുണ്ടെന്നു

മുഖ്യമന്ത്രി അവകാശപ്പെടുന്നു. ഇതു് ഒരു പൊതു തിരഞ്ഞെടുപ്പുകൊണ്ടു മാത്രം തീരുമാനിക്കാവുന്ന ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട കൊല്ലം മെമ്പർ കൊല്ലത്തു തിരഞ്ഞെടുപ്പിനു നിൽക്കാൻ എന്നെ ക്ഷണിക്കുകയുണ്ടായി. ഞാൻ അതിനെപ്പററി ആലോചിക്കുന്നതാണ്. അദ്ദേഹത്തോടൊപ്പം ഞാൻ വല്ലടത്തും തെരഞ്ഞെടുപ്പിനു നിൽക്കുന്നുണ്ടെങ്കിൽ അവിടെയൊന്നു വരാൻ അദ്ദേഹത്തെ ഞാനും ക്ഷണിക്കുന്നുണ്ട്. അവിടെ ഒരു കൈ നോക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: അതിനെപ്പററി ഞാനും ആലോചിക്കുന്നതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജനങ്ങൾ ഇന്നവിധത്തിൽ ചെയ്യും ഇന്നവിധത്തിൽ ചെയ്യാതിരിക്കും എന്നൊന്നും എനിക്കു പറയാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരഞ്ഞെടുപ്പിന്റെ ചില ഫലങ്ങളെപ്പററി ഇവിടെ പറയുകയുണ്ടായി. ഞങ്ങൾ വിശ്വസിക്കുന്നതു് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പു കാലത്തുണ്ടായിരുന്ന മാതിരി അത്രയേറെ ബുദ്ധിമുട്ടുകൾ ഇനി ഇല്ലെന്നാണ്. കുറെ ബുദ്ധിമുട്ടുകൾ ഉണ്ട്. അവയിൽ ഏററവും വലിയ ബുദ്ധിമുട്ട് ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറും ബഹുമാനപ്പെട്ട കൊല്ലം മെമ്പറും മൂലം ഉണ്ടാകുന്നതാണ്. അവരെപ്പോലെയുള്ള ആളുകൾ ഞങ്ങൾ പറയുന്നതു ശരിയല്ലെന്നുപറഞ്ഞു ജനങ്ങളെ സംഘടിപ്പിച്ചുപോയേക്കും. അതിനെ നേരിട്ടുനോക്കാം. കോടിക്കണക്കിനു പണം ചെലവുചെയ്തു നമ്മുടെ രാജ്യത്തു വ്യവസായങ്ങളും പല പരിഷ്കാരങ്ങളും വരുത്താൻ സൗകര്യമുള്ള ഈ അവസരത്തിൽ ശക്തമായ ഒരു ഗവണ്മെൻറു ഇല്ലാതെവന്നുപോയതുകൊണ്ടു ഞാൻ ഈ രാജ്യത്തിനെ ഹതഭാഗ്യയായ ദക്ഷിണകേരളമെന്നു പറയുകയാണ്. ഇനിയെങ്കിലും ഭൂരിപക്ഷം കിട്ടുന്നതിനുവേണ്ടി ആളുകളുടെ പിന്നാലെ നടക്കാനുള്ള ഭാഗ്യഹീനത്വം ഉണ്ടാകാതെ ഉശിരോടും തൻേറടത്തോടുംകൂടി ഭരണം നടത്താനുള്ള സൗകര്യങ്ങൾ ഈ രാജ്യത്തിന്റെ ഭാഗ്യവിധാതാക്കൾ ഉണ്ടാക്കിത്തരുമെന്നു് മുഖ്യമന്ത്രിക്കു് വിശ്വാസമുണ്ട്. അതുകൊണ്ടാണ് ഈ നടപടികളെടുത്തതു്.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ നയിക്കുന്ന സോഷ്യലിസ്ററുപാർട്ടി ഈ സന്ദർഭത്തിൽ അവസരോചിതമായി ഉയരുന്നുണ്ടെങ്കിൽ ഞങ്ങളുടെ ഈ പ്രമേയത്തെ അനുകൂലിക്കണം. അനുകൂലിക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി ഞാൻ പറയുകയല്ല. ഞാൻ കേട്ടിട്ടുള്ള റിപ്പോർട്ടുകൾ ശരിയാണെങ്കിൽ ചില പരിപാടികളുടെ അടിസ്ഥാനത്തിൽ കാൺഗ്രസ്സു് പാർട്ടിയുമായി യോജിച്ചു് ഇവിടത്തെ ഭരണം നടത്താൻ ഒരുക്കമാണെന്നു് അദ്ദേഹമോ അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരോ പറഞ്ഞതായി എനിക്കറിയാം. അങ്ങനെ ചില നിശ്ചയങ്ങളിന്മേൽ തുടരാൻ കൊള്ളാവുന്ന ഒരു പാർട്ടിയാണ് ഇതെങ്കിൽ we give our support to you എന്നു പറയുന്നതല്ലേ ധീരതയെന്നു ഞാൻ ചോദിക്കുന്നു.

Shri A. Thanu Pillai: Sir, I rise to object to that kind of statement, a statement that was not made here and which has not got the imprimatur of responsibility. The hon. Minister has heard something to the effect that somebody, myself or some of my colleagues, gave expression to some statements somewhere. He wants

[Shri A. Thanu Pillai]

to proceed on that basis or to tell this House that we should support the motion. I would not have minded if he did not proceed in this line. We said we would be inclined to support the Congress on certain conditions. But those conditions are not clear here. Such statements are liable to be misunderstood by the general public. Of course as an elder public man I have a right to advise him. But here is an insinuation which is unworthy of a gentleman.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ആ ഭേദം മുഴുവൻ സ്വീകരിക്കുന്നു. അദ്ദേഹമല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉപരിനേതാവായ ശ്രീ. ജയപ്രകാശ് നാരായൻ കോൺഗ്രസ്സുമായി യോജിച്ചു ഭരിക്കാൻ സന്നദ്ധതയുണ്ടെന്നു പറഞ്ഞിട്ടുള്ളതു പ്രസിദ്ധമായ ഒരു കാര്യമാണ്. അതു കേട്ടു ഞാൻ ഇവിടെ പറഞ്ഞതാണ്

Shri A. Thanu Pillai : He quotes my Leader now. But those talks fell off. So there is no point in what we said at one time.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല, ഇതൊന്നും ശരിയല്ലെങ്കിൽ വേണ്ട. പക്ഷേ എതിർക്കാനുള്ള സന്ദർഭം ഇതല്ലെന്നാണ് എനിക്കു പറയാനുള്ളതു്. അദ്ദേഹത്തിന്റെ അടുത്തിരിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. ചിദംബരനാഥനാടാരും, അവസരോചിതമായി, ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

(Shri A. Kunjan Nadar rose to speak)

Mr. Speaker : Are you speaking for Shri Chidambaranatha Nadar ? Mr. Chidambaranatha Nadar is alive.

ശ്രീ. ഏ. കുഞ്ഞൻനാടാർ : സർ, ഞങ്ങളുടെ പാർട്ടിക്കുവേണ്ടി സംസാരിക്കാനായിട്ടാണ്.

Mr. Speaker : Are you making a statement contradicting the hon. Member in possession of the House or are you making a point of order ?

ശ്രീ. ഏ. കുഞ്ഞൻനാടാർ : ഞങ്ങളുടെ നില വിശദീകരിക്കാനുള്ള അവസരം സ്പീക്കർ ഞങ്ങൾക്കു തന്നിട്ടില്ല. അതൊരു മര്യാദകേടാണ് സർ.

Mr. Speaker : Will you please withdraw that ?

Shri A. Kunjan Nadar : I withdraw.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞങ്ങളുടെകൂടെ നാലു ദിവസത്തിനു മുൻപുവരെ മന്ത്രിയായിരുന്ന ഈ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടിട്ടുള്ള ഒരാളാണ്. ശ്രീ. ചിദംബരനാഥനാടാർ. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തോടു പ്രത്യേകം അപേക്ഷിച്ചതു്. മി. കുഞ്ഞൻനാടാരായിരുന്നു ആ സ്ഥാനത്തിരുന്നതെങ്കിൽ ഞാൻ അദ്ദേഹത്തോടും ഇപ്രകാരം അപേക്ഷിക്കുമായിരുന്നു. പോരെങ്കിൽ മി. കുഞ്ഞൻ

നാടാർ തമിഴ്നാട്ടുപാർട്ടിയുടെ ലീഡർ അല്ലെന്നുമാണ് ഞാൻ ധരിച്ചിരിക്കുന്നത്. തമിഴ്നാട്ടിലെ ഒൻപതു സ്നേഹിതന്മാർ ഞങ്ങളുടെ പാർട്ടിയിൽനിന്നും വിട്ടുപോകുന്നതായി അയച്ച കത്ത് ശ്രീ. കുഞ്ഞൻ നാടാരും കൂടി ഉൾപ്പെട്ട്.........

ശ്രീ. എ. കുഞ്ഞൻ നാടാർ : സർ, അവർ പറയുന്നതു മുഴുവനും ഞങ്ങൾ കേട്ടുകൊള്ളണമെന്നും, ഞങ്ങൾക്ക അങ്ങോട്ടൊന്നും പറയാൻ പാടില്ലെന്നുമാണോ സർ ?

Mr. Speaker : Order, order. That is all over. The whole House knows what has happened.

Shri A. Kunjan Nadar : Sir, is this democracy ?

Mr. Speaker : Capacity to take decision is the essence of democracy. Please sit down.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു മാത്രമല്ല, യാതൊരു കാരണവുമില്ലാതെ, ഭരണപരമായ യാതൊരു കാരണവുംകൂടാതെ ഞങ്ങളുടെ പാർട്ടിയിൽനിന്നും പിരിഞ്ഞുപോയ മന്ത്രി ശ്രീ. ചിദംബരനാഥ നാടാർ അദ്ദേഹത്തിന്റെ ആ നടപടിയെപ്പററി ഒരു സ്റ്റേററുമെൻറു പോലും ഈ നിയമസഭയിൽ കൊണ്ടുവന്നിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : അതിനു ഞങ്ങൾക്ക സന്ദർഭവും തന്നിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതല്ല ഞാൻ പറയുന്നത്. ഒരു രാജിവച്ച മന്ത്രിക്ക, താൻ രാജിവച്ച കാൎയ്യവും കാരണങ്ങളും മററും കാണിച്ച ഒരു വിശദീകരണം നിയമസഭയിൽ നൽകാമെന്നു വ്യവസ്ഥയുണ്ട്.

Shri A. Chidambaranatha Nadar : That is not mandatory.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സന്ദർഭത്തിൽ, രത്നത്തിന്റെ വിലയറിയാൻ പാടില്ലാത്ത ഒരാളിന്റെ കയ്യിൽ ഒരു രത്നം കിട്ടിയ കഥയാണ് എനിക്കോർമ്മ വരുന്നത്. അതു ആദ്യമായി അയാൾ മണപ്പിച്ചുനോക്കി, നക്കിനോക്കി, കടിച്ചുനോക്കി എന്നിട്ടു അതിന്റെ ഗുണമറിയാൻ സാധിക്കാതെ ഒടുവിൽ അതു ദൂരെ വലിച്ചെറിഞ്ഞു. ഈ കഥയെ അന്യാപദേശം ചെയ്ത ഒരു ശ്ലോകമുണ്ട്. ആ ശ്ലോകം ഇവിടെ ഉദ്ധരിച്ചുകൊണ്ട്, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്നുള്ള അപേക്ഷയോടുകൂടി അവസാനിപ്പിച്ചുകൊള്ളുന്നു. ശ്ലോകമിതാണ്;

മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചി'—
ട്ടിണങ്ങാതെ ദൂരത്തെറിഞ്ഞാനൊടുക്കം
മണിശ്രേഷ്ഠ ! മാഴ്കൊല്ല നിന്നുള്ള കാണ്മാൻ—
പണിപ്പെട്ടടുക്കാത്തതേ നിന്റെ ഭാഗ്യം.

Mr. Speaker : Has the Chief Minister anything to say ?

ശ്രീ. എ. ജെ. ജോൺ: ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഈ സഭയിലെ എല്ലാ മെംബറന്മാരും സദയം സ്വീകരിച്ചു പാസ്സാക്കണമെന്നാണ് എന്റെ അപേക്ഷ.

Mr. Speaker : Now I am to put the question to the vote of the House. The motion before the House is that "the House records its support to the present Ministry ".

The motion was put and lost .

Shri Panampilli Govinda Menon : Sir, I demand a poll.

A poll was taken when the House divided as follows :—

Ayes 51.

1. Shri Athichan
2. ,, Alexander Parambitharayil
3. ,, Ayyappan Pazhayarthundy
4. ,, K. Bhanu
5. ,, A. C. Chacko
6. ,, P. Chacko
7. ,, G. Chandrasekhara Pillai
8. ,, K. M. Chandy
9. ,, K. K. Chellappan Pillai
10. ,, Cheriyan J. Kappan
11. ,, M. V. Cheriyan
12. ,, Ambat Eachara Menon
13. ,, Ganapathy
14. ,, K. M. George
15. ,, Panampilli Govinda Menon
16. ,, A. L. Jacob
17. ,, James Tharayil
18. ,, A. J. John
19. ,, Joseph Vazhappilly
20. ,, K. Karunakaran
21. ,, C. Kesavan
22. ,, Nedumangad R. Kesavan Nair
23. ,, R. Kesava Pillai
24. ,, T. T. Kesavan Sastri
25. Shri K. M. Korah
26. ,, K. Kochukuttan
27. ,, K. P. Krishna Menon
28. ,, V. R. Krishnan Ezhuthassan
29. ,, Kunjithomman
30. ,, V. Madhavan
31. ,, K. Madhavan Unnithan
32. ,, M. K. Mathai
33. ,, M. C. Mathew
34. ,, J. T. Moraes
35. ,, O. C. Ninan
36. ,, Pareethu Ravouther
37. ,, L. M. Pylee
38. ,, P. K. Ramachandra Das
39. ,, Sadasivan Pillai
40. Dr. M. Sivaraman Nair
41. ,, P. T. Thomas
42. Shri M. P. Varghis
43. ,, E. P. Varghese
44. ,, N. P. Varghese
45. ,, T. M. Varghese
46. ,, V. V. Varkey
47. ,, Varunny Pulikkal
48. ,, Vasudevan Pillai
49. ,, Kalathil Velayudhan Nair
50. ,, K. I. Velayudhan
51. ,, A. A. D. Luiz

Noes 56

1. Shri M. M. Abdul Kader
2. ,, A. Achuthan
3. ,, C. Achutha Menon
4. ,, P. V. Avira Tharakan
5. ,, C. C. Ayyappan
6. ,, Baby John
7. ,, K. Balakrishna Menon
8. ,, P. Bhaskaran Nair
9. ,, Prakulam Bhasi
10. ,, A. K. Chelliah
11. ,, A. Chidambaranatha Nadar
12. ,, S. G. Deviappan
13. ,, T. K. Divakaran
14. ,, R. Ganadharan
15. ,, M. Gopalan Nair
16. ,, E. Gopalakrishna Menon
17. ,, P. Govinda Pillai
18. ,, M. N. Govindan Nair
19. Shry K. R. Gouri
20. Shri Kambisseril Karunakaran
21. ,, Kochukunju
22. ,, E. Krishnan Nair
23. ,, T. K. Krishnan
24. ,, K. V. Krishnankutty Warrier
25. ,, K. K. Kumara Pillai
26. ,, C. K. Kumara Panicker
27. ,, A. Kunjan Nadar
28. ,, K. Kuttappan
29. Shri T. A. Majeed.
30. ,, Chengarappally P. Narayanan Potti
31. ,, P. S. Nataraja Pillai
32. ,, Nilakantaru Pandarathil
33. ,, N. A. Noor Mohammed
34. ,, R. Ponnappa Nadar
35. ,, Prabhakaran Koonath
36. ,, Raghavan Pillai
37. ,, N. Raghava Kurup
38. ,, N. Rajagopalan Nair
39. ,, Ramakrishnan
40. ,, P. Ramaswami Pillai
41. ,, T. S. Ramaswami
42. ,, P. Ravindran
43. ,, Sadasivan
44. ,, Sadanandan
45. ,, A. Samraj
46. ,, C. Sankar
47. Dr. N. S. Pillai
48. Shri Sattanatha Karayalar
49. ,, Alexander Manuel Simon
50. ,, V. Sridharan
51. ,, C. P. Sreevallabha Menon
52. ,, R. Sugathan
53. ,, A. Thanu Pillai
54. ,, T. V. Thomas
55. ,, C. K. Viswanathan
56. ,, M. William

Neutral 1.

Shri K. J. Thomas

Mr. Speaker : The result of the poll is this: For the motion—51; against the motion—56; neutral—1. The motion is lost. (Applause).

The motion being defeated, I want to know what the Government propose to do. Would you like to proceed with the normal legislative business or shall we adjourn ?

Shri A. Thanu Pillai : A point of order, Sir. When there is no Council of Ministers having confidence of the House, can this House proceed with the business ?

Mr. Speaker: That is exactly what I asked. But I am definite about it. The House will now adjourn *sine die*.

The House adjourned *sine die* at 4-45 P. M.

——

APPENDIX I

*[Please see answer to Question No. *56 (3)]*

Concessions to Scheduled Castes

1. They are given house sites by assignment of poromboke lands and Forest lands at concession rates.
2. Houses in colonies established from Government.
3. Facilities for drinking water by sinking wells and improving existing ones.
4. Common buildings for congregational purposes.
5. Provision of pathways and burial grounds.
6. Financial assistance for conducting cottage industries.
7. Organisation of cooperative societies.
8. Starting of suitable cottage industries and mixed farming in selected places.
9. Reservation for appointment in Government service.
10. Conduct of Pial schools, Night Schools and Libraries.
11. Educational concessions as detailed in Press Note.
12. Grants to Institutions doing welfare work to Harijans.
13. Other ameliorative measures such as street lighting, sweeping &c in congested areas.

Scheduled Tribes

1. Starting of Welfare centres with amenities such as wells, common buildings, Pial school and agricultural facilities.
2. Medical aid thro' a Mobile Medical unit.
3. Encouragement of Private Organisations doing welfare work, by giving grants.
4. Starting of co-operative societies with grants for initial working expenses.
5. Educational Concessions.

Other Backward Communities

Full fee concession in schools and colleges on production of income certificates from Tahsildars.

APPENDIX II

[*Please see answer to Question No.* * 80 (34)]

Statement.

Name of Field Officer.	*Qualification.*
1. P. Kumara Pillai	B. A..
2. N. Chellamma	E. S. L. C.
3. K. Vasudevan	E. S. L. C.
4. C. Ramaswami Iyer	B. A.
5. P. K. Raghavan	B. A..
6. P. C. Rama Varma	B. A.
7. Velu Pillai	E. S. L. C.
8. K. Vijayarangan	E. S. L. C. holder.
9. P. C. Samuel	E. S. L. C.
10. P. I. Gopalan	B. A.
11. K. P. Narayanan	E. S. L. C.
12. T. C. Velayudhan	E. S. L. C.

APPENDIX III

GAZETTE EXTRAORDINARY

PUBLISHED BY AUTHORITY

		23rd September 1953	
Vol. IV.	*Trivandrum, Wednesday,*	*7th Kanni 1129*	*No. 43*

NOTIFICATION.

WHEREAS the Legislative Assembly of the State of Travancore-Cochin has, at its sitting on 23rd September 1953, rejected a motion of confidence in the Council of Ministers,

AND WHEREAS circumstances exist which render it necessry to hold a fresh election to the Legislative Assembly, so that a Council of Ministers enjoying the confidence of the electorate may be appointed, to aid and advise me in the discharge of my functions under the Constitution of India,

NOW, THEREFORE, in exercise of the powers vested in me under Article 174 (2) (*b*), read with Article 238 of the Constitution, I, the Raj Pramukh of the State of Travancore-Cochin, do hereby dissolve the present Legislative Assembly as and with effect from the 24th September 1953.

RAMA VARMA,
Raj Pramukh of Travancore-Cochin

RAJ PRAMUKH'S SECRETARIAT,
Trivandrum, 23rd September 1953.

51590

Proceedings of the Travancore Cochin Legislative Assembly
9
1953

1 Sep 22, 1953-Questions and Answers
73 Sep 22, 1953-Adjournment Motion
73 Sep 22, 1953-Panel of Chairmen
73 Sep 22, 1953-Death of Sri Paul M Mampilly-Reference
74 Sep 22, 1953-Papers Laid on the Table
75 Sep 22, 1953-Report of Rules Committee
75 Sep 22, 1953-Motion Under Rule 43
79 Appendix I-VII
89 Sep 23, 1953-Questions and Answers
133 Sep 23, 1953-Disturbances at Mattancherri
133 Sep 23, 1953-Debate on Motion Under Rule 43-Support to the Ministry
189 Appendix I-III